349

# പദ്ധതികളുടെ ഉദ്ഘാടനം

SAHITYA PRAVARTHAKA C.S. LTD. KOTTAYAM

എൻ. പി. ചെല്ലപ്പൻ നായർ

# പദ്ധതികളങ്ങിനെ പുരോഗമിക്കുന്നു

എൻ. പി. ചെല്ലപ്പൻനായർ

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

---

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 2.00

## എൻ. പി. ചെല്ലപ്പൻനായരുടെ

### കൃതികൾ

| | |
|---|---|
| വനരാജകുമാരി | (നാടകം) |
| ആററംബോംബ് | ,, |
| ശശികല | ,, |
| ഇടിയും മിന്നലും | ,, |
| മിന്നൽപ്രണയം | ,, |
| ലഫ്ററനന്റ് നാണി | ,, |
| ധൂമകേതു | ,, |
| ഭാവന | ,, |
| ലേഡിഡോക്ടർ | ,, |
| കലയുടെ കാമുകൻ | ,, |
| പ്രണയജാംബവാൻ | ,, |
| പ്രേമവൈചിത്ര്യം | ,, |
| വികടയോഗി | ,, |
| ചിത്രാപദാനം | ,, |
| കർണ്ണൻ | ,, |
| ചെങ്കൊടി | ,, |
| പദ്ധതികളങ്ങിനെ പുരോഗമിക്കുന്നു | ,, |
| ഇബിലീസുകളുടെ നാട്ടിൽ | ,, |
| ക്ഷീരബല സഹചരാദികഷായത്തിൽ | ,, |
| ആ പ്രകാശം പൊലിയുകയില്ല | ,, |
| കാക്കകളും കാക്കത്തമ്പുരാട്ടികളും | (കഥകൾ) |
| സിഗരററുകുററികൾ | ,, |
| തവിട്ടുമുണ്ടികൾ | ,, |
| വെള്ളപ്പിറാവുകൾ | ,, |
| തണ്ണീർപ്പന്തൽ | ,, |
| മിന്നൽപ്പിണരുകൾ | ,, |
| മുരളീഗാനം | ,, |
| കാട്ടുപൂച്ചകൾ | ,, |
| ചിമ്മുന്ന താരങ്ങൾ | ,, |
| മല്ലക്കകളും ഇബിലീസുകളും | ,, |
| കൊഴിഞ്ഞുവീണ കാട്ടുപൂക്കൾ | ,, |
| സുഭദ്ര ബി. ഏ. | (നോവൽ) |
| ജീജാഭായി | (ജീവചരിത്രം) |

S1511 B495 50/63-64 3-2000

# കഥാപാത്രങ്ങൾ

***കമ്മചന്ദ്രൻ:***–പൂജ്യരായ മഹാത്മജിയുടേയും വിനോബാജിയുടേയും തത്വസംഹിതകളിൽ വിശ്വസിച്ചു കഴിയുന്ന ഒരു സർവ്വോദയപ്രവർത്തകൻ. ഏതാണ്ട് മുപ്പതുവയസ്സോളം പ്രായംവരും. അയാൾക്ക് ഒരു കൂട്ടുകാരിയെ വേണം, തൻെറ പ്രവർത്തനങ്ങളിൽ തന്നെ സഹായിക്കുവാൻ.

***സേതുമാധവൻ:***–അയാൾക്കും പത്തിരുപത്തെട്ടു വയസ്സായി. ഒരു സർക്കാർ ഉദ്യോഗസ്ഥനാണ്; എങ്കിലും സ്വന്തമായി ഒരു അഭിപ്രായമുണ്ട്; അതു പ്രകടിപ്പിക്കുവാൻ കഴിവുമുണ്ട്. ലതയുടെ കാമുകനാണ്.

***പുഷ്കരൻകുട്ടി:***–പുന്നമൂടിൻെറ മുടിയനായ പുത്രൻ. ഭരണഘടനയിലെ മൗലികാവകാശം ആസ്പദമാക്കിയാണു പ്രേമം. പക്ഷേ, ആ പ്രേമം കുബേരകുമാരികളിലേ ചെന്നുവീഴാറുള്ളു. ഇരുപത്തഞ്ചുവയസ്സു പ്രായം.

***കൃഷ്ണജി:***–കുടുംബസ്വത്തു നശിപ്പിച്ചുകൊണ്ടു ജീവിച്ചതിനിടയിൽ കുറെ ഹിന്ദി പഠിച്ചു. ആ പഠനം പ്രയോജനപ്പെടുത്തിക്കൊണ്ട് പുഷ്കരൻകുട്ടിയുടെ ഹിന്ദി ആചാര്യനായി കഴിയുകയാണ്. സ്വല്പം പ്രേമവും സ്വല്പം വഷളത്തവും കൈവശമുണ്ട്, ചെങ്ങാതിക്ക്. വയസ്സു മുപ്പതിനോടടുത്തു വരും.

***പുന്നമൂട്:***–പൊതുജനനേതാവെന്ന് സ്വയം അഭിമാനിച്ചു കഴിയുന്ന ഒരു അമ്പത്തഞ്ചുകാരൻ. വെറും അഭിമാനപ്രകടനം മാത്രമല്ല: അതുകൊണ്ടു മുതലെടുക്കുകകൂടി ചെയ്യുന്നുണ്ട്.

***മാതുമൂപ്പൻ:***–ശ്രീ വടക്കാണ് ദേശം. മുണ്ടിച്ച ജന്മി. എന്നിട്ടും തൃപ്തിവന്നിട്ടില്ല. പലതും നേടാനുണ്ട്. അതിനായി ഇറങ്ങിത്തിരിച്ചു, തലസ്ഥാനനഗരിനോക്കി. അവിടെ പലതരത്തിലുള്ള നേതാക്കന്മാരുണ്ടെന്ന് അയാൾക്കറിയാം. അടന്നുവീണുകൊണ്ടിരിക്കുന്ന പഴയ തലമുറയിലെ ഒരംഗം. അറുപതോളം വയസ്സുവരും.

***ശങ്കരക്കുറുപ്പ്:***–പുന്നമൂടിൻെറ സമപ്രായക്കാരനായ ഒരു കർഷകപ്രമുഖൻ. ഒരു മകളുണ്ട്, ലത. ആ മകൾക്കുവേണ്ടിയാണ് അയാൾ ജീവിക്കുന്നതും ധനം ആജ്ജിക്കുന്നതും.

***കുഞ്ചു:***–പുന്നമൂടിൻെറ ഭൃത്യനായ ഒരു യുവാവു്. സംസാരത്തിലും പെരുമാററത്തിലും യജമാനഭൃത്യഭാവം നോക്കാറില്ല. ഏതു വേഷവും കെട്ടും.

***ലത:***–ശങ്കരക്കുറുപ്പിൻെറ മകൾ. എം. എ. ബിരുദം സമ്പാദിച്ചിട്ടുണ്ട്. സംസ്കാരസമ്പന്നയാണ്, കുലീനയാണ്. ഇരുപതുവയസ്സുവരും.

***കുസുമ:***–ലതയുടെ പ്രായം. ഒരു തികഞ്ഞ സാമുദായികപ്രവത്തകയാണവൾ. പുന്നമൂടിന്റെ പുത്രിയും പുഷ്കരൻകുട്ടിയുടെ സഹോദരിയും ആണെങ്കിലും രീതി തുലോം ഭിന്നമാണ്. കമ്മ്ചന്ദ്രൻെറ പ്രേമഭാജനമാണ്.

***കാത്തി:***–കോങ്കണ്ണനു് ചീങ്കണ്ണി എന്നപോലെയാണു് പുന്നമൂടിനു് ആ ഭാര്യ. അഹങ്കാരത്തിൻെറ മൂടാണ്. നാല്പതിൽ കവിഞ്ഞ പ്രായം.

***പങ്കജം:***–ഒരു തകന്ന കുടുംബത്തിലെ ദുരിതം അനുഭവിക്കുന്ന യുവതി. വളരുവാൻ ആഗ്രഹമുണ്ട്. പക്ഷേ, സാഹചര്യം അനുകൂലമല്ല. കുസുമയുടെ സഹപാഠിയും സ്നേഹിതയുമാണ്.

കൂടാതെ മലിനവസ്ത്രധാരിയായ ഒരു ഭിക്ഷക്കാരനും അവൻെറ കൂട്ടുകാരനായ ഒരു കുരുടനും ഒരു വേലക്കാരനും ഉണ്ട്.

349

# രംഗം ഒന്നു്

[കാഴ്ചബംഗ്ലാവുതോട്ടത്തിലെ ഒരു ഭാഗം. ഒരു ചാരുബെഞ്ചിൽ ലത ചിന്താവിഷ്ട എന്നവണ്ണം ഇരിക്കുവാൻ ശ്രമിക്കുന്നു. സേതുമാധവൻ അവളുടെ ഛായാഗ്രഹണത്തിനെന്നവണ്ണം ക്യാമറാ വികസിപ്പിച്ചുകൊണ്ടു് അല്പം അകലെയായി മാറിനില്ക്കുന്നു. രണ്ടുപേരും പരസ്പരം നോക്കി ചിരിക്കുന്നുണ്ടു്.]

സേതുമാധവൻ: ഒരു ഗഹനചിന്തയോടെ ഇരിക്കു ലതേ: വെരുവിനെപ്പോലെ വളയുകയും പുളയുകയും ചെയ്യാതെ.

ലത: (ഈർഷ്യ നടിച്ചുകൊണ്ടു്) എനിക്കറിഞ്ഞുകൂടാ അങ്ങനെയൊന്നും ഇരിക്കാൻ.

സേതുമാധവൻ: (പിന്നിലേക്കു തിരിഞ്ഞു് മുകളിലേക്കു് നോക്കിയിട്ടു്) അതാ ആ മാവിൻെറ വടക്കോട്ടുപോയ കൊമ്പിൽ ഇരിക്കുന്ന പച്ചക്കിളിയെ ഒരു ചരിഞ്ഞ കണ്ണോട്ടം വിവശഭാവത്തോടും നോക്കു. (ലത നോക്കുന്നു.) വൈവശ്യം—വൈവശ്യം— എസ്സ്. എസ്സ്. (ലത പെട്ടെന്നു പൊട്ടിച്ചിരിക്കുന്നു.) പോയല്ലോ—എല്ലാം പോയല്ലോ—(നൈരാശ്യത്തോടെ) ഹാ! ഒരു നല്ല ഭാവം വന്നതായിരുന്നു.

ലത: ഞാൻ പിന്നെ എത്രനേരമെന്നുവച്ചാണു പിടലിയും തിരിച്ചു ശ്വാസവുംപിടിച്ചിരിക്കുന്നതു്?

സേതുമാധവൻ: (അപേക്ഷാഭാവത്തിൽ) ഒരിക്കൽക്കൂടി മതി: എൻെറ ലതയല്ലേ.

(ലത വീണ്ടും ഒരു വൈവശ്യഭാവം അവലംബിച്ച് വൃക്ഷാഗ്രത്തിലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. സേതുമാധവൻ ഫോട്ടോ എടുത്തു കഴിയുന്നു.)

സേതുമാധവൻ: (ലതയുടെ സമീപം എത്തിയിട്ട്) ഭേഷായിരിക്കും. ഏതൊരു യുവവിപ്ലവകാരിയുടെ വിരഹമായിരിക്കുമോ ഈ കൊച്ചുസുന്ദരിയെ ക്ലേശിപ്പിക്കുന്നതു്, എന്നൊരു തലക്കെട്ടോടുകൂടി അടുത്ത ലക്കം ഇല്ലസ്ട്രേറഡ് വീക്കിലിയിൽ ഞാൻ ഇതു പ്രസിദ്ധപ്പെടുത്തും.

ലത: അയ്യോ! ആ വാരികയ്ക്കയയ്ക്കല്ലേ; വീട്ടിൽ അതു വരുത്തുന്നുണ്ട്. ആ ഫോട്ടോ കണ്ടാൽ അച്ഛൻ എന്തു വിചാരിക്കും.

സേതുമാധവൻ: ങ്ദ! അച്ഛനെ വിചാരിപ്പിക്കാനാണ് ഞാനതു പ്രസിദ്ധപ്പെടുത്തുന്നതു്. മകൾ അങ്ങനെ ഇരിക്കാറുണ്ടെന്നും അതുകൊണ്ട്, ആ ഫോട്ടോയിൽ അവൾ ആരെ ധ്യാനിച്ചുകൊണ്ടിരിക്കുന്നുവോ ആ ആളിനുതന്നെ അവളെ ഉടൻ വിവാഹം ചെയ്തുകൊടുക്കണമെന്നും അദ്ദേഹം വിചാരിക്കും, നല്ല അച്ഛനാണെങ്കിൽ!

ലത: എന്റെ അച്ഛൻ നല്ലയാളാണ്.

സേതുമാധവൻ: നല്ല അച്ഛനുള്ള മകളെയാണ് എനിക്കു വേണ്ടതു്. അദ്ദേഹം ലതയെ വിളിച്ചു ചോദിക്കും, ആരെക്കുറിച്ചാണ് അങ്ങനെ ഇരിക്കുന്നതെന്നു്: അപ്പോൾ എന്തു പറയും?

ലത: മിണ്ടാതെ നില്ക്കും.

സേതുമാധവൻ: അയ്യോ! അതു പാടില്ല. കാളേജിൽ മേലെയുള്ള ക്ലാസ്സിൽ പഠിച്ചിരുന്ന സേതുമാധവനെ ഓർത്തു് പലപ്പോഴും അങ്ങനെ ഇരുന്നുപോയിട്ടുണ്ട്. പക്ഷേ,

ആരാണു് ഫോട്ടോ എടുത്തു വാരികയ്ക്കയച്ചതു് എന്ന റിഞ്ഞുകൂടാ എന്നൊക്കെ മുക്കിമൂളിപ്പറയണം.

ലത: (നിഷേധാത്ഥത്തിൽ തലയാട്ടിയിട്ടു്) ങാഹാ—അച്ഛൻ, നല്ലകൂട്ടത്തിലാണു ഞാൻ എന്നു വിശ്വസിച്ചിരിക്കയാണു്.

സേതുമാധവൻ: അതുകൊള്ളാം. അപ്പോൾ പ്രേമിക്കുന്നവരെല്ലാം ചീത്തക്കൂട്ടത്തിൽ ഉള്ളവരാണോ?

ലത: അതൊന്നും എനിക്കറിഞ്ഞുകൂടാ.

സേതുമാധവൻ: എനിക്കറിയാം. പ്രേമമാണു് ഒരുവനു് മനുഷ്യത്വം നല്കുന്നതു്: അതാണു് അവനെ കവിയാക്കുന്നതു്, കലാകാരനാക്കുന്നതു്. ഒരു കവിയുടെ മേശപ്പുറത്തു് സുന്ദരിയായ ഒരു പെണ്ണിൻെറ ഫോട്ടോ ഉണ്ടെങ്കിൽ അയാളുടെ കവിതയ്ക്കു് മാധുര്യം കൂടും, പ്രസാദം കൂടും, ലാളിത്യം കൂടും. (ബെഞ്ചിൽ ഇരിക്കുന്നു.)

ലത: ഞാൻ കവിയല്ല. (എഴുന്നേററു നടക്കാൻ തുടങ്ങുന്നു.)

സേതുമാധവൻ: എവിടെ പോകുന്നു അതിനിടയിൽ: ഇവിടെ ഇരിക്കൂ.

ലത: (ഇരിക്കുകയില്ലെന്നു കൈ കാണിക്കുന്നു) നോ സാർ, പാടില്ല: ഇതുതന്നെ കുറെ കടന്നുപോയി. അച്ഛൻ അറിഞ്ഞാൽ—അച്ഛനോട്ടും പറഞ്ഞുനില്ക്കാം. എന്റെ കൂട്ടുകാരികൾ ആരെങ്കിലും കണ്ടാൽ—അതുമല്ല: അട്ടത്തെങ്ങാനും ഇരുന്നാൽ—എനിക്കറിയാം ആളിനെ—ആ കൈകൾ ചുമ്മാ ഇരുന്നില്ലെന്നുവരും.

സേതുമാധവൻ: ഛേ! ഛേ! അപരിഷ്കൃതദേശം. ഇതൊക്കെ നോക്കുമ്പോൾ ഫ്രാൻസും ഇംഗ്ലണ്ടും ഒക്കെ സ്വർഗ്ഗരാജ്യങ്ങളാണു്.

ലത: ആരും അറിയാതെ സ്വർഗ്ഗരാജ്യങ്ങളിലേക്കു് അങ്ങു

കടന്നേക്കണം. എന്താണ്, അവിടെയുള്ള പെൺകുട്ടികൾക്കൊന്നും തന്തയും തള്ളയും ഇല്ലായിരിക്കും.

സേതുമാധവൻ: അതൊന്നുമല്ല, അവർ അനുവദിക്കും. എന്തു കിരാതമാണ് നമ്മുടെ സമുദായരീതി. നമ്മുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞു. അച്ഛൻെറ സമ്മതം വാങ്ങാൻ ശ്രമിക്കാമെന്ന് ലത ഏററു. നല്ല അച്ഛനാണെന്നല്ലേ പറഞ്ഞതു്? അദ്ദേഹം സമ്മതിക്കും. പിന്നെ അട്ടത്തിരുന്നാൽ എന്തു്? ഇരിക്കു. നമുക്ക് നമ്മുടെ മധുവിധുവിൻെറ പ്രോഗ്രാം നിശ്ചയിക്കണം.

ലത: വിവാഹനിശ്ചയമെല്ലാം നാം രണ്ടുപേരുമല്ലേ അറിഞ്ഞിട്ടുള്ളു. നടക്കുന്നതുവരെ—മററുള്ളവരുടെ കുറ്റവും കുറവും കണ്ടുപിടിക്കാൻ നടക്കുന്ന കുറെ ചെറുപ്പക്കാരില്ലേ, അവരെ ഭയപ്പെടേണ്ടേ. അവർ വല്ലവരും വന്നാൽ—

സേതുമാധവൻ: വന്നാൽ—ഒരു പൊടിപ്പൻവിദ്യ. വരുന്നവൻ കടന്നുപോകുന്നതുവരെ ലത വിമ്മിവിമ്മി കരഞ്ഞുകൊണ്ടിരുന്നേക്കണം. ലതക്കു് ഏതോ അപകടം പറ്റിയെന്നും, സഹജീവികളിൽ കാരുണ്യമുള്ള ആരോ ഒരാൾ ലതയെ സമാശ്വസിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും കരുതിക്കൊണ്ടു് അവർ പൊയ്ക്കൊള്ളും.

ലത: (ചിരിച്ചിട്ടു്) ഉം, പോകും. മരത്തലയന്മാർ വല്ലവരുമായിരിക്കണം, അങ്ങനെ വിശ്വസിച്ചുകൊണ്ടു പോകാൻ.

സേതുമാധവൻ: അല്ല, മിടുക്കന്മാരും വിശ്വസിച്ചുകൊണ്ടു പോകും. ശൃംഗാരത്തിനു ശോകവുമായി പൊരുത്തമില്ല. (അക്ഷമനായി) ഇവിടെ വന്നിരിക്കുന്നോ, അതോ ഞാൻ പിടിച്ചു് ഇവിടെ ഇരുത്തട്ടോ? (എഴുന്നേല്ക്കുന്നു.)

ലത: അയ്യോ! വേണ്ട വേണ്ട. ഞാൻ വന്നിരിക്കാം. (അങ്ങോട്ടും ഇങ്ങോട്ടും നോക്കിയിട്ടു് ലത ആ ബെഞ്ചിൽ ത്തന്നെ അയാളിൽനിന്നും അല്പം അകന്നു് ഇരിക്കുന്നു.) നേരുപറഞ്ഞാൽ ഈ കാര്യത്തിലെല്ലാം പുരുഷന്മാർ ഭാഗ്യവാന്മാരാണു്. പെണ്ണുങ്ങൾക്കായി വച്ചിരിക്കുകയാണു് അപവാദമെല്ലാം.

സേതുമാധവൻ: ഹും! വിവാഹത്തിന്റെ ലൈസൻസും ബാഡ്ജും എടുക്കാഞ്ഞാലുള്ള വിഷമം! ആരെയെല്ലാം ഭയപ്പെടണം: അച്ഛനെന്നു പറയുന്ന ബ്രഹ്മപ്രേതത്തെ മുതൽ, വഴിയാത്രക്കാരായ ഈനാംപേച്ചികളെവരെ.

ലത: (പരുഷത്തോടെ) എന്റെ അച്ഛൻ ബ്രഹ്മപ്രേതമോ?

സേതുമാധവൻ: ഛേ! ഛേ! അദ്ദേഹം യോഗ്യൻ: പൊതുവെ പറകയാണു്; തന്റെ മകളുടെ കാമുകനെ വീട്ടിൽ കയററാത്ത എല്ലാ തന്തമാരും.

ലത: അയ്യോ! അതാ രണ്ടുപേർ നമ്മെ സൂക്ഷിച്ചുനോക്കി എന്തോ പിറുപിറുത്തുകൊണ്ടു വരുന്നു.

സേതുമാധവൻ: (ആ ഭാഗത്തേക്കു നോക്കിയിട്ടു്) ക്ലേശനിർഭരമായ ഒരു മുഖഭാവം അവലംബിച്ചേക്കണം.

ലത: വരാത്ത ഭാവം എങ്ങനെ വരുത്താനാണു്, എന്റെ ഈശ്വരാ!

സേതുമാധവൻ: വരാത്ത ഭാവം വരുത്തുന്നതിലാണു് സാമർത്ഥ്യം.

ലത: എനിക്കു കരയാൻ വയ്യ.

സേതുമാധവൻ: ശ്രമിക്കൂ. ഒന്നു ചിണുങ്ങു. അവർ വേഗം പൊയ്ക്കൊള്ളും. അമ്മൂമ്മ പെട്ടെന്നു മരിച്ചതായി സങ്കല്പിച്ചുകൊണ്ടു കരയൂ.

ലത: അമ്മൂമ്മ മരിച്ചിട്ടു വർഷങ്ങൾ പത്തിരുപതായി.

സേതുമാധവൻ: ആ അമ്മൂമ്മ ഇന്നു മരിച്ചതായി സങ്ക

ല്പിച്ചു കരയുന്നതിലാണു് സാമർത്ഥ്യം. ഒരു നടികൂടിയ ല്ലേ—ക്ഷണം, ക്ഷണം—അവന്മാർ ഇങ്ങു വന്നുക ഴിഞ്ഞു.

(ലത ക്ലേശഭാവത്തിൽ സാരിത്തുമ്പുകൊണ്ടു് കണ്ണു തുടച്ചുകൊണ്ടിരി ക്കുന്നു. സേതുമാധവൻ അവളെ സമാശ്വസിപ്പിക്കുവാൻ ശ്രമിക്കുക യാണു്. പുഷ്കരൻകുട്ടിയും കൃഷ്ണജിയും കടന്നുവന്നു് ലതയെ സൂക്ഷി ച്ചുനോക്കുന്നു.)

പുഷ്കരൻകുട്ടി: (കൃഷ്ണജിയോടു്) സാറേ! ഈ തെമ്മാടിയെ ഇപ്പോൾത്തന്നെ പിടിച്ചു പോലീസിൽ ഏല്പിക്കണം. ഇവളേ എന്തെങ്കിലും ഉപദ്രവിച്ചിരിക്കും ഇയാൾ—

സേതുമാധവൻ: (അതു കേൾക്കാത്തമട്ടിൽ) ആശ്വസിക്കു സഹോദരീ! മരണം എല്ലാവർക്കും ഉള്ളതല്ലേ.

പുഷ്കരൻകുട്ടി: (കൃഷ്ണജിയോടു്) ഇയാൾ ഉപദ്രവിച്ചിട്ടല്ല. ഇവളുടെ ആരോ മരിച്ചുപോയി. പാവം! (ലതയോടു്) ആരാണു് അമ്മിണീ മരിച്ചതു്? അച്ഛനാണോ?

കൃഷ്ണജി: അച്ഛനോ അമ്മയോ? അതോ രണ്ടുപേരുംകൂടി യോ? എന്നാലും വന്നിരുന്നു കരയാൻ കണ്ട സ്ഥലം!

പുഷ്കരൻകുട്ടി: നമുക്കിവിടെ ഇരുന്നു് ഈ സ്ത്രീയെ സമാ ധാനപ്പെടുത്തിയിട്ടു പോയാൽ മതി.

സേതുമാധവൻ: നിങ്ങൾ ശ്രമപ്പെടണമെന്നില്ല.

പുഷ്കരൻകുട്ടി: തന്നോടു ചോദിച്ചോ?

സേതുമാധവൻ: അതല്ല. ഇവർ അല്പം വിശ്രമിക്കട്ടെ. നമസ്കാരം.

പുഷ്കരൻകുട്ടി: അല്ലേലും ഇതൊരു ശ്രമമാണോ. ആണോ സാറേ?

കൃഷ്ണജി: ഒരിക്കലുമല്ല.

പുഷ്കരൻകുട്ടി: അതുമല്ല, സുന്ദരിയായ ഒരു യുവതിയുടെ ആരോ മരിച്ചു എന്നറിഞ്ഞുകൊണ്ടു്, എങ്ങനെ

അങ്ങു പോകാനാണു്. ഇവരുടെ ആരാടോ മനുഷ്യാ മരിച്ചുപോയതു്?

സേതുമാധവൻ: ആക്കറിയാം. ഞാൻ ഇവരെ ആദ്യമായി കാണുകയാണു്.

പുഷ്ക്കരൻകുട്ടി: അയ്യോ പാവം! എന്നാൽ താൻ പൊയ്ക്കൊള്ളൂ. ഞാൻ ഇവരെ പലപ്പോഴും കണ്ടിട്ടുണ്ടു്.

കൃഷ്ണജി: അല്ലേ! ശ്രീവിലാസത്തെ ശങ്കരക്കുറുപ്പദ്ദേഹത്തിൻെറ മകൾ ലതയല്ലേ ഇതു്.

പുഷ്ക്കരൻകുട്ടി: ആണോ; അപ്പോൾ അച്ഛൻെറ ഒരു സ്നേഹിതൻെറ മകളാണു്. നിശ്ചയമായും നാം ഇവിടെ ഇരുന്നു് ഈ യുവതിയെ ആശ്വസിപ്പിക്കണം. എൻ്റെ അച്ഛനെ അറിയുമോ കുട്ടീ? ശ്രീ. പുന്നമൂട്ടു്. വലിയ പബ്ലിക്ക്മാനാണു്. എക്സ് എം. എൽ. എ. (സേതുമാധവനോടു്) താൻ എന്തോന്നാടോ തുറിച്ചുനോക്കിക്കൊണ്ടു നില്ക്കുന്നതു്. തന്നോടു പൊയ്ക്കൊള്ളാൻ പറഞ്ഞില്ലേ. (കൃഷ്ണജിയോടു്) സാറെ, ഇരിക്കു്. (ലതയോടു്) എൻെറ പൊന്നു ലതയല്ലേ, കരയാതിരിക്കൂ. (ലതയുടേയും സേതുമാധവൻേറയും ഇടയിൽ കയറി ഇരിക്കുന്നു. ലത ചാടിയെഴുന്നേററു മാറിനിന്നിട്ടു് സേതുമാധവനെ ഈർഷ്യയോടെ നോക്കുന്നു.)

സേതുമാധവൻ: ആഭാസൻ! തനിക്കു സ്ത്രീകളെ തൊട്ടുകൊണ്ടേ ഇരിക്കാവൂ, അല്ലേ?

പുഷ്ക്കരൻകുട്ടി: ഉം? അതു് എൻെറ മൗലികാവകാശമാണു്. ഇൻഡ്യൻ ഭരണഘടനയിൽ മൗലികാവകാശത്തെപ്പററി പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ടു്. തനിക്കെന്നല്ല ഗവൺമെൻറിനുപോലും ചോദിക്കാൻ അധികാരമില്ല. എന്നിട്ടു് ലതേ! നമ്മുടെ ആരാണു മരിച്ചതു്? (എഴുന്നേററു് അവളുടെ സമീപത്തേക്കു ചെല്ലുന്നു.)

(ലത വീണ്ടും മാറുന്നു. സേതുമാധവൻ പുഷ്കരൻകുട്ടിയെ പിടിച്ച് കൃഷ്ണജിയുടെ നേക്ക് ശക്തിയായി തള്ളുന്നു. അവർ രണ്ടുപേരുംതമ്മിൽ ഒരു സംഘട്ടനം. ലത പൊട്ടിച്ചിരിക്കുന്നു. കൃഷ്ണജി വേഗം നടന്നുമറയുന്നു. മുട്ടിയ ഭാഗം തടവിക്കൊണ്ട് പുഷ്കരൻകുട്ടി കോപത്തോടെ സേതുമാധവനെ നോക്കുന്നു.)

സേതുമാധവൻ: ഇതും ഭരണഘടനയിൽ പറഞ്ഞിട്ടുള്ള മൗലികാവകാശമാണ്.

പുഷ്കരൻകുട്ടി: ങാഹാ! താൻ കോൺസ്റ്റിറ്റ്യൂഷൻ നോക്കിയിട്ടില്ല.

സേതുമാധവൻ: അവനവൻെറ കോൺസ്റ്റിറ്റ്യൂഷൻ നോക്കാതെ പ്രവൎത്തിച്ചാലുള്ള അനുഭവമാണിത്.

പുഷ്കരൻകുട്ടി: താൻ മററുള്ളവരുടെ മൗലികാവകാശം ഭഞ്ജിക്കുന്നു. എന്തുകൊണ്ട് എനിക്ക് അവളുടെ അടുത്തു നിന്നുകൂടാ. അവളോടു സംസാരിച്ചുകൂടാ—അല്ലേടോ മാസ്റ്ററെ! (തിരിഞ്ഞുനോക്കുന്നു. കൃഷ്ണജിയെ കാണുന്നില്ല.) എടാ! അതിനിടയിൽ അയാൾ പൊയ്ക്കളഞ്ഞോ?

സേതുമാധവൻ: അയാൾ ബുദ്ധിമാൻ. മൗലികാവകാശം സ്ഥാപിക്കാൻ നിന്നില്ല.

പുഷ്കരൻകുട്ടി: എൻെറ അച്ഛൻ ഒരു വൻതോക്കാണെന്നുള്ള കാൎയ്യം താൻ അറിഞ്ഞിട്ടില്ലേ?

സേതുമാധവൻ: തൻെറ അച്ഛനെത്തന്നെ അറിഞ്ഞുകൂടാത്ത സ്ഥിതിക്ക് ഏതുതരം തോക്കാണെന്ന് ഞാൻ എങ്ങനെ നിശ്ചയിക്കും? പോകട്ടെ. മെഷീൻഗൺ ആണെന്നു സമ്മതിച്ചേക്കാം.

ലത: വരു സേതു, നമുക്കു പോകാം.

സേതുമാധവൻ: പോകാം. നിന്നാൽ ഇയാളുടെ മൗലികാവകാശം കുറേക്കൂടി ധ്വംസിക്കേണ്ടതായി വന്നേക്കും. (രണ്ടുപേരും ചിരിച്ചുകൊണ്ട് നടന്നു മറയുന്നു.)

പുഷ്പരൻകുട്ടി: (പോകുന്നവരെ നോക്കിക്കൊണ്ടു്) താൻ ഇപ്പോൾ പോകൂ. ഇതിനു തന്നോടു് എന്റെ അച്ഛൻ പകരം ചോദിച്ചില്ലെങ്കിൽ എന്നെ ഇങ്ങനെ വിളിച്ചോളൂ. (കൈ ഞൊടിക്കുന്നു.) താൻ എന്റെ കഴുത്തിനു പിടിച്ചു തള്ളി. പകരം ചെവിക്കു നുള്ളിക്കോ—

(മറുഭാഗത്തുനിന്നും കർമ്മചന്ദ്രനും കൃഷ്ണജിയും പ്രവേശിക്കുന്നു.)

താൻ എവിടെ പോയെടോ മാസ്റ്ററെ അതിനിടയിൽ?

കൃഷ്ണജി: അവർ പൊയ്ക്കളഞ്ഞോ?

പുഷ്പരൻകുട്ടി: ഇല്ല. തനിക്കുവേണ്ടി കാത്തുനില്ക്കുന്നു. അവനേ രണ്ടു് അനത്തു് അനത്തേണ്ടതായിരുന്നു.

കൃഷ്ണജി: നമ്മൾ രണ്ടുപേരുംകൂടി ആയാലും പോരാ ആ മല്ലനോടു്. അതുകൊണ്ടു് നമ്മുടെ സെററുകാരിൽ രണ്ടുപേരെ വിളിക്കാനോടി. ഓടുന്നതിനിടയിൽ നമ്മുടെ കർമ്മചന്ദ്രൻസാറിനെ കണ്ടു.

കർമ്മചന്ദ്രൻ: എന്തോന്നാണു പുഷ്പരൻകുട്ടീ കാര്യം?

പുഷ്പരൻകുട്ടി: ആ ശ്രീവിലാസത്തെ ലതയുടെ ഒരു കൂട്ടുകാരൻ; സേതു എന്നു് അവൾ വിളിക്കുന്നതു കേട്ടു.

കർമ്മചന്ദ്രൻ: ഓ! നമ്മുടെ സേതുമാധവൻ. ഇവിടുള്ള ഒരു ഗവമ്മെൻറാഫീസറാണു്.

പുഷ്പരൻകുട്ടി: ആഫീസറോ? ങാഹാ! എന്നിട്ടാണോ ആ പട്ടി എന്നോടു വക്കാണത്തിനു കേറി നിന്നതു്. നിങ്ങളെല്ലാം എന്തിനാണു് ഇങ്ങനെ പ്രമാണികളെന്നും പറഞ്ഞു നടക്കുന്നതു്.

കൃഷ്ണജി: പിടലിക്കു പിടിച്ചോരു തള്ളു്—ഞാൻ ഉണ്ടായിരുന്നതുകൊണ്ടു ചത്തില്ല പുഷ്പരൻകുട്ടി.

കർമ്മചന്ദ്രൻ: എങ്ങനെ പററി? സേതുമാധവൻ യോഗ്യനാണല്ലോ.

പുഷ്കരൻകുട്ടി: നിങ്ങളെപ്പോലെയുള്ളവക്ക് സവ്വോദയമെന്നും, സഹകരണമെന്നും ഒക്കെ പറഞ്ഞോണ്ടു ചെല്ലുമ്പം പണം തരും. അതുകൊണ്ട് മനുഷ്യന്റെ ഫണ്ടമെൻറൽ റൈറ്റിനെ ആക്രമിക്കുന്നതാണോ യോഗ്യത?

കമ്മ്ചന്ദ്രൻ: (ചിരിച്ചിട്ട്) ഈയാൾ എന്നോടു കായ്യമെല്ലാം പറഞ്ഞു. എന്റെ പുഷ്കരൻകുട്ടീ! ഒരു പബ്ളിക്കസ്ഥലത്തുവച്ച് ഒരു യുവതിയുടെ സമീപത്ത്, അതും അവളുടെ ഇഷ്ടത്തിനു വിപരീതമായി ചെന്നിരുന്ന്, അവളെ ഒരു അവജ്ഞാപാത്രമാക്കുന്നതാണോ ഫണ്ടമെന്റൽ റൈറ്റ്. ഛേ! ഛേ! അബദ്ധം പറയുന്നതിനും ഒരു അതിരുവേണം.

പുഷ്കരൻകുട്ടി: അബദ്ധമെന്ന് ഞങ്ങളാരും കരുതുന്നില്ല. അല്ലെ മാസ്റ്ററെ!

കൃഷ്ണജി: (ഒരു നേതാവിന്റെ ഗൗരവഭാവം അവലംബിച്ചിട്ട്) തീർച്ചയായും. ഭാരതത്തിനു സ്വാതന്ത്ര്യംകിട്ടി ഏതാനും ദീർഘവഷങ്ങൾ കഴിഞ്ഞിട്ടുള്ള ഈ വേളയിൽപ്പോലും ഒരു പൗരന്റെ ഈ മൗലികാവകാശം സ്ഥാപിച്ചുതരാൻ ഭാവമില്ലെങ്കിൽ പിന്നെ എന്തിന് ഈ സ്വാതന്ത്ര്യം, എന്തിന് ഈ ഭരണകൂടം എന്നു ഞാൻ ചോദിക്കുന്നു.

കമ്മ്ചന്ദ്രൻ: താനാണ് ഈ പുഷ്കരൻകുട്ടിയെ വഷളാക്കുന്നത്. താൻ ഹിന്ദിയല്ല ഇയാളെ പഠിപ്പിക്കുന്നതെന്നു തോന്നുന്നു. എടോ മനുഷ്യാ! ജനങ്ങൾക്കുവേണ്ടി ജനങ്ങളാലുള്ള ജനകീയഗവമ്മെൻറാണ് ഇന്നു ഭരിക്കുന്നത്. ഭൂരിപക്ഷ ഭൂരിസുഖം ലക്ഷ്യം. ആ ഗവമ്മെന്റ് വ്യവസ്ഥചെയ്തിട്ടുള്ള വ്യക്തിസ്വാതന്ത്ര്യം, ഇതരവ്യക്തികളുടെ സ്വാതന്ത്ര്യത്തേയും താല്പയ്യത്തേയും ഹനിക്കുന്നതായിരുന്നുകൂടാ.

പുഷ്ക്കരൻകുട്ടി: നിങ്ങൾ അല്ലെങ്കിലും ഒരു പിൻതിരിപ്പനാണു്.

കൃഷ്ണജി: ജന്മിമുതലാളിപൗരോഹിത്യത്തിൻെറ സ്തുതിപാഠകൻ.

പുഷ്ക്കരൻകുട്ടി: നിങ്ങളുടെ ഉപദേശമൊന്നും ഞങ്ങൾക്കാവശ്യമില്ല.

കൃഷ്ണജി: അശേഷം ആവശ്യമില്ല.

പുഷ്ക്കരൻകുട്ടി: ആ മൂഷ്ക്കനു് രണ്ടടി കൊടുക്കാനാണു് നിങ്ങളെ വിളിച്ചുകൊണ്ടുവന്നതു്. അല്ലേടോ മാസ്റ്ററേ!

കൃഷ്ണജി: പിന്നല്ലാതെ—അവൻെറ ദേഹത്തു് ഒന്നു തുമ്മുകപോലും ചെയ്യാതെ, നമ്മുടെ മൗലികാവകാശവാദം തെററാണെന്നൊരു വ്യാഖ്യാനം.

കമ്മചന്ദ്രൻ: എൻെറ പുഷ്ക്കരൻകുട്ടീ! ചെയ്ത തെററിനു് അവരോടു പോയി മാപ്പുചോദിക്കു്. കുറച്ചു നന്നായി ജീവിതം നയിക്കു്. (പോകുന്നു.)

കൃഷ്ണജി: ഹും! പുങ്കച്ചാരുടെ ഉപദേശം ഇല്ലാഞ്ഞിട്ടായിരുന്നു.

പുഷ്ക്കരൻകുട്ടി: എടോ മാസ്റ്ററേ! ബോംബെഅലുവാ പോലിരിക്കുന്നല്ലോടോ അവളെ കണ്ടിട്ടു്. കിട്ടിയാൽ കൊള്ളാം.

കൃഷ്ണജി: ഉം. കിട്ടിയാൽ കൊള്ളാം. ധാരാളം പണോം ഉണ്ടു്.

പുഷ്ക്കരൻകുട്ടി: അവനും അവളും പോയിക്കാണുകയില്ല. ഇവിടെങ്ങാനും കാണും. വാ നോക്കാം.

(കൃഷ്ണജിയേയും പിടിച്ചുകൊണ്ടു നടക്കുന്നു.)

(കർട്ടൻ)

# രംഗം രണ്ട്

[പുന്നമൂട്ടു ബംഗ്ലാവ്. പുന്നമൂട്ട്—ഒരു അൻപതുവയസ്സുകാരൻ ഒരു കൈലിയും ഉടുത്തു് സിൽക്കുഷർട്ടും ധരിച്ച് ഒരു കസേരയിലിരുന്നു കുറെ രൂപാ എണ്ണുന്നു. എണ്ണിത്തീർന്നതിൻെറശേഷം മേശയ്ക്കുള്ളിൽ വയ്ക്കുന്നു. അനന്തരം നടന്നു്, സ്റ്റേജിൻെറ ഒരു ഭാഗത്തെത്തി വെളിയിൽ നില്ക്കുന്ന ആരോടോ എന്നവണ്ണം, "താൻ ഇപ്പോൾ പോകൂ. സസ്പെൻഷനും മററും റദ്ദാക്കിക്കുന്ന കാര്യം വളരെ പാടാ. എന്നാലും ഞാനേററു. വകുപ്പുമന്ത്രിയോടുതന്നെ പറയാം. പക്ഷേ, കാര്യം സാധിച്ചുകഴിഞ്ഞാൽ ഉടൻ ബാക്കി തുകകൂടി തരണം." എന്നു പറഞ്ഞിട്ടു തിരിച്ചുവന്നിരിക്കുന്നു. വേലക്കാരൻ കുഞ്ച്യ പിൻതിരിഞ്ഞു് ഓടിവന്നു്, കസേരയിൽ മുട്ടുന്നു. പുന്നമൂട്ട് ഇരുന്ന കസേര വീഴാൻ ഭാവിച്ചതുമൂലം അയാൾ ചാടിയെഴുന്നേല്ക്കുന്നു. ഒരു ചൂല്യമായി പിന്നാലെ കാത്തിയും എത്തുന്നു.]

കുഞ്ച്യ: (പുന്നമൂടിനെ വീഴാതെ പിടിച്ചുനിത്തിയിട്ട്) അയ്യോ! വല്യങ്ങുന്നു് ഇവിടെ ഇരുന്നെന്നറിഞ്ഞില്ല. (കാത്തിയോട്ട്) അതെൻെറ മൗലികാവകാശമാണു്. കൊച്ചമ്മയ്ക്കതിൽ കാര്യമില്ല.

പുന്നമൂട്ട്: എന്തോന്നാ—ഞാനിപ്പോൾ ചക്ക വെട്ടിയിട്ടതുപോലെ വീണേനേമല്ലൊ. പന്നിക്കുറ്റൻെറ പാച്ചിൽ! (ഭാര്യയോട്ട്) എന്തോന്നാ കാത്തീ!

കുഞ്ച്യ, കാത്തി: എന്തോന്നാണെന്നു് അങ്ങോട്ടു ചോദിച്ചാട്ടെ.

പുന്നമൂട്ട്: ഇതു നാശമായല്ലോ. രണ്ടുപേരുംകൂടി ഒന്നിച്ചു കിടന്നു നിലവിളിച്ചാൽ എങ്ങനാ മററുള്ളവൻ കാര്യം മനസ്സിലാക്കുന്നതു്. ചെവി രണ്ടുണ്ടെങ്കിലും കേഴ്‌വി ഒന്നല്ലേയുള്ളൂ.

കാത്തി: വേലക്കാരനായാലും അങ്ങുന്നായാലും നിലയ്ക്കു നിന്നാൽ മലയ്ക്കു സമം. അല്ലെങ്കിൽ—

കുഞ്ച്യ: കൊച്ചമ്മയായാലും അങ്ങുന്നായാലും വേലക്കാര

നെന്നു കരുതി മററുള്ളവൻെറ മൗലികാവകാശത്തിൽ കൈ കടത്തരുത്.

കാത്തി }
കുഞ്ചു } : ഞാൻ പറയാം കാര്യം—

പുന്നമൂട്ട്: (കുഞ്ചുവിൻെറ വാ പൊത്തിപ്പിടിച്ചുകൊണ്ട്) നീ പറ കാത്തി, ആദ്യം. പദ്ധതി എന്തോന്നാ?

കാത്തി: ഞാൻ ഇവിടത്തെ കൊച്ചമ്മയല്ലേ. എൻെറ മുമ്പിൽവച്ച് ബീടിവലിക്കാൻ—

കുഞ്ചു: എനിക്കു മൗലികാവകാശമുണ്ട്. കൊച്ചങ്ങുന്നു പറഞ്ഞിട്ടുണ്ട്.

കാത്തി: അവൻെറ ധിക്കാരം കണ്ടോ? അവിട്ടുന്നു കണ്ടോ—എന്നെ പറയാൻ സമ്മതിക്കാത്തത്. എടാ, എനിക്കും ഉണ്ട് മൗലികാവകാശം.

പുന്നമൂട്ട്: (കോപത്തോടെ) മൗലികാവകാശം! മൗലികാവകാശം!! മൗലികാവകാശം!!! ഏതോ ഗ്രഹപ്പിഴക്കാരൻ ഭരണഘടനയിൽ അറിഞ്ഞോ അറിയാതെയോ ചേത്തു. നിശ്ചയമായും എടുത്തു കളയിക്കും ഞാനിതു്. നീ അങ്ങേപ്പുറത്തു പോടാ—ഉം. പോ.

കുഞ്ചു: എന്നെ ചൂലുകൊണ്ട് അടിക്കാൻ വന്നതിന്—?

പുന്നമൂട്ട്: ങ്ഹാ—വന്നല്ലേയുള്ളു. അടിച്ചില്ലല്ലോ. (ശാന്തനായി) എടാ! കാത്തി ശുദ്ധഗതിക്കാരിയാ, മുൻകോപമുണ്ടെങ്കിലും. എന്നെയും ശകാരിക്കും; പോ. അവളുടെ കൈവാക്കിനെങ്ങും ചെന്നു നിന്നേക്കരുത്. (കാത്തിയെ നോക്കി ചിരിക്കുന്നു.)

കാത്തി: അവിട്ടുന്ന് അല്ലേലും വലിയ കമ്യൂണിസ്റ്റ്കാരനാ. ഈ വേലക്കാരെ എടുത്തു തലയിൽ വച്ചുവച്ച്...

പുന്നമൂട്ട്: (സഗൗരവം) അതെ. ഇവരുടെയെല്ലാം ശ്രേയ

സ്സാണ് എൻെറ ജീവിതലക്ഷ്യം. ഞാൻ എം. എൽ. എ. ആയിരുന്ന കാലത്തു് എന്തെല്ലാം ഇവക്കുവേണ്ടി ചെയ്തിട്ടുണ്ടു്. ഈ പാവങ്ങളെയെല്ലാം ജന്മിമാരും മുതലാളിമാരും ആക്കുന്നതുവരെ ഞാൻ ഉഴയ്ക്കും. ഇവരുടെ ഈ ദയനീയസ്ഥിതി, ഉണ്ണാനും ഉടുക്കാനും ഇല്ലാതെയുള്ള ഒരവസ്ഥ—അതു കണ്ടുകൊണ്ടു് ഹൃദയമുള്ള ഞാൻ എത്രനാൾ കഴിയും? നീ പൊയ്ക്കോടാ കുഞ്ചു. പോയി വേഗം ഇത്ര കാപ്പിയിട്ടുകൊണ്ടുവാ.

(കുഞ്ചു ഈർഷ്യയോടുകൂടി കാത്തിയെ നോക്കിയിട്ടു പോകുന്നു.)

കാത്തി: അവൻ എന്നെ തുറിച്ചുനോക്കിയേച്ചു പോയതു കണ്ടോ?

പുന്നമൂട്ട്: ഓ നോക്കി. കണ്ണുണ്ടായിട്ടു നോക്കി. എൻെറ കാത്തീ! എന്നെ കണ്ടുപഠിക്കു്. ഞാനീപ്പറഞ്ഞതു കേട്ടാൽ തോന്നുകില്ലെ പാവങ്ങളാരെങ്കിലും പട്ടിണികിടക്കുന്നു എന്നറിഞ്ഞാൽ മതി, ഞാൻ തുങ്ങിച്ചാകുമെന്നു്. എല്ലാംകൂടി ചത്താലും എനിക്കൊരു മാങ്ങാത്തൊലിയുമില്ല. പക്ഷേ, ഇങ്ങനെയൊക്കെ പറഞ്ഞെങ്കിലേ ഇവന്മാർ അടങ്ങിയൊതുങ്ങി നില്ക്കു. ശമ്പളവും കൂടുതൽ ചോദിക്കാതിരിക്കു. പിന്നെ വോട്ടു്. (രഹസ്യമെന്നവണ്ണം) ഇവന്മാക്കൊക്കെ വോട്ടൊണ്ടു്. ഇവനെന്നുവച്ചാൽ അഖിലകേരള അടുക്കളത്തൊഴിലാളി യൂണിയൻ പ്രസിഡൻേറാ മറേറാ ആണു്. പത്തായിരം വോട്ടുണ്ടു് കൈയിൽ. ഞാൻ തൊഴിലാളിക്കുവേണ്ടി ഉണ്ണുന്നു, അവനുവേണ്ടി ഉറങ്ങുന്നു, അവനുവേണ്ടി സമ്പാദിക്കുന്നു, എന്നൊക്കെ വേണം ഇവനോടൊക്കെ പറയാൻ. ഓരോ പദ്ധതി.

(പുഷ്ക്കരൻകുട്ടിയും കൃഷ്ണജിയും പ്രവേശിക്കുന്നു.)

കാത്തി: എന്താ മോനേ! ഓന്തിൻെറ മുഖംപോലെ ചോരയും നീരും ഇല്ലാതെ—

പുന്നമൂട്ട്: നിൻെറ തലസ്വരൂപമാ അവൻ.

കാത്തി: മിണ്ടാതിരുന്നാട്ടെ. എന്താടോ കൃഷ്ണജി?

കൃഷ്ണജി: എന്തിനുവേണ്ടി ഈ ഗവമ്മെൻറിനെ പിൻതാങ്ങണം എന്നു ഞാൻ ചോദിക്കുന്നു?

പുഷ്കരൻകുട്ടി: മനുഷ്യൻെറ മൗലികാവകാശം സ്ഥാപിച്ചുതരുന്നതിന് അതിനു ശക്തിയില്ലെങ്കിൽ...

പുന്നമൂട്ട്: (തലയ്ക്കു കൈകൊട്ടത്ത് കുനിഞ്ഞിരുന്നിട്ട്) ഈശ്വരാ! പിന്നെയും മൗലികാവകാശം! ഒരുത്തനെ അട്ടക്കളയിലേക്കു പറഞ്ഞയച്ചതേയുള്ളു. ഇന്നു് എല്ലാ അവനും മൗലികാവകാശവുമായിട്ടാ വരവ്.

കാത്തി: കണക്കായിപ്പോയി. (പുഷ്കരൻകുട്ടിയോട്ട്) എന്തുണ്ടായി മോനേ?

പുഷ്കരൻകുട്ടി: ഒരു പെണ്ണിൻെറ അട്ടത്തു ചെന്നിരുന്ന് എന്തിനാ കരയുന്നതു്, നിൻെറ ആരു ചത്തുപോയി എന്നു ചോദിക്കാൻ ഭരണഘടനയിൽ വ്യവസ്ഥയില്ലേ എന്നെനിക്കറിയണം.

കൃഷ്ണജി: നിശ്ചയമായും ഉണ്ടു്. വകുപ്പ് 226 ആണു്. ധാരാളം റൂളിംഗുകളുമുണ്ടു്.

കാത്തി: അവിടുന്നു കേട്ടോയിതു്?

പുന്നമൂട്ട്: എന്തോന്നു കേൾക്കാനാണു്, കാര്യം പറയാതെ.

കൃഷ്ണജി: (പുഷ്കരൻകുട്ടിയോട്ട്) റിട്ടു കിട്ടുകില്ലേ എന്നു നോക്കാം.

പുന്നമൂട്ട്: കാര്യം പറയെടാ മരത്തലയാ! റിട്ടും മണ്ണാങ്കട്ടിയും.

കൃഷ്ണജി: ഓ! അതു പറഞ്ഞില്ലല്ലൊ. ശ്രീവിലാസത്തെ

ആ കുറുപ്പിൻെറ മകൾ ലതപ്പെണ്ണ്! കാഴ്ചബംഗ്ലാവി ലെ തോട്ടത്തിൽ ഇരുന്നു കരയുന്നതു കണ്ടു്, കാര്യം ചോദിക്കാൻ പുഷ്കരൻകുട്ടി അടുത്തു ചെന്നിരുന്നു. നമ്മുടെ ഗവമെൻറിൻെറ ഒരു മുരടിച്ച ഹസ്തം, പുഷ്ക രൻകുട്ടിയുടെ കഴുത്തിനു കുത്തിപ്പിടിച്ച് ഊക്കോടെ ഒരേറു്. വന്നു വീഴാൻ എൻെറ കാലില്ലായിരുന്നെ ങ്കിൽ കുറുക്കൊടിഞ്ഞേനെം.

കാത്തി: (മകനെ തടവിയിട്ടു്) അയ്യോ! ചങ്കു പൊട്ടി യോ. പോലീസുകാരനായിരുന്നോ?

കൃഷ്ണജി: ആയിരുന്നെങ്കിൽ മനസ്സിലാക്കാം. ഇതു ഹജ്ജൂർ കച്ചേരിയിലെ ഒരു സൂപ്രണ്ടുഹസ്തം.

കാത്തി: എടാ സൂപ്രണ്ടേ, നീ അത്രയ്ക്കായോ. (ഭത്താവി നോട്ടു്) നിങ്ങൾക്കു ചുണയുണ്ടെങ്കിൽ ഇന്നു് ഈ ഗവ മെൻറിനെ തകിടം മറിക്കണം.

പുന്നമൂട്ട്: (ചിരിച്ചിട്ടു്) ഒന്നും വേണ്ടാടീ. ഒരു പുതിയ പദ്ധതി. ഒരു മാസത്തിനകം ആ പെണ്ണ് ഇവിടത്തെ അടുക്കളയിൽ. പുഷ്കരൻകുട്ടിക്കു ചേരും. ധാരാളം സ്വത്തുണ്ടു്. കണ്ടാൽ ഇമ്മിണി വക്ത്തുമുണ്ടു്.

കാത്തി: ആ തെള്ളിയവനെ—

പുന്നമൂട്ട്: ശിക്ഷിപ്പിക്കാം. ഒരു കള്ള ഹർജി അയച്ച്.

കൃഷ്ണജി: വിവാഹം കഴിഞ്ഞാലും വരും അയാൾ ശല്യ ത്തിനു്.

പുഷ്കരൻകുട്ടി: അന്നവൻെറ കുറുക്കു ഞാൻ ഒടിക്കും.

കാത്തി: മോനു സമ്മതമാണോ?

(പുഷ്കരൻകുട്ടി ചിരിച്ചു സമ്മതം പ്രകടിപ്പിക്കുന്നു.)

ആ പെണ്ണ് വലിയ സ്വാതന്ത്ര്യക്കാരി ആണെന്നൊ ക്കെയാ കേട്ടിട്ടുള്ളതു്. കുസുമേടെ കൂടെ പഠിച്ചതാ— പക്ഷേ, തന്തേടെ കൈയിൽ പൂത്ത പണമുണ്ടു്.

അയാൾ ഒന്നു ചത്തുകിട്ടിയാൽ പിന്നെ ചോദിക്കാൻ ആരുമില്ല. ഇന്നുതന്നെ ആലോചന തുടങ്ങണം. മഴക്കാലം വരുന്നതിനുമുൻപു നടത്തിക്കളയാം.

(കൃഷ്ണജി പുഷ്കരൻകുട്ടിയെ നുള്ളുന്നു. നുള്ളുകൊണ്ട് അയാൾ "അയ്യോ" എന്നു പറഞ്ഞുകൊണ്ട് മേല്പോട്ടു ചാടുന്നു—പോകുന്നു.)

പുന്നമൂട്ട്: ഞാൻ ലീഡറെ ഒന്നു കണ്ടേച്ചു വരാം.

കാർത്തി: എന്തിനാ—ഇപ്പം കിട്ടും മന്ത്രിപദം!

പുന്നമൂട്ട്: അതല്ലടീ പെമ്പ്രന്നോരെ. വല്ലടത്തും ചെന്നു് വല്ലതും സാധിക്കണമെങ്കിൽ, കൂടെക്കൂടെ ആളുകൾ എന്നെ പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം കാണണം.

കാർത്തി: കണ്ടിട്ടു വല്യ പ്രയോജനമെന്നും കാണുന്നില്ല. ആണുങ്ങൾ ആരെങ്കിലും ആയിരുന്നെങ്കിൽ ഇതിനകം പത്തുലക്ഷം ഉണ്ടാക്കിയേനെ. എന്താ അവിടുത്തേക്കു യാതനയില്ലേ. അവിടുന്നും കിടന്നില്ലേ ജയിലിൽ; തരാൻ പറയണം. അല്ലേടേ വാദ്ധ്യാരെ!

കൃഷ്ണജി: തീച്ചയായും ആരുടേതിനേയുംകാൾ വീർത്തതും തടിച്ചതുമായ ഒരു യാതനാഭാണ്ഡം ഇദ്ദേഹത്തിനുണ്ടു്.

കാർത്തി: താൻ എന്നേപ്പററിയാണോ പറയുന്നതു്?

കൃഷ്ണജി: അല്ല, അല്ല.

പുന്നമൂട്ട്: ഞാൻ ഈ ശുപാർശയുമായി ചെല്ലുന്നതു് മന്ത്രിമാക്കത്ര ഇഷ്ടം അല്ല.

കാത്തി: ഓ അവരുടെ ഇഷ്ടോം അനിഷ്ടോം മാത്രം നോക്കിക്കൊണ്ടിരുന്നാൽ കാര്യം നടക്കത്തില്ല. നമുക്കു പണമുണ്ടാക്കണം. പിള്ളേരു രണ്ടില്ലേ. കുസുമംതന്നെ പ്രായമായി നില്ക്കുന്നു.

കൃഷ്ണജി: ഞാനും കുസുമവും എങ്ങനെയെങ്കിലും ജീവിച്ചുകൊള്ളാം.

പുന്നമൂട്ട്: എടോ! തൻെറ ആശ നടക്കുമെന്നു തോന്നുന്നില്ല. അവൾ, ആ കമ്മചന്ദ്രൻ അല്ലാതെ വേറെ ആരും വേണ്ടെന്നും പറഞ്ഞല്ലെ നില.

കാത്തി: അവൻ വെറും പിച്ചക്കാരൻ. അവന്റെ പുറകെ എൻെറ പെണ്ണിനെ ഞാൻ അയയ്ക്കുയില്ല.

കൃഷ്ണജി: കുസുമയെ എനിക്കെന്നു് അനേകപ്രാവശ്യം നിങ്ങൾ രണ്ടുപേരും പറഞ്ഞിട്ടുള്ളതാണു്.

കാത്തി: (അതു കേൾക്കാത്തവണ്ണം) അവിടുന്നു ചൊവ്വൊള്ളവരെ വല്ലതും അന്വേഷിക്കണം. അവളുടെ അഭിപ്രായം അങ്ങു മാറും. എത്രയെണ്ണം മാറിക്കണ്ടിട്ടുള്ളവളാ ഞാൻ. അവളുടെ സേവാസദനത്തിനു് പണം പിരിക്കാനും മററും നടക്കുന്നതുകൊണ്ടാ അവനോടു് ഇത്ര ഇഷ്ടം ഭാവിക്കുന്നതു്.

കൃഷ്ണജി: ആക്ക പിടിച്ചുകൊടുത്താലും അയാൾക്കു കൊടുക്കരുതു്. പുഷ്കരൻകുട്ടിയെ പിടിച്ചു തള്ളിയവനു് രണ്ടു കൊടുക്കണമെന്നു പറഞ്ഞിട്ടു് അയാൾ അഹിംസയെപ്പററി ഒരു പ്രസംഗം. പിന്നെ, അവിടുത്തെപ്പററി എന്തെല്ലാം പറഞ്ഞെന്നോ—നക്കിയാണു, പിടിച്ചുപറിക്കാരനാണു്.

പുന്നമൂട്ട്: ങേ! എന്നെപ്പററി അങ്ങനെയെല്ലാം പറഞ്ഞോ അവൻ?

കൃഷ്ണജി: പറഞ്ഞു. ഇന്നു മാത്രമോ. മിനിഞ്ഞാന്നു് കാളേജുഗ്രൗണ്ടിൽവച്ചു് ഗാന്ധിയൻസോഷ്യലിസത്തെപ്പറ്റി ഒരു പ്രസംഗം. പറഞ്ഞതു മുഴവൻ അവിടത്തെപ്പററി ആയിരുന്നു. നേരു പറഞ്ഞാൽ എൻെറ ഹൃദയം പപ്പടംപോലെ പൊള്ളിപ്പോയി.

കാത്തി: ആ അവനാണു് പെണ്ണിനെ കൊടുത്താൽ എന്തെന്നാലോചിക്കുന്നതു്! എന്റെ കൊക്കിൽ ശ്വാസമുള്ള

പ്പോഴില്ല. തൻെറകൂടെ അയച്ചാലും അവൻെറകൂടെ യില്ല.

കൃഷ്ണജി: ഞാൻ ആ ആശയിൽ കഴികയാണ്.

കാത്തി: ആണുങ്ങൾ വീട്ടിൽ വന്നുകയറണമെങ്കിൽ പണം വേണം. പണം ഉണ്ടാകണമെങ്കിൽ സാമത്ഥ്യം വേണം. (ഭത്താവിനെ ഈർഷ്യയോടെ നോക്കുന്നു.)

പുന്നമൂട്ട്: എടീ പെമ്പ്രന്നോരെ, പണം ഉണ്ടാകും. അതിനുവേണ്ടിയല്ലെ ഞാൻ ഈ കൊള്ളരുതായ്മകൾക്കെല്ലാം കൂട്ടുനില്ക്കുന്നതു്. എന്തുചെയ്യാം. ഒന്നു പകുതിപ്പേരേ വല്ലതും തരികയുള്ളു. പകുതി ആളുകൾ പിന്നെ വരാമെന്നുംപറഞ്ഞു് നമ്മുടെ ചോറും ഉണ്ടോണ്ടുപോകും. മൂട്ടപ്പൂച്ചികൾ! കാര്യം സാധിച്ചാൽ പിന്നെ തിരിഞ്ഞു നോക്കുകയില്ല. എടോ! കൃഷ്ണജീ! താൻ പുഷ്കരൻകുട്ടിയെ വല്ലപ്പോഴുമൊക്കെ ഹിന്ദിപഠിപ്പിച്ചാൽ മതി. ആ റയിൽവേസ്റ്റേഷനിൽപ്പോയി നില്ക്കണം. വടക്കന്മാരു വരും, ഓരോ കാര്യം ഓരോരുത്തരെക്കൊണ്ടു സാധിപ്പിക്കാൻ. അട്ടത്തുകൂടി തൂക്കിയെടുത്തുകൊണ്ടു വരണം. ഒരു പഞ്ചവത്സരപദ്ധതി.

കാത്തി: കിട്ടുന്നതിൽ ഒരുപങ്കു തനിക്കു്.

കൃഷ്ണജി: നേർപകുതി പണിയെടുക്കുന്നവൻെറ മൗലികാവകാശമാണു്.

പുന്നമൂട്ട്: കൊടുക്കാതിരിക്കുന്നതു് എൻെറയും. നീ ചെല്ല് കൃഷ്ണജി. ആരോടു വേണമെങ്കിലും ശുപാർശചെയ്യാം. ഒരു മാസത്തിനകം പണത്തിലുള്ള ഇവളുടെ മോഹം തീർക്കണം.

കാത്തി: ആ ആഗ്രഹം തീരണമെങ്കിൽ ആണുങ്ങളുടെ കൂടെ പൊറുക്കാൻ പോകണം.

പുന്നമൂട്ട്: പൊയ്ക്കോ. ആരു പറഞ്ഞു വേണ്ടെന്നു്.

കാത്തി: ഉം. പോയാൽ അപ്പോൾ കാണാം അച്ഛനും മക്കളും ഉണ്ണുന്നതു്. പിന്നേ—ആ ശങ്കരക്കുറുപ്പിന്റെ വീട്ടിലേക്കു പോകുന്നില്ലേ, കുഞ്ഞിന്റെ കാര്യത്തിനു്. അവൻ ഒരു കര പററിക്കൊള്ളട്ടെ.

പുന്നമൂട്ട്: പൊയ്ക്കളയാം. അവന്റെ തൊഴിലില്ലായ്മ അങ്ങനെ പരിഹരിക്കാം.

കാത്തി: അവരത്രപെട്ടെന്നു് സമ്മതിച്ചെന്നു വരികയില്ല. ആ പെണ്ണു് എം. എ.-ക്കാരിയാണെന്നാ കുസുമ പറഞ്ഞതു്. നമ്മുടെ മോനു് പഠിത്തം ഇമ്മിണി കുറവുമാ.

പുന്നമൂട്ട്: ചുമ്മാതിരിയെടീ! അവൻ മിട്ടുമിട്ടുക്കനാ. അവൻ ഒരു നേതാവിന്റെ മകൻ. ആക്കറിയാം, അവൻ ഒരു മന്ത്രിയാകയില്ലെന്നു്. അവനു പരിചയമില്ലാത്ത ആളുകളില്ല. അറിഞ്ഞുകൂടാത്ത കാര്യമില്ല—നീ ഒരു മുണ്ടും ജൂബായും ഒരു ചുമന്ന ഷാളും ഒരു വളഞ്ഞ വടിയും ഇങ്ങോട്ടെടുക്കു്. തൊപ്പിയും വേണം. നെഹ്രുക്കോട്ടു വേണ്ട, ഉഷ്ണിക്കും.

കാത്തി: അയ്യോ! ഖദറുണ്ടോ എന്നറിഞ്ഞില്ല. വെളുത്തേടത്തി—

പുന്നമൂട്ട്: ഛേ! ഞാൻ പറഞ്ഞിട്ടില്ലേ കാത്തീ, വല്ല പ്രസംഗത്തിനും പോകാനോ മന്ത്രിയെക്കാണാൻ പോകാനോ ഒക്കെയായി ഒന്നുരണ്ടു സെറ്റു ഖദർ എപ്പോഴും വച്ചേക്കണമെന്നു്.

(കുസുമ—ഖദറിൽ പൊതിഞ്ഞ ലോലഗാത്രിയായ ഒരു യുവതി—ഒരു ബാഗുമായി കയറിവരുന്നു. പുന്നമൂടിനേയും ഭാര്യയേയും ബഹുമാനത്തോടെ നോക്കിച്ചിരിച്ചിട്ടു് അകത്തേക്കു കയറുന്നു.)

കാന്തി: (ഉച്ചത്തിൽ) സേവാസദനമെന്നും പറഞ്ഞുള്ള ഈ യാത്രയൊക്കെ ഇനിയൊന്നു കുറയ്ക്കണം, കേട്ടോടീ, ഉർവ്വശീ!

(കർട്ടൻ)

## രംഗം മൂന്നു്

[തിരുവനന്തപുരം റെയിൽവേസ്റ്റേഷന്റെ പിൻഭാഗത്തുള്ള ഒരു തോട്ടം. മാത്തുമൂപ്പൻ ഇരുന്നു് ഒരു വലിയ പാളപ്പൊതി അഴിച്ചു മുറുക്കുന്നു. അടുത്തായി ഒരു തടിച്ച തുകൽബാഗുണ്ടു്.]

മാത്തുമൂപ്പൻ: (അകത്തേക്കു നോക്കിയിട്ടു്) എന്താ നോക്ണേ? വല്ലതും കളഞ്ഞിട്ടുണ്ടാവും, സംശയോല്യ.

കൃഷ്ണജി: (പ്രവേശിച്ചു്) തനിക്കെന്തു വേണം അറിഞ്ഞിട്ടു്. താൻ ആരാ?

മാത്തുമൂപ്പൻ: അസ്സൽ, അസ്സല്. രണ്ടു ശോദ്യമാ ഇങ്ങട്, അങ്ങട് ഒന്നു ശോതിച്ചതിന്. അതും പരുഷത്തിലും. എടോ വൃകോദരാ! ലോഹ്യം ചോദിച്ചതാ: കയക്ക്ണ്ടാ റോ.

കൃഷ്ണജി: എന്തോന്നു് റോ. തന്റെ ബാഗു് ഒരു പൂർണ്ണഗർഭിണിയുടെ വയറുപോലെ വീർത്തിരിക്കുന്നല്ലോ. എവിടെ പോവാ? എന്തോന്നാ കാര്യം? വല്ലതും തടയുന്നതാണെങ്കിൽ ഞാൻകൂടി സഹായിക്കാം.

മാത്തുമൂപ്പൻ: ഹെയ്, ഒന്നില്യാ—എന്നാ ഇല്യോ—അല്ലോട്ടുണ്ടുതാനും. മല എല്ലാം പതിച്ചുകൊടക്ക്ണന്നു കേക്ണു. ഒരു ആയിരം ഏക്കറെങ്കിലും ശ്ശി കുറഞ്ഞ നിരക്കിന് കിട്ടാൻ തരോണ്ടോന്നന്വേഷിച്ചിറങ്ങിയതാ. ആർക്കാണെന്നുവച്ചാ വല്ലതും കൊട്ടത്തുകളയാൻ്റു.

കൃഷ്ണജി: ങാഹാ അത്രേയുള്ളോ. പിന്നെ—?

മാതുമൂപ്പൻ: പിന്നെ—എന്തൊക്കെയാ ഈ കേക്ക്ണത്. നികുതി, നികുതി, നികുതി! സക്കാര് ഇങ്ങനെ കാട്ടി ക്കൂട്ടാൻ തുടങ്ങിയാ എന്താ ചെയ്യ. ഭൂനികുതി, ആദായ നികുതി, വില്പനനികുതി, മരണനികുതി—ഹും! ജീ വിച്ചാലും നികുതി—മരിച്ചാലും നികുതി—വരവിനു നികുതി ചെലവിനു നികുതി—ഞെക്കിപ്പിഴികയാ— ഇനിയും വര്ണുണ്ടുപോലും, വിദ്യാഭ്യാസ നികുതി, വായനശാലാനികുതി, വെള്ളനികുതി, വായുനികു തി—വല്ലതും നാലു പുത്തനുണ്ടാക്ണത് ഇവററകൾ ക്ക് നികുതി കൊടുക്കാനല്ല്യ—കുട്ടികൾക്ക് കൊടക്കാ നാ—ചാക്ണതുതന്നെ ദുസ്സഹം, ഓക്കാൻ മേലാ— പിന്നെ കാലൻ വന്നു വിളിച്ചാ പോകാണ്ടൊകൊ. അങ്ങനെ ഒന്നു ചത്താ, അവൻെറ സ്വത്ത് കുട്ടികൾ ക്കും ഭാര്യക്കും കിട്ടണന്നുവച്ചാ, അതിനു നികുതി കൊ ടക്കണംപോലും!

കൃഷ്ണജി: ഉം. ഓത്താൽ വലിയ കഷ്ടമാ.

മാതുമൂപ്പൻ: ക്ഷ്യായി. എന്താ പറയ്ണത്. ഇങ്ങനെ ഒരു കാലോണ്ടാവൂന്ന് ആരു ധരിച്ചു. രണ്ടോ നാലോ ആണേ കൊടുത്തുകളയാം. പാറങ്ങോടൻ, അറിയി ല്ല്യേ—ഒരു പ്രമാണിയാ—അയാൾ പറയ്ണതു നേരാ ണേൽ ഒന്നുപാതി അങ്ങേല്പിക്കണം. തുലഞ്ഞില്ല്യേ, എങ്ങനെ സമാധാനത്തോടെ കണ്ണടയ്ക്കുമെന്നാ നോൻ ചോദിക്ണത്.

(ഒരു ഭിക്ഷക്കാരനും അവൻ നീട്ടിയിരുന്ന വടിയുടെ അററത്തു പിടി ച്ചുകൊണ്ട് ഒരു കരുടനും പ്രവേശിക്കുന്നു.)

ഭിക്ഷക്കാരൻ: ഏമാന്നേ! കണ്ണുകാണാത്ത കുരുടൻ. ഒരു കാശ്ശ്. രണ്ടുദിവസമായി വെള്ളം കുടിച്ചിട്ട്.

മാതുമൂപ്പൻ: ചെരയ്! കൈയിൽ ഒന്നുമില്ല്യ. പോ പോ—അല്ലെങ്കിൽ കിട്ടിയതിൽ പങ്ക് ഇങ്ങട് താ. (കൃഷ്ണജിയോട്ട്) പിന്നെ വിദ്യാഭ്യാസനികുതി, വര്ണണ്ടുപോലും. കുടുംബങ്ങളെ കുട്ടിച്ചോറാക്ക്ണ സമ്പ്രദായം. എന്തിനെന്നാ നോൻ ചോദിക്ക്ണത്. എന്തിനാ പഠിപ്പിക്യ ഈ ഏറ്റംകളെ. ഇന്നലെ ഇങ്ങട് വരുന്നവഴി തീവണ്ടിയിൽവച്ചാന്, ഒരു പള്ളിക്കൂടക്കാരൻ ചെക്കൻ ചോദിക്യാ, എൻെറ വയററിൽ നോക്കിക്കൊണ്ട്, എത്രാം മാസാണെന്ന്. കുരങ്ങന്മാരല്ലേ: വാലിൽ ചവിട്ടുക നന്നല്ലെന്നു കരുതി നോൻ അങ്ങു ക്ഷമിച്ചു.

ഭിക്ഷക്കാരൻ: ഏമാന്നേ! ഒരു കാശ്ശ്. കണ്ണുകാണാത്ത കുരുടൻ. രണ്ടുദിവസമായി വെള്ളം കുടിച്ചിട്ട്.

മാതുമൂപ്പൻ: ചെര! അകന്നുനിക്കില്ല്യേ നാശ്ശുളേ. എന്തൊരു പരിഷകൾ! ദരിദ്രവാസികൾ! എത്ത്ണ എത്ത്ണ ദിക്കിലെല്ലാം ഈ മശകങ്ങൾ മൂളിക്കൊണ്ട് എത്തുകയാ. ഈ ചെററകൾക്കാണ് നികുതി ചുമത്തേണ്ടതെ—നല്ല കൊഴുത്ത നികുതി. പോ—പോ—ഒന്നുമില്യാ കൈയില്. ഒരു മുക്കാലെങ്കിലും വേണ്ടേ, തരാൻ. പോകാനല്ലെ പറഞ്ഞതു് വിഢ്ഢികളെ. (അടിക്കാൻ കുട ഓങ്ങുന്നു.)

ഭിക്ഷക്കാരൻ: (മുന്നോട്ടു കയറിനിന്നിട്ട്) എന്നാൽ ഒന്ന് അടിയെടോ, കാണട്ടെ. അടിച്ചാൽ തൻെറ ഈ കുടവയറു് ഞങ്ങൾ കുത്തിക്കീഴിക്കും. മററുള്ളവൻെറയെല്ലാം രക്തം കുടിച്ചു വീർത്ത കുടവയറു്. വേണോ—(മാതുമൂപ്പനെ അടിക്കാൻ കൈയിലിരുന്ന ഭിക്ഷാപാത്രം ഓങ്ങുന്നു.)

മാതുമൂപ്പൻ: (ഞെട്ടി പുറകോട്ടു മാറിയിട്ട്) ഹെയ്! ഹെയ്! കോപിക്കേണ്ട. ചുമ്മാ പറഞ്ഞെതന്നേയുള്ളു.

നിങ്ങളെയെല്ലാം കാണുമ്പോൾ ഈയുള്ളോൻെറ കണ്ണു നിറകയാ, ആ മാവേലി—അങ്ങേരുടെ കാലത്ത് സുഭിക്ഷാന്നു. നാമൊക്കെ സഹോദരന്മാർ. ഭിക്ഷ ചോദിച്ചോളു, ധാരാളം ചോദിച്ചോളു—ഇഷ്ടംപോലെ—ഒന്നും അങ്ങട് കിട്ടുമെന്നു ധരിക്കേണ്ടെന്നു മാത്രം.

ഭിക്ഷക്കാരൻ: അല്ലേലും താൻ തരുമെന്ന് ഞങ്ങൾക്കൊട്ടു വിശ്വാസവും ഇല്ല. തനിക്കു വേണോടോ വയറാ! ഇതിൻെറ പങ്ക്? ഇപ്പോൾ അങ്ങോട്ടുപോയ ഒരു ഏമാനൻ തന്നതാ—അതാ നില്ക്കുന്ന ആ ആൾ—(ഒരു നാലണത്തുട്ട് എടുത്തു കാണിക്കുന്നു.) വേണമെങ്കിൽ തന്നേക്കാം. അമ്പടാ ചീങ്കണ്ണീ! വയററത്തു മുതിര പൊടിക്കാം, ഒരു കുഴവിമാത്രം മതി. (കോപത്തോടെ നോക്കീട്ട് കുരുടനേയും പിടിച്ചുകൊണ്ടു പോകുന്നു.)

മാതുമൂപ്പൻ: ഹെയ്! എന്തൊരു പരിഷകൾ! ഹും! വിവരില്യ—വിവരില്യ. അവൻ വിളിച്ചതു കേട്ടില്ലേ വയറനെന്ന്. എൻെറ നാട്ടിലെങ്ങാൻ വച്ചാണെങ്കിൽ അവൻെറ ചെകിട്ടത്ത് പ്ടേ പ്ടേ എന്നു രണ്ടു പെട. (ഭിക്ഷക്കാർ പോയ ഭാഗത്തേക്കു നോക്കുന്നു.)

കൃഷ്ണജി: പോട്ടെ, പോട്ടെ. എന്നിട്ട് അതിന് എന്തുവേണമെന്നാ? ഈ നികുതികളെല്ലാം ഇല്ലാഴ്മ ചെയ്യണോ?

മാതുമൂപ്പൻ: അസ്സലായി ശോദ്യം. പിന്നെ എന്താ ഈ പറഞ്ഞോണ്ടുവര്ണത്. അതിനൊരു നേതാവിനെ കണ്ടു പിടിക്കണം. നേതാവ് എന്നുവച്ചാലേ, നല്ല പിടിയുള്ളോൻതന്നെ വേണം.

കൃഷ്ണജി: പിടിയുള്ളവൻ വേണം—ശരി ശരി. നമ്മുടെ കൈയിൽ ഒരാളുണ്ട്.

മാതുമൂപ്പൻ: പ്രമാണിയാ?

കൃഷ്ണജി: എല്ലാ പാർട്ടിപ്രമാണികളുടേയും പ്രമാണിയാണു്. എക്സ് എം. എൽ. എ. അദ്ദേഹത്തെക്കൊണ്ടു് ഏതു കാര്യവും സാധിപ്പിക്കാം. ആയിരം ഏക്കർ വേണം; അതുടൻ, ഈ കരമെല്ലാം നിത്തിക്കണം—

(കമ്മചന്ദ്രൻ ഒരു പത്രവും വായിച്ചുകൊണ്ടു പ്രവേശിക്കുന്നു. ചാരുബെഞ്ചിന്റെ ഒരു ഭാഗത്തായി ഇരിക്കുന്നു. അവരുടെ സംഭാഷണം ശ്രദ്ധിക്കുന്നു.)

മാതുമൂപ്പൻ: അപ്പോൾ ഒരു പ്രമാണിയെ കിട്ടിക്കഴിഞ്ഞു! ഭാഗ്യം! ഭാഗ്യം!

കൃഷ്ണജി: അത്രയും മതിയല്ലൊ—?

മാതുമൂപ്പൻ: പിന്നെ ഈ ഭൂമി പങ്കുവയ്ക്കണ കാര്യം—അതു വേണ്ടെന്നുവയ്പ്പിക്കണം. അധികോന്നില്യ. ഒരു പത്തോ നാലായിരമോ ഏക്കറെ ഉള്ളെന്നേ—പുറമ്പോക്കും മലേം എല്ലാംകൂടാ—വളരെ ക്ലേശിച്ചു തേടിയതു് എന്നു ധരിച്ചോളൂ. അതിൽ ഒരംഗുലം ഭൂമി വിട്ടുകൊടുക്കുക നോനെ കൊല്ല്ണ വാശിയാ. ആ നിയമം ഒന്നു വേണ്ടെന്നു വയ്പിക്കണം. വയ്പിച്ചാൽ മാത്രം പോരാ, വയ്ക്കണതിനുമുൻപ്പു് രഹസ്യമായി നൊമ്മെ അറിയിക്കയും വേണം. ആ നിയമം വരുന്നെന്നു ഭയന്നു് കുറെ ശുംഭന്മാർ എന്തുവിലയ്ക്കും വസ്തു കൊടുക്കാതിരിക്കില്യ. (രഹസ്യമെന്നവണ്ണം) നിയമം വരില്യാന്നു നിശ്ചയം വന്നാൽ കൊറെ ഒക്കെ ഇങ്ങു വാങ്ങാന്നു.

കമ്മചന്ദ്രൻ: ഇത്രയും ഏക്കർ ഭൂമി കൈവശമുണ്ടു്. ഇനിയും വേണമെന്നാണോ പറയുന്നതു്?

മാതുമൂപ്പൻ: (കമ്മചന്ദ്രന്റെ വേഷം സൂക്ഷിച്ചിട്ടു്) എല്ലാം ഖദറുതന്നെയാ. വല്ല പ്രമാണിയും ആയിരിക്ക്യോ. ഏതാ പാർട്ടി? മുറുക്ണോ? വടക്കനാ പുകയില— നോൻ എല്ലാ പാർട്ടിക്കും ധാരാളം വാരിക്കോരി കൊടു

ത്തിരിക്ക്ണു. പക്ഷേ, വാങ്ങീട്ടു പോയോരെ ആരേം പിന്നെ കണ്ടിട്ടില്യ.

കമ്മ്ചന്ദ്രൻ: ഞാൻ ഒരു പൊതുജനസേവകനാണ്, പ്രമാണിയൊന്നുമല്ല.

മാത്തുമൂപ്പൻ: ങാഹാ! പ്രമാണിയല്ലെങ്കിൽ അങ്ങട് കടന്നാകൊള്ളു.

കൃഷ്ണജി: അദ്ദേഹം വലിയ പ്രമാണിയാണ്. ഭൂദാനപ്രവർത്തകൻ, സർവ്വോദയപ്രവർത്തകൻ, ഭാരത് സേവക് സമാജ മേധാവി, സഹകാരി—

മാത്തുമൂപ്പൻ: ഹെടടാ! എന്തെല്ലാം—അപ്പോ സാക്ഷാൽ നാന്മുഖനാ—എന്നിട്ട്, സ്നേഹിതാ! കുറെ ഉറുപ്പികയുണ്ടു കൈയിൽ—നോൻ ഒരു പ്രമാണിയെ തേടിവന്നിരിക്യാ—ഒരു ആയിരം ഏക്കർ—ചെറിയ തുകയ്ക്കു കിട്ടണം—വല്ലതും തന്നുകളയാം. വെറുതെ ആരും നമ്മുക്കുവേണ്ടി ഉഴക്ക്ണന്നില്യ—

കമ്മ്ചന്ദ്രൻ: ഉള്ളതിനും പുറമെ ആയിരം ഏക്കർ ഭൂമി കൂടിയോ?

മാത്തുമൂപ്പൻ: ചോദ്യം അസ്സലായി. ഭൂമിയില് മതിവരുമോ മനുഷ്യന്.

കമ്മ്ചന്ദ്രൻ: സ്നേഹിതാ! ഭൂമി പൊതുസ്വത്താക്കുവാനാണ് ഞങ്ങളുടെ ശ്രമം. ഒരു ചതുരശ്രമൈൽ സ്ഥലത്ത് ആയിരത്തിയഞ്ഞൂറോളം ജനങ്ങൾ ഞെരുങ്ങിത്താമസിക്കുന്ന ഈ രാജ്യത്ത് നിങ്ങളെപ്പോലെയുള്ള കുറെ ആളുകൾ, ഉള്ളതെല്ലാം കൈയടക്കിവച്ചാൽ, മറ്റുള്ളവർ എന്തുചെയ്യും. ഭൂമി വർദ്ധിക്കുന്നില്ല. ജനങ്ങൾ വർദ്ധിക്കുന്നു. അതുകൊണ്ടു് ആകാശവും വെള്ളവും വായുവും പോലെ ഭൂമിയും എല്ലാവരുടേയും പൊതുസ്വത്തായിത്തീരണം. കൃഷിസ്ഥലങ്ങൾ സഹകരണാടിസ്ഥാന

ത്തിൽ കൃഷിചെയ്യണം. ആവശ്യം അനുസരിച്ചു് ഉല്പാദനം വിഭജിക്കണം. എല്ലാവരേയും ജീവിക്കുവാൻ അനുവദിക്കുക. അങ്ങനെ ഒരു മനസ്ഥിതി ജനങ്ങളിൽ ഉണ്ടാക്കുവാൻ ശ്രമിക്കുന്നവരിൽ ഒരുവനാണു് ഞാൻ. അറിഞ്ഞു പെരുമാറിയാൽ നിയമത്തിന്റെ കാക്കശ്യം കൂടാതെകഴിക്കാം.

മാത്തുമൂപ്പൻ: (അത്ഭുതത്തോടെ) മത്സ്യം വന്നു നികന്നതു് കൊക്കിന്റെ വായിലാ.

കമ്മചന്ദ്രൻ: ഒരു കൂരവക്കുവാൻ ഒരുസെൻറു ഭൂമിപോലും സ്വന്തമായില്ലാത്തവരല്ലേ നമ്മിലധികവും. കൃഷിചെയ്യാനാഗ്രഹമുണ്ടു്, ഭൂമിയില്ല: സ്വന്തമായി ഒരു വീടു വച്ചു പാക്കാൻ മോഹമുണ്ടു്, സ്ഥലമില്ല—വിട്ടുകൊടുക്കു അവക്കായി, നിങ്ങൾക്കത്യാവശ്യമെന്നു തോന്നുന്ന ഭൂമി എടുത്തുകൊണ്ടു് ബാക്കി മുഴുവനും. ജനങ്ങൾ നിങ്ങളുടെ ഔദാര്യത്തിൽ അഭിമാനം കൊള്ളും, നിങ്ങളെ വാഴ്ത്തും, നിങ്ങൾക്കു ദീർഘായുസ്സു നേരും.

(മാത്തുമൂപ്പൻ കൃഷ്ണജിയെ നോക്കുന്നു. കമ്മചന്ദ്രന്റെ പിന്നിൽനിന്നുകൊണ്ടു് അയാൾ ഒരു അരക്കിറുക്കനാണെന്നു് കൃഷ്ണജി ആംഗ്യം കാണിക്കുന്നു.)

മാത്തുമൂപ്പൻ: (ദീർഘമായി നിശ്വസിച്ചിട്ടു്) ഉവ്വോ! അങ്ങനെയാണോ—കഷ്ടം! കഷ്ടം! കണ്ടാൽ അതു തീരെ തോന്നില്യ. ഞങ്ങടെ നാട്ടിൽ കിറുക്കന്മാരു് ഒരു വികൃതമട്ടിലാ നടപ്പു്. ഉം, തലസ്ഥാനമല്യോ—പുതുമ കാണും.

കമ്മചന്ദ്രൻ: നന്മ ഉപദേശിച്ച ഞാൻ കിറുക്കനാണു്! നിങ്ങളും നിങ്ങളുടെ സന്താനങ്ങളും ഇത്ര പദവിയിൽ കഴിയുകയും, അനേകലക്ഷം ജനങ്ങൾ മിണ്ടാപ്രാണികളായി എന്നും അലയുകയും ചെയ്തുകൊള്ളും എന്നു

വിശ്വസിക്കുന്ന നിങ്ങളാണ് യഥാർത്ഥത്തിൽ കിറുക്കൻ. എന്റെ അഭിപ്രായം ശരിയാണെന്ന് നിങ്ങൾ ക്കൊരിക്കൽ മനസ്സിലാകും.

മാത്തുമൂപ്പൻ: ഒന്നു പോയിക്കിട്ട്യാ വേണ്ടില്യ. അല്ലാ, പോകാൻ ഭാവോല്ലെങ്കിൽ നോൻതന്നെ മാറിക്കൊള്ളാം—

കമ്മ്ചന്ദ്രൻ: വേണ്ടാ! ഞാൻ പൊയ്ക്കൊള്ളാം. (എഴുന്നേറ്റു പോകുന്നു.)

മാത്തുമൂപ്പൻ: ഹെടടാ! മുക്കുവനെ ഭൂതം പിടിച്ചപോലെ ആൻ്റു—അറുവഷളൻ—നാം ഭൂമി അന്വേഷിച്ചിറങ്ങിയിരിക്ണു, അയാൾ ഉള്ളത് അങ്ങ്ട് കൊടുക്കാൻ. കലികാലം! ഭവിഷ്യത്തിൽ പറഞ്ഞിട്ടുണ്ട്, രാജ്യം കുട്ടിച്ചോറാക്കാൻ ഇമ്മാതിരി ഈയാംപാററകൾ ഇറങ്ങുമെന്ന്. താൻ ആംഗ്യം കാട്ടീയില്ലെങ്കിൽ നോൻ അറിയില്യ—

കൃഷ്ണജി: അരപ്പിരിലൂസാ—അത്രേയുള്ളു.

മാത്തുമൂപ്പൻ: അല്ലല്ല, മുഴുവനും ലൂസാ—എന്നിട്ട് എന്താ പേരു്?

കൃഷ്ണജി: അയാളുടേതോ?

മാത്തുമൂപ്പൻ: അല്ല, തന്റെ.

കൃഷ്ണജി: കൃഷ്ണജി.

മാത്തുമൂപ്പൻ: ഭേഷ്! കൃഷ്ണജി—ഇകാരാന്തം സ്ത്രീലിംഗം. അപ്പോൾ കൃഷ്ണജീ! നോം ആരെയാ കാണുക?

കൃഷ്ണജി: ശ്രീ. പുന്നമൂട്ട്.

മാത്തുമൂപ്പൻ: മനുഷ്യനോ, മരത്തിന്റെ മൂടോ?

കൃഷ്ണജി: മനുഷ്യൻ.

മാത്തുമൂപ്പൻ: ഒരുത്തൻ കൃഷ്ണജി: മറ്റൊരുവൻ പുന്നമൂട്ട്—തലസ്ഥാനത്തെ പേരുകൾ നന്നാവ്ണുണ്ട്. എന്നിട്ടേ, ഈ പുന്നമൂട്ട നിനച്ചാൽ പാറുവോ?

കൃഷ്ണജി: (അതു ശ്രദ്ധിക്കാതെ ഒരു ഭാഗത്തേക്കു നോക്കി ക്കൊണ്ടു്) ആർഡർ ആയി മുതലാളി. അതെ അതെ. ഇന്നലെത്തന്നെ ആർഡർ ഇടീച്ചു. അദ്ദേഹം മന്ത്രിയെ ക്കണ്ടു പറഞ്ഞു. മന്ത്രി ഫയൽ വിളിച്ചു. നാം ആവ ശ്യപ്പെട്ടിരുന്നതുതന്നെ ആർഡർ. അല്ലേ, അദ്ദേഹം പറഞ്ഞാൽ ഏതു മന്ത്രിയാ കേൾക്കാത്തതു്.

മാതുമൂപ്പൻ: (ആ ഭാഗത്തേക്കു നോക്കിയിട്ടു്) ആരോടാ ഹേ ഈ പറയ്ണതു്? ആരാ ഈ അദ്ദേഹം?

കൃഷ്ണജി: അദ്ദേഹമെന്നു പറഞ്ഞതു് ശ്രീ. പുന്നമൂട്ടു്. ആ പോകുന്ന മുതലാളിക്കു് ഒരയ്യായിരം ടൺ മരിച്ചീനി മാവു് സിലോണിലേക്കയയ്ക്കാൻ പെർമിറ്റു വേണ്ടിയി രുന്നു. വിഷമം പിടിച്ച കാര്യം—സാധിച്ചുകൊടുത്തു.

മാതുമൂപ്പൻ: എക്സു് എം. എൽ. എ. ആണു്?

കൃഷ്ണജി: ഇപ്പോൾ എക്സു്. വീണ്ടും നില്ക്കാൻപോകുക യാണു്.

മാതുമൂപ്പൻ: അപ്പോൾ ആ നിയമങ്ങളൊന്നും വരാതെ നോക്കിക്കൊള്ളും. ആ ആയിരം ഏക്കറിന്റെ കാര്യം— എന്തു കൊടുക്കണം?

കൃഷ്ണജി: അദ്ദേഹം അങ്ങനെ കൈക്കൂലിയൊന്നും വാങ്ങുക യില്ല. വലിയ നിർബ്ബന്ധമാണു്. പിന്നെ കാറുകൂലി— അതിനു് ആയിരത്തഞ്ഞൂറു് രണ്ടായിരം ഒക്കെ കക്ഷി കളോടു വാങ്ങും.

മാതുമൂപ്പൻ: (ഞെട്ടിയിട്ടു്) രണ്ടായിരം രൂപാ കാറുകൂലി! എന്റെ വടക്കുംനാഥാ! ഞങ്ങടെ നാട്ടിൽ അതു കൊടു ത്താൽ ഒരു ബസ്സു വാങ്ങാം, ബസ്സു്. കൂലിക്കല്ല, വില യ്ക്കുതന്നെ—എന്നാലും കാര്യം സാധിച്ചാ കൊടുക്ക്ണ തിന് ഒരു വിരോധോല്യ. സാധിക്കണം. നമ്മുടെ നാ ട്ടിൽ പ്രമാണികൾ ഇല്ലാഞ്ഞല്യ, കേട്ടോടോ കാക്കാലാ!

തലസ്ഥാനമാകുമ്പം പ്രമാണികൾക്ക് മാററുകൂട്ടും എന്നു നെനച്ചിട്ടാ—(ഒരു ഭാഗത്തേക്കു നോക്കിയിട്ട്) ഹെടടാ! ആ കിറുക്കൻ പോയിട്ടില്ല്യ—

കൃഷ്ണജി: അയാൾ ഇനിയും വരും. ഭൂമി കൊട്ടക്കാനേ പറഞ്ഞുള്ളൂ. ഇനിയും ഭാര്യയെ ദേശസാല്ക്കരിക്കണമെന്നു പറയും.

മാതുമൂപ്പൻ: ഭാര്യയെ ദേശസാൽക്കരിക്യേ? അതെന്തു കരിക്യയാണു്? ഒന്നും സാധ്യല്ല. പൊയ്ക്കളയാം, ആ പുന്നമൂടിൻെറ വീട്ടിലേക്കുതന്നെ—(ധൃതിയിൽ മുറുക്കാൻ സാധനങ്ങളെല്ലാം പെറുക്കിക്കെട്ടുന്നു.)

(കർട്ടൻ)

## രംഗം നാല്

[ശ്രീവിലാസം ഭവനത്തിൻെറ മുൻവശത്തുള്ള ഹാൾ. ശങ്കരക്കുറുപ്പ് എവിടെയോ പോയി മടങ്ങിവരുന്ന ഭാവത്തിൽ പ്രവേശിക്കുന്നു. ചെരിപ്പ്, കുട മുതലായവ യഥാസ്ഥാനങ്ങളിൽ നിക്ഷേപിച്ചിട്ട് കസേരയിലിരുന്നു് വിശറിയെടുത്തു വീശുന്നു.]

ശങ്കരക്കുറുപ്പ്: ലതേ! ലതേ!

ലത: (*അകത്തുനിന്നു്*) എന്താ—വരുന്നച്ഛാ—

ശങ്കരക്കുറുപ്പ്: ആ കൃഷ്ണനോട്ട പറയാമായിരുന്നല്ലോ, ആ പശുക്കളെ വെയിലത്തുനിന്നും അഴിച്ചു മാററിക്കെട്ടാൻ. വെള്ളം കൊട്ടത്തോ എന്തോ, ദൈവത്തിനറിയാം.

(ലത ഒരു പാത്രത്തിൽ പാലുമായി പ്രവേശിക്കുന്നു.)

ലത: ഇതാ അച്ഛാ, കുറച്ചു പാൽ. അച്ഛൻ വല്ലാതെ വിയർത്തിരിക്കുന്നു, ഞാൻ കുറച്ചു വീശാം. (വിശറി

വാങ്ങി വീശുന്നു.)കുസുമ വന്നിട്ടപോയി—പാവം! വളരെ ബുദ്ധിമുട്ടുകയാണു്, ആ സേവാസദനം പൂർത്തിയാക്കാൻ. എൻെറ പഠിത്തം ലോകത്തിനു് പ്രയോജനപ്പെടത്തക്കവണ്ണം, ഞാൻ ആ സ്ഥാപനത്തിൽ ഒരദ്ധ്യാപികയായി ചെല്ലണമെന്നു് കുസുമ നിർബന്ധിക്കുന്നു.

ശങ്കരക്കുറുപ്പ്: ആ ശമ്പളം വേണ്ട.

ലത: ശമ്പളത്തിനല്ലച്ഛാ, ഫ്രീ ആയിട്ടു്.

ശങ്കരക്കുറുപ്പ്: (ചിരിച്ചുകൊണ്ടു്) ഞാൻ പോയ കാര്യത്തെപ്പററി ഒന്നും നിനക്കറിയേണ്ടേ?

ലത: വേണ്ടച്ഛാ! അച്ഛന്റെ മുഖത്തെ ചിരി കണ്ടപ്പോൾത്തന്നെ എല്ലാം അനുകൂലമെന്നു് എനിക്കു മനസ്സിലായി.

ശങ്കരക്കുറുപ്പ്: കൊച്ചൻെറ വീടെല്ലാം കണ്ടു. ബന്ധുക്കളെന്നു പറഞ്ഞവരെല്ലാം നല്ലകൂട്ടത്തിലായാണു് എനിക്കു തോന്നിയതു്. പിന്നെ, (മുഖം ചുളിച്ചിട്ടു്) ജാതി—ഞാൻ ഭയപ്പെട്ടതുപോലെതന്നെ.

ലത: എൻറച്ഛാ, ഇനിയും ഈ ജാതിനോക്കുന്നതു് കഷ്ടമല്ലെ. മനുഷ്യരെല്ലാംതന്നെ ഒരു സ്രഷ്ടാവിന്റെ സന്താനങ്ങൾ. ഒരു കൂട്ടുകുടുംബത്തിലെ അംഗങ്ങളെപ്പോലെ കഴിയേണ്ട അവസ്ഥയും വന്നു. മനുഷ്യനെ മനുഷ്യനിൽനിന്നും അകററിനിർത്തിയിരുന്ന കോട്ടകളെ ഇടിച്ചു വീഴ്ത്തിക്കൊണ്ടു് ഒരു കൊടുങ്കാററു വീശിയടിക്കയാണു്. ആ കൊടുങ്കാററിൻെറ മുമ്പിൽ വെറും നൂലുകൊണ്ടു ബന്ധിച്ച ഒരു യവനിക ആരു് എത്ര ശ്രമിച്ചാലും നില്ക്കുമൊ അച്ഛാ!

ശങ്കരക്കുറുപ്പ്: (ചിരിച്ചിട്ടു്) നില്ക്കുമെന്നോ നിർത്തണമെന്നോ കരുതിയല്ല മകളേ ഞാനതു സൂചിപ്പിച്ചതു്.

ലത: അച്ഛനു് അത്ര ഇഷ്ടമല്ലെന്നുള്ള—

ശങ്കരക്കുറുപ്പ്: അല്ലല്ല. നിൻെറ അമ്മാവന്മാർ—നീയും പിന്നീട്ട ദുഃഖിക്കാൻ ഇടവരരുത്. ജാതിയും മതവും എല്ലാം പോയിയെന്ന് ആരു് എത്രയെല്ലാം ഉച്ചത്തിൽ പറഞ്ഞാലും യഥാത്ഥത്തിൽ പൂണ്ണമായി പോയിട്ടില്ല മകളെ. അങ്ങിങ്ങായി ഓരോ വൃക്ഷത്തിൻെറ ഛായയിലും മന്ദിരത്തിൻെറ മറവിലും ഒക്കെ ഒളിച്ചു നില്പുണ്ട്. ചിലർ ആ നിഴലുകളിൽനിന്നു് ഓലിയിട്ടും, ചിരിക്കും. നീയതുകേട്ട് വിഷമിക്കരുത്.

ലത: ഇല്ലച്ഛാ, ഒരിക്കലും ഇല്ല.

ശങ്കരക്കുറുപ്പ്: ശരി, പിന്നെ സ്വത്ത്—അതും—

ലത: (ചിരിച്ചിട്ട്) പൂജ്യമാണു്, അല്ലെ അച്ഛാ! സ്വത്ത് എന്തിനാണു്, ഇനിയുള്ള കാലം തൊഴിൽചെയ്തു ജീവിക്കുന്നവനേ മാനമുള്ളു; സ്ഥാനമുള്ളു.

ശങ്കരക്കുറുപ്പ്: ശരി. എല്ലാം നിന്റെ ഇഷ്ടം. അപ്പോൾ അങ്ങനെതന്നെ നിശ്ചയിച്ചുകഴിഞ്ഞു; ആ സേതുമാധവൻ മതിയെന്നു്.

(ലത ലജ്ജയോടെ മിണ്ടാതെ നില്ക്കുന്നു. പുന്നമൂട്ടും കൂടെ പുഷ്കരൻകുട്ടിയും പ്രവേശിക്കുന്നു. പുഷ്കരൻകുട്ടി ലതയെ നോക്കി പുഞ്ചിരിതൂകുന്നു. അവൾ ഈർഷ്യയോടെന്നവണ്ണം അകത്തേക്കു പോകുന്നു.)

പുന്നമൂട്ട്: പോയതു്?

ശങ്കരക്കുറുപ്പ്: മകൾ.

പുന്നമൂട്ട്: തന്നല്ലോ—

ശങ്കരക്കുറുപ്പ്: ഇരിക്കാമല്ലോ.

പുന്നമൂട്ട്: ഇരിക്കാം. (രണ്ടാംമുണ്ടും വടിയും മേശപ്പുറത്തു വയ്ക്കുന്നു.)

ശങ്കരക്കുറുപ്പ്: പിന്നെ എന്തൊക്കെയാണു വിശേഷം? നിങ്ങളുടെ രാഷ്ട്രീയം ഒക്കെ എങ്ങനെയിരിക്കുന്നു? (വെറുപ്പോടെ) പിന്നെ—പലതും കേൾക്കുന്നുണ്ടല്ലോ.

പുന്നമൂട്ട്: (ഇരുന്നിട്ട്) എടാ, അതു് അതിനിടയിൽ നിങ്ങളുമൊക്കെ അറിഞ്ഞോ. അങ്ങനെ ഒരാലോചന. അട്ടത്ത അസംബ്ലിക്കു നിറുത്തി ജയിപ്പിക്കണമെന്നും, എന്നെക്കൂടി മന്ത്രിസഭയിലെടുത്തു് മന്ത്രിസഭ വികസിപ്പിക്കണമെന്നും, മററും. അങ്ങു് ഡൽഹിയിൽ നിന്നുള്ള നിർബ്ബന്ധമാണെന്നാ ഞാൻ കേട്ടതു്.

ശങ്കരക്കുറുപ്പ്: ഓഹോ അങ്ങനെയൊക്കെയും ആലോചനകളുണ്ടോ; അതൊന്നും ഞാൻ കേട്ടില്ല.

പുന്നമൂട്ട്: ഉണ്ടേ ഉണ്ടു്—പുഷ്കരൻകുട്ടിയെ അറിയുമല്ലോ.

ശങ്കരക്കുറുപ്പ്: മനസ്സിലായില്ല.

പുന്നമൂട്ട്: മനസ്സിലായില്ലേ? (പുഷ്കരൻകുട്ടിയോട്ട്) നീ ഇവിടൊക്കെ വരികേം ഈ അമ്മാവനെ കൂടെക്കൂടെ കാണുകേം ചെയ്യാത്തതെന്തു്? (കുറുപ്പിനോട്ട്) നമ്മുടെ മകൻ. മിടുമിടുക്കൻ. ഈ പ്രായത്തിൽ ഇത്ര സമർത്ഥനായ ഒരുവനെ കാണുകയില്ല.

ശങ്കരക്കുറുപ്പ്: നിങ്ങളുടെ ഭാഗ്യം.

പുന്നമൂട്ട്: എന്തു് നിങ്ങളുടേതായിപ്പോയതു്? നാടിന്റെ ഭാഗ്യം. നമ്മുടെ എല്ലാവരുടേയും ഭാഗ്യം. ഈ കാണുന്നതു കണക്കാക്കേണ്ട. രാഷ്ട്രീയമെല്ലാം വിരലിലാണിവനു്.

ശങ്കരക്കുറുപ്പ്: അതും നല്ലതുതന്നെ. ജനകീയഭരണം കൈവന്നിരിക്കുന്ന ഈ കാലത്തു് സാർവ്വലൗകികകാര്യങ്ങളെപ്പററി ചർച്ചചെയ്യുവാൻ പ്രാഗത്ഭ്യമുള്ള യുവാക്കന്മാർ നമുക്കു കൂടിയേ കഴിയൂ.

പുന്നമൂട്ട്: എന്നാൽ കേൾക്കണോ ഒരു കഥ. ഇവൻ സ്കൂൾഫൈനൽ ജയിച്ച ദിവസം: ഞാനും ഇവന്റെ തള്ളയുമായി ഒരു വലിയ തർക്കമുണ്ടായി. ഇവനെ

അഗ്രികൾച്ചറിനോ എഞ്ചിനീയറിംഗിനോ അയയ്ക്കണമെന്നു തള്ള. ബാങ്കിങ്ങിനോ, ബി. എല്ലിനോ അയയ്ക്കണമെന്നു ഞാൻ. ഞങ്ങൾ ഒട്ടുവിൽ ഒരു പണി ചെയ്തു. ശാസ്ത്രീയമായിത്തന്നെ തീരുമാനിക്കാൻ. ഇവന്റെ മേശപ്പുറത്ത് ഒരു നല്ല പഴുത്ത മാങ്ങയും നിവക്കാൻ കുറച്ചു പ്രയാസമുള്ള ഒരു പേനാക്കത്തിയും കൊണ്ടുവച്ചു. മാങ്ങാ കടിച്ചുതിന്നിട്ട് അണ്ടി കുഴിച്ചിട്ടാൽ കൃഷിപരീക്ഷയ്ക്ക്. പേനാക്കത്തി നിവത്തു മാങ്ങാ ചെത്തിത്തിന്നാൽ എഞ്ചിനീയറിംഗിനു്— എന്നവൾ. ഞാൻ ഒരു തടിയൻ ലാപ്പുസ്തകവും, പത്തുരൂപായുടെ ഒരു നോട്ട് ചേപ്പിൽ ഇട്ട് എന്റെ കോട്ടും ആ മേശപ്പുറത്തുവച്ചു. മാങ്ങാ തിന്നാതെ ലാപ്പുസ്തകം വായിക്കുന്നതിൽ താല്പര്യം കാണിച്ചാൽ ലാ പരീക്ഷയ്ക്കു്: നോട്ട് സൂക്ഷിക്കാനായി എന്നെ തിരിച്ചേല്പിച്ചാൽ ബാങ്കിങ്ങിനു്—അങ്ങനെ ഞാനും തീർച്ചപ്പെടുത്തി. ഇവൻ എന്തോ ചെയ്തെന്നാ വിചാരം?

ശങ്കരക്കുറുപ്പ്: എന്തോ ചെയ്തു?

പുന്നമൂട്ട്: ഇവൻ ലാപ്പുസ്തകത്തിന്റെ പുറത്തു കയറിയിരുന്നു്, പേനാക്കത്തി തല്ലിനൂത്തു് മാങ്ങാ ചെത്തിത്തിന്നു്, അണ്ടി ഒരേറും കൊടുത്തിട്ട്, കൈയും മുഖവും എന്റെ കോട്ടിൽ തുടച്ചുംവച്ചു്, അതിനകത്തുകിടന്ന പത്തുരൂപയുംകൊണ്ടു്, മിണ്ടാതെ പറയാതെ ഒരു ഗമിക്കൽ. അന്നു ഞങ്ങൾ നിശ്ചയിച്ചതാ ഇവൻ ഒരു വലിയ രാഷ്ട്രീയപ്രമാണിയാകുമെന്നു്.

ശങ്കരക്കുറുപ്പ്: (ചിരിച്ചിട്ട്) നിങ്ങളുടെ കാലശേഷം പാരമ്പര്യം നിലനിത്തുവാൻ ഒരാളു വേണമല്ലോ.

പുന്നമൂട്ട്: നിശ്ചയമായും—പിന്നെ ശങ്കരക്കുറുപ്പേ!

[stamp]

ഞങ്ങൾ വന്നകാര്യം പറഞ്ഞില്ലല്ലോ. പോകാൻ വൈകി. നമ്മളു തമ്മിൽ ഒരു ബന്ധം വേണമെന്നു നിശ്ചയിച്ചു. ലതക്കുട്ടിയുടെ ഭാഗ്യം കൊണ്ടു് ഇവനങ്ങനെ തോന്നി.

ശങ്കരക്കുറുപ്പ്: മനസ്സിലായില്ല.

പുന്നമൂട്ട്: എന്തോന്നു മനസ്സിലാകാനിരിക്കുന്നു! ഒരു ചെറിയ വികസനപദ്ധതി. എൻെറ മകനെക്കൊണ്ടു് നിങ്ങളുടെ മകളെ വിവാഹം ചെയ്യിച്ചുകളയാമെന്നു നിശ്ചയിച്ചു. അവനു വലിയ വലിയ ആലോചനകൾ ഒക്കെ വന്നതാണു്. എങ്കിലും ഇതു മതിയെന്നു് ഒരേ പിടി.

ശങ്കരക്കുറുപ്പ്: ലതയുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞതല്ലോ.

പുന്നമൂട്ട്: നിശ്ചയമല്ലേ കഴിഞ്ഞൊള്ളു. കാൻസൽ ചെയ്തേക്കണം.

ശങ്കരക്കുറുപ്പ്: വാക്കുമാറുക വിഷമം.

പുന്നമൂട്ട്: എടോ മനുഷ്യാ, വാക്കല്ലാതെ പിന്നെന്തോന്നു മാറാൻ ഒക്കും. പെമ്പ്രന്നോരെ മാറാൻ ഒക്കുകില്ല. പിള്ളേരെ മാറാൻ ഒക്കുകില്ല. പേരും ഊരും മാറാൻ ഒക്കുകില്ല. നഷ്ടം കൂടാതെ മാറാൻ ഒക്കുന്നതു് ഒന്നുമാത്രം; വാക്കു്. ചുമ്മാ മാറിക്കള.

ശങ്കരക്കുറുപ്പ്: ഹെയ്! അതൊന്നും സാദ്ധ്യമല്ല. അതുമല്ല, അതു് അവളുടെ നിശ്ചയമാണു്.

പുഷ്കരൻകുട്ടി: എൻെറ നിശ്ചയം അപ്പോൾ—? ഇതെൻെറ മൗലികാവകാശമാണു്.

ശങ്കരക്കുറുപ്പ്: എന്തോന്നാ ചേട്ടാ ഇയാൾ പറയുന്നതു്?

പുഷ്കരൻകുട്ടി: ഇൻഡ്യൻഭരണഘടന അനുസരിച്ചു് എനിക്കാരെയും വിവാഹം ചെയ്യാം.

ശങ്കരക്കുറുപ്പ്: ചെയ്തോളൂ. ആരു പറഞ്ഞു വേണ്ടെന്ന്.
പുഷ്കരൻകുട്ടി: 226-ാം വകുപ്പിൽ പറയുന്നുണ്ട്. അതു കൊണ്ട് ലതയെ ഞാൻ വിവാഹം ചെയ്യും.
ശങ്കരക്കുറുപ്പ്: എടാ കൊച്ചനെ! അതിന് അവളുടെ സമ്മതം വേണ്ടേ?
പുഷ്കരൻകുട്ടി: അതൊന്നും എനിക്കറിഞ്ഞിട്ടു കാര്യമില്ല.
പുന്നമൂട്ട്: (പൊട്ടിച്ചിരിച്ചിട്ട്) അവനോടു തക്കിക്കാൻ ചെല്ലേണ്ട കുറുപ്പേ. ഭരണഘടന അവനു മനപ്പാഠ മാണ്. ഇനിയും സംശയമുണ്ടോ ഇവൻെറ ബുദ്ധി സാമർത്ഥ്യത്തിൽ?
ശങ്കരക്കുറുപ്പ്: തീരെയില്ല. വല്ല സംശയവും ഉണ്ടായിരു ന്നെങ്കിൽത്തന്നെ അതിപ്പോൾ നീങ്ങി.
പുന്നമൂട്ട്: അതുകൊണ്ട് അങ്ങനെതന്നെയെന്നങ്ങു നിശ്ച യിക്കൂ.
ശങ്കരക്കുറുപ്പ്: അതു സാദ്ധ്യമല്ല.
പുന്നമൂട്ട്: ആരോടാണ് ഈ നിഷേധം പറയുന്നതെന്നു നിങ്ങൾ ഓക്കുന്നില്ല. ഭരണകക്ഷിയും ഞാനുമായുള്ള ബന്ധം—
ശങ്കരക്കുറുപ്പ്: നല്ലവണ്ണം ഓർമ്മയുണ്ടു ഹേ. അയ്യോടാ! ഇതു കൊള്ളാമല്ലോ. എൻെറ മകളുടെ വിവാഹം ഭരണകക്ഷിയാണപോലും നിശ്ചയിക്കേണ്ടതു്! അങ്ങ നെ ഒരു ബില്ലു പാസ്സാകട്ടെ. അപ്പോൾ ഞാൻ അതി നെപ്പററി ആലോചിക്കാം.
പുഷ്കരൻകുട്ടി: ഭരണഘടന വിവക്ഷിക്കുന്ന എൻെറ മൗലികാവകാശത്തിൻെറ തലയ്ക്കുതന്നെ നിങ്ങൾ അടി ക്കുന്നു.
ശങ്കരക്കുറുപ്പ്: ഇതുവരെ അടിച്ചിട്ടില്ല. അടിപ്പിച്ചേ താനും തൻെറ തന്തയും പോകയുള്ളു എന്നു തോന്നുന്നു.

പുന്നമൂട്ട്: നിങ്ങൾക്കു ഞങ്ങൾ നോട്ടീസ്സുതരുന്നു. ഏഴു ദിവസത്തിനകം അനുകൂലമായ ഒരു മറുപടി ഞങ്ങളെ അറിയിക്കാത്തപക്ഷം എൻെറ മകൻ ഇവിടെ മൗന നിരാഹാരസത്യഗ്രഹം തുടങ്ങുന്നതായിരിക്കും. സന്ധി യില്ലാത്ത സമരം. സാദ്ധ്യമല്ലാതെവരും, നിങ്ങൾക്കു പുറത്തേക്കിറങ്ങാൻ. പുഷ്കരൻകുട്ടിയെ നിങ്ങൾക്കറി ഞ്ഞുകൂടാ—

ശങ്കരക്കുറുപ്പ്: എൻെറ മകളെ അവൾക്കിഷ്ടപ്പെട്ട ഒരു കൊച്ചനു വിവാഹം ചെയ്തുകൊടുക്കുന്നതിനു് എൻെറ പടിക്കൽ സത്യഗ്രഹമോ?

പുഷ്കരൻകുട്ടി: സത്യഗ്രഹം മനുഷ്യൻെറ മൗലികാവകാ ശമാണു്.

പുന്നമൂട്ട്: അതെ, പുഷ്കരൻകുട്ടി പറയുന്നതു ശരിയാണു്. ഒരു പെണ്ണിനെ സ്നേഹിക്കാനും അവളെ വിവാഹം ചെയ്യാനും അവനുള്ള അവകാശം ആക്കും നിഷേധി ക്കാവുന്ന ഒന്നല്ല. ലോകം എത്രമാത്രം പുരോഗമിച്ചി രിക്കുന്നു എന്നു് കൂപമണ്ഡൂകമായ താൻ അറിയുന്നില്ല. പത്തൊൻപതാംനൂററാണ്ടിലെ സാമ്രാജ്യദുഷ്പ്രഭുത്വം ഇപ്പോഴും നിലവിലുണ്ടെന്നു കരുതുന്നു നിങ്ങൾ.

പുഷ്കരൻകുട്ടി: ഭരണഘടനയെപ്പററിയോ മൗലികാവകാ ശത്തെപ്പററിയോ നിങ്ങൾക്കൊന്നും അറിഞ്ഞുകൂടാ.

(ലത ഒരു ട്രേയിൽ മൂന്നു കപ്പു ചായ കൊണ്ടുവന്നു മേശപ്പുറത്തു വച്ചിട്ടു്, പിതാവിൻെറ മുഖത്തുനോക്കി നില്ക്കുന്നു.)

പുന്നമൂട്ട്: ലതതന്നെ വന്നല്ലൊ. എടീ കൊച്ചേ! നീ ഇൻഡ്യൻഭരണഘടന വായിച്ചിട്ടുണ്ടോ?

ലത: ഉണ്ടു്.

പുഷ്കരൻകുട്ടി: അതിലെ 226-ാം വകുപ്പു വായിച്ചിട്ടു ണ്ടോ? മൗലികാവകാശത്തെപ്പററി പറയുന്ന ഭാഗം?

പുന്നമൂട്ട്: ചോദിക്കണ്ടതനെ.

ശങ്കരക്കുറുപ്പ്: നിങ്ങൾ ചായ കുടിച്ചിട്ട ലോഹ്യമായി പിരിഞ്ഞുപോകിൻ.

പുഷ്കരൻകുട്ടി: ഫണ്ടമെൻറൽറൈറ്റ്സിൽ എന്തെല്ലാം ഉൾപ്പെട്ടും?

ശങ്കരക്കുറുപ്പ്: എടാ! പള്ളിക്കൂടംവാദ്ധ്യാരുടെ ചോദ്യമാണല്ലൊ.

പുഷ്കരൻകുട്ടി: ഒരു പൗരൻ ചോദിക്കുന്നു, പൗരിയോട്, ആ റൈറ്റ്സിൽ വിവാഹക്കാര്യവും ഉൾപ്പെട്ടുന്നില്ലേ എന്നു്.

ശങ്കരക്കുറുപ്പ്: (അക്ഷമനായി) എടാ കൊച്ചനെ! എനിക്ക് ഒരു നൂറുകൂട്ടം ജോലിയുണ്ട്. (തന്നത്താൻ എന്ന വണ്ണം) ഹ്ഹം! ഇന്നാരെയാണു കണികണ്ടതു്.

ലത: അച്ഛാ! കുറെ ആളുകൾ ഒന്നും മനസ്സിലാക്കാതെ, എല്ലാത്തിനും ഫണ്ടമെൻറൽ റൈറ്റ്സ് എന്നു് അർത്ഥശൂന്യമായി വാദിക്കുന്നതു കേൾക്കുമ്പോൾ, എനിക്കു തോന്നിപ്പോകുന്നു, ഫണ്ടമെൻറൽ ഡ്യൂട്ടീസ്—മൗലിക കർമ്മങ്ങൾ—ആയിരുന്നു ഭരണഘടനയിൽ വ്യവസ്ഥ ചെയ്യേണ്ടിയിരുന്നതെന്നു്.

പുഷ്കരൻകുട്ടി; ഹൊ! ഒരു വിദുഷി! മൗലികാവകാശം—

ശങ്കരക്കുറുപ്പ്: എൻെറ ക്ഷമ പരീക്ഷിക്കുകയാണു നീ.

ലത: മൗലികാവകാശം ഒരാളിനു മാത്രമുള്ളതല്ല.

പുഷ്കരൻകുട്ടി: അതെ. എല്ലാവർക്കുമുള്ളതാണ്. എൻെറ വിവാഹത്തിനു് എനിക്കുള്ള മൗലികാവകാശം നിഷേധിക്കുകയാണെങ്കിൽ, എന്തിനു് ഈ ഭരണഘടന എന്നു് ഞാൻ ചോദിക്കുന്നു.

പുന്നമൂട്ട്: അങ്ങനെ ചോദിച്ചിട്ടുകൊട്ട്.

ശങ്കരക്കുറുപ്പു്: (ചാടി എഴുന്നേററിട്ടു്) ഛേ! ഇറങ്ങിനെടാ പട്ടികളെ! നിങ്ങളുടെ മൗലികാവകാശം! കൊള്ളാവുന്ന പെൺപിള്ളേരുടെ വീട്ടിൽ കയറി എല്ലാ അവനുംകൂടി മൗലികാവകാശം വാദിച്ചാൽ—എടെടീ കൊച്ചേ എൻെറ ആ വടിയിങ്ങോട്ടു്—ഇവന്മാരുടെ മൗലി ആദ്യം തകർക്കണം. (അകത്തേക്കു കയറുന്നു.)

പുന്നമൂട്ടു്: ഈ ധിക്കാരത്തിനു പകരംവീട്ടാതെ പുന്നമൂട്ടു് അടങ്ങുകയില്ല. അതിനുള്ള പദ്ധതികൾ ഞാൻ ആവിഷ്കരിക്കും.

പുഷ്കരൻകുട്ടി: ഭരണഘടനയിലുള്ള മൗലികാവകാശമാണു്—

(ശങ്കരക്കുറുപ്പു് വടിയുമായി തിരിച്ചുവരുന്നു. പുന്നമൂട്ടു് വടിയും രണ്ടാംമുണ്ടും ധിറുതിയിൽ എടുത്തിട്ടു് മകനേയും പിടിച്ചുകൊണ്ടു വേഗം നടക്കുന്നു. ശങ്കരക്കുറുപ്പു് പുറകെ എത്തുന്നു.)

ലത: (ചിരിച്ചിട്ടു്) പൊയ്ക്കോട്ടച്ഛാ പാവങ്ങൾ! അച്ഛനിങ്ങു പോരണം—

(കർട്ടൻ)

# രംഗം അഞ്ചു്

[ഒരു പഴയ വീടിൻെറ മുൻവശം. ഓലകെട്ടാതെ നനഞ്ഞൊലിച്ചുകിടക്കുന്ന ഒരവസ്ഥ. ഒരുകാലത്തു് മാന്യതയും പ്രൌഢതയും ചേർന്ന ഒരു ഭവനമായിരുന്നു അതു് എന്നുള്ളതിൻെറ സൂചനകൾ ഉണ്ടു്. കുരുടനും കൂട്ടുകാരനും പ്രവേശിക്കുന്നു.]

ഭിക്ഷക്കാരൻ: വല്ലതും തരണെ. കണ്ണുകാണാത്ത കുരുടൻ.

(അകത്തുനിന്നും ഇരുപത്തഞ്ചോളം വയസ്സായ ഒരു യുവതി—പങ്കജം—ഇറങ്ങിവരുന്നു. മുഷിഞ്ഞതും ഒട്ടൊട്ടു കീറിയതുമായ വസ്ത്രം. പട്ടിണിയുടെ ഭാവമുണ്ടു്, മുഖത്തു്. ഇടത്തുകൈയിൽ, വസ്ത്രത്തിൽ പൊതിഞ്ഞു് ഏതോ ഒരു സാധനം പിടിച്ചിട്ടുണ്ടു്. വലത്തുകൈ

യിൽ രണ്ടു മരച്ചീനിയും. മരച്ചീനി കുരുടന്റെ ഭിക്ഷാപാത്രത്തിൽ കൊണ്ടിടുന്നു.)

ഒരുപിടി അരി തരണേ അമ്മച്ചീ.

പങ്കജം: അരി ഒട്ടുമില്ല. ഇതു മാത്രമെ ഉള്ളിവിടെ. ഒരണയ്ക്കു് നാലു കിഴങ്ങു കിട്ടി. അതിൽ രണ്ടെണ്ണം നിങ്ങൾക്കു തരികയാണു്. കാഴ്ചയ്ക്കു കണ്ണും കേൾക്കുവാൻ ചെവിയും ജോലിചെയ്യുവാൻ ആരോഗ്യവുമുണ്ടായിട്ട് ജീവിക്കുവാൻ കഴിയുന്നില്ല. അപ്പോൾ നിങ്ങളുടെ അവസ്ഥയോ.

കുരുടൻ: ഞങ്ങളും ജീവിക്കുന്നു. മനുഷ്യനു് മനുഷ്യരോടു് സ്നേഹമില്ലാത്ത കാലം. കണ്ണുള്ളവൻ കണ്ണില്ലാത്തവന്റെ കഷ്ടത അറിയത്തില്ലമ്മച്ചീ.

പങ്കജം: നിങ്ങൾ നില്ക്കാമെങ്കിൽ ആ മരച്ചീനി ഞാൻ ചുട്ടുതരാം.

ഭിക്ഷക്കാരൻ: വേണ്ടമ്മച്ചീ.

പങ്കജം: നിങ്ങൾ രാത്രി എവിടെ കഴിക്കും?

ഭിക്ഷക്കാരൻ: വല്ല കടത്തിണ്ണയിലും.

പങ്കജം: മഴ വന്നാൽ—?

ഭിക്ഷക്കാരൻ: നനയും. വെറുതെ കിടക്കുന്ന പടിപ്പുരയിൽപ്പോലും ഞങ്ങളെ കേറിക്കിടക്കാൻ സമ്മതിക്കയില്ല.

കുരുടൻ: ഇതിനൊക്കെ ഒരറുതി വരുമോ അമ്മച്ചീ?

പങ്കജം: ഈശ്വരനുതന്നെ അറിയാം. എത്ര മഹാത്മാക്കൾ അവതരിച്ചു; സാഹോദര്യം ഉപദേശിക്കുവാൻ, കാരുണ്യം പ്രചരിപ്പിക്കുവാൻ, ആർത്തന്മാരേയും അവശന്മാരേയും ശുശ്രൂഷിക്കു എന്നു പറയാൻ. എന്നിട്ട് എന്തു പ്രയോജനം? ഓരോ ചെറിയ കാററുകൾ: ചെറിയ ചെറിയ ചലനങ്ങൾ: കുറച്ചു കഴിയുമ്പോൾ നില

ജ്ഞകയായി ആ ചലനങ്ങൾ—അയ്യോ! കഷ്ടം. സ്വതേ ദുഃഖിക്കുന്ന നിങ്ങളെ കൂടുതൽ ഞാൻ ദുഃഖിപ്പിക്കുകയാണ് ഇതെല്ലാം പറഞ്ഞ്—രാത്രിയിൽ ഇവിടെ വന്നു കിടന്നുകൊള്ളൂ. സ്ഥലമുണ്ട്. ഞാനും അമ്മയും രണ്ടു് ഇളയ കുട്ടികളും മാത്രമെ ഉള്ളിവിടെ.

കുരുടൻ: (ഗദ്ഗദസ്വരത്തിൽ) അമ്മച്ചീ! അമ്മച്ചിയെ ഒരുനോക്കു കാണുവാൻ എനിക്കു കണ്ണില്ല. എങ്കിലും പറേവാ: അമ്മച്ചിയെപ്പോലെ ചില നല്ല മാള്ളോരു് ഉള്ളതുകൊണ്ടാ, വെള്ളം തോരാണ്ടും, കാററടിച്ചോണ്ടും, തീ കെടാണ്ടും ഇരിക്കുന്നതു്. പാവങ്ങളുടെ കഷ്ടത അറിയുന്ന ആളുകൾ.

ഭിക്ഷക്കാരൻ: ഞങ്ങൾ പോട്ടമ്മച്ചീ. അമ്മച്ചിയെ ദൈവം രക്ഷിക്കും. (നടന്നുമറയുന്നു.)

പങ്കജം: (അവരെ നോക്കിക്കൊണ്ടു്) ദൈവം രക്ഷിക്കും! ദൈവം രക്ഷിക്കും! ഹും! ആ ആശയാണ് അശരണരായ അവരെയും പുലർത്തുന്നതു്. രക്ഷിച്ചാലും ഇല്ലെങ്കിലും ദൈവമാണ് ആശ.

(മറുഭാഗത്തുനിന്നും കുസുമ പ്രവേശിക്കുന്നു. പങ്കജം വിഷമിക്കുന്നു. അവൾ താൻ വഹിച്ചിരുന്ന ആ സാധനം ഒളിക്കുവാൻ ശ്രമിക്കുന്നു. കുസുമ അതു കാണുന്നു.)

കുസുമ: എന്താ പങ്കജം അതു്? എന്തിനാണതു് എന്നിൽ നിന്നും ഒളിക്കുന്നതു്?

(പങ്കജം മിണ്ടുന്നില്ല.)

പറയൂ, എന്തിനാണു മടിക്കുന്നതു്. എന്നെ വിശ്വാസമില്ലേ?

(പങ്കജം പിന്നെയും മിണ്ടാതെ നിൽക്കുന്നു. കുസുമ അവളുടെ കൈയിൽനിന്നും പൊതി വാങ്ങി അഴിച്ചുനോക്കുന്നു. മൂന്നു വലിയ പുസ്തകങ്ങൾ.)

ഇതു ഷേക്സ്പീയറുടെ കൃതികൾ, ഇതു ഷെല്ലിയുടേതു്,

ഇതു മിൽട്ടൺ—ഇതെല്ലാം എവിടെ കൊണ്ടുപോകുകയാണു്?

(പങ്കജത്തിന്റെ കണ്ണുകളിൽനിന്നും കണ്ണുനീർ ഉരുണ്ടുരുണ്ടു വീഴുന്നു. അതു കണ്ടു കുസുമയുടെ കണ്ണുകളും നിറയുന്നു.)

പറയൂ! എവിടെ കൊണ്ടുപോകുകയാണു്?

പങ്കജം: ഒരു കൂട്ടുകാരത്തിക്കു വായിക്കാൻ കൊടുക്കാൻ.

കുസുമ: അല്ല, ആയിരുന്നെങ്കിൽ ഈ മുണ്ടിൽ പൊതിയേണ്ട ആവശ്യമില്ല. സത്യം പറയൂ.

പങ്കജം: കടയിൽ കൊടുക്കാൻ.

കുസുമ: എന്തിനു്?

പങ്കജം: അവർക്കു സാമാനം പൊതിഞ്ഞു വില്ക്കാൻ.

കുസുമ: (അല്പനേരം മിണ്ടാതെ നിന്നിട്ട് പുസ്തകങ്ങൾ മറിച്ചുനോക്കുന്നു.) ഇതെല്ലാം പങ്കജത്തിനു് കോളേജിൽനിന്നും സമ്മാനം കിട്ടിയതാണല്ലോ. സൂക്ഷിച്ചു വച്ചേക്കണ്ടതല്ലേ?

പങ്കജം: എന്തിനു്, എന്നെ ചുടാനോ. (പൊട്ടിക്കരഞ്ഞുകൊണ്ടു്) അങ്ങനെയൊന്നും ചോദിക്കാതിരിക്കണം കുസുമേ. ഓരോ ചോദ്യവും നെഞ്ചിൽ ഓരോ കട്ടത്തമുറിവേല്പിക്കുകയാണു്. ആരും അറിയാതെ, ആരെയും അറിയിക്കാതെ മരിച്ചുകൊള്ളാം. പക്ഷേ, ആ മരണം ഇങ്ങനെയുള്ള മുറിവേററിട്ടുകൂടി വേണോ.

കുസുമ: ക്ഷമിക്കു പങ്കജം. എന്റെ ചോദ്യം നിന്നെ വേദനിപ്പിക്കുമെന്നു ഞാൻ കരുതിയില്ല. ലോകത്തിൽ ഒരു ജീവിയേയും വേദനിപ്പിക്കരുതെന്നാണു് എന്റെ ആഗ്രഹം. പിന്നെയാണോ നിന്നെ! അമ്മയുടെ അസുഖം എങ്ങനെയിരിക്കുന്നു?

പങ്കജം: കുറവില്ല. ഒരു നാട്ടുവൈദ്യൻ കുറിച്ചുതന്ന കഷായം കുറെ ദിവസമായി വച്ചുകൊടുക്കുന്നു.

കുസുമ: ഡാക്ടറെ കാണിക്കാത്തതെന്ത്?

പങ്കജം: പണമില്ലാത്തതുകൊണ്ടുതന്നെ. കഷായത്തിനുള്ള പച്ചമരുന്നു വാങ്ങാൻതന്നെ മാർഗ്ഗമില്ല. ഞാൻ എന്തിനൊളിക്കുന്നു, കിണ്ണനും കിണ്ടിയും എല്ലാം വിററു കഴിഞ്ഞു. ഈ പുസ്തകങ്ങൾ വിററാൽ അഞ്ചെട്ടണ കിട്ടുമെങ്കിൽ, പച്ചമരുന്നും കുറെ പൊടിയരിയും വാങ്ങാമെന്നു കരുതി. (വീണ്ടും വിമ്മിക്കരയുന്നു.)

കുസുമ: (വീണ്ടും എവിടെയോ നോക്കി സ്തംഭംകണക്കെ അല്പനേരം നിന്നിട്ട്) കരയാതിരിക്കു പങ്കജം.

പങ്കജം: അതുമാത്രം പറയാതിരിക്കു. കണ്ണുനീർ ഒന്നുമാത്രമെ എനിക്കു സ്വന്തമായുള്ളു. ആ കണ്ണുനീർകൊണ്ട് വരണ്ട ഈ ഭൂമിക്ക് ഒരു കുളുർമ കിട്ടുമെങ്കിൽ, കിട്ടിക്കൊള്ളട്ടെ കുസുമേ! ഭാഗ്യവതിയായ നിനക്കറിഞ്ഞുകൂടാ എന്നെപ്പോലെ എത്രയെത്ര ഭാഗ്യദോഷികളാണ്, ദിവസവും ഇങ്ങനെ കണ്ണുനീർ പൊഴിക്കുന്നത്. ഈശ്വരൻ മനുഷ്യജീവിക്കു നൽകിയിട്ടുള്ള ഏററവും വലിയ ധനമാണു കുസുമേ കണ്ണുനീർ. തീരാത്ത ധനം. എന്തൊരാശ്വാസമാണ് കുറെ കരഞ്ഞുകഴിയുമ്പോൾ. എത്രയെത്ര ഹൃദയങ്ങളാണ് തവിടുപൊടിയാകാതെ, കണ്ണുനീർ കാക്കുന്നത്.

കുസുമ: പങ്കജം ജോലിക്കൊന്നും അപേക്ഷിച്ചില്ലേ?

പങ്കജം: എത്രയോ തവണ.

കുസുമ: എന്നിട്ട്?

പങ്കജം: എന്നോടൊപ്പം അയച്ചവക്കും അതിൽപ്പിന്നയച്ചവക്കും കിട്ടി. എൻെറ ജാതിയിൽപ്പെട്ടവക്കു ജോലി കൂട്ടതല്ലുള്ളതുകൊണ്ട്, എനിക്കില്ലപോലും.

കുസുമ: നല്ല തത്വം—എവിടെയെങ്കിലും കുട്ടികൾക്കു ട്യൂഷൻ?

പങ്കജം: സ്ത്രീത്വം—യൗവനം—അതിനും സൗകര്യം നല്ല ന്നില്ല. സ്ത്രീ ശപിക്കപ്പെട്ടവളാണു കുസുമേ. ഒരു യുവതിയെ വേലക്കാരിയായിട്ടായാലും അദ്ധ്യാപികയായിട്ടായാലും വീട്ടിൽ കയററാൻ കൊച്ചമ്മമാർ ഭയപ്പെടുന്നു, മടിക്കുന്നു—അവരുടെ പുരുഷന്മാരുടെ ചാപല്യം ഭയന്നു്. എന്നെപ്പോലെയുള്ളവർ എന്തുചെയ്യും—ഞാൻ രണ്ടു വീട്ടിൽ ട്യൂഷനു പോയി. ആദ്യത്തെ വീട്ടിൽ പെൻഷൻ പററാറായ മനുഷ്യനാണു്. അയാൾ എന്നോടു് കാരുണ്യത്തോടെ വീട്ടുകാര്യം ചോദിച്ചു. അതു കണ്ടുകൊണ്ടുവന്ന കൊച്ചമ്മ എനിക്കു വീട്ടുവിലക്കി. രണ്ടാമത്തെ വീട്ടിൽ ഞാൻ പഠിപ്പിച്ച കുട്ടിയുടെ സഹോദരൻ—ഒരു തെമ്മാടി—ദിവസവും എത്തും ശല്യത്തിനു്. കിട്ടിയ ജോലി കളയരുതല്ലോ എന്നുള്ള വിചാരം. വളരെ ക്ഷമിച്ചു, സഹിച്ചു. ഒടുവിൽ ഒരുദിവസം ഒരു പുസ്തകത്തിൽ ഒരെഴുത്തു വച്ചു നീട്ടി. സഹിക്കാതെ ഞാൻ എന്തൊക്കെയോ പറഞ്ഞുപോയി. അതും നിന്നു. വേല ചെയ്യാം കുസുമെ. പക്ഷേ, വേല കിട്ടണ്ടെ. ജീവിക്കുവാനുള്ള കൂലി മതി. അതു തരാൻ ആരെങ്കിലും വേണ്ടേ. അമ്മ പെററു, വളത്തി, പഠിപ്പിച്ചു. രോഗശയ്യയിൽ കിടക്കുന്ന വയസ്സായ അമ്മയെ സംരക്ഷിക്കേണ്ട ഭാരം എനിക്കായി. ഞാൻ എങ്ങനെ സംരക്ഷിക്കും?

കുസുമ: ഏതായാലും വിഷമിക്കാതിരിക്കു. പല കുടിൽ വ്യവസായങ്ങളും പ്രോത്സാഹിപ്പിച്ചു്, തൊഴിൽ ഇല്ലാത്തവക്കു തൊഴിൽ നല്കാൻ ഗവമ്മെൻറിനു പദ്ധതികളുണ്ടു്.

പങ്കജം: വെറുതെ ഓരോന്നു പറയാതിരിക്കു കുസുമെ, അതെല്ലാം ചിലരെ കൊഴുപ്പിക്കാൻ മാത്രം. ആ പദ്ധ

തികളൊന്നും ആവശ്യമുള്ളവരുടെ അടുത്ത് എത്തിച്ചേരുകയില്ല. വലിയവക്കു ജീവിക്കുവാൻ വേണ്ടത്ര ധനമുണ്ട്. എളിയവക്കും ജീവിക്കുവാൻ വിഷമമില്ല. ഇടയിൽ കിടക്കുന്ന ഒരു വഗ്ഗം! കുടുംബത്തിന്റെ അഭിമാനം നിലനിത്തണം: എളിയ പണിക്കു പോകാമെന്നുവച്ചാൽത്തന്നെ, പരിശീലനമില്ല, ആരോഗ്യമില്ല. വിദ്യാഭ്യാസമുണ്ട്; പക്ഷേ, ഷേക്സ്പിയറും കാളിദാസനും ആരും സഹായിക്കുവാൻ എത്തുന്നില്ല; വെറുതെ ഉരുവിട്ടു പഠിച്ചു. ചിലർ പറയാറുണ്ട്, നൂൽനൂല്പ്, പാനെയ്ത്ത് എന്നെല്ലാം. നൂൽ നൂത്തുനോക്കി; നൂത്ത നൂൽ വാങ്ങാൻ ആളില്ല. പാനെയ്തുനോക്കി. ദിവസം നാലണ കിട്ടിയാൽ മതിയായിരുന്നു. നെയ്യാൻ നാലു മണിക്കൂറ്, വില്ക്കാൻ എട്ടു മണിക്കൂറ്. ഒടുവിൽ കിട്ടുന്ന വിലയ്ക്കു വില്ക്കണം. കണ്ണുനീർ മാത്രം ബാക്കി കാണും.

കുസുമ: പങ്കജം, ഈ അവസ്ഥയ്ക്ക് ഒരു പോംവഴി ഉണ്ടാക്കുവാനുള്ള ശ്രമമാണ് എൻേറതു്—ഒരു സേവാസദനത്തിനുള്ള ആരംഭം. എന്തൊക്കെയോ ആഗ്രഹിക്കുന്നു. അവിടെ ഒരു പരിശീലനകേന്ദ്രം. ആ കേന്ദ്രത്തിൽ അനേകം തൊഴിലുകൾ സൗജന്യമായി പരിശീലിപ്പിക്കുക. നെയ്ത്ത്, തയ്യൽ, ചായം പിടിപ്പിക്കൽ, കളിസാധനനിമ്മാണം, ചെറിയ ചെറിയ യന്ത്രസാമഗ്രികൾ ഉണ്ടാക്കുക, സോപ്പുനിമ്മാണം, പഴവഗ്ഗങ്ങളുടെ വിനിയോഗം മുതലായവ. പരിശീലനം ലഭിച്ച സ്ത്രീകൾ, സഹകരണാടിസ്ഥാനത്തിൽ സംഘടിച്ച്, ആ തൊഴിലുകളിൽ പ്രവത്തിക്കുക. മൂലധനം വായ്പയായി നൽകും. ഒരു സഹകരണഗ്രാമം. ഓരോ വീട്ടിലും ആവശ്യമുള്ളത്ര അസംസ്കൃതസാധനങ്ങൾ

എത്തിക്കുക, ഉൽപാദിപ്പിച്ച സാധനങ്ങൾ സംഭരിക്കുക, വിദൂരവിപണികളിൽ വില്ക്കുക, ആദായം വീതിക്കുക—അങ്ങനെ. രുചി ആസ്വദമാക്കിയുള്ള തൊഴിൽ. വിജയിക്കുമോ എന്തോ...

പങ്കജം: എനിക്കു വലിയ വിശ്വാസമില്ല. കുസുമയുടെ കഴിവിനെ വിസ്മരിച്ചുപറയുന്നതല്ല. അത്ര അധികം ഉണ്ട്, നിരാശയുടെ നീർച്ചുഴിയിൽ കിടന്നു കറങ്ങുന്ന യുവതികൾ.

കുസുമ: തുടങ്ങിക്കഴിഞ്ഞു ആ ശ്രമം: എനിക്കു വിജയിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, ഹൃദയമുള്ളവർ മുന്നോട്ടു വരും. അവർ വിജയിപ്പിക്കും; വികസിപ്പിക്കും.

പങ്കജം: അയ്യോ! വിശ്വാസമില്ല എന്നു ഞാൻ പറഞ്ഞു അല്ലെ. ഞാൻ വിശ്വസിക്കുന്നു, കുസുമയ്ക്ക് അതിനു കഴിവുണ്ടാകുമെന്ന്. ഈശ്വരൻ അനുഗ്രഹിക്കട്ടെ. കുസുമേ! കുസുമയും ഒരു സ്ത്രീയാണ്. കുസുമയ്ക്കറിയാം ഒരു പെണ്ണിന് ബാല്യത്തിൽ തുടങ്ങുന്ന മോഹം. ഓരോ വർഷം കഴിയുംതോറും, പുതിയ ശിഖരങ്ങൾ, പുതിയ നാമ്പുകൾ—ഒടുവിൽ പള്ളിക്കൂടം വിട്ട്, ഒരു തൊഴിലും ഇല്ലാതെ, മാതാപിതാക്കന്മാരുടെ വിഷമവും കണ്ട് ഒരു വർഷം വീട്ടിൽ കഴിയുമ്പോഴേക്കും, ആ നാമ്പുകൾ ഓരോന്നായി ഉണങ്ങുകയായി; ശിഖരങ്ങൾ വാടുകയായി. തായ്ത്തടിക്കുതന്നെ പുഴക്കുത്ത്—ഭർത്താവുവേണ്ട—ആശ്വാസത്തിന് ഒരു തൊഴിൽ മതി; ജീവിതത്തിൻെറ ഇരുളടഞ്ഞ വശങ്ങളെപ്പറ്റി മറക്കുവാൻ; സാമൂഹികജീവിതം പുലർത്തുവാൻ; വല്ലപ്പോഴും ഒന്നു ചിരിക്കുവാൻ. ഈശ്വരൻ അതിനൊന്നിനും എനിക്ക് അവസരം നൽകുകയില്ല—(വീണ്ടും കരയുന്നു.)

KIDASAKI

(വീട്ടിനകത്തുനിന്നും ദീനസ്വരത്തിൽ "പങ്കജം, പങ്കജം" എന്നു് ആരോ വിളിക്കുന്നു.)

അമ്മ വിളിക്കുകയാണ്. (ഉച്ചത്തിൽ) എന്തോ, വരുന്നമ്മേ—കുസുമയ്ക്കാരും ഒന്നും പറയുന്നില്ലേ?

കുസുമ: വിവാഹത്തെപ്പററി ചിന്തിക്കുവാൻ എനിക്കു സമയം കിട്ടാറില്ല പങ്കജം. എന്റെ ഉദ്യമത്തിൽ എന്നെ സഹായിക്കുവാൻ ഒരു പുരുഷൻകൂടിയുണ്ടായിരുന്നെങ്കിൽ, എന്നു ചിലപ്പോൾ ആഗ്രഹിക്കാറുണ്ട്.

പങ്കജം: ലളിതയുടെ കല്യാണത്തിനു പോയിരുന്നോ?

കുസുമ: ഉവ്വ്. പങ്കജം വരാഞ്ഞതെന്തു്?

പങ്കജം: എന്നെ വിളിച്ചില്ല.

കുസുമ: നിങ്ങൾ കാളേജിൽവച്ചു വലിയ കൂട്ടുകാരായിരുന്നല്ലൊ.

പങ്കജം: അതു് അന്നല്ലേ. അന്നു് എന്റെ അച്ഛനും ഉണ്ടായിരുന്നു. ഇന്നു് അവൾ ഒരു വലിയ ഉദ്യോഗസ്ഥന്റെ മകൾ. മനുഷ്യർ കീഴോട്ടു നോക്കാറില്ല; പാവങ്ങളെ. വലിയ ആളുകൾക്കു് മറവിയും കൂടുതലാണു് കുസുമേ.

കുസുമ: ഓർമ്മ വരും. അന്നു് ആ മറവിയെപ്പററി പശ്ചാത്തപിക്കും—ഉം, കളയൂ.—എന്നിട്ടു് ഈ പുസ്തകങ്ങൾ എനിക്കു തരു.

പങ്കജം: എടുത്തുകൊള്ളൂ.

കുസുമ: എന്തു വില വേണം?

പങ്കജം: വില വേണ്ടാ.

കുസുമ: എനിക്കല്ല. ഒരു ഗ്രന്ഥശാലയ്ക്കാണ്. (ബാഗിൽ നിന്നും ഒരു പത്തുരൂപാനോട്ടു് എടുത്തു നീട്ടുന്നു.)

പങ്കജം: അയ്യോ വേണ്ട; പഴയ പുസ്തകങ്ങളല്ലേ.

കുസുമ: പുതുമ മാഞ്ഞിട്ടില്ല. (പണം അവളെ ഏല്പിക്കുന്നു.)

(പങ്കജം മനസ്സില്ലാമനസ്സോടെ വാങ്ങുന്നു.)

പങ്കജം! ഞാൻ ഇപ്പോൾ പോകുകയാണു്. അമ്മയെ കാണാൻ ഞാൻ വീണ്ടും വരും. ഏതായാലും പങ്കജം എൻെറ സേവാസദനത്തിലെ ഒരു പ്രധാന പ്രവൎത്തകയാണു്. (പോകുന്നു.)

പങ്കജം: (മറയുന്ന കുസുമയേയും കൈയിൽ ഇരിക്കുന്ന നോട്ടിനേയും മാറി മാറി നോക്കിയിട്ടു്) ആ ഭിക്ഷക്കാരൻ പറഞ്ഞതു് എത്ര ശരി; ദൈവം രക്ഷിക്കുമെന്നു്.

(കർട്ടൻ)

## രംഗം ആറ്

[പുന്നമൂടിൻെറ ബംഗ്ലാവിലെ മുൻപിലത്തെ ഹാൾ. പുന്നമൂട്ടു് അസ്വസ്ഥനെന്നവണ്ണം അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഭാൎയ്യ മേശമേൽ കൊട്ടുംകൈയുംകുത്തി കുനിഞ്ഞുനില്ക്കുന്നു. അല്പം അകലെയായി കുഞ്ച്യവും നില്പുണ്ടു്]

കാൎത്തി: ഓഹാ, അത്രയ്ക്കായോ! അയാളേം മകളേം ഒന്നു പഠിപ്പിക്കണമല്ലൊ. അവിടുത്തോടു് ഇത്രേം ധിക്കാരമായിട്ടു പെരുമാറിയപ്പം സാമാന്യക്കാരെ വച്ചേക്കുമോ?

പുന്നമൂട്ടു്: പണക്കാരൻെറ ഭള്ളു്: പെണ്ണാണെങ്കിൽ ഒരു തോന്ന്യവാസക്കാരി. പോരാത്തതിനു് എം. എ. യും. നമുക്കെന്തു ചെയ്യാൻ കഴിയും! വല്ല പദ്ധതിയും ഉണ്ടോ എന്നു നോക്കാം.

കാൎത്തി: എന്തെങ്കിലും ചെയ്യണം. എടാ കുഞ്ച്യ! അയാളെ വല്ല മോഷണക്കേസിലും പിടിപ്പിക്കാനൊക്കുമോ?

കുഞ്ച്യ: അയ്യോടാ, അതെങ്ങനെയൊക്കും; അങ്ങേരു

ധാരാളം നെല്ലും പണവും ഉള്ളവൻ. മോഷ്ടിച്ചെന്നു പറഞ്ഞാൽ ആരു വിശ്വസിക്കും.

കാത്തി: മുമ്പായിരുന്നെങ്കിൽ കരിഞ്ചന്തയിൽ നെല്ലു വിറ്റെന്നുംപറഞ്ഞു് പിടിപ്പിക്കാമായിരുന്നു.

പുന്നമൂട്ട്: നീ ചുമ്മായിരി എന്റെ കാത്തി.

കാത്തി: അവിടുന്നു ചുമ്മാതിരിക്കണം. നാണവും ചൊണയുമില്ലാത്ത മനുഷ്യൻ. എന്റെ രണ്ടുകുഞ്ഞുങ്ങളുമാണെ, ഞാൻ ഇതിനു പകരം വീട്ടും. എടാ കുഞ്ചു, അവൾ പിടിച്ചുകൊടുത്തു് അയാൾ അടിച്ചു എന്നും പറഞ്ഞു് അവരുടെ പേരിൽ കേസുകൊടുക്കാൻ ഒരുത്തനെ കൊണ്ടുവരാമോ? ഏതവനായാലും മതി. വല്ലതും കൊടുക്കാം.

കുഞ്ചു: (ചിരി അമർത്തിക്കൊണ്ടു്) എന്നാൽ വല്യങ്ങുന്നും കൊച്ചങ്ങുന്നും കൂടി കേസുകൊടുക്കട്ടെ. തുക നമ്മക്കെടുക്കാമല്ലൊ.

പുന്നമൂട്ട്: എടാ, അതിനു് ഞങ്ങളെ തല്ലിയും മററുമില്ല.

കാത്തി: അല്ലേലും അവരു വേണ്ട. നീ ഒരുത്തനെ പിടിച്ചോണ്ടുവാ.

പുന്നമൂട്ട്: ചിലപ്പോൾ തിരിഞ്ഞുപിടിക്കുന്നതാണേ കാര്യം. അല്ലേടാ കുഞ്ചു?

കുഞ്ചു: ആണേ. ചാത്തൻസേവപോലാ. ചിലപ്പോൾ തിരിഞ്ഞുപിടിക്കും.

കാത്തി: എന്തോന്നു തിരിഞ്ഞുപിടിക്കാൻ. അവളും ആതന്തോംകൂടെ ഓടിവരണം, ജാമ്യം വാങ്ങിച്ചുകൊടുക്കണം, കേസു രാജിയാക്കണം എന്നൊക്കെ പറഞ്ഞോണ്ടു്. സമ്മന്തക്കാര്യം സമ്മതിച്ചാലെ മിണ്ടുകപോലും ചെയ്യാവൂ. എടാ, കുഞ്ചു! വിശ്വാസമുള്ള ഒരുത്തൻവേണം; സാക്ഷിക്കു രണ്ടുപേരും വേണം.

പുന്നമൂട്ട്: എടീ, പെമ്പ്രന്നോരെ, ശല്യത്തിനൊന്നും പോകാതിരിക്കുവാ നല്ലതു്.

കാത്തി: (കോപത്തോടെ) എല്ലാത്തിനും തക്കം. നിങ്ങൾ എന്തിനാ പ്രമാണിയെന്നും പറഞ്ഞു നടക്കുന്നതു്, ഒരു പെണ്ണിനെക്കൊണ്ട് അയാളുടെ പേരിൽ ഒരു സമരി ക്കേസ്സെങ്കിലും കൊടുപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ. പിന്നെ, എടാ കുഞ്ചു! ആ പെണ്ണിനെ സംബന്ധം ചെയ്യാൻ വന്നിരിക്കുന്നവൻ ആരാ?

കുഞ്ചു: ആ...ആക്കറിയാം.

കാത്തി: അവൻ ആരാണെന്നും, എന്താണെന്നും പോയി ഒന്നറിഞ്ഞുകൊണ്ടു വരണം. രഹസ്യമായിരിക്കണം. ഉദ്യോഗസ്ഥനാണെന്നല്ലേ പറഞ്ഞതു്. കൊള്ളാവുന്ന വനാണെങ്കിൽ കുസുമക്കു്—(ഭത്താവിനോട്ട്) എന്താ ഒന്നും മിണ്ടാതെ നില്ക്കുന്നതു്?

പുന്നമൂട്ട്: നീ മിണ്ടിക്കഴിയട്ടെന്നുവച്ചു.

കാത്തി: ഞാൻ മിണ്ടിക്കഴിഞ്ഞു.

പുന്നമൂട്ട്: എന്നാൽ, അവിടെ കല്യാണത്തിനു വന്നവൻ ഇവിടെ വരാൻപോണോ?

കാത്തി: ഇങ്ങനെ എല്ലാത്തിനും പ്രതികടം പറഞ്ഞാൽ എങ്ങനെയാ, ആളാരാണെന്നും ഏതു തരക്കാരനാണെ ന്നും ഒന്നറിയട്ടെ. കൊള്ളാവുന്നവനാണെങ്കിൽ ആരോ ടു പറഞ്ഞെങ്കിലും ഇങ്ങു തട്ടിയെടുക്കാം. നീ പോടാ കുഞ്ചു. വേഗം വരണം.

(കൃഷ്ണജി ഏതോ വലിയകാര്യം സാധിച്ചമട്ടിൽ എത്തുന്നു.)

കാത്തി: എന്തോന്നാടോ വാദ്ധ്യാരെ, ഒരു മല ചുമന്നോണ്ടു വരുന്നമട്ടിൽ ഞെളിപിരിക്കൊള്ളുന്നതു്?

കൃഷ്ണജി: (രഹസ്യമെന്നവണ്ണം) ഒരു മുണ്ടിച്ച മത്സ്യം.

പുന്നമൂട്ട്: എവിടെ?

കുഞ്ചു: അങ്ങു വടക്കേപ്പുറത്തു കൊണ്ടുവരാൻ പറ. പാപ്പിയവരു പോകുന്നതിനുമുൻപു് വെട്ടിക്കഴുകിക്കാം.

കൃഷ്ണജി: (പുന്നമൂടിനോടു്) പോർട്ടിക്കോവിൽ.

കുഞ്ചു: പോർട്ടിക്കോവിൽ കൊണ്ടുവച്ചിരിക്കുന്നോ മീനു്? എന്നാൽ ഇപ്പോൾ പട്ടി തിന്നുകാണും.

കാത്തി: ഛരി! പതുക്കെപ്പറയെടാ.

കുഞ്ചു: ഉറച്ചുപറയുക മനുഷ്യന്റെ മൗലികാവകാശമാണു്.

പുന്നമൂട്ട്: നീ പോടാ! ഇതു നീ പറയുന്ന മീനൊന്നുമല്ല.

കാത്തി: നീ പോയി ഞാൻ പറഞ്ഞതന്വേഷിക്കു്. രഹസ്യമായിരിക്കണം, കേട്ടോ—കേസിന്റെ കാര്യോം.

(കുഞ്ചു പോകുന്നു.)

പുന്നമൂട്ട്: എന്റെ ആ ചുമന്ന ഖദർഷാൾ ഇങ്ങോട്ടെടുത്തോ കാത്തീ. അല്ലെങ്കിൽ വേണ്ടാ. ഞാൻ എടുത്തോളാം. (അകത്തേക്കു പോകുന്നു.)

കാത്തി: എവിടത്തുകാരനാ വാദ്ധ്യാരെ?

കൃഷ്ണജി: (രഹസ്യമെന്നവണ്ണം കൂടുതൽ ഔംഗ്യം കാണിച്ചുകൊണ്ടു്) വടക്കെങ്ങാണ്ടുള്ളവനാ. അവക്കില്ലേയുള്ള പണം. പക്ഷേ, ഞാൻ ഒന്നു പറയാം. ആ കമ്മ ചന്ദ്രൻ ഇനിയും ഇവിടെ വരാൻ അനുവദിക്കരുതു്.

കാത്തി: ഉം? അയാൾ എന്തുചെയ്തു.

കൃഷ്ണജി: വരാൻ പാടില്ല.

കാത്തി: കാര്യം പറയെടോ.

കൃഷ്ണജി: (രഹസ്യമെന്നവണ്ണം) അയാൾ ഈ മനുഷ്യനെ എന്റെ കൈയിൽനിന്നും റാഞ്ചിക്കൊണ്ടുപോകാൻ ശ്രമിച്ചു. വേറെ ആക്കോ ഇയാളെ കൊണ്ടുകൊടുക്കാൻ. എന്നിട്ടും ഇയാളെ ഞാൻ കൊണ്ടുപോരാൻ തുടങ്ങിയപ്പോൾ പണം കൊടുക്കരുതേ എന്നൊരുപദേശം.

കാർത്തി: ങാഹാ! അവൻ അപ്പോൾ അത്ര ചീത്തയാണോ?

കൃഷ്ണജി: അല്ല, നല്ലവൻ. എന്നിട്ടും അയാളെ കുസുമക്കുട്ടിയുടെ തലയിൽ പിടിച്ചുവയ്ക്കാനല്ലേ ഇവിടത്തെ ശ്രമം.

(പുന്നമൂട്ട് ഒരു ഖദർഷാൾ മൂടിപ്പുതച്ചുകൊണ്ടു വരുന്നു.)

കാർത്തി: താൻ പോയി അയാളെ ഇങ്ങു വിളിക്ക്.

(കൃഷ്ണജി പോകുന്നു.)

കേട്ടോ, ആ കർമ്മചന്ദ്രൻെറ കാര്യം. ഈ മനുഷ്യനെ ഇവിടെ അയയ്ക്കാതിരിക്കാൻ അവൻ കഴിവതും നോക്കിയെന്ന്.

പുന്നമൂട്ട്: അവൻ അര്യം. സ്വന്തമായി ഒരു പദ്ധതി ഇല്ലാത്തവൻ. കുറെനാളായി അങ്ങനെ തോന്നിത്തുടങ്ങിയിട്ട്. വെറും പുസ്തകപ്പുഴ. സ്വപ്നജീവി. അവന്റെകൂടെ അയച്ചാൽ പെണ്ണു പട്ടിണികിടന്നു ചത്തുപോകും. നമ്മോട്ട് ഒരു സ്നേഹവുമില്ല.

കാർത്തി: സ്നേഹമില്ലാത്തവനെന്ന്, അവൻെറ മുൻപിൽ വച്ച് പുഷ്കരൻകുട്ടിയെ ആരോ പിടിച്ചുതള്ളിയപ്പോൾ എതിർത്ത് ഒരക്ഷരം പറയാത്തതിൽനിന്നും മനസ്സിലായില്ലേ.

പുന്നമൂട്ട്: ഓടിച്ചുകളയാമെന്നുവച്ചാൽ ആ പെണ്ണിൻെറ ദൈവമാണ്.

കാർത്തി: ഓ! ഒന്നുമില്ലെന്നേ. ഒന്നുരണ്ടുദിവസത്തേക്ക് ഒരു വല്ലായ്മകാണും.

പുന്നമൂട്ട്: (വെളിയിൽ കാല്പതനം കേട്ടിട്ട്) അയാൾ വരുന്നു, അയാൾ ഒന്നു വെരളട്ടെ. (ഉച്ചത്തിൽ) നീ അങ്ങനെ ശഠിക്കരുത്. മഹാത്മജി വിഭാവനംചെയ്യുന്ന ആ മഹത്തും ബൃഹത്തുമായ രാമരാജ്യത്തിനുവേണ്ടി,

(കൃഷ്ണജിയും മാതുമൂപ്പനും പ്രവേശിച്ച് നോക്കിനില്ക്കുന്നു.)

അന്യാദൃശമായ അഭിപ്രായധീരതയോടും ധമ്മബോധ ത്തോടും ഞാൻ പ്രവത്തിക്കും.

മാതുമൂപ്പൻ: (കൃഷ്ണജിയോട്ട്) നിങ്ങൾ പറഞ്ഞ പ്രമാണി ഇതുതന്ന്യാ?

(മിണ്ടരുതെന്നു് കൃഷ്ണജി ആംഗ്യം കാണിക്കുന്നു. മാതുമൂപ്പൻ ഭക്തി യോടെ നോക്കിക്കൊണ്ടുനിൽക്കുന്നു.)

പുന്നമൂട്ട്: ഇവിടത്തെ ആവശ്യത്തിന് പണം ഇല്ലെന്നു്. അതു സ്പഷ്ടമായി പറഞ്ഞുകൊള്ളു. (മാതുമൂപ്പനെ ചൂണ്ടി ക്കാണിച്ചിട്ട്) ഇതുപോലെയുള്ള സുഹൃത്തുക്കളെല്ലാം ഉദാരമായി എൻെറ ഫണ്ടിലേക്ക് കൈയയച്ചു സംഭാ വന ചെയ്യുമെന്നു് എനിക്കു നിശ്ചയമുണ്ട്. എന്താണു സുഹൃത്തേ നിങ്ങളുടെ നാമധേയം?

മാതുമൂപ്പൻ: (ഭക്തിയോടെ തൊഴുതിട്ട്) മാതുമൂപ്പൻ എന്നാ—

കാത്തി: അല്ല മാതുമൂപ്പാ, ഞാൻ ചോദിക്കുവാ, അവനവ ന്റെവീട്ടുകാര്യംകൂടി നോക്കാതെ പാർട്ടിയെന്നും, മന്ത്രി മാരെന്നും ഒക്കെപ്പറഞ്ഞു് ജീവിതകാലം മുഴവൻ ഉഴച്ചാൽ ഞാനും പിള്ളേരും എന്തുചെയ്യുമെന്നു്.

മാതുമൂപ്പൻ: എത്രുണ്ട് കുട്ടികൾ?

കാത്തി: രണ്ട്.

മാതുമൂപ്പൻ: ഹരിഹരി! എന്നിട്ടാ ഈ പരിഭ്രമം. ഈയു ള്ളോന് പതിനൊന്നാ സംഖ്യയേ. പിന്നെ ആ പറഞ്ഞി ല്യേ—ശരിയാ. വിദുരരും അതുതന്നെയാ പറയ്ണ ത്. അവനവൻെറ കാര്യം ആദ്യം നോക്കണം. പക്ഷേ. എന്താ ചെയ്യ്ണത്. വല്ലതും ഉണ്ടാക്കിവെക്കാമെന്നു വച്ചാൽ, ഞെട്ടും വാലും മുറിച്ച കുറെ ഈനാംചക്കി കൾ, വഷളന്മാർ, ജന്മിയാ മുതലാളിയാ എന്നെല്ലാം പറഞ്ഞു ശല്യത്തിന്. ഠോ! ഒരുകണക്കിന് എല്ലാം

വിററുപെരുക്കി ബാങ്കിലിട്ടിട്ട് പലിശേം വാങ്ങി ച്ചുമ്മാ കണ്ണുമടച്ച് ഇരുന്നുകളകയാ ഭംഗി.

പുന്നമൂട്ട്: നെല്ലിനു് എന്തു വിലയുണ്ട്?

മാത്തുമൂപ്പൻ: സാരല്യ. പുറത്തുന്ന് അരി വരാതിരിക്ണെങ്കിൽ ഭാഗ്യം—വില ഒന്നു കയറും.

പുന്നമൂട്ട്: വന്നകാര്യം? ക്ഷണം പറയണം. വല്ല പദ്ധതിയും ഉണ്ടായിരിക്കും.

കാത്തി: അതെ അതെ, വേഗം പറയണം. ഇതിനിടയിൽ രണ്ടു കാറുവന്നു, വിളിച്ചോണ്ടുപോകാൻ.

പുന്നമൂട്ട്: (ലഘുവായി മന്ദഹസിച്ചിട്ട്) എല്ലാം എന്നോടുകൂടി ആലോചിച്ചേ അവർ ചെയ്യാറുള്ളു. ഞാൻ ഒരു താപ്പാനയാണെന്നാ അവരൊക്കെ പറയുന്നതു്.

കൃഷ്ണജി: അവിടുത്തെ പിടിയുടെ കാര്യത്തെപ്പറ്റി ഞാൻ പറഞ്ഞുകഴിഞ്ഞു.

കാത്തി: എൻെറ കാര്യത്തെപ്പററിയാണോ?

കൃഷ്ണജി: അല്ലല്ല, ഇദ്ദേഹത്തിൻെറ വിലയെപ്പററി. എന്നിട്ടു മൂപ്പാ, ബോധിപ്പിച്ചുകൊള്ളു. ആ ആയിരം ഏക്കറിൻെറ കാര്യം ഞാൻ പറഞ്ഞുകഴിഞ്ഞു. സാധിക്കാമെന്നാ പറഞ്ഞതു്.

മാത്തുമൂപ്പൻ: (സന്തോഷത്തോടെ) ഉവ്വോ! ഭാഗ്യം. പിന്നെ ദേ ഠോ, മറെറാന്നുല്യ. ഈ ആദായനികുതിയേ ആദായനികുതി, ഹനിക്യാ മനുഷ്യരെ. അതൊന്നു നിത്തീട്ടണം. പിന്നിണ്ടല്ലോ, നിങ്ങൾ ചത്തുന്നുവക്യാ.

കാത്തി: എന്തോന്നാടോ താൻ പറയുന്നതു്. തൻെറ നാക്കേൽ തീകൊള്ളി. അദ്ദേഹം ചത്തെന്നുവെച്ചാനോ—ഞാനും പിള്ളേരും വഴിയാധാരമായിപ്പോകുമല്ലോ.

(കമ്മ്ചന്ദ്രൻ പ്രവേശിച്ച് ഒരു മൂലയിലായി മാറിനില്ക്കുന്നു. അയാളുടെ വരവും നിലയും ആരും ശ്രദ്ധിക്കുന്നില്ല.)

മാതുമൂപ്പൻ: ഹെയ്! ശണ്ടുകൂടണ്ടാ റോ. അതല്യ പറയ്ണത്. ആ ചത്തിട്ടുള്ള നികുതിയേ—ചത്താലും നികുതി. ശിവശിവ!—ആ നികുതി വേണ്ടെന്നു വയ്ക്കണം. നോവ്ണ കാര്യാ അത്. അതുമല്ല, ചത്തിട്ടു വാങ്ങ്ണ നികുതി പൊലിക്കില്യ. ഭണ്ഡാരത്തിൻെറ ഐശ്വര്യംതന്നെ നശിപ്പിക്കും, നിശ്ചയം.

പുന്നാമൂട്ട്: വേഗം പറയൂ.

മാതുമൂപ്പൻ: ങാ, ങ! ഒററവീപ്പ്ിന് തീർത്തുകളയാം. പിന്നെ കുറെ നിയമങ്ങള് വരിണിണ്ട്ന്ന് കേക്ണു. ഇത്രണ്ടു ഭൂമിയെ പാടൊള്ളൂ, കൃഷിഭൂമി കർഷകന്, പാട്ടോം വാരോം കൊടക്യേ വേണ്ടാ; അങ്ങനെ അനവധി. അതൊന്നും വരാണ്ടാക്കണം.

കമ്മചന്ദ്രൻ: ഇപ്പോൾ എത്ര ഏക്കർ ഭൂമി കൈവശമുണ്ട്?

മാതുമൂപ്പൻ: ഉം? എന്താ അധികാരിയാ ശീട്ടെഴുതാൻ?

കമ്മചന്ദ്രൻ: അല്ല.

മാതുമൂപ്പൻ: പിന്നെ വരന്നോരോടെല്ലാം രണ്ടുശോദ്യം ചോദിച്ചുവിടാൻ നിത്തീരിക്ണ അംഗരക്ഷകനാ?

കമ്മചന്ദ്രൻ: അതുമല്ല.

മാതുമൂപ്പൻ: (സൂക്ഷിച്ചുനോക്കിയിട്ട്) ഹെടടാ! ഇപ്പൊഴല്യേ മനസ്സിലായുള്ളൂ. അവിടെവച്ച് കണ്ട ആൾ, അസ്സലായി. ഇങ്ങ്ട്ടും കടന്നുകൂടിയോ? കഷ്ടാ ഇവരെ ഒക്കെ ഇങ്ങനെ വിട്ടിരിക്ണത്.

കമ്മചന്ദ്രൻ: ഞാൻ നിങ്ങളോടു പറഞ്ഞു, ഭൂമി ആക്കും സ്വന്തമെന്നു പറഞ്ഞു് കൈയടക്കിവയ്ക്കാൻ പാടുള്ളതല്ല. അഥവാ സ്വകാര്യയുടമ തുടന്നാൽത്തന്നെ, കൈവശം വയ്ക്കാവുന്ന ഭൂമിക്ക് ഒരു പരിധി ഉണ്ടായിരിക്കേണ്ടതു് ആവശ്യം, നിയമത്തിന്റെ മൂർച്ചകൂട്ടുവാൻ തുനിയരുതു് എന്നെല്ലാം. അനേകായിരം ഏക്കർ ഭൂമി കൈ

വശമുള്ള നിങ്ങൾ കൂടുതൽ ഭൂമിക്കുവേണ്ടി കൈക്കൂലി കൊടുക്കുവാൻ നടക്കയാണു്. സ്വന്തമായി ഒരുപിടി മണ്ണുപോലും ഇല്ലാത്ത ആ പാവങ്ങളെപ്പററി ഒന്നോർത്തുനോക്കു.

മാത്തുമൂപ്പൻ: ഹെയ് അലോഹ്യം! അലോഹ്യം! ഈ ഹയഗ്രീവൻ ഇവിടെയും കടന്നുകൂട്ടുമെന്ന് പറഞ്ഞിരുന്നെങ്കിൽ നോൻ ഇങ്ങട് കടക്കില്യാന്നു.

കാർത്തി: ഇവിടെ കേറിവരുന്ന മാന്യന്മാരെ പള്ള പറയാനാണോ താൻ കേറിവന്നിരിക്കുന്നതു്? ഇവിടെ പലരും വരും ഇദ്ദേഹത്തോട്ട് ഓരോ സങ്കടം പറയാൻ. ആ സങ്കടം കേൾക്കേണ്ടതും ചെയ്തുകൊടുക്കാവുന്നതു് ചെയ്തുകൊടുക്കേണ്ടതും ഇദ്ദേഹത്തിൻെറ ചുമതലയാ. ഇപ്പോൾ അങ്ങു പൊയ്ക്കോട്ടെ.

മാത്തുമൂപ്പൻ: അല്പം ഭൂമിയുള്ളത് അങ്ങട് ഏല്പിച്ചേക്കു എന്നാ ചെങ്ങാതിയുടെ നില.

കമ്മചന്ദ്രൻ: എന്നെ ഏല്പിക്കേണ്ട. സർവ്വോദയസംഘത്തെ ഏല്പിക്കൂ. ഉണ്ണാനില്ലാതെ, ഉടുക്കാൻ ഇല്ലാതെ, കിടക്കാൻ പാർപ്പിടമില്ലാതെ അലയുന്ന ജനങ്ങളെപ്പററി വിചാരിക്കൂ. ഒരാൾ ആനന്ദം അനുഭവിക്കുക. അസംഖ്യം ആളുകൾ ദുഃഖിതരായി കഴിയുക—ദരിദ്രൻ, പതിതൻ, അശരണൻ, അജ്ഞൻ, രോഗി, ഇവരെല്ലാം. ആധുനികസാമൂഹ്യഘടനയുടെ ജീർണ്ണതയെ സമ്പൂർണ്ണമായി പ്രതിനിധാനം ചെയ്യുന്ന ഒന്നാണു് ഇന്നത്തെ ഭൂവ്യവസ്ഥ. അതൊന്നു മാറുകതന്നെ വേണം. (പുന്നമൂടിനോട്ട്) ഈ തരക്കാർക്ക് അങ്ങു കൂട്ടുനില്ക്കരുതു്.

പുന്നമൂട്ട്: (ഈർഷ്യയോടെ) കമ്മചന്ദ്രൻ പോയിട്ടുവരണം. പിന്നെ കാണാം.

കമ്മ്ചന്ദ്രൻ: ഞാൻ പോകാം. ഇയാളോട്ട് അവിട്ടന്നു തന്നെ ഉപദേശിക്കണം.

കാത്തി: നിങ്ങൾ മേലാൽ ഇവിടെ വരരുത്. ഓരോരുത്തരുടെ നന്മ അറിഞ്ഞുതുടങ്ങി.

കമ്മ്ചന്ദ്രൻ: എന്താണറിഞ്ഞത്?

പുന്നമൂട്ട്: ഗെററ് ഔട്ട്—ഉം. എനിക്കു വേറെ ജോലിയുണ്ട്.

കൃഷ്ണജി: സാറു് അങ്ങു പോയേക്കണം.

(കമ്മ്ചന്ദ്രൻ ശാന്തത അവലംബിച്ചുകൊണ്ട് ഇറങ്ങിപ്പോകുന്നു.)

മാതുമൂപ്പൻ: വേതാളം വിക്രമാദിത്യൻെറ പിമ്പെ എന്ന കണക്കിന് നമ്മടെ പിറകേ കൂടീരിക്യാ ഈ കിറുക്കൻ.

കമ്മ്ചന്ദ്രൻ: (തിരിച്ചുവന്നു്) ഞാൻ കുസുമയെ ഒന്നു കണ്ട്, സേവാസദനത്തെപ്പററി ഒരു വിവരം ചോദിച്ചിട്ടു പൊയ്ക്കൊള്ളാം.

പുന്നമൂട്ട്: വേണ്ടാ; ആ പദ്ധതിയേ ഉപേക്ഷിച്ചേക്കു.

കാത്തി: അവൾ ഇവിടെ ഇല്ല.

കമ്മ്ചന്ദ്രൻ: ഞാൻ ഇങ്ങോട്ടുവരുമ്പോൾ കുസുമ അവളുടെ മുറിക്കുള്ളിൽ ഇരിക്കുന്നതു കണ്ടു.

കാത്തി: (കോപത്തോടെ) കണ്ടെങ്കിൽ കണക്കായിപ്പോയി. താൻ അവളെ ഇനിയും കാണാൻ പാടില്ല. അവളുടെ ജീവിതം പാഴാക്കാൻ ഞങ്ങൾ തന്നെ അനുവദിക്കയില്ല. (ഭർത്താവിനോട്ട്) കാര്യം തുറന്നുപറയണം.

പുന്നമൂട്ട്: എടോ അവളെ ഈ കൃഷ്ണജിക്കു വിവാഹം ചെയ്തുകൊടുത്താലും, തന്നെ അന്വേഷിക്കയില്ല. പൊയ്ക്കോളു.

(കമ്മ്ചന്ദ്രൻ ഇറങ്ങിപ്പോകുന്നു.)

മാതുമൂപ്പൻ: (കൃഷ്ണജിയെ പിടിച്ചു കുലുക്കിക്കൊണ്ടു്) ആ ഉഷയ്ക്കു് ഈ അനിരുദ്ധൻ മതി എന്നങ്ങട് വച്ചുകളയു.

കൃഷ്ണജി: മുററത്തെ മുല്ലയ്ക്കു മണമില്ല.

പുന്നമൂട്ടു്: (മാതുമൂപ്പനോടു്) ശരി. പറഞ്ഞതെല്ലാം ഓർമ്മയുണ്ടു്. എന്നാൽ പുറപ്പെടാം.

കൃഷ്ണജി: എല്ലാം പറഞ്ഞുകൊള്ളണം മാതുമൂപ്പാ. ഏതായാലും ഇത്രടം വന്നില്ലെ. കാണാൻകിട്ടുന്ന ആളല്ല, തൻെറ ഭാഗ്യംകൊണ്ടു് ഇന്നിവിടെ കണ്ടതാണു്. പിന്നെ—ഓരോ കാര്യത്തിനും പ്രത്യേകം പ്രത്യേകം കാറുകൂലി കൊടുക്കണം.

പുന്നമൂട്ടു്: അതെ. അതെ. അപ്പോൾ ഒന്നു് ആദായനികുതിക്കാര്യം: രണ്ടു് മരണനികുതി: മൂന്നു പദ്ധതികൾ.

മാതുമൂപ്പൻ: ഹും! മരിക്ക്ണതിനും നികുതി. എന്നാ മരിക്കണ്ടാന്നു വച്ചേക്കാം. മരിക്ക്ണന്ന് ആക്കും മോഹില്യ.

കൃഷ്ണജി: പിന്നെ ആയിരം ഏക്കർ—

മാതുമൂപ്പൻ: അതെ, അതെ. അതാ പ്രധാനം.

പുന്നമൂട്ടു്: ആദ്യത്തേതിനെല്ലാം താമസം വരും. ആ ആയിരം ഏക്കർ ഉടൻ നിവർത്തിക്കാം. ആയിരം മതിയല്ലോ.

മാതുമൂപ്പൻ: (ആനന്ദത്തോടെ) കൃഷ്ണാ, കൃഷ്ണാ! എന്തൊരു ചോദ്യാ ഇതു്. ഭൂമി നമ്മടെ അമ്മയല്ലേ. എത്രുണ്ടു വേണമെങ്കിലും ആകാം.

പുന്നമൂട്ടു്: കാർത്തി! കോട്ടു്, നെഹ്റുക്കോട്ടു വേണം.

കാർത്തി: പണം—

കൃഷ്ണജി: മൂപ്പാ: ഒരു ആയിരം എങ്കിലും ഇങ്ങെടുക്കു. ആയിരം അയ്യായിരത്തിന്റെ അഡ്വാൻസാണു്. താൻ

ഒരു അഖിലജന്മിമുതലാളിസംഘടന ഉണ്ടാക്കി അവരിൽനിന്നും പിരിച്ചെട്ടത്തുകൊള്ളു പതിനായിരം.

കാത്തി: പിന്നല്ലാതെ.

മാതുമൂപ്പൻ: ആയിരം ഉറുപ്പികയോ? ശിവ ശിവ! നോൻ ശുദ്ധ പാപ്പരാ. ഇക്കാണണതെല്ലാമെ ഉള്ളെന്നെ. എങ്കിലും തരാന്നു. പക്ഷേ, അത്രയും കൈയിൽ ഇല്ലെന്നാ തോന്ന്ണത്. ഒരു ഇരുന്നൂറ് തല്ക്കാലം—

പുന്നമൂട്ട്: തല്ക്കാലം അഞ്ഞൂറു തരു. ബാക്കി പിന്നെ—

മാതുമൂപ്പൻ: (ഭാണ്ഡം അഴിച്ച് അഞ്ഞൂറുരുപാ എണ്ണി എട്ടക്കുന്നു.)

(പുന്നമൂട്ടം കാത്തിയും കൃഷ്ണജിയും അയാളുടെ ബാഗിനുള്ളിലേക്ക് എത്തിനോക്കുന്നു. അയാൾ ബാഗുതന്നെ ശരിയായി തുറക്കുന്നില്ല. നോട്ടുകൾ പുന്നമൂടിൻെറ കൈയിൽ കൊടുക്കുന്നു.)

ഇതാ അങ്ങ്ട് പിടിക്കു. ആ ആയിരം ഏക്കറിനുള്ള കാറുകൂലിയാ—

(പുന്നമൂട്ട് രൂപ ഭാര്യയെ ഏല്പിക്കുന്നു. കാത്തി രൂപയുംകൊണ്ട് അകത്തേക്ക് ഉത്സാഹത്തോടെ പോകുന്നു.)

കൃഷ്ണജി: മാതുമൂപ്പനു് മദ്യനിരോധനം വേണമോ വേണ്ടയോ?

മാതുമൂപ്പൻ: (ബാഗു കെട്ടുന്നതിനിടയിൽ) ഠോ! മദ്യം പാടില്ലെന്നുള്ള നിയമമേ—അതും തെററാ. എന്തിനു വേണ്ട്യാ കുടി നിത്തണേ. കുറേപ്പേർ കുടിച്ചുമൂടിയാതെ നമുക്കൊക്കെ ഇത്ര മണ്ണു വാങ്ങുവാൻ കിട്ടോ. ആ നിയമം അങ്ങു വടക്കോട്ട് കടത്താതിരുന്നാ മതി.

(കാത്തി വെയിസ്ററുകോട്ടുമായി എത്തുന്നു. പുന്നമൂട്ട് അതു വാങ്ങി ജൂബായുടെ മുകളിൽ ധരിക്കുന്നു.)

മാതുമൂപ്പൻ: (ആ ഉടുപ്പുകണ്ടു് പൊട്ടിച്ചിരിച്ചിട്ടു്) ഓഹോ കൈയില്ല്യ. കൈ ആരോ കൊണ്ടുപോയിരിക്കിണു. (വീണ്ടും ചിരിക്കുന്നു.)

(കർട്ടൻ)

## രംഗം ഏഴ്

[കമ്മചന്ദ്രൻെറ വാസസ്ഥലം. ചുവരിൽ ധാരാളം ചിത്രങ്ങൾ തൂക്കിയിട്ടുള്ള ഒരു മുറി. ഗാന്ധി, ശ്രീകൃഷ്ണൻ, ശ്രീയേശുദേവൻ, ഭഗവാൻ ബുദ്ധൻ തുടങ്ങിയവരുടെ ചിത്രങ്ങൾ ഉണ്ടു്. ഒരു ചക്രം ഒരു ഭാഗത്തായി വച്ചിട്ടുണ്ടു്, സമീപത്തു കുറെ നൂലും. ഒട്ടുവളരെ പുസ്തകങ്ങൾ അങ്ങിങ്ങായി കിടക്കുന്നു. കമ്മചന്ദ്രൻ മഹാത്മാഗാന്ധിയുടെ പടത്തിനു മുൻപിൽ കൈകൂപ്പി ധ്യാനനിരതനായി നില്ക്കുന്നു. കുസുമ മന്ദം മന്ദം പ്രവേശിച്ചു് അയാളെ സൂക്ഷിച്ചുനോക്കിക്കൊണ്ടു നില്ക്കുന്നു. അയാൾ അവളെ കാണുന്നില്ല. അവൾ ചുമയ്ക്കുന്നു. അയാൾ തിരിഞ്ഞു നോക്കുന്നു.]

കമ്മചന്ദ്രൻ: (നിരുത്സാഹനായി) ആരു്, കുസുമയോ?

കുസുമ: അതെ. മഹാത്മജിയെ ധ്യാനിച്ചുകൊണ്ടു നില്ക്കുകയാണോ? അദ്ദേഹംതന്നെ പറഞ്ഞിട്ടില്ലേ, അദ്ദേഹത്തിൽ ഈശ്വരത്വം കല്പിച്ചുകൂടെന്നു്.

കമ്മചന്ദ്രൻ: ശരിയാണു്. അദ്ദേഹം അങ്ങനെ പറഞ്ഞു. എന്നാലും വൈശിഷ്ട്യമുള്ള സകലതിലും ഈശ്വരചൈതന്യം സങ്കല്പിക്കുകയും ദർശിക്കുകയും ചെയ്യുന്ന ആർഷസംസ്കാരത്തിനു്, അനേകം നൂറ്റാണ്ടുകളായി ഭാരതത്തിൽ എന്നല്ല, ലോകത്തിൽത്തന്നെ വ്യാപിച്ചിരുന്ന തമസ്സകററിയ ആ വെള്ളിനക്ഷത്രത്തെ അങ്ങനെയല്ലാതെ കാണുവാൻ കഴിയുന്നില്ല. ദൈവമായിട്ടല്ല, ദൈവേച്ഛയെ നിറവേററുവാൻ അവതീർണ്ണനായ ഒരു ദേവാംശസംഭവനായിട്ടു്. ഈ രാജ്യം വിട്ടു

പോകുവാൻ ഞാൻ അദ്ദേഹത്തോട്ട് അനുവാദം ചോദിക്കുകയായിരുന്നു കുസുമേ.

കുസുമ: അയ്യോ! ഈ രാജ്യം വിട്ടുപോകുവാനോ?

കർമ്മചന്ദ്രൻ: അതെ.

കുസുമ: എന്തിന്?

കർമ്മചന്ദ്രൻ: സ്വന്തം ആനന്ദത്തിന്.

കുസുമ: ഭഗവാൻ ശ്രീരാമകൃഷ്ണപരമഹംസൻ ഒരിക്കൽ സ്വാമി വിവേകാനന്ദനോട്ട ചോദിച്ചു, അദ്ദേഹത്തിന്റെ ഏററവും തീവ്രമായ അഭിലാഷം എന്തെന്ന്. 'സദാ നിർവികല്പസമാധിസ്ഥനായി ആ പരമാനന്ദത്തിൽ ലയിച്ച് ലോകവ്യാപാരങ്ങളിൽനിന്നു മുക്തനാകുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്,' എന്നറിയിച്ചു സ്വാമി വിവേകാനന്ദൻ. ഉടനെ പരമഹംസൻ ചോദിക്കുകയാണ്, 'നരേന്ദ്രാ! നീ മാത്രം ആ ആനന്ദം അനുഭവിക്കണം എന്നു കരുതുന്നതു സ്വാർത്ഥമല്ലേ, നിന്റെ ചുററുപാട്ടും അവശരും മററിതരുമായ എത്രയോ ആളുകൾ ദുഃഖിതരായി കഴിയുന്നതു നീ കാണുന്നില്ലേ, ഒരൊററ ജീവിയെങ്കിലും ദുഃഖം അനുഭവിക്കുന്നതായി അവശേഷിക്കുമ്പോൾ നിനക്കുമാത്രം ആനന്ദിക്കുവാൻ എന്തവകാശം,' എന്ന്. ആ ചോദ്യം ഞാൻ അങ്ങയോട്ട ചോദിക്കുന്നു.

കർമ്മചന്ദ്രൻ: (അല്പനേരം മിണ്ടാതെ നിന്നിട്ട്) എവിടെ നിസ്വാർത്ഥസേവനം പരിഗണിക്കപ്പെട്ടുന്നുവോ അവിടേയ്ക്കാണു ഞാൻ പോകുന്നത്.

കുസുമ: ഇവിടെ പരിഗണിക്കപ്പെട്ടുന്നില്ല എന്ന് ആരു പറഞ്ഞു?

കർമ്മചന്ദ്രൻ: ഇവിടെ ഞാൻ കിറുക്കൻ, ഭ്രാന്തൻ, ജന

ദ്രോഹി. ശ്രമം ആശിച്ച ഫലത്തിൻെറ അംശംപോലും നൽകുന്നില്ല.

കുസുമ: എന്തിനു ഫലം ആശിക്കാൻപോയി?

കമ്മചന്ദ്രൻ: പ്രവൃത്തിയുടെ ഫലമൊന്നും ആശിച്ചില്ല. കൂടുതൽ പ്രവർത്തിക്കുവാൻ ഉന്മേഷം നല്കുന്നതിനു് ഒരു ജീവിതസഖിയെമാത്രം ആഗ്രഹിച്ചു.

കുസുമ: ആ ആഗ്രഹം സഫലമാകുകയും ചെയ്യും, കുസുമയെയാണു് അങ്ങു സൂചിപ്പിക്കുന്നതെങ്കിൽ—

കമ്മചന്ദ്രൻ: അല്ലാതെ പിന്നെ—

കുസുമ: അവൾ അങ്ങേക്കുള്ളതാണു്. ഞാനറിഞ്ഞു വിവരമെല്ലാം. അച്ഛൻെറയും അമ്മയുടേയും തെററുകൾക്കു വേണ്ടി ഞാൻ മാപ്പു ചോദിക്കുന്നു.

കമ്മചന്ദ്രൻ: (മഹാത്മജിയുടെ പടത്തിലേക്കു വീണ്ടും നോക്കിയിട്ടു്) ഈ മഹാത്മാവിൻെറ ഒരു വിനീതാരാധകനായി, അദ്ദേഹം നയിച്ച ആ മഹാസംഘത്തിന്റെ മുൻപിൽ, പരിമിതമായ എൻെറ ധനവും ജീവിതവും ഞാൻ സമർപ്പിച്ചു. ഈ മഹാപുരുഷൻെറ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ ആവുംവണ്ണം ശ്രമിച്ചു. കഷ്ടതകൾ സ്വയം വരിച്ചു. ഞാൻ മാത്രമല്ല, എത്രയോ ലക്ഷം ആളുകൾ. ഒടുവിൽ ആ ഫലം കൈവന്നു. രാഷ്ട്രീയമോക്ഷം—സ്വാതന്ത്ര്യം. പക്ഷേ, ആ വിളഭൂമിയിൽ കളകൾ മുളച്ചു. മാത്സര്യം, സ്വാത്ഥത, അധികാരഭ്രമം, ഛിദ്രം—എവിടെയും നിരാശയാണു കുസുമെ.

കുസുമ: മഹാത്മജി സങ്കല്പിച്ച ആ ഭരണസമ്പ്രദായത്തെക്കാൾ മഹത്തായ ഒന്നു് ലോകത്തെവിടെയെങ്കിലും നിലവിലുണ്ടെന്നു് അവിടുന്നു വിചാരിക്കുന്നുവോ?

കമ്മചന്ദ്രൻ: ഇല്ല. അത്രമാത്രം പൂർണ്ണമാണതു്. മാത്സര്യ

മല്ല,സഹകരണമാണ് ജീവിതത്തിന്റെ നിയമം എന്നു ദ്ദേഹം പഠിപ്പിച്ചു.

കുസുമ: ഏകാധിപത്യസമ്പ്രദായത്തിലെ അച്ചടക്കം തുടങ്ങി, സ്ഥിതിസമത്വവാദിയുടെ ആദർശപരമായ പരിപൂർണ്ണ സുഖജീവിതംവരെയുള്ള തത്വങ്ങൾ, മഹാത്മജിയുടെ തത്വസംഹിതയിൽ പെട്ടിട്ടില്ലേ?

കമ്മ ചന്ദ്രൻ: ഉണ്ട്. കൗടല്യന്റെ അർത്ഥശാസ്ത്രം മുതൽ മാർക്സിന്റെ സാമ്പത്തികശാസ്ത്രംവരെ. 'ഞാൻ വിഭാവനംചെയ്യുന്ന സ്വരാജിൽ വർഗ്ഗഭേദങ്ങളില്ല. രാജാവിനും പാവപ്പെട്ട കർഷകനും, ജന്മിക്കും മൺവെട്ടിക്കാരനും, വിവേചനങ്ങൾ യാതൊന്നും കൂടാതെ യോഗക്ഷേമമായി ജീവിക്കുവാൻ ഉതകുന്ന അവസ്ഥയാണ് പൂർണ്ണസ്വരാജ്" എന്നദ്ദേഹം അഭിപ്രായപ്പെട്ടപ്പോൾ സർവ്വവും വ്യക്തമായില്ലേ?

കുസുമ: അഭിപ്രായഭിന്നതയും മത്സരവും ജനാധിപത്യജീവിതക്രമത്തിന്റെ അവിഭാജ്യഘടകങ്ങളല്ലേ?

കമ്മ ചന്ദ്രൻ: ആയിരിക്കാം.

കുസുമ: എല്ലാം അറിയാവുന്ന ആളാണ്. ഒരു പെണ്ണു വേണ്ടാ പഠിപ്പിക്കാൻ. എന്നിട്ടും കുട്ടികളെപ്പോലെ കലഹിക്കുന്നു.

കമ്മ ചന്ദ്രൻ: കലഹിക്കുകയല്ല; കഴിവുകേട്ട സമ്മതിക്കുകയാണ്. വ്യക്തിയുടെ ഭദ്രത, സമൂഹത്തിന്റെ ഭദ്രതയിലാണു സ്ഥിതിചെയ്യുന്നതെന്ന് എനിക്കിതുവരെ നമ്മുടെ നാട്ടുകാരെ പഠിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഞാൻ എന്തിന് ഒരു സർവ്വോദയപ്രവർത്തകനായി കഴിയണം.

കുസുമ: ചില കൂട്ടരുണ്ട്, സ്വാർത്ഥതയ്ക്കുവേണ്ടി നിലകൊള്ളുന്നവർ; അധികാരത്തിനുവേണ്ടി മോഹിക്കുന്നവർ.

അതു് ഏതു വിപ്ലവചരിത്രത്തിലാണു് ഇല്ലാത്തതു്. അതിന്നു് ആ സ്ഥാപനം—അനേകമനേകം രക്തസാക്ഷികളുടെ ചുടുരക്തംകൊണ്ടു് വർണ്ണശബളിമ വരുത്തിയ ആ മഹാസൗധം—ഉപേക്ഷിക്കുകയാണോ വേണ്ടതു്. എന്റെ അച്ഛനെപ്പോലെയുള്ളവരെ, ക്ഷമിച്ചിരിക്കണം, ലോകം പിന്നിലേക്കു തള്ളിക്കൊള്ളും.

കർമ്മചന്ദ്രൻ: ഒരു ശുദ്ധീകരണം ആവശ്യമാണു്.

കുസുമ: സമ്മതിച്ചു. കാലം ആ ശുദ്ധീകരണകർമ്മം സ്വയം നിർവ്വഹിച്ചുകൊള്ളും. ഭീരുത്വമാണു്, പിൻതിരിഞ്ഞു പോകുന്നതു്. വേറൊരു സമരമുഖം നോക്കി ഓടാതെ, സത്യത്തിൽ ഉറച്ചുനിന്നു യുദ്ധംചെയ്യു. പ്രതികൂലശക്തികൾ വീഴുന്നെങ്കിൽ വീഴട്ടെ. ലോകം അങ്ങയെ ബഹുമാനിക്കും.

കർമ്മചന്ദ്രൻ: (ചിരിച്ചിട്ടു്) കുസുമ വക്കീലായി പോകേണ്ടതായിരുന്നു.

കുസുമ: പക്ഷേ, അങ്ങെന്നെ സർവ്വോദയത്തിലേക്കു വലിച്ചിഴച്ചു. എന്നിൽ ഉറങ്ങിക്കിടന്നിരുന്ന ചില ശക്തികളെ ഉണർത്തിയതു് അങ്ങാണു്. അങ്ങാണു് എന്റെ ഗുരു; എന്റെ സകലതും. അങ്ങു പോയാൽ പിന്നെ—(സാരിത്തുമ്പുകൊണ്ടു് കണ്ണു തുടയ്ക്കുന്നു.)

കർമ്മചന്ദ്രൻ: ഞാൻ എങ്ങും പോകുന്നില്ല.

കുസുമ: ഞാനിന്നു് എന്റെ ഒരു പഴയ കൂട്ടുകാരിയെ കണ്ടു; പങ്കജം. ഒരുകാലത്തു് പ്രഭുകുടുംബമായിരുന്നു അവളുടേതു്. ഇന്നു സകലതും നശിച്ചു; പട്ടിണിയും രോഗവുമാണു് അവരെ ആശ്ലേഷിക്കുവാൻ എത്തിയിരിക്കുന്നതു്.

കർമ്മചന്ദ്രൻ: അങ്ങനെ എത്രയെത്ര പങ്കജം വാടിക്കരിഞ്ഞുപോകുന്നു. ഇതിനൊരറുതി വരുത്തിയെങ്കിൽ!

കുസുമ: അങ്ങ് അത്രടം ഒന്നു ചെല്ലണം. മൂന്നുനാലു വർഷങ്ങളായി രോഗശയ്യയിൽ കിടക്കുന്ന ആ അമ്മയെ ഒരു ഡോക്ടറെ കാണിക്കണം. ഒരു നല്ലവാക്ക്, സ്നേഹത്തോടെയുള്ള ഒരു പെരുമാററം, അവക്ക് ആശ്വാസം നൽകിയേക്കും.

കർമ്മചന്ദ്രൻ: ഞാൻ പോകാം—ആ അമ്മയെ കൊണ്ടുപോയി ഡോക്ടറെ കാണിക്കാം. ചെറിയ ധനസഹായം വേണമെങ്കിൽ ചെയ്യാം. പക്ഷേ, അതുകൊണ്ടൊന്നും ആ വലിയ രോഗത്തിനു പരിഹാരം ഉണ്ടാകുമെന്നു തോന്നുന്നില്ല.

കുസുമ: ദാരിദ്ര്യത്തിന്, അല്ലേ?

കർമ്മചന്ദ്രൻ: അതെ, ഈ തൊഴിലില്ലായ്മ, പ്രത്യേകിച്ചും അഭ്യസ്തവിദ്യരുടെ ഇടയിൽ ഉള്ളത്. എന്തായി കുസുമയുടെ സംരംഭങ്ങൾ?

കുസുമ: സർവ്വീസ്ഹോമിൻേറയും, പരിശീലനകേന്ദ്രത്തിൻേറയുമല്ലേ. എല്ലാം ഭംഗിയായിത്തന്നെ കലാശിക്കും. ഇത്രത്തോളമായല്ലോ, ഇനിയും സാരമില്ല. അല്ലെങ്കിലും അവിടുന്ന് ആസൂത്രണം ചെയ്തതല്ലേ, വിജയിക്കാതിരിക്കയില്ല.

കർമ്മചന്ദ്രൻ: കുസുമയുടെ ശ്രമം വിജയിക്കുന്നു എന്നു പറയൂ.

കുസുമ: ഉപേക്ഷിക്കപ്പെട്ട ഭാര്യമാർ, നിസ്സഹായരായ വിധവകൾ, വേശ്യാലയങ്ങളിൽനിന്നും രക്ഷിക്കപ്പെട്ടവർ, അശരണരായ മററു സ്ത്രീകൾ ഇവരിൽനിന്നെല്ലാം അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.

കർമ്മചന്ദ്രൻ: ധാരാളം സ്ത്രീകൾ വന്നുചേരും. അവർക്കെല്ലാം പരിശീലനം നൽകേണ്ട തൊഴിലുകളുടെ കാര്യത്തിലാണു് ശ്രദ്ധിക്കേണ്ടതു്.

കുസുമ: അങ്ങയുടെ പദ്ധതി അക്കാര്യത്തിലും അപ്പാടെ സ്വീകരിച്ചു.

കമ്മ്ചന്ദ്രൻ: മഹാത്മജി സ്നേഹിച്ചിരുന്ന പരിപാടികളിൽ ഒന്നാണതു്. പക്ഷേ, അദ്ദേഹത്തിൻെറ നിർദ്ദേശം ഒന്നുകൂടി വിപുലമായ തോതിൽ ആയിരുന്നു. മനുഷ്യനിൽക്കൂടി ഈശ്വരസേവയിൽ ഏർപ്പെടുക എന്ന തത്വം. ജീവിക്കുവാൻ ക്ലേശിക്കുന്ന എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കും വിവിധതൊഴിലുകളിൽ പരിശീലനം നല്കുന്ന അനവധി പരിശീലനകേന്ദ്രങ്ങൾ. സാമാന്യലോകം അവജ്ഞയോടെ നോക്കുന്ന അവക്കു് ജീവിക്കുവാൻ ഒരു പ്രചോദനം. എൻെറ കുസുമയുടെ സേവാസദനം ആ പദ്ധതിക്കു് ഒരുമാർഗ്ഗദർശനം നൽകുമെന്നു ഞാൻ വിശ്വസിക്കുന്നു. കുസുമയുടെ പ്രവർത്തനത്തിൽ ഞാൻ അഭിമാനംകൊള്ളുകയാണു്.

കുസുമ: ആവൂ! എന്നെപ്പററി അപ്പോൾ സ്നേഹമുണ്ടു്.

കമ്മ്ചന്ദ്രൻ: (കുസുമയുടെ കരം പിടിച്ചിട്ടു്) ഇല്ലെന്നാരു പറഞ്ഞു. എൻെറ ചുററിനും ചൂഴന്ന ഇരുളിൽ കുസുമ എനിക്കൊരു വെളിച്ചമാണു്.

കുസുമ: പിന്നെ എന്നെ വിട്ടിട്ടു പോകുന്നു എന്നു പറഞ്ഞതോ?

കമ്മ്ചന്ദ്രൻ: അങ്ങനെ പറഞ്ഞുപോയതിനു് ഒരു ശിക്ഷ നിശ്ചയിച്ചുകൊള്ളൂ.

കുസുമ: (ചിരിച്ചിട്ടു്) ആ ശിക്ഷ എന്തെന്നു് ഞാൻ അങ്ങയെ ആദ്യമായി കണ്ടപ്പോഴേ നിശ്ചയിച്ചതാണു്.

കമ്മ്ചന്ദ്രൻ: എന്താണെന്നു പറയൂ, കേൾക്കട്ടെ.

കുസുമ: ഇപ്പോൾ പറകയില്ല. എൻെറ സേവാസദനത്തിൻെറ ഉൽഘാടനം കഴിഞ്ഞു പറയും.

KIDANGANKUZHI

(കൃഷ്ണജി പ്രവേശിച്ച് രണ്ടുപേരെയും ഈൗർഷ്യയോടെ നോക്കുന്നു. കുസുമ കർമ്മചന്ദ്രന്റെ കൈയിൽനിന്നും കൈ തിരിച്ചെടുക്കുന്നു.)

കൃഷ്ണജി: ഉം, ഞാൻ ഉദ്ദേശിച്ചതുപോലെതന്നെ.

കർമ്മചന്ദ്രൻ: താൻ എന്തുദ്ദേശിച്ചു?

കൃഷ്ണജി: കയറു പൊട്ടിച്ചാൽ പിന്നെ കന്നു് വയലിലേ കാണുകയുള്ളു എന്നു്.

കുസുമ: കന്നു പിന്നെ മാർക്കററിങ്ങിനു പോകുമെന്നു താൻ വിചാരിച്ചോ?

കൃഷ്ണജി: ഇതൊന്നും കൊള്ളുകില്ല കേട്ടോ. അച്ഛനും അമ്മയുംകൂടെ കുസുമക്കുട്ടിയുടെ കാര്യം എന്നെയാണു് ഏല്പിച്ചിരിക്കുന്നതു്. ഇനിയും ഈ നടപടിയൊക്കെ നിർത്തിവെച്ചേ മതിയാകൂ. എനിക്കു വാഗ്ദാനം ആയിക്കഴിഞ്ഞു.

കുസുമ: (ചിരിച്ചിട്ടു്) ആരുടെ?

കൃഷ്ണജി: തരേണ്ടവരുടെ

കുസുമ: കൃഷ്ണജീ! മര്യാദയായി സംസാരിക്കൂ.

കൃഷ്ണജി: (കർമ്മചന്ദ്രനോടെന്നവണ്ണം) സകല കാമുകന്മാർക്കും ഞാൻ ഒരു നിരോധനാജ്ഞ നൽകുകയാണു്. കഴിഞ്ഞതെല്ലാം ഞാൻ മറന്നിരിക്കുന്നു. മേലാൽ—

കുസുമ: (കർമ്മചന്ദ്രനോടു്) ഇയാൾ എന്തൊക്കെയോ ഭ്രാന്തുപറകയാണു്. അങ്ങു വെറുതെ എന്നോടു പരിഭവിക്കരുതെ. (കൃഷ്ണജിയോടു്) വാഗ്ദാനം അനുസരിച്ചാണോ താൻ എന്നെ തിരക്കി പുറപ്പെട്ടിരിക്കുന്നതു്?

കൃഷ്ണജി: ഹും! ഭാവിഭർത്താവായ എന്നെ താനെന്നു്! ഈ വെറും മനുഷ്യനെ അങ്ങെന്നു്! മൗലികാവകാശം എത്രമാത്രം അധഃപതിച്ചു!

കുസുമ: താൻ പൊയ്ക്കോളൂ. ഞാൻ വന്നുകൊള്ളാം.

കൃഷ്ണജി: ഒരിക്കലുമില്ല. കുസുമക്കുട്ടിയേയുംകൊണ്ടേ ഞാൻ

പോകയുള്ളൂ. അമ്മ പറഞ്ഞയച്ചതാണ്. അതുമല്ല, ഈ ഖലനോടൊത്ത് ഇവിടെ വിട്ടിട്ടു പോകാനോ—ശരിയായിപ്പോയി.

കുസുമ: (നീരസത്തോടെ) ഖലനോ—

കൃഷ്ണജി: കുസുമക്കുട്ടി ഭരണഘടന വായിച്ചിട്ടുണ്ടോ?

കുസുമ: താൻ വായിച്ചിട്ടുണ്ടോ?

കൃഷ്ണജി: ഞാൻ എന്തിനു വായിക്കണം!

കുസുമ: മര്യാദയായി പെരുമാറാത്തവക്കുള്ള സമ്മാനക്കാര്യം അതിൽ പറഞ്ഞിട്ടുണ്ട്. (കർമ്മചന്ദ്രനോട്) ഒരു മറയനാണിയാൾ. അച്ഛൻ ദേഷ്യപ്പെട്ട് എന്തോ പറഞ്ഞുപോയതു് ഇയാൾ അതേപടി വിശ്വസിക്കുന്നു. (കൃഷ്ണജിയോട്) താൻ പൊയ്ക്കൊള്ളൂ.

കൃഷ്ണജി: കുസുമകൂടി വരാതെ ഞാൻ പോകയില്ല. വരികയില്ലെങ്കിൽ വരുന്നതുവരെ ഞാൻ ഇവിടെ ഇരിക്കും; മൗനനിരാഹാരസത്യഗ്രഹവ്രതമായിട്ട്.

കർമ്മചന്ദ്രൻ: (ചിരിച്ചിട്ട്) ഹും! ശത്രുവിൻെറ മനസ്സിൽ പ്രേമംകൊണ്ടും, സ്വയംസഹനംകൊണ്ടും സൽഭാവം ഉളവാക്കുവാനും, അങ്ങനെ അയാളെ മാനസാന്തരപ്പെടുത്തുവാനും ഗാന്ധിജി അവലംബിച്ച മാർഗ്ഗം! അതെങ്ങനെയെല്ലാം ദുരുപയോഗപ്പെടുത്തുന്നു.

കൃഷ്ണജി: പ്രേമംകൊണ്ടാ ഞാനും ഇതു ചെയ്യുന്നതു്.

കർമ്മചന്ദ്രൻ: ഇതു് അക്രമമാണ്. മഹാത്മജി ഇതിനൊന്നുമല്ല സത്യഗ്രഹം നിർദ്ദേശിച്ചതു്.

കൃഷ്ണജി: മഹാത്മജിക്കു് ഈ അവസ്ഥ വന്നില്ല. അതുകൊണ്ടു നിർദ്ദേശിച്ചില്ല.

കുസുമ: വിഷമമായി, ഇയാൾ പോകുകയുമില്ല, മിണ്ടാതിരിക്കുകയുമില്ല. ഞാൻ പോയിട്ടുവരാം. ആ സേവാസദനത്തിനു് കുറെ പണംകൂടി പിരിക്കേണ്ടിയിരിക്കുന്നു.

പരിശീലനകേന്ദ്രത്തിനു വേണ്ട സാധനങ്ങൾക്ക് ആർഡർ കൊടുക്കണം. എല്ലാത്തിനും അങ്ങയുടെ സഹായം വേണം. (കമ്മ്ചന്ദ്രനെ തൊഴുതിട്ടു പോകുന്നു.)

കമ്മ്ചന്ദ്രൻ: (ചിരിച്ചിട്ട്) ഇനിയും തനിക്കു വ്രതം സമാപിക്കാം. മധുരനാരങ്ങാനീരു്—

കൃഷ്ണജി: (എഴുന്നേററു തൊഴുതുകൊണ്ട്) എൻെറ സാറേ! എനിക്കൊരപേക്ഷയുണ്ട്. അങ്ങ് ഒരു ഗാന്ധിശിഷ്യൻ. അങ്ങെന്തെന്തിനാ ഭാര്യ?

കമ്മ്ചന്ദ്രൻ: എനിക്കു ഭാര്യയില്ലല്ലോ.

കൃഷ്ണജി: ഈ കുസുമ അതിനായി നടക്കയല്ലേ. സാറു നല്ലവനാ. സാറിനാ വിചാരമില്ല. ഒന്നു പറഞ്ഞേക്കാം. സംബന്ധം ചെയ്തുപോയാൽ പിന്നെ ഈ സർവ്വോദയത്തിനെന്നല്ല, കൊള്ളാവുന്ന ഒരെണ്ണത്തിനും ഒരു കാര്യം നേരാംവണ്ണം ചെയ്യാനൊക്കുകയില്ല. ഓരോരുത്തന്മാർ പെടുന്ന പാടു കാണുന്നില്ലേ. വെറും ഉപ്പുചാക്കും ചുമന്നുകൊണ്ടു നടക്കുന്ന ഏർപ്പാട്. അതുകൊണ്ടു കുസുമക്കുട്ടിയുടെ പേരിലുള്ള കൺട്രോൾ ഒന്നങ്ങു പിൻവലിച്ചാട്ടെ. (തൊഴുതിട്ടു പോകുന്നു.)

(കമ്മ്ചന്ദ്രൻ പൊട്ടിച്ചിരിക്കുന്നു.)

(കർട്ടൻ)

# രംഗം എട്ട്

[പുന്നമൂടിൻെറ ഭവനത്തിൻെറ മുൻവശം. പുന്നമൂട്ട് കയറിവരുന്നു. പുറകെ മാതുമൂപ്പൻ കുറെ പൊതിക്കെട്ടുകളുമായുണ്ട്. പുന്നമൂട്ട് ഒരു കസേരയിലും മാതുമൂപ്പൻ ഒരു ബഞ്ചിലും ഇരിക്കുന്നു. മാതുമൂപ്പൻ ഇരിക്കുന്നതിനു മുമ്പ് പൊതിക്കെട്ടുകൾ മേശപ്പുറത്തു വെയ്ക്കുന്നു.]

പുന്നമൂട്ട്: (വടികൊണ്ട് അകത്തേക്കുള്ള കതകിൽ തട്ടി

കൊണ്ടു്) കാത്തീ! കാത്തീ! ഹും! വെളിയിൽ ഒരു പരിഷയുമില്ല. വല്ലവനുമാണു് വല്ലതും എടുത്തുകൊണ്ടുപോയാൽ ആരറിയും. അതോ ഇവിടെ വരുന്നവനെല്ലാം ഒന്നാംതരം കള്ളന്മാരാ.

(മാതുമൂപ്പൻ തന്നെ സംശയിക്കുന്നുണ്ടോ എന്നു പരിഭ്രമിക്കുന്നു.)

ഛേ! തന്നെ ഉൾപ്പെടുത്തിയല്ല പറഞ്ഞതു്. താൻ മാന്യൻ. പൊതുവേ പറഞ്ഞതാ.

(കാത്തി കതകുതുറന്നു് എത്തുന്നു.)

ങ്ദ! വന്നോ. (നെഹ്രുകോട്ടു് ഊരി ഭാര്യയെ ഏല്പിച്ചിട്ടു്) എൻെറ കാത്തീ, ആ കുഞ്ചുവും ഹിന്ദിയും പുഷ്കരൻകുട്ടിയും ഒക്കെ എവിടെ പോയിരിക്കുവാ. വല്ലവനും, വല്ല ഹർജ്ജിക്കാര്യത്തിനും വന്നാൽ ഒരുത്തനെങ്കിലും വെളിയിൽ കാണേണ്ടെ.

കാത്തി: കുഞ്ചുവിനെ ഞാൻ ഒന്നയച്ചിരിക്കുവാ, ആ മററെ അവനെപ്പററി ഒന്നറിഞ്ഞോണ്ടുവരാൻ.

പുന്നമൂട്ടു്: ഏതു മററെ അവൻ?

കാത്തി: ആ ശ്രീവിലാസത്തു് ആലോചനയ്ക്കു വന്നവനേ, കുറുപ്പിൻെറ മകൾക്കു്. രണ്ടുദിവസം കുഞ്ചു പോയി, നാ ചന്തയ്ക്കു പോയതുപോലെ. വീണ്ടും പോയിരിക്കുവാ. മറേറ അവന്മാരു് എവിടെപ്പോയി?

പുന്നമൂട്ടു്: ആ—എന്നോടു ചോദിച്ചാലോ.

കാത്തി: മാതുമൂപ്പൻെറ കാര്യം എന്തായി?

പുന്നമൂട്ടു്: അതൊക്കെ ശരിയായി.

കാത്തി: ങ്ദാഹാ! എന്നിട്ടാണോ ഇയാളു് ബാഗു തുറക്കാതെ വച്ചിരിക്കുന്നതു്. ബാക്കികൂടി ഇങ്ങെടുത്താട്ടെ.

മാതുമൂപ്പൻ: എന്താ ഈ പറയ്ണതു്. ഒന്നും ആയില്ലെന്നേ. ചുമ്മാ ആയി ആയി എന്നു പറക്യാ.

പുന്നമൂട്ടു്: റിപ്പോർട്ടു വരട്ടെടോ മനുഷ്യാ. അല്ലെ പറയു

ന്നതു കേട്ടില്ലെ. റിപ്പോർട്ടവരുത്താതെ വല്ലതും ചെയ്യാനൊക്കുമോ? സക്കീട്ട കഴിഞ്ഞ് ഇന്നു വന്നതേയുള്ളു. കാർത്തീ! എന്നോട്ട പ്രത്യേകം പറഞ്ഞു, പരിഭവിക്കരുത്, റിപ്പോർട്ട വന്നാലുടൻ വേണ്ടതു ചെയ്തുകൊള്ളാമെന്ന്.

മാതുമൂപ്പൻ: (നിരാശയോടെ) ആയിരംകൂട്ടാ അങ്ങോക്ക്. അതിനിടയിൽ ഇതു് ഓത്തിരിക്യാ.

കാത്തി: ആരെയാ കണ്ടതു്?

(പുന്നമൂട്ട് കാർത്തിയുടെ ചെവിയിൽ എന്തോ മന്ത്രിക്കുന്നു. കാത്തി പുന്നമൂടിന്റെ ചെവിയിലും)

ഓഹാ! എന്നിട്ടാണോ ഇയാള് പേടിക്കുന്നതു്.

പുന്നമൂട്ട്: ചെ! ധൈര്യത്തോടെ ഇരിക്കു. ആകട്ടെ, താൻ കണ്ടോ ആ ഡഫേദാർ എന്നെ തൊഴുതതു്?

മാതുമൂപ്പൻ: അങ്ങോര് എന്നെയും തൊഴുതിരിക്ണു. തൊഴീൽ ഒരു ലോഹ്യല്ലെ?

പുന്നമൂട്ട്: കണ്ടോ കണ്ടോ എന്റെകൂടെ വന്നതേയുള്ളു. എന്നിട്ട് തന്നെ തൊഴുതു. അയാളുടെ ഭയവും ഭക്തിയും താൻ കണ്ടോ?

മാതുമൂപ്പൻ: നോൻ ഒരു കുന്തോം കണ്ടില്യ.

പുന്നമൂട്ട്: താൻ കണ്ടുകാണുകയില്ല. താൻ അവിടെ ഇരുന്ന് മുറുക്കുകയല്ലായിരുന്നോ. (കാത്തിയോട്ട്) നിന്റെയും കുഞ്ഞുങ്ങളുടെയും കാര്യം ഒക്കെ ചോദിച്ചു അദ്ദേഹം.

കാത്തി: അല്ലേ പിന്നെ ചോദിക്കാതിരിക്കുമോ. എത്ര കാപ്പീം കഞ്ഞീം കുടിച്ചതാ ഇവിടന്ന്.

പുന്നമൂട്ട്: പാർട്ടിയുടെ സൃഷ്ടിപരിപാടിയെപ്പററി പറഞ്ഞു, ലോകകാര്യം പറഞ്ഞു; ഒടുവിൽ കാപ്പി കുടിച്ചിട്ടേ പോകാവൂ ചേട്ടാ എന്നായി. ഇങ്ങേരു താഴെ

ഇരിക്കുന്നല്ലോ എന്നു കരുതി ഞാൻ വേഗം ഇങ്ങു പോന്നു. താൻ എന്തോന്നാടോ മാതുമൂപ്പാ മുറുമുറുക്കുന്നതു്? പുതിയ പദ്ധതി വല്ലതുമാണോ?

(മാതുമൂപ്പൻ പൊതി അഴിച്ചു മുറുക്കുന്നതിനിടയിൽ, മുറുക്കാൻപൊതിയിൽ വെററിലയോടൊന്നിച്ചിരുന്നുപോയ ഒരു പത്തുരൂപാനോട്ടെടുത്തു് തട്ടിക്കുടഞ്ഞു് ഊതി അടുത്തുവയ്ക്കുന്നു.)

മാതുമൂപ്പൻ: (നോട്ടിൽ നോക്കിയിട്ടു്) എന്താ പറക. ആകെക്കൂടി ഇവൻ മിച്ചോണ്ട്. അങ്ങു ചെന്നെത്താൻ തികയുമോന്നു സംശയിക്യാ. എല്ലാം പോട്ടെന്നു വയ്ക്കാന്, ആ ആയിരം ഏക്കറിന്റെ ചീട്ടു കൈയിൽ കിട്ടിയാന്നെങ്കിൽ. അതു നാസ്തി. കിട്ടില്യെന്നാ തോന്നണതു്. അതിനിടയിൽ കടയിലേക്കു പിടിച്ചൊരു കയററല്യം.

കാത്തി: റിപ്പോർട്ടു വരട്ടെ മാതുമൂപ്പാ. റിപ്പോർട്ട് ഇങ്ങോട്ടു പോരുമ്പം, അതിന്റക്കൂടെ പോരെ.

മാതുമൂപ്പൻ: റിപ്പോർട്ടു വരിക എളുപ്പെന്നാ നെനയ്ക്കിണതു്. കീഴ്പ്പെട്ടുപോയാ തിരിച്ചുവരൽ ഇല്ല്യെന്നേ. കുത്തിപ്പൊക്കി അയപ്പിക്കാമെന്നു വച്ചാൽത്തന്നെയും സംഗതി ആയിരംപേരറികയായി. വഷളന്മാരുള്ള നാടാ. പിന്നെ പൂജ്യാ. (തന്നത്താൻ എന്നവണ്ണം) ആ കൃഷ്ണജി നോനെ ധരിപ്പിച്ചതു് അങ്ങനെയൊന്നും അല്ലാന്. ഏഭ്യൻ ചതിക്യാ ചെയ്തതു്.

(പുഷ്കരൻകുട്ടി പ്രവേശിക്കുന്നു.)

കാത്തി: നീ എവിടെയായിരുന്നു പുഷ്കരൻകുട്ടീ ഇതുവരെ?

പുഷ്കരൻകുട്ടി: ഒരാവശ്യമായിട്ടു വെളിയിൽ പോയിരുന്നു. (മാതുമൂപ്പനെ നോക്കിയിട്ടു് ആരാ ഇയാൾ എന്നു് അമ്മയോടു് ആംഗ്യംകൊണ്ടു ചോദിക്കുന്നു.)

കാർത്തി: അച്ഛൻെറ ഒരു കക്ഷി. വടക്കനാണെങ്കിലും നല്ലയാളാ മാതുമൂപ്പൻ.

പുന്നമൂട്ട്: (മാതുമൂപ്പനോട്ട്) എൻെറ മകൻ പുഷ്കരൻ കുട്ടി. വലിയ രാഷ്ട്രീയക്കാരനാണ്. എന്നെക്കാൾ നൂറു മടങ്ങു സമർത്ഥൻ. പ്രമാണികൾക്കൊക്കെ ഇവനെ എന്തൊരു കാര്യമാണെന്നറിയാമോ? വിവാഹമൊക്കെ നിശ്ചയിച്ചുവരികയാ.

മാതുമൂപ്പൻ: (തൻെറ കാര്യം സാധിക്കാത്തതിലുള്ള വിഷമം നിമിത്തം പരിക്ഷീണനായി ഒരു പാക്കുകഷണം എടുത്തു് ഊതി കടിച്ചുപൊട്ടിക്കുന്നതിനിടയിൽ) ഒന്നും കേൾക്കണ്ട. നോൻ സ്വന്തം കാര്യം ആലോചിക്യാ. ഒരു എം. എൽ. എ. ക്കാരൻ ഉണ്ടാന്ന്. അങ്ങോരെ പിടിച്ചിരുന്നെങ്കിൽ കാര്യം പററിയേനേം, ആർഡറുംകൊണ്ട് പോകാന്ന്.

(പുഷ്കരൻകുട്ടി മാതുമൂപ്പനെ സമീപിച്ച് അയാളുടെ പൊതിയുടെ അട്ടത്തിരുന്ന പത്തുരൂപാനോട്ട് പെട്ടെന്നെടുത്തു് കീശയിൽ ഇടുന്നു. മാതുമൂപ്പൻ "ഹെടാ! ജംബുകാ!" എന്നു ഗർജ്ജിച്ചുകൊണ്ട് അയാളുടെ കൈക്കു കടന്നു പിടിക്കുന്നു.)

പുഷ്കരൻകുട്ടി: (കൈ കുതറിയിട്ട്) എന്തിനാടോ മനുഷ്യാ കേറിപ്പിടിക്കുന്നതു്.

മാതുമൂപ്പൻ: ഛീ! നില്ലെടാ തസ്കരാ. ആ ഉറുപ്പിക താഴെവയ്ക്കു ഹെ.

പുഷ്കരൻകുട്ടി: ഇതു് എൻെറ മൗലികാവകാശമാണ്. ഇല്ലാത്തപ്പോൾ ഉള്ളിടത്തുനിന്നും എടുക്കുന്നതു്.

പുന്നമൂട്ട്: (ആഹ്ലാദത്തോടെ) എന്തു പറയുന്നു മാതുമൂപ്പാ, പുഷ്കരൻകുട്ടിയുടെ ആ തത്വത്തെപ്പററി?

മാതുമൂപ്പൻ: (കോപത്തോടെ) പറക മാത്രമല്ല, കുറച്ചു പ്രവർത്തിച്ചാൽക്കൂടി കൊള്ളാമെന്നൊണ്ട്, നോന്. ഇങ്ങനെയാ മക്കളെ വളർത്തുക. ഭേഷായിരിക്ണ കാര്യം.

ചെന്നുപററാൻ ഉറുപ്പിക തികയില്ലല്ലോ എന്നു പരുങ്ങിയിരിക്കുമ്പൊഴാ ഉള്ളതുംകൂടി അങ്ങു പിടിച്ചു പറിക്യ. തെമ്മാടിച്ചെക്കൻ. നോക്കണോ മൂങ്ങയെപ്പോലെ.

പുഷ്കരൻകുട്ടി: എൻെറ പാർട്ടിഫണ്ടിനാടോ ദാരിദ്ര്യവാസീ. താൻ ഒരു തുന്നപ്പാണനാ.

മാതുമൂപ്പൻ: എന്തുവേണങ്കി വിളിച്ചോളൂ. ഉറുപ്പിക തിരിച്ചുവാങ്ങാതെ വിടില്യ.

(പുഷ്കരൻകുട്ടി നടക്കുന്നു. മാതുമൂപ്പൻ തടയുന്നു. പുഷ്കരൻകുട്ടി ബാഗിനു് ഒരു തട്ടുകൊടുക്കുന്നു. ദൂരെപ്പോയി വീണ ബാഗിൻെറ പിന്നാലെ മാതുമൂപ്പൻ ഓട്ടുന്നതിനിടയിൽ പുഷ്കരൻകുട്ടി മറയുന്നു. പുന്നമൂട്ടും ഭാര്യയും പരസ്പരം നോക്കിച്ചിരിക്കുന്നു.)

കാർത്തി: പോട്ടെന്റെ മാതുമൂപ്പാ. പുഷ്കരൻകുട്ടി ആരുടേയും അങ്ങനൊന്നും എട്ടുക്കുന്നവനല്ല. കൊട്ടത്താൽപ്പോല്യം വാങ്ങാത്ത അഭിമാനിയാ.

മാതുമൂപ്പൻ: അതു കണ്ടുകഴിഞ്ഞിരിക്ണു!

പുന്നമൂട്ട്: ശരിയാ കാർത്തി പറഞ്ഞതു്. ഇതു പിന്നെ പാർട്ടിഫണ്ടിലേക്ക്, തന്നോടുള്ള സ്നേഹംകൊണ്ടെടുത്തതാ.

മാതുമൂപ്പൻ: സ്നേഹം! സ്നേഹം ജാസ്തി തോന്നിയാന്നെങ്കിൽ അവൻ നോൻെറ ഉടുതുണികൂടി പറിക്കുമാന്നു. ഇനീം ഇണ്ടല്ലോ സാറിൻെറ സൃഷ്ടിപരിപാടിയിൽ ഒരെണ്ണുംകൂടി—ഒരു പെണ്ണു്. അവൾ എത്തി ഈ മുറുക്കാൻപൊതീം സഞ്ചീം കൂടി കവന്നുകൊണ്ടോടാതിരുന്നാൽ ഭാഗ്യം.

പുന്നമൂട്ട്: ഇല്ലെടോ, താൻ പേടിക്കേണ്ട.

കാർത്തി: അവൾ ഇവിടെ ഇല്ല.

മാതുമൂപ്പൻ: ഹും! നമുക്കുമുണ്ട് പത്തുപതിനൊന്നു സൃഷ്ടിപരിപാടി. അവരിങ്ങനെ വല്ല വഷളത്തോം കാട്ടി

യാൽ പൃഷ്ഠത്തിലെ തൊലി പൊളികൃയായി. എന്റെ ഗുരുവായൂരപ്പാ! ഞാൻ ഇനിയും എങ്ങനെയാ അങ്ങു ചെന്നുപററുക? പത്തുന്തൂറുനാഴിക ഒക്കെ നടക്കവേ ഈ വയസ്സുകാലത്ത്.

കാത്തി: കള എന്റെറ മാതുമൂപ്പാ, രണ്ടാഴ്ചകഴിഞ്ഞു് ആർഡറു വാങ്ങാൻ താൻ ഏതായാലും വരണമല്ലോ. അപ്പോൾ കൊണ്ടുവരുന്ന കാറുകൂലിയിൽ കുഞ്ഞു് എടുത്ത പത്തുരൂപാ കുറച്ച് തന്നാൽ മതി.

പുന്നമൂട്ട്: പൊയ്ക്കോള്ളു, പൊയ്ക്കോള്ളു. എനിക്കു വേറെ കുറെ ജോലിയുണ്ടു്, പല പദ്ധതികൾ.

(മാതുമൂപ്പൻ ഈർഷ്യയോടെ മുറുക്കാൻപൊതിയും ബാഗും എടുത്തുകൊണ്ടു് ഇറങ്ങിപ്പോകുന്നു. അയാളുടെ ചെരിപ്പുകൾ അവിടെക്കിടന്നുപോകുന്നു.)

കാത്തി: മാതുമൂപ്പൻ പിണങ്ങിയാ പോയതെന്നു തോന്നുന്നു. എന്താ അയാളുടെ കാര്യം പററുകില്ലേ?

പുന്നമൂട്ട്: ആരെങ്കിലും ചെന്നു പറഞ്ഞാലുടനെ അങ്ങു ചെയ്യാനിരിക്കുകയാണോ അവർ. ശുപാർശകളൊന്നും കേൾക്കില്ലെന്നാ നില. ഏതായാലും ആയിരം ഏക്കറിനു് ഒരു ഹർജി ഒപ്പിട്ടുവിച്ചുകൊടുത്തു.

(കൃഷ്ണജി പതുക്കെ പ്രവേശിക്കുന്നു.)

താൻ വഴിയിലെങ്ങാനും കണ്ടോടോ ആ മാതുമൂപ്പനെ?

കൃഷ്ണജി: ഞാൻ കണ്ടു. അയാൾ എന്നെ കണ്ടില്ല. അയാളുടെ മുഖഭാവം കണ്ടപ്പോഴേ ഞാൻ ഒളിച്ചുകളഞ്ഞു. അയാളുടെ കാര്യം ഒന്നും പററത്തില്ലെ?

പുന്നമൂട്ട്: അപേക്ഷ കൊടുത്തു.

കൃഷ്ണജി: ആർഡർ കൈയോടെ വാങ്ങിക്കൊടുക്കുമെന്നു കരുതിയാ രൂപാ തന്നതു്. (ചെരിപ്പു കണ്ടിട്ടു്) അയ്യോ! പാവം! ചെരിപ്പു മറന്നിട്ടിട്ടാണു പോയതു്.

ഉം! കിട്ടിയതാകട്ടെ. (ചെരിപ്പു കാലിൽ ഇട്ടു നടക്കു ന്നു.) കൊള്ളാം, എൻെറ കാലിനു പാകമാണു്.

(മാതുമൂപ്പൻ തിരിച്ചുവന്നു് ചെരിപ്പു നോക്കുന്നു. കാണുന്നില്ല.)

ആഹാ! മാതുമൂപ്പനോ. എന്നെക്കാണാതെ കടന്നു കളഞ്ഞോ എന്നു ഞാൻ സങ്കടപ്പെട്ടുകയായിരുന്നു.

മാതുമൂപ്പൻ: (കോപത്തോടെ) നോൻ ഇപ്പഴൊന്നും മിണ്ടി ണില്യ. വെളിയിൽ എങ്ങാനുംവച്ചു് തന്നെ എൻെറ കൈയിൽ കിട്ട്യാൻ്റ എങ്കിൽ—എടോ! ആ വെള്ളരി ക്കാക്കുമ്പാരംപോലെ ഇരിക്്ണതിൻെറ വിലയെല്ലാം എന്നെക്കൊണ്ടു കൊട്ടപ്പിച്ചതോ പോട്ടെ, വയ്യാത്ത എന്നേക്കൊണ്ടു് അതു ചൊമപ്പിക്യേം ചെയ്തില്യേ?

കൃഷ്ണജി: (മാതുമൂപ്പനെ പിടിച്ചുകുലുക്കിക്കൊണ്ടു്) സാര മില്ലെന്നേ.

മാതുമൂപ്പൻ: ചെഃ! എന്തോന്നെടാ മാങ്കൊമ്പു പിടിച്ചു കു ലുക്്ണതുപോലെ കുലുക്്ണത്. (മാറിനില്ക്കുന്നു.) ആർഡർ എവിടെന്നു ചോദിക്കു അങ്ങട്.

പുന്നമൂട്ട്: മിണ്ടാതിരിയെടോ, ഇയാൾ എന്തൊരു കക്ഷി യാണു്.

കൃഷ്ണജി: അതിനു് ആരു പറഞ്ഞു, തന്നോട്ടു് ഉടനെ പോ കാൻ. ഉത്തരവും വാങ്ങിക്കൊണ്ടു പോയാൽ മതി ഹെ! ഇവിടെ വല്ല ഹോട്ടലിലെങ്ങാനും താമസിക്കു.

മാതുമൂപ്പൻ: അതെ അതെ. ആർഡറു കിട്ട്ണവരെ ഇവിടെ തപസ്സുചെയ്തോണ്ടിരിക്കാൻ നോന് സമ യില്യ. (വീണ്ടും താഴെ നോക്കുന്നു.) രണ്ടു ചെരിപ്പുകൾ ഇവിടെവിടെയോ ഇട്ടാൻ്റ. അത് ആ പെൺകുട്ടി വന്നു അപഹരിച്ചിരിക്കും.

കാർത്തി: ഇവിടെ ആരും വന്നുമില്ല, അപഹരിച്ചുമില്ല. താൻ ആ കടയിലെങ്ങാനും ഇട്ടിട്ടു പോന്നിരിക്കും.

മാതുമൂപ്പൻ: ഇവിടെ ഇട്ടതായി നല്ല ഓമ്മ.

കൃഷ്ണജി: എന്നാൽ നാ എട്ടത്തുകൊണ്ടുപോയിരിക്കും.

മാതുമൂപ്പൻ: ഇവിട്ടത്തെ നാപോല്യം അതിനു പോരുന്ന താ. (കൃഷ്ണജിയുടെ കാലിൽ നോക്കിയിട്ട്) എടാ! ഹെടാ! അതാ താൻ ഇട്ടിരിക്ക്ണ നോന്റെ ചെരിപ്പ്: അതുതന്നെ.

കൃഷ്ണജി: ഓ! ഇതു തൻേറതാണോ. അപ്പോൾ എൻേറ ചെരിപ്പ് എവിടെപ്പോയി. (ആലോചിക്കുന്നു.)

കാത്തി: താൻ ആ കടയിൽ പോയെങ്കിൽ അവിടെവെച്ചു മാറിപ്പോയതാ.

മാതുമൂപ്പൻ: (ദേഷ്യത്തോടെ) അതിങ്ങു തന്നിട്ട് ആലോചിക്യാ ഭേദം.

(കൃഷ്ണജി മടിച്ചു മടിച്ചു ചെരിപ്പു കൊടുക്കുന്നു. മാതുമൂപ്പൻ കാലിൽ ഇട്ടിട്ട് ഒന്നുരണ്ടടി നടക്കുന്നു.)

മാതുമൂപ്പൻ: (പുന്നമൂടിനോട്ട്) എല്ലാം ഭദ്രായിട്ട് ഇവിട്ടത്തെ കാര്യാണെന്നുവച്ചു നോക്കിക്കൊണ്ടാ മതി. ശുഭസ്യ ശീഘ്രം.

പുന്നമൂട്ട്: വേണ്ടതെല്ലാം ഞാൻ ചെയ്തുകൊള്ളാം. ധൈര്യമായി പൊയ്ക്കൊള്ളു. ധിറുതി പിടിപ്പിക്കരുതെന്നു മാത്രം.

മാതുമൂപ്പൻ: (തൊഴുതു യാത്രപറഞ്ഞു പോകുന്നതിനിടയിൽ) ആ ചെക്കൻ, പിടിച്ചുപറിക്കാരനെ—വ്യാധൻേറ ജനനാ—വഴീലെങ്ങാനും നില്പുണ്ടോ ആവോ. (പോകുന്നു.)

പുന്നമൂട്ട്: (ഉച്ചത്തിൽ) പിന്നെ—ആ നാട്ടിലെങ്ങാനും ഇതുപോലെ വലിയ കാര്യം വല്ലതും സാധിക്കാനുള്ള കക്ഷികളുണ്ടെങ്കിൽ ഇങ്ങോട്ടു പറഞ്ഞയച്ചേക്കണം.

കൃഷ്ണജി: (ചിരിച്ചിട്ട്) അയാളുടെ ശത്രുക്കൾ വല്ലവരും

ഉണ്ടെങ്കിൽ പറഞ്ഞയയ്ക്കും. തെണ്ടി! രണ്ടു പാതാണി ചെരുപ്പു മറന്നിട്ടിട്ടുപോയിട്ട്, അവൻ തിരിച്ചുവന്നിരിക്കുന്നു അതെടുക്കാൻ. (പുന്നമൂടിനോട്) എൻെറ കമ്മീഷൻ—

പുന്നമൂട്: തനിക്കു കമ്മീഷനോ. ഇതെല്ലാം തനിക്കല്ലെ. അല്ലെ കാത്തീ—(കണ്ണിറുക്കുന്നു.) താൻ ആ കെട്ടുകളെല്ലാം എടുത്തു് അകത്തു കൊണ്ടുപോയി വയ്ക്കു്. (അകത്തേക്കു പോകുന്നു.)

(കർട്ടൻ)

## രംഗം ഒമ്പതു്

[ശ്രീവിലാസംബംഗ്ലാവിലെ ഹാൾ. മേശയുടെ ഇരുഭാഗത്തുമായി പങ്കജവും ലതയും നില്ക്കുന്നു. മേശപ്പുറത്തു കിടക്കുന്ന കടലാസുകളിലെ ഉള്ളടക്കം ലത ശ്രദ്ധയോടെ പരിശോധിക്കുകയാണ്.]

പങ്കജം: ഓരോ ക്രാഫ്ററിലും പരിശീലനം തീരുന്ന മുറയ്ക്കു്, വേണ്ട യന്ത്രസാമഗ്രികൾ കടമായി നൽകിക്കൊള്ളാമെന്നു് വ്യവസായവകുപ്പു സമ്മതിച്ചിട്ടുണ്ടു്.

ലത: അപ്പോൾ മൂലധനത്തിൻെറ വിഷമം തീന്നു.

പങ്കജം: അവയുടെ വില പത്തുവർഷംകൊണ്ടു് അടച്ചു തീത്താൽ മതി.

ലത: അതു വിഷമമുള്ള കാൎയ്യമല്ല. തൊഴിൽചെയ്തുണ്ടാകുന്ന ആദായത്തിൽ ഒരംശം കൊടുത്താൽ മതിയല്ലൊ.

പങ്കജം: പരിശീലനം ലഭിച്ചവർ സഹകരണസംഘങ്ങളായി സംഘടിച്ചു പ്രവത്തിക്കുവാനാണു് നിശ്ചയിച്ചിട്ടുള്ളതു്.

ലത: അങ്ങനെതന്നെ വേണം. ഇതു സഹകരണത്തിന്റെ യുഗമാണു്.

പങ്കജം: സാധുക്കളുടെ പുരോഗതി സഹകരണംകൊണ്ടേ സാദ്ധ്യമാകൂ എന്ന വിശ്വാസക്കാരിയാണു് കുസുമ.

ലത: കുസുമ ഒരു അത്ഭുതസൃഷ്ടിയാണു്. ഇതാണു് യഥാർത്ഥസേവനം.

പങ്കജം: പക്ഷേ, പണത്തിനുവേണ്ടി വളരെ ക്ലേശിക്കുന്നുണ്ടു്.

ലത: പണമില്ലാത്ത കാരണംകൊണ്ടു് മഹത്തായ ഒരു സംരംഭവും നടക്കാതെയിരുന്നിട്ടില്ല പങ്കജം!

പങ്കജം: എന്നുതന്നെയാണു കുസുമയും പറയുന്നതു്. എന്തൊരു ശുഭാപ്തിവിശ്വാസം. ഒരു ചെറിയ വീടു പുലർത്തുവാൻ കഴിവില്ലാതെ ഞാൻ ആത്മഹത്യചെയ്യുവാൻ തുടങ്ങി ലതേ! അതോക്കുമ്പോൾ, കുസുമ എന്തൊരു ബ്രഹ്മാണ്ഡം വീടാണു പുലർത്തുവാൻ പോകുന്നതു്. അഞ്ഞൂറംഗങ്ങളുള്ള ഒരു വീടു്. പാവം! ഊണില്ല, ഉറക്കമില്ല. ഈ ഒരേയൊരു ചിന്തമാത്രം. എല്ലാം ഒരാഴ്ചയ്ക്കുള്ളിൽ തുടങ്ങണമെന്നാണു് തീരുമാനം.

ലത: എന്നിൽനിന്നും കൂടുതലായി എന്തൊരു സഹായമാണു് കുസുമ ഉദ്ദേശിക്കുന്നതു്?

പങ്കജം: അതൊന്നും പറഞ്ഞില്ല. ഈ കടലാസുകളെല്ലാം കാണിച്ചു്, വിവിധ പദ്ധതികളെപ്പററി വിശദമായി പറഞ്ഞു്, എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ, കുറിച്ചോണ്ടുപോരാൻ പറഞ്ഞു.

ലത: ഒരു പോരായ്മയും ഞാൻ കാണുന്നില്ല. ഇത്ര വിപുലമായ ഒരു പദ്ധതിയെപ്പററി ചിന്തിക്കുവാൻതന്നെ എനിക്കു കഴിവില്ല. ആ ത്യാഗസന്നദ്ധതയുടെ മുൻപിൽ

ഞാൻ നമസ്കരിക്കുന്നു എന്നു പറയൂ. പങ്കജം, ഭാരതം ഭാരതമാകണമെങ്കിൽ, ഇതുപോലെ ഒട്ടധികംപേർ നിസ്സ്വാർത്ഥമായി സേവനം അനുഷ്ഠിക്കുവാൻ മുന്നോട്ടു വരണം. നാമെല്ലാം ജനിക്കും, ജീവിക്കും, മരിക്കും. പക്ഷേ, മരണംകഴിഞ്ഞാൽ പിന്നെ ആരും നമ്മെ ഓക്കാൻപോകുന്നില്ല. കുസുമയെപ്പോലുള്ളവരുടെ അവസ്ഥ അതല്ല. ലോകം അവരെ മറക്കുകയില്ല. കാലത്തിൻെറ കല്ലോലങ്ങൾ അവരെ മറയ്ക്കുകയില്ല.

പങ്കജം: ആ കമ്മ്ചന്ദ്രനാണ് ഇതിൻെറയെല്ലാം പിന്നിൽ.

ലത: കമ്മ്ചന്ദ്രൻെറ ഇച്ഛാശക്തിയും കുസുമയുടെ ക്രിയാശക്തിയുംകൂടെയാകുമ്പോൾ വിജയത്തിനല്ലേ അവകാശമുള്ളു. പണത്തിൻെറ കായ്യം വല്ലതും പറഞ്ഞയച്ചോ?

പങ്കജം: ഇല്ല.

ലത: അച്ഛൻ എന്തൊക്കെയോ സഹായിച്ചിട്ടുണ്ട്. അതു പോരാ. ഒരു അയ്യായിരംരൂപയുടെ ചെക്കുകൂടി തന്നയയ്ക്കാം. വരു.

(രണ്ടുപേരുംകൂടി കടലാസുകളെല്ലാം പെറുക്കിയെടുത്തുകൊണ്ട് അകത്തേക്കു പോകുന്നു.)

(കുഞ്ചു സാമാന്യം നല്ല വേഷത്തിൽ എത്തുന്നു. കതകിനു മുട്ടുന്നു.)

കുഞ്ചു: ഹെയ് ആരും ഇല്ലേ ഇവിടെ? (വീണ്ടും മുട്ടുന്നു.) ഇവിടെ ആരുമില്ലേ?

(ലത തിരിച്ചുവന്നു് കുഞ്ചുവിൻെറ മട്ടും ഭാവവും കണ്ടു് അത്ഭുതത്തോടെ നോക്കി നിൽക്കുന്നു.)

കുറുപ്പുചേട്ടൻ ഇല്ലേ ഇവിടെ?

ലത: ഇല്ല.

കുഞ്ചു: എവിടെ പോയിരിക്കുന്നു?

ലത: പണം തരാനുള്ള ആരെരയോ കാണാൻ പോയിരിക്കയാണു്.

കുഞ്ഞു: കുറുപ്പുചേട്ടന്റെ മകളായിരിക്കും?

ലത: അതെ.

കുഞ്ഞു: (കസേര വലിച്ചിട്ടിരുന്നു് ഒരു ബീഡി എടുത്തു കത്തിച്ചു വലിച്ചുകൊണ്ടു്) ഈ കുന്തത്തിന്റെയൊക്കെ വില കേറിപ്പോയ പോക്കു്. നൂറിനു് ഒരു പണമായിരുന്നു. ഇന്നു നൂറിന്നു് എട്ടണ കൊടുക്കണം. ജീവിതത്തോതു് മേല്പോട്ടുയരുകയാണു്, വാണം പോലെ.

(ലത ഈർഷ്യയോടെ നില്ക്കുന്നു.)

കുറുപ്പുചേട്ടന്റെ മകൾ എനിക്കൊരു ശേഷക്കാരിയെപ്പോലെയാ. അതുകൊണ്ടു സത്യം അങ്ങു പറഞ്ഞേക്കാം. ബോധം കെട്ടു താഴെ വീഴുകേം മററും അരുതു്. ഞാൻ ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥനാണു്.

ലത: നിങ്ങൾക്കു് ഇവിടെന്തു കാര്യം?

കുഞ്ഞു: അങ്ങനെ ചോദിക്കു്. അതൊരു വലിയ രഹസ്യമാണു്. എങ്കിലും ശേഷക്കാരിയല്ലെ, പറയാം. ബോധംകെട്ടു വീഴരുതു്, സംഗതി നമുക്കു പരിഹരിക്കാവുന്നതേയുള്ളു.

ലത: കാര്യം പറയൂ.

കുഞ്ഞു: ഇവിടെ ഞങ്ങളുടെ ഒരു നോട്ടപ്പുള്ളി വിവാഹാലോചനയുമായി എത്തി എന്നും അച്ഛനും മകളും അതു സമ്മതിച്ചു എന്നും വിവാഹം താമസിയാതെ നടക്കുമെന്നും മററും വേറൊരു സി. ഐ. ഡി.യുടെ റിപ്പോർട്ടു വന്നു. പുള്ളിയുടെ പേരിൽ പല കേസുകൾ നിലവിലുണ്ടു്. കുറുപ്പുചേട്ടൻ എന്റെ സ്വന്തമായതുകൊണ്ടു് നേരത്തെ വിവരമെല്ലാം അറിയാം, അറിയി

ക്കാം എന്നു കരുതി വന്നതാണ്. ആളിന്റെ പേരെന്താണ്?

ലത: (അത്ഭുതത്തോടെ) നിങ്ങളുടെ നോട്ടപ്പുള്ളിയോ? എന്തോന്നു കേസ്?

കുഞ്ചു: അതൊക്കെ പ്രൈവറ്റാ. പറഞ്ഞുകൂടാ. പലതുണ്ട്. അതിൽ ഒന്നു വളരെ പ്രമാദമാണ്. പേരു് എന്താണ് അയാളുടെ? അയ്യോ! മറന്നുപോയല്ലോ. നാക്കേൽ ഇരിക്കുന്നു.

ലത: ഇവിടെ പലരും വിവാഹാലോചനയുമായി വന്നിരിക്കും. ആരെന്നും എന്തെന്നും ഒക്കെ അച്ഛനേ അറിയാവു. അച്ഛൻ വന്നിട്ടു ചോദിക്കണം.

കുഞ്ചു: എന്താ പേരു്?

ലത: എൻെറയോ?

കുഞ്ചു: അതെ.

ലത: ലതയെന്നു്.

കുഞ്ചു: ലത, മരം,—നല്ല പേരുകൾ. അപ്പോൾ ലതേ, നേരങ്ങു പറഞ്ഞേക്കാം. ബോധംകെട്ടും മററും വീഴരുതു്. ഇവിടെ വിവാഹം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന ആളിനെ ഡിമിൻ എന്നു് അറസ്ററു ചെയ്തു് താറാവിനെ തൂക്കി എടുത്തോണ്ടു ചെല്ലുന്നതുപോലെ ചെല്ലണമെന്നു് സക്കാരിൻെറ ഉത്തരവു്.

ലത: (പരിഭ്രമത്തോടെ) ഉടൻ അറസ്റ്റുചെയ്തുകൊണ്ടു ചെല്ലണമെന്നോ; അത്ര വലിയ കേസാണോ?

കുഞ്ചു: (സഗൗരവം) എസ്.

ലത: ആ പുന്നമൂട്ട് അയാളുടെ മകനേയുംകൊണ്ടു് ഇവിടെ വന്നിരുന്നു.

കുഞ്ചു: പുന്നമൂട്ട് സക്കാരിൻെറ മച്ചിനൻ. പിന്നെ—

ലത: പിന്നെ—പിന്നെ—എനിക്കറിഞ്ഞുകൂടാ. അച്ഛൻ വരട്ടെ.

കുഞ്ചു: നിശ്ചയിച്ചുകഴിഞ്ഞില്ലല്ലൊ ഒന്നുംതന്നെ?

(ലത മിണ്ടുന്നില്ല.)

ശരി. ഇവിടെ നിന്നുകൊള്ളണം. അനങ്ങിപ്പോകരുതു്. ശബ്ദിക്കരുതു്. ഞാൻ അകത്തൊരു മിന്നൽപരിശോധന നടത്താൻ പോവുകയാണു്. ഒന്നും നോക്കാതെ കാണാതെ ചെന്നാൽ എനിക്കു ജോലി നോ. അത്ര ഉജ്ജാറാണു കാര്യങ്ങൾ. (പെട്ടെന്നു് അകത്തേക്കു പോകുന്നു.)

(ലത എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു നില്ക്കുന്നു. 'പങ്കജം! പങ്കജം!' എന്നു പതുക്കെ വിളിക്കുന്നു. സേതുമാധവൻ ഒരു മന്ദഹാസത്തോടെ കയറിവരുന്നു.)

ലത: (ഒരു പരിഭ്രമത്തോടെ മുന്നോട്ടു ചെന്നിട്ടു് പതുക്കെ) പൊയ്ക്കൊള്ളണം. വേഗം പൊയ്ക്കൊള്ളണം.

സേതുമാധവൻ: (അമ്പരപ്പോടെ) ഉം? എന്താണു്?

ലത: അയ്യോ! മിണ്ടരുതു്. പോകണം. ഈ പട്ടണത്തിൽ നിന്നുതന്നെ ഓടിപ്പൊയ്ക്കൊള്ളണം. വിവരങ്ങളെല്ലാം ഞാൻ എഴുതി അയച്ചിട്ടു് ഇങ്ങോട്ടു വന്നാൽ മതി.

(സേതുമാധവൻ മിഴിച്ചു നോക്കിക്കൊണ്ടു നില്ക്കുന്നു.)

എന്റെ സേതുവല്ലെ, ഓടിപ്പോകൂ. അയാൾ ഇപ്പോൾ തിരിച്ചുവരും.

സേതുമാധവൻ: ആരു്?

ലത: (രഹസ്യമെന്നവണ്ണം) ഒരു സി. ഐ. ഡി. ഉദ്യോഗസ്ഥൻ. അങ്ങയെപ്പററി പലതും ചോദിച്ചു. ഞാൻ ഒന്നും പറഞ്ഞില്ല. അങ്ങയെ അറിയുകയില്ലെന്നുതന്നെ നടിച്ചു. അങ്ങു് ഏതോ ഒരു പ്രമാദമായ കേസിൽ പെട്ടിരിക്കുകയാണു്. ഉടൻ അറസ്റ്റുചെയ്യുകൊണ്ടു

ചെല്ലാനാണു്, അയാൾക്കുള്ള ഉത്തരവു്. അതുകൊണ്ടു് ഓടിപ്പോകണം.

സേതുമാധവൻ: എൻെറ ലതേ! ഞാൻ എന്തിനു് ഒരു ഭീരുവിനെപ്പോലെ ഒളിച്ചോടണം.

ലത: വന്നിരിക്കുന്ന ആൾ വലിയ ഗൗരവക്കാരനാണു്.

സേതുമാധവൻ: അതുകൊണ്ടു്?—ഞാൻ അറിഞ്ഞിട്ടു് ഒരു കേസ്സും എൻെറ പേരിൽ ഇല്ല. നിയമവിരുദ്ധമായി എന്തെങ്കിലും പ്രവൎത്തിച്ചിട്ടു വേണ്ടെ എൻെറപേരിൽ ഒരു കേസ്സുണ്ടാകാൻ.

ലത: അതു് ഒരുവശം. ഞാൻ അതു വിശ്വസിക്കുന്നു. പക്ഷേ, പിടിച്ചു ജയിലിൽ കൊണ്ടടച്ചതിനുശേഷമല്ലെ നിൎദ്ദോഷിത്വം തെളിയിക്കാൻ കഴിയൂ. അങ്ങു പോകയില്ലേ? ഞാൻ അവസാനമായി ചോദിക്കുന്നു.

സേതുമാധവൻ: (അല്പസമയം പരിഭ്രാന്തനായി നിന്നിട്ടു്) ലത ആജ്ഞാപിക്കുന്നതുകൊണ്ടു ഞാൻ പോകുന്നു. പക്ഷേ, ഭീരുത്വമാണു്.

(അകത്തുനിന്നും ഉച്ചത്തിൽ കുഞ്ചു: "ആരവിടെ സംസാരിക്കുന്നതു്?")

ലത: അയ്യോ പോകണം. അയാൾ വരുന്നു.

(കുഞ്ചു പുറത്തേക്കു വരുന്നു. ലത പരിഭ്രമിക്കുന്നു. സേതുമാധവൻ കുഞ്ചുവിനെ തുറിച്ചു നോക്കുന്നു. കുഞ്ചു പെട്ടെന്നു് തൻെറ തോളിൽ ഇട്ടിരുന്ന നേര്യതെടുത്തു് അരയിൽ കെട്ടി തൊഴുന്നു.)

സേതുമാധവൻ: നീ എവിടെനിന്നും വരുന്നു? ആ സി. ഐ. ഡി. ക്കാരൻ എവിടെ?

ലത: അയ്യോ! ഇയാൾതന്നെ സി. ഐ. ഡി.

സേതുമാധവൻ: ങേ! നീയോ? നിനക്കു പോലീസിൽ എന്നു് ഉദ്യോഗം കിട്ടിയെടാ? ഏതു സൎക്കാരു പറഞ്ഞു, ആരെ അറസ്റ്റു്ചെയ്യാൻ?

കുഞ്ചു: അതെല്ലാം വളരെ പ്രൈവററാണേ.
ലത: (അത്ഭുതത്തോടെ) അപ്പോൾ ഇയാൾ കള്ളനാണോ?
സേതുമാധവൻ: ഉം, പറ. നിൻെറ പ്രൈവററ് ഞങ്ങൾ കൂടി അറിയട്ടെ.
കുഞ്ചു: ഞാൻ പറഞ്ഞതെല്ലാം ശരിയാ. എന്റെ സക്കാർ എന്നു പറഞ്ഞതു് ഞാൻ ഇപ്പോൾ താമസിക്കുന്ന വീട്ടിലെ കൊച്ചമ്മ.
ലത: താൻ അപ്പോൾ വേലക്കാരനാണോ?
കുഞ്ചു: ആന്നേ. ഇപ്പോൾ ആ പുന്നമൂടിന്റെ ബംഗ്ലാവിലാ താമസം. അങ്ങേരുടെ ഭാര്യയുടെ സി. ഐ. ഡി. ആയിട്ടു വന്നു. കുഞ്ഞിനെ ആരോ ഒരു യോഗ്യൻ സംബന്ധം ചെയ്യാൻ നിശ്ചയിച്ചെന്നും എങ്ങനെയെങ്കിലും ആ ആളിനെ അങ്ങു് റാഞ്ചിക്കൊണ്ടു ചെല്ലണമെന്നും പറഞ്ഞു് എന്നെ വിട്ടിരിക്കുവാ.
ലത: എന്തിനു കൊണ്ടുചെല്ലണം?
കുഞ്ചു: (ചിരിച്ചിട്ടു്) അവിടെയും ഇതുപോലൊരു കൊച്ചുകൊച്ചമ്മയുണ്ടു്. തള്ളയെപ്പോലെ മൊതലയല്ല. മനുഷ്യരോടു സ്നേഹമുള്ള ഒരു കൊച്ചമ്മ.
ലത: ദ്രോഹീ! താൻ എന്നെ എന്തുമാത്രം ഭയപ്പെടുത്തി.
സേതുമാധവൻ: ഹും! എന്തൊരു ഭയം. പെണ്ണു് എത്ര പഠിച്ചാലും പെണ്ണുതന്നെ.
ലത: പോകുന്നെങ്കിൽ പൊയ്ക്കൊള്ളണം. ആവശ്യക്കാർ കൂടിയല്ലെ വരുന്നതു്.
കുഞ്ചു: (ഇളിഭ്യനായിട്ടു്) അയ്യോ! കൊച്ചങ്ങുന്നാണോ ഞാൻ പിടിച്ചോണ്ടുപോവാൻ വന്ന പുള്ളി.
സേതുമാധവൻ: (ചിരിച്ചിട്ടു്) തന്നെടാ. നീ എന്തിനാ അകത്തു കയറിപ്പോയതു്?
കുഞ്ചു: വെളിയിൽ പലരോടും ചോദിച്ചിട്ടു് ആക്കും ഒരു

പിടിയില്ല. ഈ കുഞ്ഞിനോട്ടു ചോദിച്ചിട്ട്, അണ്ണാച്ചിപ്പെണ്ണിനെപ്പോലെ പേരൊട്ടു പറകയുമില്ല. അകത്തു വല്ല പടവും വച്ചിട്ടുണ്ടെങ്കിൽ ആളെ മനസ്സിലാക്കാമെന്നു കരുതി കേറിയതാണേ.

ലത: (സേതുമാധവനോട്ട്) ഇയാളെ മുൻപ് അറിയുമോ?

സേതുമാധവൻ: ഇവനോട്ടുതന്നെ ചോദിച്ചുനോക്കണം, ഞാൻ നിന്നെ അറിയുമോടാ?

കുഞ്ചു: ഈ കൊച്ചങ്ങുന്നിൻെറ പണ്ടത്തെ അരിവയ്പുകാരനാരുന്നേ ഞാൻ. എന്നെ 'ചൊക്രാ, ചൊക്രാ' എന്നു വിളിക്കും. അവിടുന്ന് ഞാൻ പട്ടാളത്തിപ്പോയി. തിരിച്ചുവന്നപ്പം വേക്കൻസിയില്ല. അതുകൊണ്ടു് ആ പുന്നമൂടൻെറകൂടെ താമസമാക്കി—കൊച്ചമ്മ കുഞ്ചുവിൻെറ ഡീക്ക കണ്ടു ഭയന്നോ?

ലത: തൻെറ കൊച്ചങ്ങുന്നു കരയാൻ ചുണ്ടുപുളുത്തിയതാണ്. (സേതുമാധവനോട്ട്) ഇയാളോട്ടു വർത്തമാനം പറഞ്ഞുകൊണ്ടിരിക്കണം. അകത്ത് എൻെറ ഒരു പഴയ കൂട്ടുകാരി—അവളെയും അയച്ചു ചായയുംകൊണ്ടുവരാം (പോകുന്നു.)

കുഞ്ചു: (ഉറക്കെ) കുഞ്ചൂനും വേണെ. കുഞ്ചു ഇനീം ഇങ്ങുപോരാൻ പോവാ. (സേതുമാധവനോട്ട്) പൊന്നു കൊച്ചങ്ങുന്നിനാണെ, ആളാരാണെന്ന് ഞാൻ സ്വപ്നത്തിൽക്കൂടി അറിഞ്ഞില്ല. അറിഞ്ഞെങ്കിൽ ഞാൻ ഇറങ്ങിത്തിരിക്കുമോ?

സേതുമാധവൻ: കുസുമ അറിഞ്ഞില്ലേ ഇതൊന്നും?

കുഞ്ചു: അതിനോട്ടു ബോൽത്തായോ. അത് ആ കമ്മ്ചന്ദ്രൻസാറിനെ കാണരുത്, അദ്യത്തോട്ടു മിണ്ടരുത് എന്നൊക്കെ പറഞ്ഞപ്പം, വകവച്ചില്ല. ആ നല്ല മനുഷ്യന്ന് കൊടുക്കത്തില്ല ആ കൊച്ചിനെ.

സേതുമാധവൻ: കൊട്ടപ്പിക്കണം. ഞാൻകൂടി ഉത്സാഹിക്കാം. നീ പോയി ആ സ്ത്രീയോട്ട് എന്നെ ക്ഷണിച്ചിട്ട് ഞാൻ വന്നില്ലെന്നു പറ.

കുഞ്ഞു: വേണ്ടാ വേണ്ടാ. ആൾ ആരാണെന്നറിഞ്ഞില്ലെന്നു പറയാം. അറിഞ്ഞിടത്തോളം വടക്കെങ്ങാണ്ടുള്ള ഒരു ഹവിൽദാർ മേജരാണെന്നു പറയാം. അവക്കു പട്ടാളക്കാരെ പേടിയാ.

സേതുമാധവൻ: എന്തിനാണു കള്ളം പറയുന്നതു്?

കുഞ്ഞു: നേരുപറഞ്ഞാൽ സംഗതി വശക്കേടാ. അവരു കൊച്ചുങ്ങളെക്കൊണ്ടാണയിട്ടു, ഇതു മൊടക്കുമെന്നു്. പെമ്പ്രന്നോരു വലിയ വൈരാഗ്യക്കാരിയാ. എന്തും ചെയ്യും. അവക്കു് മോനേക്കൊണ്ടു് ഇവിടെ സമ്മന്തം ചെയ്യിക്കണം, കൊച്ചുങ്ങുന്നിനെക്കൊണ്ടു് അവിടെയും. കാര്യം നടന്നില്ലെങ്കിലും നിങ്ങളെല്ലാം വിഷമിക്കേണ്ടിവരും.

സേതുമാധവൻ: ഓഹോ? ശല്യക്കാരിയാണോ.

കുഞ്ഞു: വലിയ ശല്യക്കാരി. ഇപ്പോൾത്തന്നെ ഇവിടുത്തെ വല്യങ്ങുന്നിനെ എന്തെങ്കിലും ഒരു കേസിൽ കുടുക്കാൻ അവരു് വട്ടംകൂട്ടുകയാ. മരങ്ങോടൻ ഭർത്താവു് കൂട്ടുനില്ക്കും.

സേതുമാധവൻ: (ചിരിച്ചിട്ടു്) അപ്പോൾ അവർ എന്നെയും ലതയേയും വേണ്ടെന്നുവയ്ക്കണം. കുസുമയെ കമ്മചന്ദ്രനു കൊടുക്കുകയും വേണം. (ആലോചിച്ചിട്ടു്) എന്തെങ്കിലും ഒരു പണി ചെയ്യണമല്ലോ.

കുഞ്ഞു: വേണം. ഉടൻ വേണം.

സേതുമാധവൻ: (വീണ്ടും ചിരിച്ചിട്ടു്) ഒരു മാർഗ്ഗമുണ്ടു്.

ലത അറിഞ്ഞുകൂടാ. അറിഞ്ഞാൽ സമ്മതിക്കയില്ല—ഞാൻ—

(ലത ചായയുമായി എത്തുന്നു. സേതുമാധവൻ ഒരുപാത്രം ചായ എടുത്തു് കുഞ്ചുവിനു കൊടുക്കുന്നു. മറ്റതു് താനും എടുത്തു കുടിക്കുന്നു.)
കുടിച്ചോടാ നിൻെറ സക്കാരിൻെറ ആരോഗ്യത്തിനു്.

കുഞ്ചു: (കുടിച്ചിട്ടു്) കുഞ്ചു പണ്ടു് ഇട്ടുതന്നിട്ടുള്ള ചായയുടെ രുചിതന്നെ കൊച്ചങ്ങുന്നേ.

സേതുമാധവൻ: അതെ അതെ, കിട്ടിയതു കുടിച്ചോ. (ലതയോട്ടു്) ലതയുടെ ലററർപേപ്പറിൽനിന്നും ഒരു കടലാസ്സും ഒരു കവറും കടംതന്നേ.

ലത: എന്തിനു്?

സേതുമാധവൻ: ഞാൻ ആ കുസുമയ്ക്കു് ഒരു കാമലേഖനം എഴുതാൻ പോകയാണു്.

ലത: ആകാശമാകുന്ന നീലക്കടലാസ്സിൽ വെൺമേഘങ്ങളുടെ വർണ്ണംകൊണ്ടു്, അഭിലാഷം കുറിച്ചു് ഇളംതെന്നലിൻെറ കൈയിൽ കൊടുത്തയച്ചാലും കുസുമ അതു ശ്രദ്ധിക്കാൻ പോകുന്നില്ല. ഇതു് കുസുമയ്ക്കായിരിക്കയില്ല. ആരെയോ അപകടത്തിൽ ചാടിക്കാൻ.

സേതുമാധവൻ: അല്ല, ചിലരെ രക്ഷിക്കാൻ.

ലത: എന്നു തന്നത്താൻ പറയും.

സേതുമാധവൻ: അല്ല, കുറച്ചുകഴിഞ്ഞു് ലതയും കുസുമയും പറയും.

ലത: കാര്യം പറയണം.

സേതുമാധവൻ: ഇപ്പോൾ ഒന്നും പറകയില്ല, ഒരവസരത്തിൽ പറയാം. കുഞ്ചു! ഇവിടെ നില്ക്കു്, ഞാൻ ഇപ്പോൾ വരാം. (അകത്തേക്കു കയറിപ്പോകുന്നു.)

(ലത നിന്നിടത്തുതന്നെ നില്ക്കുന്നു.)

കുഞ്ഞു: കുഞ്ഞു നേരത്തെ അങ്ങു ചെന്നില്ലെങ്കിൽ കുഞ്ഞൂന്റെ സക്കാരു് ലഹളയ്ക്കു നില്ലൂമേ, അതുകൊണ്ടു് ഇമ്മിണി വേഗം—

(ലത ചിരിക്കുന്നു.)

(കർട്ടൻ)

## രംഗം പത്ത്

[പുന്നമൂടിൻെറ ബംഗ്ലാവു്. ഹാളിൽ പുന്നമൂട്ടു് കോപത്തോടെ ഒരു കസേരയിൽ ഇരിക്കുന്നു. പുഷ്കരൻകുട്ടി അല്പം അകലെ മാറി പരിഭവഭാവത്തിൽ നിൽക്കുന്നു.]

പുന്നമൂട്ടു്: പണം പണം എന്നു പറഞ്ഞാൽ പണം ഉണ്ടാകുമോ? നിനക്കും നിൻെറ തള്ളയ്ക്കും എത്ര ഉണ്ടായാലും തികയുകയില്ല. ഇനിയും പണം വേണമെങ്കിൽ ഞാൻ മോഷ്ടിക്കാൻ പോണം.

പുഷ്കരൻകുട്ടി: എനിക്കും ജീവിക്കണം. ജീവിക്കുകയെന്നുള്ളതു് എൻെറ മൗലികാവകാശമാണു്.

പുന്നമൂട്ടു്: ജീവിച്ചോ, ആരുപറഞ്ഞു വേണ്ടെന്നു്.

പുഷ്കരൻകുട്ടി: ജീവിക്കുന്നതിനു പണം വേണം. ആ പണം എൻെറ അച്ഛൻ എന്നുപറയുന്ന ആൾ തരണം.

പുന്നമൂട്ടു്: (തന്നെത്താൻ എന്നവണ്ണം) സംശയിക്കുകയാണു്, തന്തയാണോ എന്നു്! കൊള്ളാം പിള്ളേരുടെ പോക്കു്.

പുഷ്കരൻകുട്ടി: ആ പണം മനസ്സോടെ തന്നില്ലെങ്കിൽ വയറിൻെറ വിളി എന്നെക്കൊണ്ടതു വാങ്ങിപ്പിക്കും.

പുന്നമൂട്ടു്: കുറച്ചുകൂടി കഴിഞ്ഞാൽ ഈ തന്തയെന്നു പറ

യുന്നവനോട്ട് ബലംപ്രയോഗിച്ച് പിടിച്ചുവാങ്ങുന്ന തും മൗലികാവകാശമാണെന്നു നീ പറയും.

പുഷ്കരൻകുട്ടി: അതെ, വേണ്ടിവന്നാൽ ബലംപ്രയോഗിച്ചു പണമുണ്ടാക്കിയും എനിക്കു ജീവിക്കണം.

പുന്നമൂട്ട്: അങ്ങനെയും ഭരണഘടനയിൽ പറഞ്ഞിട്ടുണ്ടായിരിക്കും! എടാ കൊച്ചനെ, നിനക്കെന്നല്ല എല്ലാവക്കും ജീവിക്കണം. ഉള്ളതുകൊണ്ടും കുറെയൊക്കെ ഉണ്ടാക്കിയും കാര്യം നടത്തണം.

പുഷ്കരൻകുട്ടി: ഞാൻ എവിടെനിന്നും ഉണ്ടാക്കാനാണ്?

പുന്നമൂട്ട്: തൊഴിൽ ചെയ്യണം.

പുഷ്കരൻകുട്ടി: തൊഴിൽചെയ്തു ജീവിക്കേണ്ട അവസ്ഥ എനിക്കു വന്നിട്ടില്ല.

പുന്നമൂട്ട്: ചൂതുകളി ആകാം, തൊഴിൽ ആക്ഷേപമാണ്! നടക്കാം, പ്രസംഗിക്കാം, പാർട്ടി എന്നുംപറഞ്ഞു്. പ്രവൃത്തി വിഷമം.

പുഷ്കരൻകുട്ടി: ആ ലതയ്ക്കു് നല്ല സ്വത്തുണ്ട്. അവളെ വിവാഹം ചെയ്താൽ വേണ്ടുവോളം പണം കിട്ടുമെന്നു് കൃഷ്ണജി പറഞ്ഞതുകൊണ്ട് അങ്ങനെ നിശ്ചയിച്ചു. അതും അച്ഛൻ സമ്മതിക്കുന്നില്ലല്ലോ.

പുന്നമൂട്ട്: ആരു്? ഞാനോ? ഞാൻ പറഞ്ഞോ വേണ്ടെന്നു്. നീ അവളെ വേണമെന്നുംപറഞ്ഞു് ഒരു മൗലികാവകാശം പറയുമ്പോൾ അവളുടെ ആ തന്തയാൻ നിന്നെ വേണ്ടെന്നുംപറഞ്ഞു് രണ്ടു മൗലികാവകാശം പറയുന്നു. ഞാൻ പിന്നെ എന്തുചെയ്യും?

പുഷ്കരൻകുട്ടി: അച്ഛൻ അന്നു നിർദ്ദേശിച്ചതുപോലെ അവരുടെ വീട്ടുപടിക്കൽ സത്യഗ്രഹം തുടങ്ങിയാൽ എന്തെന്നു് ആലോചിക്കുകയാണു ഞാൻ.

പുന്നമൂട്ട്: വളരെ നല്ലതു്. പററിയ പദ്ധതി. അതിനു്

നിനക്കെൻെറ അനുഗ്രഹം. മഹാത്മജിയുടെ വിദ്യയാ യതുകൊണ്ടു് അദ്ദേഹത്തിൻെറ ആശീർവാദവും, ലോ കത്തിൻെറ അനുഭാവവും നിനക്കുണ്ടായിരിക്കും.

പുഷ്കരൻകുട്ടി: അതൊക്കെ പിന്നീടുള്ള കാര്യം. ഇപ്പോൾ അഞ്ഞൂറുറുപ്പികയെങ്കിലും എനിക്കു കിട്ടിയേ മതിയാകൂ.

പുന്നമൂട്ടു്: അഞ്ഞൂറുറുപ്പാ! (പോക്കററിൽനിന്നും ഒരു നൂറുറുപ്പാനോട്ടു് എടുത്തു കൊടുത്തിട്ടു്) ഉം! കൊണ്ടു പോയി ചൂതുകളിക്കു്. ഒരുത്തൻെറ പറമ്പു് പൊന്നും വിലയ്ക്കെടുപ്പിക്കരുതെന്നുംപറഞ്ഞു തന്നതാ. കാര്യം ഒത്തെങ്കിൽ ഭാഗ്യം.

പുഷ്കരൻകുട്ടി: (നോട്ടു വാങ്ങിയിട്ടു്) അച്ഛൻ ഏതോ മീ ററിംഗിനു പോകുന്നെന്നു പറഞ്ഞിട്ടു പോകുന്നില്ലെ?

പുന്നമൂട്ടു്: (ഈർഷ്യയോടെ) പോകുന്നതും പോകാത്തതും എൻെറ മൗലികാവകാശം. (അടുത്തുകിടന്ന ഒരു പത്രം എടുത്തു് സഗൗരവം വായിച്ചുകൊണ്ടിരിക്കുന്നു.)

(പുഷ്കരൻകുട്ടി ചിരിച്ചുകൊണ്ടു പോകുന്നു.)

ഹും! മകൻ മിടുമിടുക്കൻ എന്നു കൊട്ടിഘോഷിച്ചതി ൻെറ ഫലം!

(മറുഭാഗത്തുനിന്നും കാർത്തിയും കുസുമയും കടന്നുവരുന്നു. പുന്നമൂട്ടു് അവരെ കണ്ടതായി നടക്കുന്നില്ല.)

കാർത്തി: (ഭർത്താവു വായിച്ചുകൊണ്ടിരുന്ന പേപ്പറിനു് ഒരു തട്ടുകൊടുത്തിട്ടു്) ഹൊ! എന്തൊരു വായന! ഇവ ളോടു സമാധാനം പറയണം. എന്നെ അവിടെങ്ങും ഇരുത്തിപ്പൊറുപ്പിക്കുന്നില്ല.

പുന്നമൂട്ടു്: (മകളോടു്) എന്തോന്നാ കാര്യം? നീയും മൗലി കാവകാശവുമായി വന്നിരിക്കുകയാണോ?

കാർത്തി: അവളോടെന്തോന്നാ ഇത്ര ദേഷ്യം.

പുന്നമൂട്ടു്:നിൻെറ മകനോടു ചോദിക്കു്. അവൻ പറയും

ദേഷ്യം മനുഷ്യൻെറ മൗലികാവകാശമാണെന്നു്. നീ ഭരണഘടന നോക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പോയി നോക്കു്.

കുസുമ: അമ്മ അച്ഛനോടു വഴക്കിനു പോകാതിരിക്കണം.

കാന്തി: ഇതു വഴക്കാണോ?

പുന്നമൂട്ടു്: (മകളോടു്) അടിയിലും പിടിയിലും എത്തിയില്ലല്ലോ എന്നു ദുഃഖിക്കയാണവൾ.

കാന്തി: കണക്കായിപ്പോയി ദുഃഖിച്ചെങ്കിൽ. എന്നെ അടിക്കാൻ കുറെ ചേ!തമുണ്ടു്. നിനക്കെന്തെങ്കിലും പറയാനുണ്ടെങ്കിൽ പറഞ്ഞേച്ചുപോടീ പെണ്ണേ. (തല വെട്ടിത്തിരിച്ചുകൊണ്ടു പോകുന്നു.)

കുസുമ: അച്ഛാ! ഒന്നുരണ്ടു കാര്യങ്ങൾ പറയാനാണു ഞാൻ വന്നതു്.

പുന്നമൂട്ടു്: നിൻെറ സേവാസദനത്തിൻെറ—

കുസുമ: അല്ലച്ഛാ. ഇന്നു ഞാൻ ഒരു വലിയ പോലീസുദ്യോഗസ്ഥൻെറ വീട്ടിൽ പണപ്പിരിവിനു പോയിരുന്നു. പ്രതിഫലം പററിക്കൊണ്ടു ശുപാശ്ശിറങ്ങുന്ന ആളുകളുടെ പേരിൽ നടപടി നടത്തുന്നതിനു മന്ത്രിസഭ അവക്കു നിർദ്ദേശം നല്കിയിട്ടുണ്ടുപോലും.

പുന്നമൂട്ടു്: പോകാൻ പറ. എൻെറ പദ്ധതികളുമായി ഞാൻ മുന്നോട്ടുപോകും.

കുസുമ: അച്ഛാ! ഞാൻ അപേക്ഷിക്കുന്നു: അച്ഛൻ ഇനിയെങ്കിലും ഈ കൈക്കൂലിക്കും ശുപാർശക്കും ഒന്നും പോകരുതു്. ശുപാർശയെന്നു പറയുന്നതു തെററായ നടപടി കൈക്കൊള്ളുവാനുള്ള ഒരു പ്രേരണയാണു്.

പുന്നമൂട്ടു്: ഇതെല്ലാം ആ കമ്മചന്ദ്രൻ പറഞ്ഞതായിരിക്കും.

കുസുമ: അല്ലച്ഛാ! എൻെറ സ്വന്തം അഭിപ്രായമാണു്; ആളുകൾ പറയുന്നതൊന്നും അച്ഛൻ അറിയുന്നില്ല.

പുന്നമൂട്ടു്: പോടീ പോ. അതിനു് ഇവിടെ ആരു കൈക്കൂലി വാങ്ങുന്നു. കൈക്കൂലി വാങ്ങാൻ ഞാൻ ഉദ്യോഗസ്ഥനോ. പിന്നെ ചിലരെയെല്ലാം സഹായിക്കുന്നു; അവർ അതിനെന്തെങ്കിലും പ്രതിഫലം തരുന്നു, വക്കീൽഫീസുപോലെ. നിന്നെക്കണക്കു്, സേവാസദനമെന്നും മാങ്ങാക്കൊലയെന്നും പറഞ്ഞു നടന്നാൽ വീട്ടിലെ ധൂർത്തുപിടിച്ച ചെലവു നടക്കില്ല.

കുസുമ: അച്ഛൻ തെററു ചെയ്യുന്നു എന്നു മാത്രമല്ല, മററുള്ളവരെക്കൊണ്ടു് തെററു ചെയ്യിക്കുകകൂടിയാണു്.

പുന്നമൂട്ടു്: നീ നിൻെറ കാര്യം നോക്കിക്കോ.

കുസുമ: അച്ഛാ! നാം അറിയുന്നതിൽവച്ചു് ഏററവും വലിയ മഹാത്മാവായ ആ ദിവ്യപുരുഷനെപ്പററി തെല്ലെങ്കിലും ഭയഭക്തിയുണ്ടെങ്കിൽ, അഭിമാനം ഉണ്ടെങ്കിൽ അദ്ദേഹം ബലമായി ഉയർത്തിപ്പിടിച്ച ആദർശങ്ങളിലേക്കും കർമ്മപരിപാടികളിലേക്കും ശ്രദ്ധ പതിപ്പിക്കുകയാണു വേണ്ടതു്.

പുന്നമൂട്ടു്: അതൊക്കെ നീ ശ്രദ്ധിച്ചോണ്ടാൽ മതി. എനിക്കു സമയമില്ല.

കുസുമ: അങ്ങനെ പറഞ്ഞൊഴിയരുതു്. മഹാത്മജിയെപ്പോലെയുള്ള ഒരു നേതാവിനെ മറെറാരു രാഷ്ട്രത്തിനും ലഭിച്ചിട്ടില്ല. ആ കാലടികളെ നമുക്കു പിൻതുടരാം അച്ഛാ.

പുന്നമൂട്ടു്: എടീ കുഞ്ഞേ! പുസ്തകത്തിലെ പശു പുല്ലു തിന്നുകയില്ല. നാലുപേരേപ്പോലെ കഴിയണമെങ്കിൽ നാലു ചക്രം കൈയിൽ എടുക്കാൻ വേണം. അതുകൊണ്ടു് ഇതിനൊക്കെ ഇറങ്ങിയേ പററൂ. അല്ലെങ്കിൽ

ആരെങ്കിലും മാസാമാസം ഒരായിരം രൂപയുടെ മാർഗ്ഗം ഉണ്ടാക്കിത്തരട്ടെ.

കുസുമ: അച്ഛാ! നമുക്കുള്ളതു മതിയെന്നു വയ്ക്കണം. എത്ര എത്ര ആളുകളാണ് നമുക്കുള്ളതിൽ നൂറിൽ ഒരംശം ധനംപോലും ഇല്ലാതെ കഴിയുന്നത്. ലഘുജീവിതവും ഉന്നതചിന്തയുമാണ് ഗാന്ധിജി നിർദ്ദേശിക്കുന്നത്. അതേ ഭാരതത്തിനു പററൂ. സ്നേഹംകൊണ്ടു കെട്ടിപ്പടുത്ത ഒരു രാജ്യമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. ലോകത്തിൽ സമാധാനം വേണമെങ്കിൽ ആ സ്നേഹബന്ധം ഉറപ്പിക്കണം. നമുക്കങ്ങനെ ജീവിക്കാം. കുറേപ്പേരെങ്കിലും നമ്മെ പിൻതുടരാൻ കാണും— പിന്നെ കമ്മ്ചന്ദ്രൻെറ കാര്യം! ഒരു മഹത്തായ കാര്യത്തിനു രാപകൽ അദ്ദേഹം എന്നെ സഹായിക്കുന്നു. അച്ഛൻ അദ്ദേഹത്തോടു് ഇറങ്ങിപ്പോകാൻ പറഞ്ഞു. അദ്ദേഹത്തെ അച്ഛൻ ഇങ്ങോട്ടു ക്ഷണിക്കണം.

പുന്നമൂട്ട്: അതിനായിരുന്നു ഈ പീഠിക എല്ലാം—അവൻ ഇനി ഇവിടെ കയറരുത്. അവനോടു നീ സംസാരിക്കരുത്.

കുസുമ: അല്ലച്ഛാ! പോലീസുകാർ അച്ഛനെ തേടിനടക്കുന്നതും, അദ്ദേഹത്തോടു് അച്ഛൻ പിണങ്ങിയിരിക്കുന്നതും ദുസ്സഹമാണ്.

(കൃഷ്ണജി പ്രവേശിക്കുന്നു)

പുന്നമൂട്ട്: താൻ എവിടെയായിരുന്നു ഇതുവരെ? എടോ കാർത്തിയെ ഇങ്ങു വിളിക്കു. അവൾ എന്നോടു പിണങ്ങിപ്പോയിരിക്കയാണ്. കുസുമേ, ചക്രം നിസ്സാരമെന്നു നീ പറയുമല്ലൊ. ഇപ്പോൾ കാണണോ, പിണക്കക്കാരി ചിരിക്കുന്നത്. (ചിരിച്ചുകൊണ്ട് ഉച്ചത്തിൽ) കാർത്തീ, ഈ രൂപാ അങ്ങു കൊണ്ടുവയ്ക്കു്.

കുസുമ: പിന്നെ ഈ മനുഷ്യന്റെ കാൎയ്യം! അച്ഛാ, ചേട്ടനെ ഈ മനുഷ്യൻ വഷളാക്കുകയാണു്. ഈയാളുമായുള്ള കൂട്ടുകെട്ടു നിൎത്താൻ പറയണം.

കൃഷ്ണജി: കുസുമ അതു പറയണം.

കുസുമ: എന്റെ ചേട്ടന്റെ കാൎയ്യം ഞാൻ ശ്രദ്ധിക്കേണ്ടേ. അദ്ദേഹത്തിന്റെ ഹിന്ദിട്യൂട്ടറാണെന്നു പറയുന്നതുകൊണ്ടു്, ഞാൻ ക്ഷമിക്കുകയാണു്.

കൃഷ്ണജി: എന്തോന്നു ക്ഷമിക്കാനാണു്. ഈ മഹാനുഭാവനാണു് ഇവിടെ ഒരു സ്ഥാനം എനിക്കു നിശ്ചയിച്ചതു്. ആ നിശ്ചയം, കുസുമക്കു് ഇഷ്ടമാണെങ്കിലും അല്ലെങ്കിലും ഞാൻ സ്വാഗതംചെയ്യു. രണ്ടിൽ ഒന്നു് ഇപ്പോൾ അറിയണം.

പുന്നമൂട്ടു്: എന്തോന്നെടോ ഭ്രാന്താ രണ്ടിൽ ഒന്നു്.

കൃഷ്ണജി: നിങ്ങൾക്കു രണ്ടുപേക്കുമറിയാം. (കുസുമയോടു്) വലിയ സാമുദായികപ്രവൎത്തകയാണു്, ദയാവാരിധിയാണു്—ആളുകളുടെ ഹൃദയത്തിന്റെ നീററൽ അറിയുന്നില്ല.

കുസുമ: അസംഖ്യം അസംഖ്യം ആളുകളുടെ ഹൃദയവേദന ഞാൻ അറിയുന്നുണ്ടു്. ഏഴകളുടെ. അതു് ആവുംവണ്ണം ആററാൻ വെമ്പുകയാണു് ഞാൻ. അവക്കെന്റെ സഹായം ആവശ്യമുണ്ടു്—അച്ഛാ! ഞാൻ അപേക്ഷിച്ച കാൎയ്യങ്ങൾ, പ്രത്യേകിച്ചു് ആദ്യത്തേതു്, ഒന്നു ശ്രദ്ധിക്കണേ.

(കുസുമ പോകുന്നു. മറുഭാഗത്തുനിന്നും കാൎത്തി ഉത്സാഹത്തോടെ പ്രവേശിച്ചു് മേശപ്പുറത്തു നോക്കുന്നു.)

കാൎത്തി: (ചിരിച്ചുകൊണ്ടു്) എവിടെ പണം?

പുന്നമൂട്ടു്: (പാക്കററിൽനിന്നും ഒരണ എടുത്തു മേശപ്പുറത്തു വച്ചിട്ടു്) പണം എന്നു കേട്ടപ്പോൾ ഓടിവന്നതു

കണ്ടോ. ഇതാണ് ഞാൻ പറയുന്നതു് ഇവളാണ് എന്നെക്കൊണ്ടിതെല്ലാം ചെയ്യിക്കുന്നതെന്നു്. ഇതാ— ഒരണയുണ്ടു്. നിന്റെ മോൻ പിടിച്ചുവാങ്ങിയ നൂറു രൂപായുടെ ബാക്കി.

(കാത്തി അണ എടുത്തൊരേറുകൊടുത്തിട്ടു് ഈർഷ്യയോടെ ഭർത്താവിനെ നോക്കുന്നു.)

കൃഷ്ണജി: രണ്ടിൽ ഒന്നു് ഇപ്പോൾ അറിയണം.

കാത്തി: എന്തോന്നെടോ രണ്ടിൽ ഒന്നു്.

കൃഷ്ണജി: എനിക്കിങ്ങനെ കാലേൽ മരുന്നും തേച്ചു നടക്കാൻ മേലാ. ഭവതി കൂടി അങ്ങനെ നിശ്ചയിച്ചതല്ലേ?

കാത്തി: എന്നോടു കേറി വഴക്കിനു വന്നാലുണ്ടല്ലോ. പറഞ്ഞേക്കാം.

കൃഷ്ണജി: വഴക്കാണോ. ഇതെന്റെ മൗലികാവകാശം.

പുന്നമൂട്ട്: കുസുമയുടെ വിവാഹക്കാര്യമാ ഇയാൾ പറയുന്നതു്. എടോ! താൻ ചെല്ലു. ഇന്നുമുതൽ കുസുമയുടെ സേവാസദനത്തിനു വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കു. വിവാഹത്തെപ്പററി നമുക്കു പിന്നീടാലോചിക്കാം. എടാ! ഈ ചെറുപ്പക്കാർക്കൊക്കെയുള്ള സുഖക്കേടാണല്ലോ മൗലികാവകാശം.

കൃഷ്ണജി: പോകാം. ഇന്നുതുടങ്ങി സേവാസദനത്തിന്റെ ഉൽഘാടനംവരെ ഞാൻ അവിടെത്തന്നെ കിടന്നുകൊള്ളാം. ആനയെപ്പോലെ മടക്കാം. ശരിയാണു്. കുസുമയ്ക്കു് ഇഷ്ടമുള്ള ആ കാര്യത്തിൽ ഞാനും ഉത്സാഹിക്കുന്നു എന്നു കണ്ടാൽ ഇപ്പോഴുള്ള വെറുപ്പു മാറും. അതിനിടയിൽ പണം അമുക്കി എന്നു പറഞ്ഞു് ആ കമ്മചന്ദ്രനെ അവിടെനിന്നും തുരത്തുകയും ചെയ്യാം. (ഉത്സാഹത്തോടെ പോകുന്നു.)

കാൎത്തി: ആ പെണ്ണു് ഒരു കാൎയ്യം പറഞ്ഞോ?

പുന്നമൂട്ടു്: ഒന്നല്ല മൂന്നു കാൎയ്യം പറഞ്ഞു.

കാൎത്തി: ശുപാൎശക്കു ചെല്ലുന്നോരെ പോലീസു പിടിക്കു മെന്നു്.

പുന്നമൂട്ടു്: എന്തോന്നോ എവിടെയോ കേട്ടു. അവൾ പേടിക്കുകയല്യോ. എടുത്തുവച്ചോടി ഇങ്ങോട്ടു്.

കാൎത്തി: ഒരു കാൎയ്യം പറഞ്ഞേക്കാം. പോലീസുകാരു വന്നു പിടിച്ചാൽ പിള്ളേരു രണ്ടിൻേറം കാൎയ്യം—

പുന്നമൂട്ടു്: എനിക്കറിയാമെടീ. ശുപാൎശ ചെയ്യുന്നതു് എൻെറ മൗലികാവകാശം. കക്ഷികൾ വല്ലതും തരുന്ന തു് അവരുടെ മൗലികാവകാശം. (ഒരു ശൃംഗാരത്തോടെ) എന്നാലും കാൎത്തീ! നീ എന്നോടു പിണങ്ങി പൊയ്ക്കളഞ്ഞല്ലോ. നീയല്ലെ എൻെറ ലക്ഷ്മി. നിന്നെ കൊണ്ടുവന്നതിൽപ്പിന്നെയല്ലേ എനിക്കു് ഈ ഐശ്വൎയ്യമെല്ലാം. (എഴുനേററു് അവളുടെ സമീപത്തേക്കു ചെല്ലുന്നു.)

കാൎത്തി: തൊണ്ണൂറു വയസ്സായി. നാണമില്ലല്ലൊ ശൃംഗാരത്തിനു വരാൻ.

(കാൎത്തി തലവെട്ടിത്തിരിച്ചുകൊണ്ടു് അകത്തേക്കു പോകുന്നു. പുന്നമൂട്ടു് പുറകെ എത്തുന്നു.)

(കൎട്ടൻ)

# രംഗം പതിനൊന്നു്

[പുന്നമൂടിൻെറ ഭവനം. മുൻവശത്തുള്ള ഹാൾ. പുഷ്കരൻകുട്ടി അവിടെ കിടന്നിരുന്ന ഒരു കോട്ടിൻെറ കീശ ഒന്നൊന്നായി പരിശോധിക്കുന്നു. ചില പഴയ തുണ്ടുകടലാസുകൾ മാത്രമേ ഉള്ളു ആ കീശകളിൽ. ഒരു പൈസപോലും അതിൽ ഇല്ലെന്നുകണ്ടു് കോട്ടു ചുരുട്ടി

ഒരു മൂലയിലേക്കെറിയുന്നു. അതെല്ലാം നോക്കിക്കൊണ്ടു് ഒരു കസേരയിൽ ഇരുന്നിരുന്ന കൃഷ്ണജി പൊട്ടിച്ചിരിക്കുന്നു.]

പുഷ്കരൻകുട്ടി: ദാരിദ്ര്യവാസി ഫാദർ. ഒരു പൈപോലും ഇതിനകത്തിട്ടിട്ടില്ല.

കൃഷ്ണജി: വല്ലതും ഉണ്ടായിരുന്നെങ്കിൽത്തന്നെയും കാത്തിയക്കൻ പരിശോധിച്ചപ്പോൾ കൈയിൽ തടഞ്ഞു കാണും.

പുഷ്കരൻകുട്ടി: പണത്തിൻെറ കാര്യംകൊണ്ടാണു്, ഏതു വിദ്യ പ്രയോഗിച്ചാലും തരക്കേടില്ല, ആ ലതയെ വിവാഹം ചെയ്താൽ മതിയാകു എന്നു ഞാൻ ശഠിക്കുന്നതു്.

കൃഷ്ണജി: ലതയെ വിവാഹം ചെയ്യുന്നതിനു വിഷമം ഒന്നും ഇല്ലെന്നേ; ഞാൻ ഏററു.

പുഷ്കരൻകുട്ടി: എന്തോന്നേററു! അവൾക്കും അവളുടെ ആ കിഴട്ടുതന്തയ്ക്കും സമ്മതമില്ല. പിന്നെങ്ങനെയാണു്.

കൃഷ്ണജി: പുഷ്കരൻകുട്ടിക്കു സമ്മതമുണ്ടല്ലോ, അതു മതി.

പുഷ്കരൻകുട്ടി: ഞാൻമാത്രം വിചാരിച്ചാൽ എന്തു നടക്കും.

കൃഷ്ണജി: ഈ ഇരുമ്പും ഉരുക്കും ബാങ്കും വ്യവസായവും എല്ലാം ദേശസാല്ക്കരിക്കുന്നില്ലേ. അതുപോലെ സൗന്ദര്യവും ദേശസാല്ക്കരിക്കാൻ ഒരു ഗംഭീരപ്രക്ഷോഭണം നാം നയിക്കണം. സൗന്ദര്യം കൈയടക്കിവയ്ക്കാനുള്ള അവകാശം ഒരുത്തക്കും കുത്തകയായിരുന്നുകൂടാ. റഷ്യയിൽ അങ്ങനെയാണു്.

പുഷ്കരൻകുട്ടി: മാസ്റ്ററെ! അങ്ങനെ ഒരു പ്രക്ഷോഭണം നയിച്ചു് വിജയം അടയുകതന്നെ പ്രയാസം.

കൃഷ്ണജി: നമുക്കു് പാർട്ടിയുണ്ടു്.

പുഷ്കരൻകുട്ടി: എന്നാലും സൗന്ദര്യധാമങ്ങളെ കൈവശം വച്ചുകൊണ്ടിരിക്കുന്ന ബൂർഷ്വാമാർ അവരെ വിട്ടു

തരാൻ പോകുന്നോ. അതുമല്ല, ആ തത്വം അംഗീകരിച്ചാൽ, ലത എൻേറതായാലും എത്രപേർ വരും അവകാശവാദവുംകൊണ്ടു്.

കൃഷ്ണജി: ഓ! അങ്ങനെ വന്നേക്കും. അല്ലെങ്കിൽ സൗന്ദൎയ്യം റേഷൻ ചെയ്യണം.

പുഷ്കരൻകുട്ടി: മററു വല്ല വഴിയും പറയൂ.

കൃഷ്ണജി: പിന്നെ ഒരു വഴിയേയുള്ളു.

പുഷ്കരൻകുട്ടി: പെരുവഴിയായിരിക്കും.

കൃഷ്ണജി: അല്ല, ഒരു പുതിയ പദ്ധതി. ലതയുടെ വീട്ടുപടിക്കൽ സത്യഗ്രഹം. നമ്മുടെ മൗലികാവകാശം അവർ അനുവദിച്ചു തരുന്നതുവരെ സത്യഗ്രഹം. സത്യഗ്രഹിയുടെ ചുററിനും ആളു തടിച്ചുകൂടും. പത്രത്തിൽ വാൎത്ത വരും. കുറച്ചിലാണെന്നു കരുതി, ഒടുവിൽ ആ തന്ത മകളെ ബോണസ്സായിത്തരാമെന്നു സമ്മതിക്കും.

പുഷ്കരൻകുട്ടി: (ആലോചിച്ചിട്ടു്) ഓക്കാത്തതല്ല, പട്ടിണി—

കൃഷ്ണജി: ഓഹോ! പട്ടിണിയിരിക്കുന്നതെന്തിനാ? അൎദ്ധരാത്രിയാകുമ്പം കുറെ പിരിയാണിയുമായി ഞാൻ അങ്ങെത്താം. എല്ലാവരും ഉറക്കമായിരിക്കും. കുശാലായി ഒരു ഭക്ഷണം. മിക്ക സത്യഗ്രഹികളും അങ്ങനാ—പകൽ പച്ചവെള്ളം.

പുഷ്കരൻകുട്ടി: പക്ഷേ, രാത്രിയിൽ തനിയെ ആ പടിക്കൽ കുത്തിയിരിക്കുവാൻ എനിക്കു ഭയമാണു്. ഞാൻ ഈ കാൎയ്യംതന്നെ ആലോചിച്ചുകൊണ്ടു് ഇന്നലെ ആ വഴിയേ പോയി. ആ സേതുമാധവൻ ഇറങ്ങി വരികയായിരുന്നു അവിടെനിന്നും. അവൻ എന്നോടു പറകയാണു്: സൂക്ഷിച്ചുവേണം ഇതിലേ നടക്കാൻ എന്നു്.

കൃഷ്ണജി: അവൻ ഒരു കശ്മലനാണ്. അപ്പോൾ പിന്നെ ങ്ങനെയാ? മരണംവരെ ഉപവാസം അനുഷ്ഠിക്കുവാൻ കഴികയില്ല, പൈങ്കിളിയെപ്പോലുള്ള ഒരു പെണ്ണിനെ വേണംതാനും.

പുഷ്കരൻകുട്ടി: മരണംവരെ ഉപവാസമൊ! മരിച്ചിട്ട പിന്നെ എനിക്കെന്തിനാ പെണ്ണ്? ബലിയിടാനോ? പണമുള്ള വേറെ പെണ്ണുണ്ടോ എന്നൊന്നന്വേഷിക്കു. ഈ കടക്കാരുടെ ശല്യം—

കൃഷ്ണജി: (ഒരു ഭാഗത്തേക്കു നോക്കിയിട്ട്) ഒരു കോള വരുന്നു.

പുഷ്കരൻകുട്ടി: മഴക്കോളാണോ?

കൃഷ്ണജി: അല്ലല്ല. വേറൊരു പദ്ധതി. അന്നത്തെ ജന്മി മുതലാളിദുഷ്പ്രഭുത്വം. അവൻെറ കൈയിൽ പണ മുണ്ട്. ഒരു കണക്കിന് ഈ ജന്മിമുതലാളിദുഷ്പ്രഭു ത്വം അവസാനിപ്പിച്ചാലേ, നമ്മെപ്പോലെയുള്ളവക്ക് നേരെചൊവ്വേ കുടിച്ചും തിന്നും ഒന്നു നടക്കുവാൻ ഒക്കു കയുള്ളൂ.

പുഷ്കരൻകുട്ടി: അവൻെറ കൈയിൽ പണം കാണും.

കൃഷ്ണജി: കാണും. പക്ഷേ, കെട്ടിയിട്ടടിച്ചാൽ നാലുകാശു തരികയില്ല: പോരാത്തതിന്നു് അവൻ ഇവിടെ ഏ ല്പിച്ച ഒരു കായ്യവും നടന്നുമില്ല. എങ്ങനെയാകാനാ ണ് ഒക്കാത്ത കായ്യം. (ആലോചിച്ചിട്ട്) ഒരു മാഗ്ഗ മുണ്ട്.

പുഷ്കരൻകുട്ടി: പോക്കററടിയാണോ?

കൃഷ്ണജി: അല്ല. ബാഗടി.

(കൃഷ്ണജി പുഷ്കരൻകുട്ടിയുടെ ചെവിയിൽ എന്തൊക്കെയോ മന്ത്രി ക്കുന്നു. രണ്ടുപേരും കുടുകുടാ ചിരിക്കുന്നു.)

പുഷ്കരൻകുട്ടി: ഞാനേററു.

കൃഷ്ണജി: ഞാനും ഏററു.

(മാളുമൂപ്പൻ പ്രവേശിക്കുന്നു. കൈയിൽ തടിച്ച ഒരു ബാഗും കുടയും വടിയും ഉണ്ടു്.)

മാതുമൂപ്പൻ: (രണ്ടുപേരെയും നോക്കിയിട്ടു്) രാഹുവും കേതുവുംകൂടി വക്രിച്ചു് അങ്ങനെ ചേന്നിരിക്യാ. നടക്കട്ടെ. നോൻ പോയില്യാന്നു. ഇല്യേ ഇവിട്ടത്തെ നേതാവു്?

പുഷ്കരൻകുട്ടി: ഇല്ലില്ല. രണ്ടുമൂന്നു വൻതോക്കുകളുമായി അച്ഛൻ മന്ത്രിമാരെ കാണാൻ പോയിരിക്കയാണു്. ആദായനികുതിയും മരണനികുതിയും നിത്തണം. പിന്നെ ഭൂമിയുടെ കാൎയ്യം—പറഞ്ഞിട്ടാ പോയതു്, ആ വടക്കൻജന്മി വരും, അയാളുടെ കാൎയ്യങ്ങൾ മുക്കാലെ മുണ്ടാണിയും ശരിയായി എന്നു പറയണം, അയാളു തരുന്ന പണം മേടിച്ചുവയ്ക്കണം എന്നെല്ലാം. അല്ലെ കൃഷ്ണജീ!

കൃഷ്ണജി: അതെയതെ.

മാതുമൂപ്പൻ: കായംകുളംകൊച്ചുണ്ണിക്ക് ഇത്തിക്കരപക്ക്യാ സാക്ഷി!

പുഷ്കരൻകുട്ടി: അതുകൊണ്ടു് പണമിങ്ങു തന്നേച്ചു് പോയി രണ്ടുദിവസം കഴിഞ്ഞു വരണം.

മാതുമൂപ്പൻ: ഒററച്ചില്ലി തരില്യ, എൻെറ കാൎയ്യം ഭദ്രാകുന്നതിനു മുൻപ്. ധരിച്ചോളൂ. പണോണ്ടു്, വേണ്ടുവോളം പണോണ്ടു്. (ബാഗിൽ തട്ടിക്കാണിക്കുന്നു) പക്ഷേ, തരില്യ.

പുഷ്കരൻകുട്ടി: ഒരു ആയിരം ഏക്കറിൻെറ ആർഡർ ആയി.

കൃഷ്ണജി: എല്ലാം റഡിയായി വരുന്നു, എന്റെ സുഹൃത്തെ.

നിങ്ങൾ കിടന്നു പിടയ്ക്കാതെ. അദ്ദേഹത്തിൻെറ ഇന്നത്തെ നിലയെപ്പററി വല്ല പിടിയുമുണ്ടോ തനിക്ക്. തൻെറ പണം മനസ്സുണ്ടെങ്കിൽ ഏല്പിക്കു. തന്നാൽ, വരുമ്പോൾ കൊട്ടക്കാമെന്നുമാത്രം.

മാതുമൂപ്പൻ: ഏൾപ്പിക്കയാണെങ്കിൽ തന്നെത്തന്നെയാ ഏൾപ്പിക്കേണ്ടത്. ചെരിപ്പുവിഴങ്ങി.

കൃഷ്ണജി: മര്യാദയ്ക്കു സംസാരിക്കു മാതുമൂപ്പാ.

മാതുമൂപ്പൻ: എൻെറ ചെരിപ്പു താൻ മോഷ്ടിച്ചില്യേ—പറയു.

കൃഷ്ണജി: ഞാനോ! മഹാത്മജിയുടെ നിർദ്ദേശം അനുസരിച്ച് രാജ്യവാസികളെ മുഴുവൻ നമ്മുടെ രാഷ്ട്രഭാഷയായ ഹിന്ദി പഠിപ്പിച്ച് രാജ്യം ഉയർത്തുവാൻ അശ്രാന്തപരിശ്രമം ചെയ്യുന്ന ഞാൻ തൻെറ ചെരിപ്പു മോഷ്ടിക്കുകയോ.

പുഷ്കരൻകുട്ടി: തൻെറ ഒരു ചക്രോം ഇവിടെ ആർക്കും വേണ്ടാ. വേണമെങ്കിൽ പത്തോ അഞ്ഞൂറോ അങ്ങോട്ടു തരാം. മനുഷ്യരാശിയോടുള്ള സ്നേഹംകൊണ്ടു്—(കൃഷ്ണജിയോട്) ങാഹാ! ഞാൻ അറിഞ്ഞില്ലല്ലോ. എന്നിട്ട് അച്ഛൻ മന്ത്രിയാകുമ്പോൾ എന്തെല്ലാം പോർട്ടഫോളിയോ ഉണ്ടായിരിക്കുമെന്നാ പറഞ്ഞതു്.

കൃഷ്ണജി: റവന്യൂ ഉണ്ടെന്നു നിശ്ചയം. ഹുസ്സും കണ്ടേക്കും.

മാതുമൂപ്പൻ: അപ്പോൾ റവന്യൂ അങ്ങോരു ഹുസ്സാക്കുമെന്നു തീർച്ച. ആൾ സൃഗാലനാ—

കൃഷ്ണജി: അയ്യോ! പുഷ്കരൻകുട്ടീ!—

(പുഷ്കരൻകുട്ടി ക്ഷീണഭാവം നടിക്കുന്നു. മയങ്ങി വീഴാൻ ഭാവിക്കുന്നു. കൃഷ്ണജി താങ്ങി കസേരയിൽ പിടിച്ചിരുത്തുന്നു. മാതുമൂപ്പനും ഒരു ചെറിയ പരിഭ്രമത്തോടെ അതെല്ലാം നോക്കിക്കൊണ്ടു നിൽക്കുന്നു.)

കൃഷ്ണജി: (നെഞ്ചത്തു കൈവച്ചിട്ട്) ഹാ! ഇതാ നെഞ്ചു

പടപടാ അടിക്കുന്നു. ശരീരം തണുക്കുന്നു. ഹൊ! എന്തൊരു വിയർപ്പു്. അവർ രണ്ടുപേരും ഇവിടെ ഇല്ലല്ലൊ ഈശ്വരാ! വിശറി എവിടെ? വെള്ളം കുടിക്കണോ? സുഹൃത്തേ! വേഗം വരു. ഒന്നു താങ്ങിക്കൊള്ളൂ. ഞാൻ ഇത്ര പച്ചവെള്ളം എടുത്തുകൊണ്ടു് ഒററ ഓട്ടത്തിനുവരാം. ഡാക്ടറെ വിളിക്കാൻ ഒരാളിനേം പറഞ്ഞയയ്ക്കാം. വേഗം വന്നേ. (ഉച്ചത്തിൽ) എടാ, കുഞ്ചു! ഗോവിന്ദാ! പപ്പു! ആരുമില്ലേടാ അവിടെങ്ങും. നൂറു വേലക്കാരുള്ള വീടാ!

(മാതുമൂപ്പൻ തന്റെ ബാഗും കുടയും വടിയും ബഞ്ചിൽ വച്ചിട്ടു് പരിഭ്രമത്തോടുകൂടി മുന്നോട്ടുവന്നു് പുഷ്കരൻകുട്ടിയെ താങ്ങുന്നു.)

കൃഷ്ണജി: നല്ലതുപോലെ പിടിച്ചുകൊള്ളണേ സുഹൃത്തേ. ഹൃദയസ്തംഭനമോ നീററുചുഴലിയോ ഏതാണ്ടാ.

(കൃഷ്ണജി പുറത്തേക്കോടുന്നു. പോകുന്ന പോക്കിൽ മാതുമൂപ്പന്റെ ബാഗുകൂടി എടുത്തുകൊണ്ടുപോകുന്നു. പുഷ്കരൻകുട്ടി അങ്ങോട്ടും ഇങ്ങോട്ടും കിടന്നുലയുന്നു; ഞെളിയുന്നു; പുളയുന്നു. ഇടയ്ക്കിടെ എന്തൊക്കെയോ പറയുന്നു. അവശതയും പരാക്രമവും കാണിക്കുന്നു. മാതുമൂപ്പൻ ബലമായി അയാളെ താങ്ങിപ്പിടിക്കുന്നു.)

മാതുമൂപ്പൻ: ഒന്നടങ്ങിയിരിയെടാ ചെക്കാ. കഴുനാ മറിയിണ മറിച്ചില്. ഈ താങ്ങുന്നവനും മനുഷ്യനാ.

പുഷ്കരൻകുട്ടി: (മുന്നോട്ടു തുറിച്ചുനോക്കിക്കൊണ്ടു്) അയ്യോ! അമ്മേ! ഹാ—അയ്യോ! അച്ഛാ! ഞാനിപ്പം മരിക്കും. അതാ ആരോ—പോത്തിന്റെ പുറത്തു്—കയറുമായി—അയ്യോ! കാലൻ! കാലൻ—പൊന്നുകാലാ അങ്ങു നില്ലു്.

മാതുമൂപ്പൻ: കാലനോ? (ഭയത്തോടെ) ഹെവിടെ? (നാലുപാട്ടും നോക്കിയിട്ടു്) ച്ചുമ്മാ ഇരിക്കില്ല്യേ. ആരും വരിണില്ല്യ—വൃഥാ തോന്നണതാ ചെക്കാ.

പുഷ്കരൻകുട്ടി: അയ്യോ! വേവുന്നു! നീറുന്നു! തീ! തീ! കൊട്ടംതീ—

മാതുമൂപ്പൻ: (ഭയത്തോടെ) ഹെയ്! അല്പം ഒന്നടങ്ങിയിരിക്കെടൊ—അവൻ, എന്താ ആ വിഡ്ഢീൻെറ പേര്—കൃഷ്ണജി! ആ കൃഷ്ണജി ഓടീരിക്യാ ജലത്തിന്. ഡാക്ടരും വരാതിരിക്കില്യ.

(പുഷ്കരൻകുട്ടി പിടയ്ക്കുന്നതിനിടയിൽ അയാളുടെ കൈ ഊക്കോടെ മൂപ്പൻെറ ചെകിടത്ത് പതിക്കുന്നു. മൂപ്പൻ ഒരു കൈകൊണ്ട് അവിടം അമർത്തിപ്പിടിക്കുന്നു.)

അയ്യോ! ക്രൂററാ! അണയിലെ പല്ലെല്ലാം തകൎന്നിരിക്ണു. സ്വതേതന്നെ ചിലതെല്ലാം ആടീരിക്യാന്നു. (കോപത്തോടെ) കേട്ടോടാ വഷളാ! ചുമ്മാ ഇരുന്നില്ലെങ്കിലേ ഞാൻ താഴെ അങ്ങു പൊതിനോന്നിട്ടുകളേം; പറഞ്ഞേക്കാം. നീ ചാകണേ ചത്തോ. നോന് ഒരു ചുക്കും വരാനില്യ. മററുള്ളോനെക്കൂടി കൊന്നിട്ടുവേണോ ചാകാൻ. (വാതില്ക്കലേക്കു നോക്കിയിട്ട്) ആ വിരാധൻ ഒരുപ്പോക്കങ്ങു പോയിരിക്യാ—അമ്മയുടെ പിണ്ഡത്തിന്. (ഉച്ചത്തിൽ) എടോ കൃഷ്ണജീ! ചത്തുവിറങ്ങലിച്ചിട്ടാ വെള്ളം കൊണ്ടുവരിക!

(കൃഷ്ണജി മൊന്തയിൽ വെള്ളവുമായി പരിഭ്രമത്തോടെന്നവണ്ണം പ്രവേശിക്കുന്നു.)

കൃഷ്ണജി: സുഹൃത്തേ! എങ്ങനെയിരിക്കുന്നു? (ഗദ്ഗദസ്വരത്തിൽ) വല്ലതും വന്നുപോയാൽ—

മാതുമൂപ്പൻ: ചത്തില്യാന്നു മാത്രം—ഇവനല്ല—നോൻ. ഈ ബകൻ എന്തൊരു ചാട്ടോം മറിച്ചിലും ആൎന്നുന്നോ. ഒരു കലാശം. കഴിച്ചതെല്ലാം ദഹിച്ചിരിക്ണു. അങ്ങട് പിടിക്കുന്ന്. കരയാൻ ചത്തില്യ—പിടിക്കുന്ന്. നോൻ നേരോന്ന് ശ്വാസംവിട്ടോട്ടെ.

(കൃഷ്ണജി പുഷ്കരൻകുട്ടിയെ താങ്ങിപ്പിടിക്കുന്നു. വെള്ളം കൊട്ടക്കുന്നു. കുറെ വെള്ളം മുഖത്തു തളിക്കുന്നു. മാതുമൂപ്പൻ കൈയും കാലും രണ്ടു മൂന്നു തവണ നിവൎക്കുകയും മടക്കുകയും ചെയ്തതിനുശേഷം അണയിലെ പല്ലുകളെല്ലാം പിടിച്ചു കുലുക്കിനോക്കുന്നു. അനന്തരം ബഞ്ചിലേക്കു നോക്കുന്നു. ബാഗു കാണുന്നില്ല.)

മാതുമൂപ്പൻ: (നെഞ്ചത്തടിച്ചുകൊണ്ടു മുന്നോട്ടാഞ്ഞിട്ടു്) അയ്യോ! എന്റെ വടക്കുന്നാഥാ! സഞ്ചി കാണുന്നില്യ—

കൃഷ്ണജി: (അതു ശ്രദ്ധിക്കാതെ) ശ്—ശ്—മിണ്ടാതിരിക്കു. പുഷ്കരൻകുട്ടിക്കു ബോധം വീഴുന്നു എന്നു തോന്നുന്നു. (വീണ്ടും ഗദ്ഗദസ്വരത്തിൽ) എന്റെ ഭഗവാനേ! ഒന്നും വന്നുപോകരുതെ. (മൃദുസ്വരത്തിൽ) പുഷ്കരൻ കുട്ടീ!

മാതുമൂപ്പൻ: (പരിഭ്രമത്തോടെ അങ്ങും ഇങ്ങും കുടയുടെ കീഴിലും ബഞ്ചിൻെറ അടിയിലും എല്ലാം നോക്കുന്നതിനിടയിൽ) എനിക്കൊന്നൂല്യാ അവൻ തൊലഞ്ഞാക്കൂടി. നോന്ന് ആ സഞ്ചി കണ്ടാ മതിയാന്നു. (വീണ്ടും അങ്ങും ഇങ്ങും നോക്കുന്നു.)

പുഷ്കരൻകുട്ടി: (സുഷുപ്തിയിൽനിന്നും ഉണൎന്നിട്ടെന്നപോലെ കൈയും കാലും ചലിപ്പിച്ചുകൊണ്ടു്) ഹൊ! എന്തോന്നായിരുന്നു? വീഴാൻപോകുന്നതുപോലെ തോന്നി. പിന്നത്തേതൊന്നും ഓൎമ്മയില്ല.

കൃഷ്ണജി: ഈശ്വരൻ രക്ഷിച്ചു. മരിച്ചുപോയോ എന്നുകൂടി ഞാൻ ഭയന്നു. ശരീരം ഐസുപോലങ്ങു തണുത്തേച്ചു. ചങ്കും കരളുംകൂടി ഒരുമിച്ചു് കിണികിണീന്നു് അടിയും. സുഹൃത്തേ, നിങ്ങൾ സൂക്ഷിച്ചില്ലേ?

മാതുമൂപ്പൻ: (കോപത്തോടെ) മണ്ണാങ്കട്ട! ഒരു ചുക്കുമില്ലാന്നു. കൂററൻെറ ചാട്ടംമാത്രം. നോൻെറ സഞ്ചി എവിടെന്നു പറയില്ല്യേ?

പുഷ്കരൻകുട്ടി: സഞ്ചിയോ? ഏതു സഞ്ചി?

മാതുമൂപ്പൻ: ഈയുള്ളോൻെറ സഞ്ചിയേ. വന്നപ്പോൾ കൂടെക്കൊണ്ടന്നതു്. എവിടെ പോയിരിക്യാ—

കൃഷ്ണജി: ഇവിടെ വച്ചിരുന്നെങ്കിൽ എവിടെ പോകാനാണു്? കൊണ്ടുവന്നിരിക്കയില്ല. അല്ലേ പുഷ്കരൻ കുട്ടീ?

പുഷ്കരൻകുട്ടി: അതെ, കൊണ്ടുവന്നിരിക്കയില്ല.

മാതുമൂപ്പൻ: ഛീ! വിഡ്ഢികുഞ്ഞരങ്ങളെ! അന്യായം പറയ്ണോ. നോം കൊണ്ടന്നു: കൈയിൽവച്ചോണ്ടു നിന്നാൻ. ഈ ഹിരണ്യാസുരനെ താങ്ങാന്നേരം ആ ബഞ്ചിന്മേൽ വച്ചു.

കൃഷ്ണജി: നിങ്ങൾ ട്രയിനിലോ ബസ്സിലോ വന്നതു്?

മാതുമൂപ്പൻ: (കോപത്തോടെ) വിമാനത്തേ വരുകാൻ, വിമാനത്തേല്! ഇതിനകത്ത് ഉറുപ്പിക ഇരിപ്പുണ്ടെന്നു പറഞ്ഞ് എടുത്തു കാട്ടിയ സഞ്ചിയാ ട്രയിനിലും ബസ്സിലും വച്ച് കളയണതു്. (ആത്മഗതമെന്നവണ്ണം) എൻെറ തൃപ്രയാററപ്പാ! ഒന്നു മുറുക്കണെങ്കി ഒരു ചില്ലിയില്യ. എന്താ ചെയ്യ. പരിചയോല്ലാത്ത രാജ്യോം. (പാരവശ്യത്തോടെ തലയ്ക്കു കൈയുംകൊടുത്തു് ബഞ്ചിൽ ഇരിക്കുന്നു.)

കൃഷ്ണജി: (ദുഃഖഭാവത്തോടെ) പോയെങ്കിൽ വലിയ കഷ്ടമായിപ്പോയി.

പുഷ്കരൻകുട്ടി: ഉം. പോയെങ്കിൽ വലിയ കഷ്ടമായിപ്പോയി.

മാതുമൂപ്പൻ: (കോപത്തോടെ ചാടിയെഴുന്നേററിട്ടു്) അങ്ങനെ വിടാൻ നോൻ നിശ്ചയിച്ചിട്ടില്യ. പ്രമാണിയുടെ വീടെന്നു കരുതി. പോലീസിൽ അറിയിച്ചിട്ടിനി കാര്യം. ആ ബകന്മാരു വന്ന് കിട്ട്ണതിനെ കിട്ട്ണതിനെ എല്ലാം ഇടിക്കട്ടെ. അപ്പോൾ തെളിയും

നേര്. തൃപ്പ്രയാററപ്പൻ അങ്ങനെ ഇങ്ങനെ വിടില്യ.

കൃഷ്ണജി: (പുഷ്ക്കരൻകുട്ടിയോട്ട്) ഞാൻ അങ്ങോട്ട പ്രാണ വേദനയോടെ ഓടുമ്പോൾ ആരോ ഒരുത്തി—ഞാൻ സൂക്ഷിച്ചില്ല ആരെന്നു്—ഇങ്ങോട്ട പാത്തും പതുങ്ങീം കേറിവരുന്നതു കണ്ടു. ഇനി അവൾ എടുത്തുകൊണ്ട പോയിരിക്കുമോ?

(കാത്തി ബാഗുമായി പ്രവേശിക്കുന്നു.)

കാത്തി: ആരുടെയാടാ പുഷ്ക്കരൻകുട്ടീ ഈ ബാഗു്? അവിടെ ആ ഉമ്രത്തിൻെറ മോളിൽ—

മാതുമൂപ്പൻ: (പെട്ടെന്നു മുന്നോട്ട ചാടി ബാഗു പിടിച്ചു വാങ്ങിയിട്ട്) എടീ, നക്രതുണ്ഡീ, നീയാ അപ്പോൾ ഇതു ഭഗ്ഗിച്ചതു്! ഇവിടെവച്ചിട്ട് ഒന്നെഴന്നേററാന്റ്. അതിനിടയിൽ മോഷ്ടിച്ചിരിക്ണു. കണ്ടാൽ ഡിസ്ത്രിക്ട്കളക്ടരുടെ ഭാര്യേടെ പ്രതാപോം.

(പുഷ്കരൻകുട്ടിയും കൃഷ്ണജിയും പരസ്പരം പരിക്ഷീണരായി നോക്കി നില്ക്കുന്നു.)

കാത്തി: (കോപത്തോടെ) എന്തുവാടോ പോക്രിത്തരം പറേന്നതു്. ഞാൻ മോഷ്ടിച്ചെന്നോ?

മാതുമൂപ്പൻ: ഉവ്വ്. ഈ കൃഷ്ണജി കണ്ടിരിക്ണു, നിങ്ങൾ പതുങ്ങിപ്പതുങ്ങി വര്ണത്.

കാത്തി: താൻ കണ്ടോടോ?

കൃഷ്ണജി: ആരോ വരുന്നെന്നു് തോന്നിയതാ—

മാതുമൂപ്പൻ: കള്ളം കള്ളം! നേരു പറയ്യോ അയാൾ. എടീ ഭദ്രകാളീ, പതുങ്ങിപ്പതുങ്ങി വന്ന് സഞ്ചി മോഷ്ടിച്ചതുമല്ല, ഇങ്ങട്കേറി മല്ലയുദ്ധത്തിനൊരു നില്പും. ക്ഷ്യായി. ഈ കൃഷ്ണജി കണ്ടില്ലാന്നെങ്കി സ്വാഹാ—ഹും! ഹരിച്ചന്ദ്രന്മാരുടെ നാട്! ഒരാൾ ചെരിപ്പു വിഴങ്ങിയാന്റ്. ഒരാൾ പത്തുറുപ്പിക—നിങ്ങൾ സഞ്ചി

കൂടി വിഴങ്ങീരിക്ണു. ഇനിയത്തെ വരവിന്, വടിയും കുടയും നൊമ്മെയുംകൂടി വിഴങ്ങുമെന്നാ തോന്ന്ണത് മട്ടുകണ്ടിട്ട്. പോലീസിൽ പറയുമെന്നു കേട്ടപ്പൊഴാ ഇതിങ്ങു ചർദ്ദിച്ചേക്കാമെന്നു വച്ചത്.

കാത്തി: കേട്ടോ കേട്ടോ ഇയാളുടെ പറച്ചില്ല്—

മാതുമൂപ്പൻ: നോൻ കേട്ടിരിക്ണു ഇവിടത്തെ പോലീസിനെപ്പററി: മഹാ ഉഗ്രന്മാരാ—ശ്ശി കടന്ന് കാട്ട്ണോരാ—എന്നാലും നിങ്ങൾ ഇതെപ്പോൾ മോഷ്ടിച്ചു? (ധിറുതിയിൽ ബാഗിനുള്ളിൽ നോക്കുന്നു.) ഒട്ടും എടുത്തിട്ടില്യാ—സമയം കിട്ടീല്യാ—അതാ.

കാത്തി: എടോ മരങ്ങോടാ, തൻെറ കുന്തം ഇവിടാരും മോഷ്ടിച്ചില്ല. ആ ഉമ്മ്രത്തിൻെറ മോളിൽ ഇരുന്നു. ഞാൻ ഇങ്ങോട്ടു വന്നപ്പോൾ എൻെറ തലയിൽ മുട്ടി താഴെ വീണു.

മാതുമൂപ്പൻ: ഹരിഹരി! പൊളിപറഞ്ഞാലും നിരക്ണ പൊളിവേണ്ടെ പറയാൻ. ഈ തടിയൻസഞ്ചി ചിറകുവച്ചു പറന്നിരിക്ണു ഉമ്മ്രത്തേക്ക്. അവിടെച്ചെന്ന് ചേക്ക ഇരിക്യാന്നു. ഈ ഭുശുണ്ഡി ഇങ്ങട് കടന്നു വന്നു. സഞ്ചി പ്ടേ എന്നൊരു വീഴ്ച! ഹ! ഹ! ഹ!

കാത്തി: ഈ എങ്ങാണ്ടുകിടന്ന എരപ്പ എൻെറ വീട്ടിൽ വന്ന് എന്നെ ശകാരിക്കുന്നതു കേട്ടോണ്ടു നില്ക്കുവാണോടാ നിങ്ങൾ—(ഉച്ചത്തിൽ) എടീ, പാറുവേ, ആ ചൂലിങ്ങെടുക്ക്.

പുഷ്കരൻകുട്ടി: (മുന്നോട്ടുവന്ന്) ഇറങ്ങെടോ വെളിയിൽ.

കൃഷ്ണജി: (മുന്നോട്ടുനീങ്ങി) ഉം! ഇറങ്ങ്.

മാതുമൂപ്പൻ: (കുടയും വടിയും എടുത്തിട്ട്) മുറാളന്മാരോട് മല്ലയുദ്ധത്തിന് നോൻ തയ്യാറില്യ. നോൻ തന്നിരിക്ണ ഉറുപ്പിക തിരിച്ചേല്പിച്ചാൽ മതി.

കാത്തി: ഒരു ചക്രോം തിരിച്ചുതരാൻ ഭാവമില്ല. താൻ തന്റെ പാട്ടിനു പോകൂ.

പുഷ്കരൻകുട്ടി: ഉം. പോകൂ.

മാതുമൂപ്പൻ: അതുവ്വോ! വേറെ വഴി നോക്കിക്കൊള്ളാം— നോൻ കേസുകൊടുക്കും. എല്ലാം ഒന്നു കലങ്ങിത്തെളിയട്ടെ. പതിനഞ്ചു വകുപ്പുകൾ. വിശ്വാസവഞ്ചന, പിടിച്ചുപറി, മോഷണം—ഇവിടെയുള്ള എല്ലാവരും പ്രതികളാ—ഇനീം ഇതു പാടില്യ. ആളുകളെ ചതിക്യ—പിന്നെ ഒരു നിരാഹാരവ്രതോം. നോൻ വിടില്യ.

പുഷ്കരൻകുട്ടി: ഇറങ്ങടാ വെളിയിൽ—(കഴുത്തിൽ കടന്നു പിടിക്കുന്നു.)

(മാതുമൂപ്പൻ ധിറുതിയിൽ ഇറങ്ങിപ്പോകുന്നു.)

(കർട്ടൻ)

## രംഗം പന്ത്രണ്ട്

[പുന്നമൂടിന്റെ ഭവനം. എവിടെയോ പോയിട്ട് തിരിച്ചുവന്ന വേഷത്തിൽ പുന്നമൂട്ട് ഇരിക്കുന്നു. ഔത്സുക്യത്തോടെ ഒരു കത്ത് വീണ്ടും വീണ്ടും വായിക്കുകയാണ്. അയാളുടെ മുഖത്ത് അത്ഭുതം, ആനന്ദം തുടങ്ങിയ രസങ്ങൾ മാറിമാറി ഉദിക്കുന്നു. കുഞ്ചു അതെല്ലാം സൂക്ഷിച്ചുകൊണ്ട് അല്പം അകലെ നില്ക്കുന്നു.]

പുന്നമൂട്ട്: എടാ ഇത് മിനിഞ്ഞാന്ന് എഴുതിയതാണല്ലോ. ഇതുവരെ തരാഞ്ഞതെന്ത്?

കുഞ്ചു: അവിടെനിന്നും വരാത്ത താമസം, കൊച്ചമ്മ എന്നെ വേറൊരിടത്തയയ്ക്കാൻ. ഇന്നേ പിന്നെ സൗകര്യം കിട്ടിയൊള്ളു തരാൻ. വളരെ രഹസ്യമായിട്ടു വല്യങ്ങു

ന്നിനെ ഏല്പിക്കണമെന്ന് ആ കുഞ്ഞു പറഞ്ഞതു കൊണ്ട്—

പുന്നമൂട്ട്: ങാഹാ! എന്നവള് പറഞ്ഞോ—?

കുഞ്ഞു: പറഞ്ഞു.

പുന്നമൂട്ട്: എന്നെ ഏല്പിക്കണമെന്നുതന്നെ?

കുഞ്ഞു: ഓ.

പുന്നമൂട്ട്: (ആ കത്തിൽ നോക്കിയിട്ട്) "അനിഷേധ്യ നേതാവായ ശ്രീ. പുന്നമൂട്ട് അവർകൾക്ക്"—എനിക്കുതന്നെയാ. (നാലുഭാഗത്തും നോക്കി ആരും അവിടെങ്ങും ഇല്ലെന്നു തീർച്ചയാക്കിക്കൊണ്ട്) ലതതന്നെയാണോ നിൻെറ കൈയിൽ തന്നതു്?

കുഞ്ഞു: അയ്യോ പിന്നെ! അങ്ങ് അടുക്കളേടെ അവിടെ വിളിച്ച് രഹസ്യമായിത്തന്നു. എന്തുവാന്നാ—നമ്മളെ ആക്ഷേപിച്ചു വല്ലതും എഴുതിയിട്ടുണ്ടോ എന്തോ.

പുന്നമൂട്ട്: ഒന്നുമില്ലെടാ—പേടിക്കേണ്ട. അവൾ നിന്നോട് എന്തെല്ലാം ചോദിച്ചു?

കുഞ്ഞു: വല്യങ്ങുന്നിനു് ഓരോരിടത്തുന്നും കിട്ടുന്ന മാലേം ബൊക്കേം എന്തു ചെയ്യും?

പുന്നമൂട്ട്: പതുക്കെപ്പറ.

കുഞ്ഞു: മന്ത്രിമാരു കൂടെക്കൂടെ വിളിക്കുമോ, അടുത്ത അസംബ്ലിക്കു നില്ക്കുന്നില്ലേ, ഗോതമ്പാണോ കഴിക്കുന്നതു്, പഞ്ചസാര ഉപയോഗിക്കുമോ, ഇവിടുത്തെ ഈനാംചക്കിയെ മന്ത്രിമാരുടെ വീട്ടിൽ കൊണ്ടുപോകുമോ—ഒരായിരം കിന്നാരചോദ്യങ്ങൾ—എനിക്കു പിടിച്ചില്ല വല്യങ്ങുന്നെ—ആ കൊച്ചിനു് ഇതൊക്കെ അറിഞ്ഞിട്ടെന്തു വേണം?

പുന്നമൂട്ട്: (ആഹ്ലാദത്തോടെ) അവൾക്കതൊക്കെ അറിയേണ്ട ആവശ്യമുണ്ടെടാ കഴുതെ. (എഴുത്തിലേക്കു

നോക്കിയിട്ട്) "അങ്ങയുടെ പ്രസംഗചാതുര്യവും, വ്യക്തിപ്രഭാവവും സ്വാധീനശക്തിയും എന്നെ അങ്ങിലേക്കാകർഷിച്ചിരിക്കുന്നു. ഇന്നല്ലെങ്കിൽ നാളെ നിശ്ചയമായും അങ്ങ് ഈ രാജ്യത്തിലെ മന്ത്രിപീഠം അലങ്കരിക്കുമെന്ന് എനിക്കു വിശ്വാസമുണ്ട്." (തന്നത്താൻ എന്നവണ്ണം) ഉം! അതാണു സംഗതി. പെണ്ണാണോ, അധികാരഭ്രമം കാണും. കൊടിവച്ച കാറിൽ കയറി അങ്ങനെ സവാരി പോകണം. ദിവസം ആയിരം പേരെക്കൊണ്ടെങ്കിലും കൊച്ചമ്മേ എന്നു വിളിപ്പിക്കണം. എടാ കുഞ്ഞു!—

കുഞ്ഞു: എന്തോ!

പുന്നമൂട്ട്: കല്ലും നെല്ലും തിരിയുന്നതുവരെ നീ ഇതൊന്നും വെളിയിൽ പറഞ്ഞേക്കരുത്. ഇതൊരു നവീന പദ്ധതിയാ.

കുഞ്ഞു: ഇല്ലേ ഇല്ലേ, ആ ലതക്കുഞ്ഞും അങ്ങനെതന്നെ പറഞ്ഞേ.

പുന്നമൂട്ട്: (വീണ്ടും കത്തു വായിക്കുന്നു) "അവിടത്തെ ആ നെല്ലിമൂട്ടപ്രസംഗം എത്രയെത്ര പുരോഗമനപരങ്ങളായ ആശയങ്ങൾ ഉൾക്കൊള്ളുന്നു! അങ്ങ് ഒരു തികഞ്ഞ സോഷ്യലിസ്റ്റാണ്"—(തന്നത്താൻ എന്നവണ്ണം) ഞാൻ സോഷ്യലിസ്റ്റാണെങ്കിൽ സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റാണെങ്കിൽ കമ്മ്യൂണിസ്റ്റ്, കോൺഗ്രസ്സാണെങ്കിൽ അതു്. ഭരിക്കുന്ന പാർട്ടി ഏതോ, ഞാൻ അതിലാ.

കുഞ്ഞു: വല്യേങ്ങുന്നിന്റെ മൗലികാവകാശം ആണേ അതു്.

പുന്നമൂട്ട്: എം. എ.ക്കാരിയാ. പഠിത്തം കൂടുന്നതു് അപകടമാ. അല്ലിയോടാ?

കുഞ്ചു: ആണേ, ഒന്നും പഠിക്കാത്ത ഇവിട്ടത്തെ കൊച്ച മ്മയുടെ ശല്യം ഇത്രയും ആയപ്പോൾ എം. എ. ക്കാരി യുടെ ശല്യം എന്തായിരിക്കും!

പുന്നമൂട്ട്: പക്ഷേ, എന്നെ ആരാധിക്കയാണ് ലത.

കുഞ്ചു: ഇവിട്ടത്തെ കൊച്ചമ്മയും വല്യങ്ങുന്നിനെ ആദ്യം ആരാധിച്ചതാ, എന്ന് വഴക്കിടുമ്പോൾ വല്യങ്ങുന്നു തന്നെ ഉത്തരവാകാറുണ്ട്.

പുന്നമൂട്ട്: ഛെ! പതുക്കെപ്പറ. അവൾ കയറിവന്നേക്കും. (ഭയത്തോടെ ഭാര്യ കയറിവന്നേക്കാവുന്ന ഭാഗത്തേക്കു നോക്കുന്നു.) എനിക്കവളെ ഭയവും മറ്റും ഇല്ല. എ ന്തിനു ഭയപ്പെടണം! നല്ല കുറുവാപ്പരലുപോലുള്ള എം. എ. ക്കാരികൾ എന്നെ ആരാധിക്കുന്നു: എന്നെ ക്കിട്ടണേ എന്നു പ്രാർത്ഥിച്ചുകൊണ്ട് തിങ്കളാഴ്ചവ്രതം നോല്ക്കുന്നു. പക്ഷേ, പുഷ്കരൻകുട്ടി കയറിപ്പിണങ്ങു മല്ലോടാ.

കുഞ്ചു: എന്തിനാണോ പിണങ്ങുന്നതു്. വല്യങ്ങുന്നിനോ ടുള്ള ഭക്തികൊണ്ട് മകൻെറ ഭാര്യയായി വരാമെന്നു് ലതക്കുഞ്ഞു പറയുന്നു. അതു നല്ലതല്ല്യോ—

പുന്നമൂട്ട്: നീ എന്തൊരു കഴുതയാടാ തടിയാ—(രഹസ്യ മെന്നവണ്ണം) അവൾ എന്നെയാണു പ്രേമിക്കുന്നതു്!

കുഞ്ചു: (അത്ഭുതത്തോടെ മേല്പോട്ടു ചാടിയിട്ട്) അയ്യോടാ തമ്പ്രാനെ! ഒള്ളതാണോ? നേരായിട്ട പറകയാണോ?

പുന്നമൂട്ട്: ബഹളം കൂട്ടാതെ, എൻെറ രാഷ്ട്രീയപ്രവർത്തന ങ്ങളിൽ അവൾ അഭിമാനംകൊള്ളുകയാണ്.

കുഞ്ചു: അതെല്ലാം ചോദിച്ചു, കൊഴക്കട്ട കണ്ട കൊച്ചി നെപ്പോലെ കൊതിയോടെ.

പുന്നമൂട്ട്: (എഴുത്തിൽ നോക്കിയിട്ട്) മഹാപ്രതാപ ശാലിയായിരുന്ന ഹിററ്ലറിൻെറക്കൂടെ ഒരു ഈവാ

ബ്രൗൺ എന്നവണ്ണം എന്നോടൊത്തു കഴിഞ്ഞുകൂട
വാൻ അവൾ ആഗ്രഹിക്കുന്നുപോലും! അവൾക്കും ഒരു
പദ്ധതിയുണ്ട്.

കുഞ്ചു: ഹ്ഹം! അപ്പം ഈ പെണ്ണെന്നു പറയുന്നതു് ഒരു
വല്ലാത്തജാതിയാ.

പുന്നമൂട്ട്: എടാ, ചില പെണ്ണുങ്ങൾക്കു് രാഷ്ട്രീയനേതാക്ക
ന്മാരെന്നുവച്ചാ ജീവനാ. അന്നു ചായയുംകൊണ്ട് അ
വളുതന്നെ വന്നതിന്റെ അർത്ഥം അതാണു്. ഒന്നു ചിരി
ക്കുകേം ചെയ്തു—

കുഞ്ചു: എടാ! അതിപ്പോൾ വലിയ തൊന്തറവായല്ലോ.

പുന്നമൂട്ട്: എന്തോന്നു തൊന്തറവ്?

കുഞ്ചു: കൊച്ചമ്മ—

പുന്നമൂട്ട്: എവിടെ, എവിടെ?

കുഞ്ചു: അല്ല കൊച്ചമ്മ കിടക്കുന്നല്ലോ എന്നു്.

(ഒരുവൻ ഒരു കൂടയിൽ കുറെ മാങ്ങയുമായി എത്തുന്നു. കൂട പുന്ന
മൂടിന്റെ മുമ്പിൽ വച്ചിട്ടു തൊഴുന്നു.)

പുന്നമൂട്ട്: എന്തോന്നാടോ ഇതു്? അങ്ങു ദൂരെ വയ്ക്കു്.

ആഗതൻ: കുറെ മാങ്ങയാണേ, അവിടത്തെ ഒട്ടുമാവു്
കന്നികായ്ച്ചതു്. ലതക്കുഞ്ഞു തന്നയച്ചു വല്യങ്ങുന്നി
നെന്നും പറഞ്ഞു്.

പുന്നമൂട്ട്: (ഉത്സാഹത്തോടെ) ങാഹാ! ലത തന്നയച്ച
താണോ, എട്ടത്തിങ്ങു മേശപ്പുറത്തു വയ്ക്കു്. നല്ല മാങ്ങാ
ആയിരിക്കും. ഇതു പിഴിഞ്ഞുകൂട്ടിയാ ഞാൻ ഇന്നു്
ഉണ്ണാൻപോകുന്നതു്. പറഞ്ഞേക്കു്, ഇന്നുതന്നെ ഒന്നു
രണ്ടു മീററിംഗുണ്ട്. ആ മീററിംഗെല്ലാം കഴിഞ്ഞു്
ഞാൻ അങ്ങോട്ടു വരുന്നുണ്ടെന്നു പറ.

ആഗതൻ: ഓ! വിളിച്ചോണ്ടുവരണമെന്നാ പറഞ്ഞതു്.

പുന്നമൂട്ട്: ങാഹാ! അപ്പോൾ തീർച്ചയായും വന്നേക്കാം. നീ പോ.

(അവൻ പോകുന്നു. കുഞ്ഞു മാങ്ങയെടുത്തു് മേശപ്പുറത്തു വയ്ക്കുന്നു; പുന്നമൂട്ട് ഞെക്കിനോക്കുന്നു.)

നല്ല മണം. ഘ്ലും ഘ്ലും എന്നടിക്കുന്നു. എടാ! നിന്നോടു ഞാൻ ചോദിക്കുന്നു, ഞാൻ ഒരു മന്ത്രിയോ സ്പീക്കറോ ആകുന്നപക്ഷം, ഡിന്നറുകൾക്കും മഹായോഗങ്ങൾക്കും ഇപ്പൊഴത്തെ ഈ പാത്തത്താറാവിനെ എങ്ങനെ കൊണ്ടുപോകുമെന്നു്?

കുഞ്ഞു: (ചിരിച്ചിട്ടു്) ഒന്നൊരുങ്ങാൻ രണ്ടുമണിക്കൂറു വേണം. പിന്നേം നൂറുവിളി വിളിക്കണം. മറേറതായാൽ കുരുടനെ പിടിച്ചോണ്ടു നടക്കുന്നതുപോലെ നമ്മളെ അങ്ങു കൊണ്ടുപൊയ്ക്കോളും.

പുന്നമൂട്ട്: ഒരു സദസ്സിൽ ഒന്നു മൂളാൻ കഴിയുമോ? മൗലികാവകാശപ്രഖ്യാപനം ഭരണഘടനയിൽ വന്നപ്പോഴേ കളയേണ്ടതായിരുന്നു. ആ പദ്ധതി ഞാൻ പരിഗണിച്ചില്ല.

കുഞ്ഞു: പക്ഷേ, ഈ കാര്യം വല്ലതും വെളിയിൽ വന്നാൽ വലിയ പുകിലായിരിക്കും ഇവിടെ.

പുന്നമൂട്ട്: എന്തോന്നു പുകിൽ? ഒരു സുന്ദരിക്കു് എന്നെത്തന്നെ വേണമെന്നു പറയുന്നതിനും എനിക്കു് അവളെത്തന്നെ മതിയെന്നുവയ്ക്കുന്നതിനും 226–ാം വകുപ്പു് അനുവാദം തരുന്നുണ്ടു്.

കുഞ്ഞു: ഉണ്ടു്, ഉണ്ടു്.

(പുന്നമൂട്ട് ഒരുഭാഗത്തത്തേക്കു നോക്കി, 'മിണ്ടാതെ, അവൾ വരുന്നു' എന്നു് ആംഗ്യം കാണിക്കുന്നു. കാന്തിയും കൃഷ്ണജിയും പ്രവേശിക്കുന്നു. പുന്നമൂട്ട് എഴുത്തു് ധിറുതിയിൽ മേശയ്ക്കുള്ളിൽ നിക്ഷേപിക്കുന്നു. കാന്തി അതു കാണുന്നു.)

കാന്തി: എന്തോന്നാ ഒളിച്ചുവയ്ക്കുന്നതു്? ചക്രമാണോ?

പുന്നമൂട്ട്: അല്ല. ഗാന്ധിജയന്തിയുടെ പരിപാടി.
കാർത്തി: അതെന്തിനാ ഒളിച്ചുവയ്ക്കുന്നത്?
പുന്നമൂട്ട്: സൂക്ഷിച്ചുവയ്ക്കുവാ. ഞാനാ ഉൽഘാടകൻ—അല്ലെങ്കിൽ മറന്നുപോകും.
കാർത്തി: എടാ കുഞ്ചൂ! അത്യാവശ്യമായി നിന്നെ ഒരിടത്തു മിനിഞ്ഞാന്നു പറഞ്ഞയച്ചതാ. എന്നിട്ട് ഇന്നാണോ വരുന്നത്?
കുഞ്ചു: ഇന്നാണ് ആളിനെ കണ്ടത്. ഇന്നലേ അങ്ങോര് ജാമ്യത്തിൽ ഇറങ്ങിയുള്ളു. എല്ലാം സമ്മതിച്ചു. ഇന്നു വരും.
പുന്നമൂട്ട്: ആരാടാ? ആരാ ജാമ്യത്തിൽ ഇറങ്ങിയത്?
കാർത്തി: പറയാം: മറേറ ആ പെണ്ണിൻറവനോ?
കുഞ്ചു: അദ്ദേഹവും വരും.
പുന്നമൂട്ട്: ഏതദ്ദേഹമാടാ?
കാർത്തി: ശ്രീവിലാസത്തു വിവാഹംചെയ്യാൻ വന്നവൻ.
കൃഷ്ണജി: (പരിഭ്രമത്തോടെ) എന്തിന്?
പുന്നമൂട്ട്: (അതു ശ്രദ്ധിക്കാതെ) നിശ്ചയമായും അവനെ ലതയ്ക്കു ഇഷ്ടം കാണുകയില്ല. എനിക്കറിയാം. അവൾക്കു രാഷ്ട്രീയപ്രവത്തകരെയാണിഷ്ടം.
കാർത്തി: അപ്പോൾ പുഷ്കരൻകുട്ടിയെ ഇഷ്ടം കാണുമല്ലോ.
പുന്നമൂട്ട്: ഇഷ്ടമുള്ളോരെ വിവാഹം ചെയ്യുക അവളുടെ മൗലികാവകാശമാണെടീ പെമ്പ്രന്നോരേ.
കാർത്തി: ഓ! മൗലികാവകാശം! പുഷ്കരൻകുട്ടിക്കു അവളും കുസുമയ്ക്കു ആ ഉദ്യോഗസ്ഥച്ചെറുക്കനും ആയാൽ നമ്മുടെ സൊല്ല ഒഴിഞ്ഞു. ഇപ്പൊഴങ്ങു നടത്തിയാൽ പിടിപ്പതു പ്രസൻറും കിട്ടും.
പുന്നമൂട്ട്: കുസുമ എവിടെ?
കാർത്തി: ഇപ്പോൾ വരും, അവളുടെ സേവാസദനത്തിലെ

പരിശീലനകേന്ദ്രം തുറപ്പിക്കാൻ മന്ത്രിയെ ക്ഷണിക്കു ന്നതിനായി അച്ഛൻകൂടി ചെല്ലണമെന്നും പറഞ്ഞു്. ഓടിക്കണം ആ അസത്തിനെ. തെണ്ടികളെ നന്നാക്കാൻ. ദൈവംതമ്പുരാൻ തെണ്ടികളായിട്ട സൃഷ്ടിച്ചോരെ മനുഷ്യരു നന്നാക്കിയാൽ നന്നാകുമോ? ആ നശിച്ച കമ്മചന്ദ്രൻ! അവനാ ഇതെല്ലാത്തിനും ഇളക്കുന്നതു്. അവൻ ഇവിടെ കേറരുതെന്നു പറഞ്ഞപ്പോൾ അവൾ അങ്ങോട്ടുപോയാണു് ആലോചന. അച്ഛനെന്നും പറഞ്ഞിരിക്കണം. വല്ല കുറച്ചില്ലും വരട്ടെ. (കൃഷ്ണജിയെ ചൂണ്ടിക്കാണിച്ചിട്ടു്) ഞാൻ ഈ പോത്തനോട്ടു പറഞ്ഞു, ആ കെട്ടിടങ്ങളെല്ലാം തീവെച്ചു ചുടാൻ. ചുട്ടു ചാമ്പലാക്കണം—ചെല്ലടോ.

പുന്നമൂട്ടു്: എടാ, അവൾക്കു് അവനെയാണിഷ്ടമെങ്കിൽ അതു നടക്കട്ടെ. അല്ലേടാ കുഞ്ചു!

കുഞ്ചു: ഓ! നടക്കട്ടെ. പഴയ ഭാര്യമാരെ ഉപേക്ഷിക്കാനും പുതിയ ഭാര്യമാരെ സ്വീകരിക്കാനും ഒക്കെ ആക്കും അവകാശമുണ്ടു്.

കാത്തി: (കുഞ്ചുവിനോട്ടു്) എൻറട്ടത്തുനിന്നു വിളച്ചിൽ പറഞ്ഞാൽ പല്ലു കാണുകയില്ല, കേട്ടോ. ഇതെന്തോന്നാ ഈ കൊട്ടയിൽ?

കുഞ്ചു: രണ്ടുമൂന്നു മാങ്ങാ, വളരെ വിശേഷപ്പെട്ടതാ.

കാത്തി: ആരു കൊണ്ടുവന്നു? എവിടുന്നാ?

പുന്നമൂട്ടു്: ഒരു കക്ഷി കൊട്ടത്തയച്ചു.

കാത്തി: രൂപാ ഒന്നും—?

പുന്നമൂട്ടു്: ഓ രൂപാ അങ്ങനെ വഴിയിൽ കിടക്കയല്ലെ.

കാത്തി: പിന്നെ രണ്ടു പുളിച്ചിമാങ്ങാ—(എടുത്തെറിയാൻ ഭാവിക്കുന്നു.)

പുന്നമൂട്ടു്: (കടന്നുപിടിച്ചിട്ടു്) ഹെയ് കളയാതെ. അതു

മുഴുവൻ എനിക്കു തിന്നണം. മാങ്ങാ എനിക്കിഷ്ടമാണെന്നു് അറിഞ്ഞോണ്ടു കൊടുത്തയച്ചതാ.

കൃഷ്ണജി: രണ്ടിൽ ഒന്നറിഞ്ഞിട്ടുവേണം എനിക്കു പോകാൻ.

പുന്നമൂട്ട്: പോടോ തൻെറ പാട്ടിനു്. തൻെറകൂടെ അയച്ചാൽ നാഴി കഞ്ഞിവെള്ളം കുടിക്കുന്നതിനു് അവൾ അയൽവീട്ടിൽ പോകേണ്ടിവരും.

കൃഷ്ണജി: കമ്മചന്ദ്രൻെറതിനെക്കാൾ ഭേദമാണു് എൻെറ അവസ്ഥ.

പുന്നമൂട്ട്: അയാൾ ഒന്നുമില്ലെങ്കിലും ഒരാദർശമുള്ളവനാ. മാന്യനാ—

കാത്തി: ഈ ആദർശോം രാഷ്ട്രീയോം ഒക്കെ ഒന്നു കെട്ടിവയ്ക്കാമോ?

പുന്നമൂട്ട്: പോ അസത്തേ! എൻെറ രാഷ്ട്രീയപ്രവത്തനം ഒന്നുമാത്രം കരുതി എന്നെ ആരാധിക്കുന്ന എത്രപേർ ഉണ്ടെന്നു് നിനക്കറിഞ്ഞുകൂടാ. അതു നോക്കുമ്പോൾ, കമ്മചന്ദ്രൻ കാശില്ലാത്തവനെങ്കിലും കുസുമ അവനെ സ്നേഹിക്കുന്നതിൽ അത്ഭുതമില്ല.

കുഞ്ഞു: കാശിൻെറ കാര്യത്തിൽ കൃഷ്ണജിയും അദ്ദേഹവും പൂജ്യന്മാരാ.

കൃഷ്ണജി: ആരുപറഞ്ഞു! എനിക്കു കമ്മീഷൻ ഇനത്തിലും ട്യൂഷൻഫീ ഇനത്തിലും എത്ര രൂപാ ഇവിടെനിന്നും കിട്ടാനുണ്ടെന്നു് തനിക്കറിയാമോ?

കുഞ്ഞു: എനിക്കൊന്നറിയാം, ചെങ്ങാതിക്കു് ഇവിടെനിന്നും ഒന്നും കിട്ടാൻ പോകുന്നില്ലെന്നു്. ഇവിടത്തെ പദ്ധതി അതാ.

കാത്തി: ശരി! പോയിനെടാ ഇരണ്ടുകളെ ഇവിടെനിന്നിറങ്ങി. കാര്യംപറയുന്നതിനിടയിൽ ചിലയോടെ ചില.

(കുഞ്ചുവിനോട്ട്) ജയിലീന്നിറങ്ങിയോൻ ഇന്നുതന്നെ വരുമോ?

കുഞ്ചു: വരുമെ, അയാൾ ഏററു എന്നു പറഞ്ഞു. അടിച്ച കള്ളനോട്ടിൽ കുറെ കുറുപ്പദ്ദേഹം ചിലവാക്കി എന്ന് അയാൾ പോലീസിൽ പറഞ്ഞോളും. പക്ഷേ, നമ്മള കുറെ ചിലവു വഹിക്കണം.

പുന്നമൂട്ട്: (ചാടി എഴുന്നേററിട്ട് ഭായ്യയോട്ട്) ആ ലതയേയും അവളുടെ അച്ഛനേയും കള്ളനോട്ടുകേസിൽ പിടിപ്പിക്കാൻ! ഛീ മൃഗമെ, ആരുപറഞ്ഞു അങ്ങനെയൊക്കെ ചെയ്യാൻ?

കാത്തി: (കോപത്തോടെ) ചാടാതിരിക്കണം, എന്നോട്ടു പറഞ്ഞിട്ടു ഞാൻ ചെയ്തു.

പുന്നമൂട്ട്: ആര്? ഞാൻ പറഞ്ഞോ?

കാത്തി: പിന്നില്ലേ? അങ്ങനെ കേസിൽ കുടുങ്ങുമ്പോൾ ആ കുറുപ്പ് ഓടി ഇവിടെ വരുമെന്നും, എങ്ങനെയെങ്കിലും വിടീച്ചാൽ ആ വിവാഹം നടത്താൻ അയാൾ സമ്മതിക്കുമെന്നും. താൻ കേട്ടില്ല്യോടോ വാദ്ധ്യാരേ, അന്നു പറഞ്ഞതു്?

കൃഷ്ണജി: വിക്രമാദിത്യനെപ്പോലെ—കസേരയിൽ ഇരിക്കുമ്പോൾ ഒന്നു്, താഴെ ഇറങ്ങുമ്പോൾ മററൊന്നു്—പറയുന്ന ആളുകളോട്ട് എന്തു പറയാനാണു്.

പുന്നമൂട്ട്: ഒരിക്കലും ഞാൻ പറഞ്ഞിട്ടില്ല. പറഞ്ഞിട്ടുണ്ടെങ്കിൽത്തന്നെ അതു് അന്നായിരുന്നു. ഇന്നു പറയുന്നു, അതൊന്നും പാടില്ലെന്നു്. പരിഷ്കരിച്ച പദ്ധതി എന്നു വച്ചോ.

കാത്തി: അപ്പോൾ പുഷ്കരൻകുട്ടിയുടെ കാര്യം?

പുന്നമൂട്ട്: അവൻ പോയി തുങ്ങിച്ചാകട്ടെ. അവൻ അങ്ങനെ ഒരുവൻ: ചക്രംവച്ചുള്ള ചീട്ടുകളി. ഒരു മകൾ

ഉള്ളതു് അതിലും വിശേഷം. ഭാര്യയാണെങ്കിൽ— എടീ! കാത്തീ! നിന്നെയും നിൻെറ മക്കളേയുംകൊണ്ടു് ഞാൻ വിഷമിച്ചു. എല്ലാവരും ഇന്നുതന്നെ ഇവിടെ നിന്നും പൊയ്ക്കൊള്ളണം. ചെലവിനുള്ള വക ഞാൻ നിൻെറ വീട്ടിൽ എത്തിക്കും. ഇവിടെ ഏകനായോ മറ്റുവല്ലവരുടേയും കൂടെയോ ഞാൻ കഴിച്ചുകൊള്ളാം; മനസ്സിലായല്ലോ പറഞ്ഞതു്. ഉം, ഭദ്രം! (കുഞ്ചുവിനോട്ടു്) എടാ! നീകൂടെ വാ. നമ്മുടെ ആ കുറുപ്പദ്ദേഹത്തിൻെറ അത്രടം ഒന്നു പൊയ്ക്കളയാം. (ഭാര്യയോട്ടു്) ഞാൻ തിരിച്ചുവരുമ്പോൾ അമ്മയേയും മക്കളേയും ഇവിടെ കണ്ടുപോകരുതു്.

(പുന്നമൂട്ടു് വടിയും കുടയും എടുത്തുകൊണ്ടു് ഇറങ്ങുന്നു. കുഞ്ചു പുറകെ എത്തുന്നു. പോകുന്നതിനിടയിൽ കുഞ്ചു 'എഴുത്തു്'—എന്നു പറയുന്നു. പുന്നമൂട്ടു് അതു കേൾക്കുന്നില്ല.)

കാത്തി: (പോകുന്ന ഭർത്താവിനെ നോക്കിക്കൊണ്ടു്) ഇങ്ങേരുടെ തൊഴിലു കണ്ടില്ലേ, വാദ്ധ്യാരേ! എന്നെക്കൊണ്ടു് അതൊക്കെ ചെയ്യിച്ചിട്ടു് ഇപ്പോൾ പാടേ കാലുമാറിക്കളഞ്ഞതു്. ആ തെണ്ടിക്കുറുപ്പിനെ 'നമ്മുടെ കുറപ്പദ്ദേഹം' എന്നു്. ഞാൻ പിള്ളേരെപ്പിടിച്ചുകൊണ്ടു് എൻെറ വീട്ടിൽപ്പോകാൻ!

കൃഷ്ണജി: ഗ്രഹണസമയം നീക്കോലികൾ തല പൊക്കുന്നു.

കാത്തി: ഇതിൽ എന്തോ രഹസ്യമുണ്ടു്; പെട്ടെന്നുള്ള ഈ മാററത്തിനു്. (ആലോചിക്കുന്നു.) അവൻ എഴുത്തെന്നു പറഞ്ഞതു് എന്തോന്നാ. (പെട്ടെന്നു മേശ തുറക്കുന്നു. അതിൽനിന്നും ഒരു കത്തെടുത്തു വായിക്കുന്നു. പരിഭ്രമം, അത്ഭുതം, ശോകം എന്നീ രസങ്ങൾ ഇടവിട്ടു് മുഖത്തുദിക്കുന്നു. നെഞ്ചു് അതിവേഗം ഉയരുന്നു, താഴുന്നു.) അയ്യോടീ ഭയങ്കരീ! കൊച്ചു പെണ്ണായിരുന്നിട്ടും

എൻെറ മൂപ്പീന്നിനെ പിടിച്ചുപറിക്കാനാണല്ലോടീ നിൻെറ ശ്രമം. എൻെറ പിച്ചച്ചട്ടിയിൽ മണ്ണുവാരീയിടാൻ. ഇതാണ് ഇങ്ങേരു് ഇതുവരെയില്ലാത്തതുപോലെ എന്നോടു ചൊടിച്ചതും പ്രാണൻ കളഞ്ഞു് ഓടിയതും. ഞാനും എൻെറ പിള്ളേരും ഇവിടെനിന്നും ഓടിയിട്ടു വേണം, അങ്ങേക്ക് അവളുമായി ഇവിടെ പൊറുക്കാൻ. തല്ലിക്കൊന്നാലും ഇറങ്ങാൻ നിശ്ചയിച്ചിട്ടില്ല. എടോ വാദ്ധ്യാരെ! വരൂ. (പെട്ടെന്നു പോകുന്നു.)

(കൃഷ്ണജി കൂടെ എത്തുന്നു.)

(കർട്ടൻ)

# രംഗം പതിമൂന്ന്

[ശ്രീവിലാസം ബംഗ്ലാവിലെ ഹാൾ. നടുക്ക് ഒരു മേശയും ചുററിനും കസേരകളും. മേശ ഒരു വലിയ വിരിപ്പുകൊണ്ടു് മൂടിയിട്ടിരിക്കുകയാണ്. പുന്നമൂട്ടും കുഞ്ചുവും പ്രവേശിക്കുന്നു. പുന്നമൂട്ട് ചുമയ്ക്കുന്നു. എന്നിട്ടും ആരും എത്തുന്നില്ല.]

പുന്നമൂട്ട്: എടാ കുഞ്ചു! ഇവിടെ ആരെയും കാണുന്നില്ലല്ലോ. പോലീസുകാർ വന്നു് കുറുപ്പദ്ദേഹത്തെ പിടിച്ചുകൊണ്ടു പോയിരിക്കുമോ. അങ്ങനെയാണെങ്കിൽ നമ്മുടെ പദ്ധതി കുഴയും.

കുഞ്ചു: അതിനുംമററുമുള്ള നേരമായില്ല വല്യങ്ങുന്നെ.

പുന്നമൂട്ട്: ഛേ! വല്യങ്ങുന്നോ! നീ ഇനിയും എന്നെ വെറും അങ്ങുന്നേ എന്നു വിളിച്ചാൽ മതി. എടാ കുഞ്ചു, ഇനിയും ഞാൻ വേഗം ചെറുപ്പമാകും. അതു മനശ്ശാസ്ത്രപരമായ ഒരു സത്യമാണ്. വയസ്സൻ സായിപ്പന്മാർ ചെറുപ്പക്കാരത്തി മദാമ്മമാരെ കല്യാണംകഴി

ക്കുന്നതെന്തിനാ. നല്ല തഴപ്പും കൊഴപ്പും ഉള്ള ചെറുപ്പക്കാരത്തികൾ അടുത്തിരുന്നാൽ മതിയെടാ ഏതു വയസ്സനും ചെറുപ്പമാകാൻ.

കുഞ്ചു: അതു നേരാ. (പുന്നമൂടിനെ സൂക്ഷിച്ചിട്ടു്) ആ എഴുത്തു കിട്ടിയതിനിടയ്ക്കു് അങ്ങുന്നു കുറെ ചെറുപ്പമായിട്ടുണ്ടു്.

പുന്നമൂട്ട്: (ആഹ്ലാദത്തോടെ) തോന്നുന്നോ? അങ്ങനെ തോന്നുന്നോ? എനിക്കുതന്നെ ഒരു പ്രസരിപ്പു തോന്നുന്നുണ്ടു്. (പെട്ടെന്നു്) അയ്യോടാ! അബദ്ധമായല്ലോ. ആ എഴുത്തു് ഞാൻ എടുത്തില്ല. ആ ഭൈരവി അതിനിടയിൽ വന്നങ്ങു കയറി.

കുഞ്ചു: ഞാൻ ഒന്നു മൂളിയതായിരുന്നു. അങ്ങുന്നു കേട്ടില്ല. കൊച്ചമ്മ അതെങ്ങാനും കണ്ടുപോയാൽ തീൎന്നു നമ്മുടെ കാൎയ്യം.

പുന്നമൂട്ട്: ഒന്നും തീരാനില്ല. അവളെ വീട്ടിൽ അയയ്ക്കുന്നതാണു് എൻെറ അടുത്ത പദ്ധതി. ചെലവിനു കിട്ടേണ്ടതു് അവളുടേയും പിള്ളേരുടേയും മൗലികാവകാശം. അപ്പോൾ ഇവിടെത്തന്നെ താമസിക്കേണ്ടിവരും. ഈ ബംഗ്ലാവും മററും കളയാനൊക്കുമോ. (അകത്താരോ സംസാരിക്കുന്ന ശബ്ദം ശ്രദ്ധിച്ചിട്ടു്) ഇതുവരെ പോലീസു പിടിച്ചിട്ടില്ല. അകത്താരോ പൊട്ടിച്ചിരിക്കുന്നു. എടാ കുഞ്ചു! നീ ആ റോഡിൽ പോയി നില്ക്കു്. പോലീസുകാർ വരുന്നെങ്കിൽ പറ.

(കുഞ്ചു പോകുന്നു. പുന്നമൂട്ട് തൻെറ വേഷവിധാനങ്ങളെല്ലാം ശരിയായിരിക്കുന്നോ എന്നു പരിശോധിക്കുന്നു. ഷാൾ നിവത്തിടുന്നു. നെഹ്റുക്കോട്ടിൻെറ ഇടാത്ത പിത്താൻ ഇടുന്നു. ലതയെ പ്രതീക്ഷിച്ചു് ചുമയ്ക്കുന്നു. "ഇവിടെ ആരും ഇല്ലേ" എന്നു വിളിച്ചുചോദിക്കുന്നു. വരാൻപോകുന്ന ആനന്ദം ഓൎത്തു് മന്ദഹസിക്കുന്നു. പെട്ടെന്നു് ആരോ വരുന്നതുപോലെ തോന്നിയിട്ടു് വെളിയിലേക്കു നോക്കുന്നു.)

(ഒരു വിഷമാവസ്ഥയിൽപ്പെട്ടിട്ടെന്നപോലെ കോപത്തോടെ) നശിച്ച ഈ പണ്ടാരങ്ങൾക്ക് ഇപ്പൊഴേ നേരം കണ്ടൊള്ളോ ഇങ്ങോട്ട വരാൻ. എവിടെയാ ഒന്നൊളിക്കുന്നതു്. (ഒരു ഭാഗത്തേക്ക നോക്കിയിട്ട്) ഓ! അവിടെ കടുവായെപ്പോലൊരു പട്ടി കിടക്കുന്നു.

(വീണ്ടും നാലുഭാഗത്തേക്കും നോക്കുന്നു, പോകാൻ വഴി കാണുന്നില്ല. അകത്തേക്കുള്ള വാതിലിന്നു മുട്ടുന്നു. വാതിൽ തഴുതിട്ടിരിക്കുകയാണ്. പെട്ടെന്ന് മേശവിരിപ്പു വലിച്ചു നിവത്തിട്ടുകൊണ്ടു മേശയുടെ അടിയിൽ ഒളിക്കുന്നു. ഏതാനും നിമിഷങ്ങൾക്കുശേഷം കമ്മചന്ദ്രനും കുസുമയും പങ്കജവും പ്രവേശിക്കുന്നു. അതോടൊപ്പം വാതിൽ തുറന്ന് സേതുമാധവനും ലതയും ഹാളിലേക്ക വരുന്നു.)

കമ്മചന്ദ്രനും കുസുമയും പങ്കജവും:—നമസ്തേ!

സേതുമാധവനും ലതയും:—നമസ്തേ!

ലത: വന്നിട്ട കുറേനേരമായിരിക്കും; ക്ഷമിക്കണം. അച്ഛനമൊത്ത് ഞങ്ങൾ അവിടെ ഓരോന്നു പറഞ്ഞുകൊണ്ടിരുന്നുപോയി.

കുസുമ: ഞങ്ങൾ വന്നുകയറിയതേയുള്ളു.

ലത: പിന്നെ ഇവിടെ ചുമച്ചതും കതകിന്നു മുട്ടിയതും വിളിച്ചതുമെല്ലാം?

കുസുമ: ഞങ്ങളല്ല.

(എല്ലാവരും ഇരിക്കുന്നു.)

സേതുമാധവൻ: പത്രം കൊണ്ടുവരുന്നവരോ മറേറാ ആയിരിക്കും.

കമ്മചന്ദ്രൻ: മിസ്റ്റർ സേതുമാധവനെക്കൂടി കണ്ടതു വളരെ സന്തോഷം. ഞങ്ങൾ നിങ്ങളുടെ വസതിയിലും കയറാൻ ഉദ്ദേശിച്ചിറങ്ങിയതാണ്.

സേതുമാധവൻ: എന്തിന്ന്?

കമ്മചന്ദ്രൻ: അറിഞ്ഞില്ലേ, കുസുമയുടെ സേവാസദനത്തിൻെറ ഉൽഘാടനം അടുത്ത തിങ്കളാഴ്ചയാണ്.

പ്രധാനമന്ത്രി ഉൽഘാടനകർമ്മം നിർവ്വഹിക്കാമെന്നു സദയം സമ്മതിച്ചിട്ടുണ്ടു്.

സേതുമാധവൻ: അത്രയും അറിഞ്ഞു. ഏതായാലും ഇത്രക്ഷണം ഇത്ര വിപുലമായ തോതിൽ അനാഥകളായ അഞ്ഞൂറിൽപ്പരം സഹോദരികൾക്കുവേണ്ടി ഒരു ട്രെയിനിംഗ് സെന്ററും സർവ്വീസ്ഹോമും ഒക്കെ സംഘടിപ്പിക്കുവാൻ കഴിഞ്ഞതിൽ ശ്രീമതി കുസുമയെ നമസ്കരിക്കുകതന്നെ വേണം.

കുസുമ: ആരെങ്കിലും അനുമോദനം അർഹിക്കുന്നുണ്ടെങ്കിൽ അതു രണ്ടുകൂട്ടരാണു്. ഒന്നു് കർമ്മചന്ദ്രനായ ഇദ്ദേഹവും, മററതു്, ഉദാരനിധികളായ നാട്ടുകാരും.

കർമ്മചന്ദ്രൻ: എന്നെ വെറുതെ പുകഴ്ത്തുകയാണു്.

ലത: നാട്ടുകാരെയും അതുപോലെതന്നെ. പണം ഇല്ലെന്നു പറഞ്ഞാലും നല്ലകാര്യത്തിനു നിർല്ലോഭം പണം തരുന്നവരാ നമ്മുടെ നാട്ടുകാർ.

സേതുമാധവൻ: (കൈ കൂപ്പിക്കൊണ്ടു്) അങ്ങാണു് ഒരു യഥാർത്ഥ സർവ്വോദയപ്രവർത്തകൻ. അങ്ങയുടെ വിവിധ പരിപാടികളിൽ ഒന്നുമാത്രമാണു് ഈ സർവ്വീസ്ഹോം എന്നും എനിക്കറിയാം.

ലത: ശരിയാണു്. ഗാന്ധിജി നിർവചിച്ചിട്ടുള്ള ഒരു യഥാർത്ഥസേവകൻ. അങ്ങേയുടെ മുൻപിൽ ഞാനും കൈ കൂപ്പുന്നു.

കർമ്മചന്ദ്രൻ: വിഷമിപ്പിക്കാതിരിക്കണം. ഞാൻ ചെയ്തതിനെപ്പററി വാഴ്ത്താതെ, ചെയ്യാത്തതിനുവേണ്ടി പരിഭവിക്കു. ചെയ്തിട്ടുള്ളതിലുള്ള തെററുകൾ ചൂണ്ടിക്കാണിച്ചു് അവ തിരുത്തുവാൻ എന്നോടാജ്ഞാപിക്കു.

സേതുമാധവൻ: നിങ്ങൾ ഒരു തെററും ചെയ്തതായി

എൻെറ അറിവിൽപ്പെട്ടിട്ടില്ല. പിന്നെ ഇനിയും ചെയ്യാനുള്ളതു്—അനേകനൂററാണ്ടുകളായി ഭരണീയരായിമാത്രം കഴിഞ്ഞിരുന്ന ഒരു ജനസഞ്ചയത്തിനു്, കണ്ണടച്ചുതുറക്കുന്നതിനു മുൻപു്, സവ്വവും തികഞ്ഞ ഒരു രാഷ്ട്രമായി രൂപം കൊള്ളുക സാദ്ധ്യമല്ല. വെൽഫെയർ ബോർഡു്, ഖാദിയും ഗ്രാമവ്യവസായവും ബോർഡു്, എന്നിവയുടെയെല്ലാം ശ്രമം ഫലിക്കട്ടെ. പഞ്ചവത്സരപദ്ധതികളുടെ പ്രവത്തനങ്ങൾ വികസിക്കട്ടെ. രാജ്യനന്മയെ ലാക്കാക്കി ത്യാഗപൂൎണ്ണമായ ജീവിതം നയിക്കുവാൻ തയ്യാറുള്ള ഒരു ജനസഞ്ചയം രൂപംകൊള്ളട്ടെ—ഏതാനും വർഷങ്ങൾക്കുള്ളിൽ രാജ്യം സാമ്പത്തികമായി ഉയരും. ഒരു നല്ല നാളെ ഇവിടെ ഉദയം ചെയ്യും.

കമ്മചന്ദ്രൻ: എന്നുതന്നെയാണു് എൻെറയും വിശ്വാസം.

ലത: ഞങ്ങളുടെ എളിയ കഴിവുകൾ എപ്പോഴും അങ്ങേക്കു വിധേയമാണു്.

കമ്മചന്ദ്രൻ: നിങ്ങളുടെ ആശിസ്സുകളെയാണു്, ഔദാൎയ്യത്തേക്കാൾ കൂടുതൽ ഞാൻ വിലമതിക്കുന്നതു്. എന്നിട്ടു്, കുസുമയോ പങ്കജമോ എന്താണു വിവരം പറയാത്തതു്?

പങ്കജം: അന്നത്തെ യോഗത്തിനു് ഒരു പ്രാസംഗികനായി അങ്ങയെ ക്ഷണിക്കുന്നതിനുകൂടിയാണു് ഞങ്ങൾ ഇറങ്ങിയതു്.

സേതുമാധവൻ: എന്നെയോ? എനിക്കു പ്രസംഗമേ അറിഞ്ഞുകൂടാ.

പങ്കജം: ഇപ്പോൾ പറഞ്ഞതെല്ലാം പറഞ്ഞാൽ മതി.

സേതുമാധവൻ: ഞാൻ ഒരു സക്കാർ ഉദ്യോഗസ്ഥൻ.

പ്രസംഗസ്വാതന്ത്ര്യവും പ്രവത്തനസ്വാതന്ത്ര്യവും ഒന്നുമില്ല.

കമ്മ്ചന്ദ്രൻ: ഒരു പൗരൻെറ അവകാശങ്ങൾ സകലതുമുണ്ടു്. സ്വയംശിക്ഷണമെന്ന കല അഭ്യസിച്ചുകൊണ്ടു്, രാഷ്ട്രനിമ്മാണജോലിയുടെ വിവിധശാഖകളിൽ നേതൃത്വം സ്വീകരിക്കുവാൻ വിദ്യാത്ഥികളെക്കൂടി മഹാത്മജി അനുവദിച്ചിട്ടുണ്ടു്.

സേതുമാധവൻ: (ചിരിച്ചിട്ടു്) അതു മഹാത്മജിയല്ലെ. ഇവിടെ കലാപരമായ പ്രവത്തനങ്ങൾക്കുള്ള സ്വാതന്ത്ര്യംകൂടി നിഷേധിച്ചിരിക്കയാണു്.

കമ്മ്ചന്ദ്രൻ: സംസ്കാരസമ്പന്നരായ ചിലർ അധികാരസ്ഥാനങ്ങളിൽ ഉള്ളതുകൊണ്ടു്, സക്കാർ ഉദ്യോഗസ്ഥന്മാരുടെ അവശതകളും പരിഹരിക്കപ്പെട്ടുമെന്നു് നമുക്കു വിശ്വസിക്കാം.

സേതുമാധവൻ: ആ ആശയാണു്, എന്നെപ്പോലെ ചിലരെയെല്ലാം പുലത്തുന്നതു്.

കുസുമ: അതുകൊണ്ടു് ഞങ്ങളുടെ ക്ഷണം സദയം സ്വീകരിക്കു.

ലത: ചെല്ലണം; പ്രസംഗിക്കണം.

കുസുമ: (ചിരിച്ചിട്ടു്) ലതയുടെ ആജ്ഞയുമായല്ലൊ.

സേതുമാധവൻ: ക്ഷണം സസന്തോഷം സ്വീകരിക്കുന്നു.

കുസുമ: അച്ഛനില്ലേ അകത്തു്?

ലത: ഉണ്ടു്. പുറകുവശത്തു് തെങ്ങിനു വളം ഇടീക്കുകയോ മററോ ആണു്.

കമ്മ്ചന്ദ്രൻ: അദ്ദേഹത്തെ ഞാൻ ക്ഷണിക്കാം. അതിനിടയിൽ—കുസുമയ്ക്കു് അടുത്തു മററാരെയോ ക്ഷണിക്കാൻ ഉണ്ടെന്നു പറഞ്ഞല്ലോ. നിങ്ങൾ രണ്ടുപേരുംകൂടി പോയിട്ടു വരു.

കുസുമ: ശരിയാണ്. ഞങ്ങൾ വേഗം മടങ്ങിവരാം.

(കുസുമയും പങ്കജവും പോകുന്നു.)

ലത: കുസുമയെപ്പോലെയുള്ള സജീവപ്രവത്തകരെയാണ് ഭാരതത്തിനാവശ്യം.

സേതുമാധവൻ: അതെ, വളരെ ശരി. കമ്മചന്ദ്രനെപ്പോലെയുള്ള സഹപ്രവത്തകരേയും.

(കമ്മചന്ദ്രൻെറ കാല് മേശക്കൂടിയിൽ ഇരുന്നിരുന്ന പുന്നമൂടിൻെറ തലയിൽ സ്പശിക്കുന്നു. അയാൾ ഞെട്ടി കാലുകൾ പിൻവലിക്കുന്നു.)

കമ്മചന്ദ്രൻ: പട്ടി കിടക്കുന്നു മേശക്കൂടിയിൽ.

ലത: പട്ടിയെ അതാ അവിടെ പൂട്ടിയിട്ടിരിക്കയാണല്ലോ.

കമ്മചന്ദ്രൻ: പൂച്ച—

ലത: ഇവിടെ പൂച്ചയില്ല.

കമ്മചന്ദ്രൻ: രോമത്തേൽ ചവിട്ടിയതുപോലെ—

സേതുമാധവൻ: (സൂക്ഷിച്ചു നോക്കിയിട്ട്) അതാ അനങ്ങുന്നു. എന്താണത്? മേശ മാററി നോക്കാം.

(സേതുമാധവനും കമ്മചന്ദ്രനുംകൂടി മേശ പിടിച്ചു മാററുന്നു. മേശയോടൊപ്പം പുന്നമൂട്ടം നീങ്ങുന്നു.)

ലത: (കുനിഞ്ഞു നോക്കിയിട്ട്) അയ്യോ! ആരോ അതിൻെറ അടിയിൽ. കള്ളൻ! കള്ളൻ!

സേതുമാധവൻ: കള്ളനോ? എവിടെ?

ലത: മേശയുടെ അടിയിൽ.

(ലത അകലെ മാറിനിന്ന് അല്പം ഭയത്തോടെ മേശവിരിപ്പു വലിച്ചെടുക്കുന്നു. പുന്നമൂട്ട് പരിക്ഷീണനായി പുറത്തുവരുന്നു. എല്ലാവരും അത്ഭുതപ്പെടുന്നു.)

അല്ലാ, ഇതാര്!

സേതുമാധവൻ: ശ്രീ. പുന്നമൂട്ട്. പ്രഭോ! ഇതും അങ്ങയുടെ വിവിധ പദ്ധതികളിൽ ഉൾപ്പെട്ടതാണോ?

പുന്നമൂട്ട്: എന്നെ ആക്ഷേപിക്കുകയും മററും വേണ്ട. ലത ക്ഷണിച്ചിട്ടാണ് ഞാൻ വന്നത്.

ലത: (അത്ഭുതത്തോടെ) ഞാൻ ക്ഷണിച്ചിട്ടോ?

പുന്നമൂട്ട്: അതെ. നീ ക്ഷണിച്ചിട്ട്. (സേതുമാധവൻ ചിരിക്കുന്നതുകണ്ടു്) എന്തോന്നെടോ താൻ കഴുതയെപ്പോലെ പല്ലിളിക്കുന്നതു്. ഒരാളെ സ്നേഹിക്കുവാനും ക്ഷണിക്കുവാനും ഉള്ള അവകാശം അവൾക്കുണ്ടു്.

ലത: അനാവശ്യം പറഞ്ഞാൽ ഉണ്ടല്ലോ. (സേതുമാധവനോടു്) ഞാൻ ഇയാളെ ക്ഷണിച്ചെന്നു്! എന്തിനു്? ഞങ്ങളെ ആക്ഷേപിക്കാൻ വന്നിരിക്കുകയാണു്. കുസുമയുടെ അച്ഛനായിപ്പോയല്ലോ. അല്ലെങ്കിൽ പിടിച്ചു വെളിയിൽ തള്ളാമായിരുന്നു. (പെട്ടെന്നു് അകത്തേക്കു പോകുന്നു.)

പുന്നമൂട്ട്: എന്നെ ക്ഷണിച്ചുവരുത്തിയിട്ടു്, അറിയാത്തഭാവം നടിച്ചുകൊണ്ടു നീ അങ്ങു പോവുകയാണോ? ഇവർ അറിഞ്ഞാലെന്തു്. ആ മാങ്ങാ കൊണ്ടുവന്നവൻ എവിടെ? എന്തിനാ ഈ നാണം? ഇതിനൊക്കെയുള്ള അവകാശം നമ്മുടെ ഭരണഘടനയിലുണ്ടു്. (അകത്തേക്കു പോകാൻ ഭാവിക്കുന്നു.)

സേതുമാധവൻ: (കടന്നു പിടിച്ചിട്ടു്) ഇങ്ങു നില്ക്കണം; അവകാശഭാണ്ഡവുമായി എവിടെപ്പോകുന്നു?

പുന്നമൂട്ട്: അകത്തേക്കു്. ഓ! ആ എഴുത്തെടുക്കാൻ മറന്നുംപോയി.

സേതുമാധവൻ: തനിക്കു ഭ്രാന്തുതന്നെയാണു്.

കമ്മചന്ദ്രൻ: മിസ്റ്റർ സേതുമാധവൻ! അദ്ദേഹത്തിനു് എന്തോ അബദ്ധംപററിയതാണു്.

പുന്നമൂട്ട്: എനിക്കു ഭ്രാന്തെന്നു്!—വരു, എൻെറകൂടെ. ഞാൻ എഴുത്തു കാണിക്കാം.

സേതുമാധവൻ: ഒന്നും കാണണ്ടാ. ഇവിടെനിന്നങ്ങു പോയാൽ മതി.

കൎമ്മചന്ദ്രൻ: എന്തോ അമളി പിണഞ്ഞതാണ്. സാരമി
ല്ല. അവിടുന്നു പൊറുക്കുകൊള്ളണം.

പുന്നമൂട്ട്: അമളിയോ. അമളിയൊന്നുമല്ല, കൎമ്മചന്ദ്രൻ.
ഞാൻ ആ എഴുത്തു കാണിക്കാം. അതാ ആ കുഞ്ചു
വിനെ വിളിച്ചു ചോദിക്കണം. (ഉച്ചത്തിൽ) എടാ
കുഞ്ചൂ! കുഞ്ചുവേ!—അവനു വിവരമെല്ലാം അറിയാം.
ഒരു തെളിവെടുപ്പുതന്നെയങ്ങു നടക്കട്ടെ. എടാ! വിളി
ച്ചുവരുത്തി അത്താഴമില്ലെന്നു പറയുന്നതുപോലെ!

(കുഞ്ചു പരിഭ്രമത്തോടെ പ്രവേശിക്കുന്നു.)

ങ! കുഞ്ചു വന്നല്ലോ. എന്തിനാടാ നീ പരിഭ്രമിക്കുന്ന
തു്. എനിക്കൊന്നും പററിയില്ലെടാ. പദ്ധതി പുരോ
ഗമിച്ചില്ലെന്നു മാത്രം.

കുഞ്ചു: ക്ഷണം പോകണം.

പുന്നമൂട്ട്: എന്തോന്നാടാ കാൎയ്യം?

(കുഞ്ചു പുന്നമൂടിന്റെ ചെവിയിൽ എന്തൊക്കെയോ മന്ത്രിക്കുന്നു. പുന്നമൂട്ട് വിവൎണ്ണനാകുന്നു.)

പുന്നമൂട്ട്: ങേ! അവനപ്പോൾ എന്നെ ചതിച്ചോ. പോ
ലീസുകാരുടെ കൈയിൽ വീണാൽ അപകടമാ. ആന
യ്ക്കും കുനയ്ക്കും ഒരളവുകോലാ അവന്മാൎക്ക്. നീ വാ—
(ധിറുതിയിൽ ഇറങ്ങുന്നു.)

(കുഞ്ചു പിന്നാലെ എത്തുന്നു.)

സേതുമാധവൻ: (ചിരിച്ചിട്ട്) ലത—

പുന്നമൂട്ട്: (പോകുന്നതിനിടയിൽ) മരത്തേലോട്ടു പടത്തി
യേരു്.

(പുന്നമൂട്ട് മറയുന്നു. സേതുമാധവൻ ചിരിക്കുന്നു. കൎമ്മചന്ദ്രൻ ഒന്നും മനസ്സിലാകാതെ നില്ക്കുന്നു.)

(കർട്ടൻ)

# രംഗം പതിന്നാല്

[ശ്രീവിലാസംബംഗ്ലാവിന്റെ പിൻഭാഗം. ശങ്കരക്കുറുപ്പ് ഒരു കഷക ന്റെ മട്ടിൽ നില്ക്കുന്നു. ചില കൃഷിയായുധങ്ങളെല്ലാം അടുത്തു കിട പ്പുണ്ട്.]

ശങ്കരക്കുറുപ്പ്: (ഉച്ചത്തിൽ) എടാ, അകലെ കുട്ടിയെട്ട്, തടം. പൊററാസ്സു വെട്ടേൾക്കരുത്.

(കാത്തിയും കൃഷ്ണജിയുംകൂടി എത്തുന്നു.)

(കാത്തിയെ സൂക്ഷിച്ചുനോക്കിയിട്ട്) എവിടെവച്ചോ കണ്ടിട്ടുണ്ട്. പുന്നമൂടിന്റെ ഭാര്യയല്ലേ?

കാത്തി: ആയിരുന്നു.

ശങ്കരക്കുറുപ്പ്: (സംശയത്തോടെ) ഇപ്പോൾ അല്ലേ? അദ്ദേ ഹത്തിനു വല്ലതും—

കാത്തി: എന്നെ സംബന്ധിച്ചിടത്തോളം അങ്ങേരു മരിച്ചു പോയി. ഹ്ഹം! എത്ര നല്ല മനുഷ്യനായിരുന്നു! ഞാൻ എന്തെല്ലാം ചീത്തപറഞ്ഞാലും ഒരക്ഷരം എന്നോട്ട് ഇതുവരെ എതിർത്തുരിയാടിയിട്ടില്ല. തല്ലാലം പറഞ്ഞാ ലും പിന്നെ മാപ്പു ചോദിക്കും. ഭാര്യയെന്നും മക്കളെ ന്നും പറഞ്ഞാൽ ജീവൻകളയുന്ന മനുഷ്യൻ. (ഗദ്ഗദ സ്വരത്തിൽ) ദ്രോഹികളേ, നിങ്ങൾ അങ്ങേരെ കൊന്നു.

ശങ്കരക്കുറുപ്പ്: നിങ്ങൾ എന്താണ് ഈ പറയുന്നതു്? ഞങ്ങൾ അയാളെ കൊന്നെന്നോ? ആളിനെ ഇപ്പോൾ കാണുന്നില്ലേ? ആരു പറഞ്ഞു ഞങ്ങളാണു കൊന്ന തെന്നു്?

കൃഷ്ണജി: ആരും കൊന്നതല്ല, അദ്ദേഹം അദ്ദേഹത്തിന്റെ മൗലികാവകാശം പ്രഖ്യാപനംചെയ്തു. അത്രമാത്രം.

ശങ്കരക്കുറുപ്പ്: ഒരാൾ തെലുങ്ക്, മററെയാൾ ഉർദു—കാ ര്യം പറയെടോ. തുങ്ങിച്ചത്തോ?

കാർത്തി: തുങ്ങിച്ചത്താലും സമാധാനമുണ്ടായിരുന്നു. ഇതു് അതിലും എത്രയോ ഭയങ്കരമാണു്.

കൃഷ്ണജി: തുങ്ങിമരിക്കുക മാത്രമല്ല മൗലികാവകാശം.

ശങ്കരക്കുറുപ്പു്: പിന്നെ—?

കൃഷ്ണജി: ഇഷ്ടം തോന്നുന്നവരെ പ്രേമിക്കുന്നതിനും പ്രേമിക്കുന്നവരെ വിവാഹം ചെയ്യുന്നതിനും ഒക്കെ നമ്മുടെ ഭരണഘടനയിൽ വ്യവസ്ഥയുണ്ടു്. ആ വ്യവസ്ഥ പരിപാലിക്കുന്നതിൽ ചില സങ്കുചിതമനസ്ഥിതിക്കാർ വിസമ്മതം പ്രകടിപ്പിക്കുമ്പോഴാണു്, എന്നെപ്പോലെയുള്ള ചില ഭഗ്നഹൃദയന്മാർ ആ അവകാശം സാധുവാക്കിക്കിട്ടുന്നതിനു് റിററിനപേക്ഷിക്കുന്നതു്.

ശങ്കരക്കുറുപ്പു്: എനിക്കു് നിങ്ങൾ രണ്ടുപേരു പറഞ്ഞതശിലും ഒരക്ഷരംപോലും മനസ്സിലായില്ല.

കാർത്തി: നിങ്ങൾക്കു മനസ്സിലായി. പക്ഷേ, മനസ്സിലായെന്നു നടിക്കയില്ല. നടിക്കാൻ സാദ്ധ്യമല്ല. (കോപത്തോടെ) എനിക്കു് എൻെറ ഭർത്താവിനെ തിരിച്ചു വേണം.

ശങ്കരക്കുറുപ്പു്: തിരിച്ചെടുത്തുകൊള്ളു. ആരുപറഞ്ഞു വേണ്ടെന്നു്.

കാർത്തി: തിരിച്ചു തരണം.

ശങ്കരക്കുറുപ്പു്: അതിനു് അയാൾ എവിടെ? നിങ്ങൾ പറഞ്ഞുകേട്ടതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് അയാളെ എങ്ങനെയോ കാണാതെപോയി എന്നാണു്.

കാർത്തി: കാണാതെപോയെന്നു പറഞ്ഞാൽ ഞാൻ സമ്മതിക്കയില്ല. എൻെറ കൈയിൽ ഒന്നാന്തരം രേഖയുണ്ടു്. കാണിക്കാം.

ശങ്കരക്കുറുപ്പു്: എനിക്കു കൈനോട്ടം വശമില്ല.

കാർത്തി: എഴുത്ത്—
ശങ്കരക്കുറുപ്പ്: ഉണ്ടോ? അതുവച്ചന്വേഷിക്കണം.
കാർത്തി: ഈ കള്ളത്തരത്തിന് ഞാൻ എന്തൊന്നു മറുപടിപറയും. ഹെ മനുഷ്യാ, നിങ്ങളറിയാതെ അങ്ങനെ വരികയില്ല. എടോ കൃഷ്ണജി, പറഞ്ഞുകേൾപ്പിക്കു; എനിക്കു നാണമാ പറയാൻ. ഇങ്ങേരു് എന്തു സമാധാനം പറയുന്നു എന്നറിയട്ടെ.
കൃഷ്ണജി: ഒരു പദ്ധതിയും പുരോഗമിക്കുന്നില്ല. ദുഃഖം കൊണ്ടു് എൻെറ നാക്കുതന്നെ താണുപോയതുപോലെ തോന്നുന്നു. സത്യഗ്രഹമോ റിറോറാ ഏതാണു വേണ്ടതെന്നു് ആലോചിക്കുകയാണു് ഞാൻ.
ശങ്കരക്കുറുപ്പ്: (സഹികെട്ട മട്ടിൽ) നിങ്ങൾക്കു രണ്ടാൾക്കും നല്ല സുഖമില്ലെന്നു തോന്നുന്നു. ഇവിടെ സംസാരിച്ചുകൊണ്ടു നില്ക്കണം. മതിയെന്നു തോന്നുമ്പോൾ തിരിച്ചുപോകണം. ഞാൻ ആ തെങ്ങിൻെറ ചുവട്ടിലേക്കു പോകയാണു്.
കാർത്തി: അങ്ങനെ പോകാൻ ഞാൻ സമ്മതിക്കുകയില്ല. (മുന്നിൽ കയറിനിന്നു തടയുന്നു.)
ശങ്കരക്കുറുപ്പ്: (കോപത്തോടെ) ഛരീ, മാറിനില്ക്കിൻ പെമ്പ്രന്നോരെ. ങ്ഹാ! പറഞ്ഞുപറഞ്ഞു്, എൻെറ പറമ്പിൽ എനിക്കു തടവോ! അതു കൊള്ളാമല്ലോ.
കാർത്തി: അദ്ദേഹം സമ്പാദിച്ചതു മുഴുവനും സ്വന്തം പേരിൽ കിടക്കുകയാണു്. അതറിഞ്ഞുകൊണ്ടാണു് നിങ്ങളുടെ പ്രവൃത്തികൾ. നിങ്ങളുടെ എം. എ.ക്കാരി മകളെവിടെ; ലത! ഇതായിരിക്കും അവൾ വീട്ടിലും പള്ളിക്കൂടത്തിലും പഠിച്ചതു്.
ശങ്കരക്കുറുപ്പ്: ഓഹോ! എന്നോടുള്ളതുകഴിഞ്ഞു് എന്റെ മകളുടെ നേക്കായോ? നിങ്ങളുടെ മകൻകൊച്ചൻെറ

വിവാഹാലോചനക്കാര്യമാണെങ്കിൽ, അതു നേരത്തെ പറഞ്ഞതല്ലേ. അതിനെപ്പററി ആലോചിക്കുകയേ വേണ്ടാ.

കാർത്തി: മകനെ വേണ്ടാ; അച്ഛനെക്കൊള്ളാം.

ശങ്കരക്കുറുപ്പ്: എന്തൊരു കഷ്ടമാണീശ്വരാ ഇതു്. ഓരോരുത്തരെ കണികണ്ടാലുള്ള ഫലം! ആ നല്ല കുസുമയുടെ തള്ളയായിപ്പോയല്ലോ—(ഈർഷ്യയോടെ) ഹെ, പെമ്പ്രന്നോരെ, നിങ്ങൾക്കു് തലയ്ക്കുന്തോ അസുഖമുണ്ടു്. പിടിച്ചുകൊണ്ടു പോകെടോ നോക്കിനില്ക്കാതെ.

കാർത്തി: കണ്ടോടോ വാദ്ധ്യാരെ, അവിടം പറഞ്ഞപ്പം മിഴാഞ്ഞുന്നതു്! അച്ഛനും ഈ കാര്യത്തിൽ സന്തോഷമുണ്ടെന്നു് ആ എസ്ഡ്യാനി എഴുതിയിരിക്കുന്നതു് അക്ഷരംപ്രതി ശരിയാണു്.

ശങ്കരക്കുറുപ്പ്: ആരെഴുതിയിരിക്കുന്നു?

കൃഷ്ണജി: ആ എഴുത്തങ്ങു കാണിച്ചേക്കണം. സംശയം തീരട്ടെ.

കാർത്തി: (മടിയിൽനിന്നും കത്തെടുത്തു നീട്ടിയിട്ടു്) വായിച്ചു നോക്കു. ഇതു നിങ്ങൾകൂടി അറിഞ്ഞോണ്ടല്ലെന്നു പറഞ്ഞാൽ ആരു വിശ്വസിക്കും?

ശങ്കരക്കുറുപ്പ്: (കത്തുവാങ്ങി വായിക്കുന്നു; ആലോചിക്കുന്നു; മന്ദഹസിക്കുന്നു.) ഈ എഴുത്തു കണ്ടുകൊണ്ടു് നിങ്ങളുടെ ഭർത്താവു ചാടി പുറപ്പെട്ടിരിക്കും.

കാർത്തി: അങ്ങേരല്ല, ആണുങ്ങളിൽ ആരാണു ചാടിപ്പുറപ്പെടാത്തതു്? അയ്യോ! എന്തൊരു പാവംപിടിച്ച മനുഷ്യനായിരുന്നു!

ശങ്കരക്കുറുപ്പ്: (ചിരിച്ചിട്ടു്) ഇതായിരുന്നു കാര്യം, നിങ്ങളുടെ കോപത്തിനെല്ലാം. എന്നാൽ സഹോദരീ, ഇതു് ലതയുടെ എഴുത്തല്ല. അവളുടെ കൈപ്പട എനി

ക്കറിയാം. അവൾ കണ്ടതോ അറിഞ്ഞതോകൂടി ആയിരിക്കുകയില്ല. അവളുടെ വിവാഹം നിശ്ചയിച്ചു കഴിഞ്ഞു. അവൾ തെരഞ്ഞെടുത്ത ഒരു വരൻ. ഇതു് അവളുടേതായി ആരോ എഴുതിയിരിക്കുകയാണു്, നിങ്ങളുടെ ഭത്താവിനെ വിഡ്ഢിയാക്കുവാൻ. സംശയം ഉണ്ടെങ്കിൽ അവളോടുതന്നെ ചോദിക്കാം. (ഉച്ചത്തിൽ) ലതേ, ലതേ—

കൃഷ്ണജി: ചോദിച്ചാൽ പെണ്ണല്ലേ, പ്രേമകാര്യവുമല്ലേ, സത്യം പറയുമോ?

കാത്തി: അങ്ങനെ ചോദിക്കുവെടോ.

ശങ്കരക്കുറുപ്പ്: ലത സത്യം പറയും. പ്രേമകാര്യമല്ല, ഏതു കാര്യമായാലും. പക്ഷേ, അവൾ അകത്തില്ലെന്നു തോന്നുന്നു.

കാത്തി: എന്നെക്കണ്ടുകൊണ്ടു് ഒളിച്ചതാ, അല്ലേടോ വാദ്ധ്യാരേ! അവൾക്കു് എങ്ങനെ എന്റെ മുഖത്തു നോക്കാൻ ധൈര്യം വരും.

ശങ്കരക്കുറുപ്പ്: നിങ്ങൾ അവിടെങ്ങാനും പോയിരിക്കിൻ, അല്ലെങ്കിൽ പോയിട്ടു വരിൻ. അവൾ വരട്ടെ.

കാത്തി: അവൾ ഒളിച്ചതാ, നിശ്ചയമായും ഒളിച്ചതാ. (ശങ്കരക്കുറുപ്പിന്റെ കൈയിൽനിന്നും എഴുത്തു തട്ടിപ്പറിച്ചിട്ടു്) തന്റെയും തന്റെ മകളുടെയും തലയിൽ ഇടിവീഴട്ടെ, വെള്ളിടി. മിഴിച്ചുനോക്കേണ്ടാ. നിങ്ങളെ രണ്ടിനേയും അങ്ങനെ വെറുതേവിടാൻ നിശ്ചയിച്ചിട്ടില്ല. എടോ വാദ്ധ്യാരെ, ഇന്നു പത്രത്തിനു കൊടുക്കണം.

കൃഷ്ണജി: അതു ഞാൻ ഏററു. കാത്തിച്ചേച്ചിയുടെ ഭത്താവും ഒരു പ്രമാണിയുമായിരുന്ന ഇന്നാരെ ഇന്നുച്ചമുതൽ കാണുന്നില്ലെന്നും, പിടിച്ചുതരുന്നവക്കു് ഉചിതമായ

സമ്മാനം കൊടുക്കുമെന്നും, കാണാതെപോയ ആളിനു് അഞ്ചടി ആറിഞ്ചു പൊക്കവും, ചെമ്പട്ടനിറവും, ചെവിയിലും പുറത്തും രോമവും മററും ഉണ്ടെന്നും കാണിച്ചു് ഒരറിയിപ്പു്.

കാർത്തി: അങ്ങനെ വിസ്തരിച്ചുവേണം. ചെള്ളുണ്ണി ഉണ്ണി മറക്കരുതു്. കണ്ടുപിടിക്കാൻ എളുപ്പമുള്ളതാ. (കുറുപ്പിനോടു്) എത്രനാൾ നിങ്ങൾ അയാളെ തട്ടിൻപുറത്തു വച്ചുകൊണ്ടിരിക്കുമെന്നു് എനിക്കൊന്നറിയണം. പോലീസിലും അറിയിക്കണം—ഇതിനൊരു പരിഹാരമുണ്ടാക്കിയില്ലെങ്കിൽ പിന്നെ എന്തിനു ഞാൻ ജീവിച്ചിരിക്കുന്നു! (പോകുന്നു.)

ശങ്കരക്കുറുപ്പു്: എടോ! താൻ ആ ഭ്രാന്തിയോടു പറയു, ഇതാരോ ആ പുന്നമൂടിനെ ഇളക്കാൻ ചെയ്ത വേലയാണെന്നു്. ലത ഒരിക്കലും ഇങ്ങനെ ചെയ്യയില്ല. ആ പെമ്പ്രന്നോരു് ഇതു വിശ്വസിച്ചുപോയല്ലോ. കഷ്ടം! താൻ ചെന്നു്, കാര്യമെല്ലാം പറയു. അവരെ വീട്ടിൽ കൂട്ടിച്ചുകൊണ്ടുപോക, ആ കുസുമയ്ക്കു് അപമാനം വരുത്തിവയ്ക്കാതെ.

കൃഷ്ണജി: ആ വീട്ടിൽ എല്ലാവർക്കും ഓരോതരം ഭ്രാന്താണു്. ഞാൻ ഉപദേശിച്ചാലൊന്നും ഒതുങ്ങുന്നതല്ല.

ശങ്കരക്കുറുപ്പു്: അതാ അവർ പോയി, താൻ കൂടെ എത്തു.

കൃഷ്ണജി: എനിക്കു വേറൊരു പദ്ധതിയുണ്ടു്. (പോകുന്നു.)

ശങ്കരക്കുറുപ്പു്: (ഉച്ചത്തിൽ) ഇതുവരെ അതിനു തടമെടുത്തു കഴിഞ്ഞില്ലേ, വേഗമാകട്ടെ. മററവർ എവിടെപ്പോയി—

(ലത പ്രവേശിക്കുന്നു.)

ലത: അച്ഛൻ എന്നെ വിളിച്ചോ? വിളിച്ചെന്നു മാധവി പറഞ്ഞു. ഞാൻ കുളിക്കുകയായിരുന്നു.

ശങ്കരക്കുറുപ്പ്: വിളിച്ചു. (ചിരിച്ചിട്ട്) നീ ഉടൻ വരാഞ്ഞതു നന്നായി.

ലത: എന്താ അച്ഛാ അതു്?

ശങ്കരക്കുറുപ്പ്: ഇവിടെ ഒരു ഇടിയും മിന്നലും എല്ലാം ഉണ്ടായിരുന്നു.

(ലത മനസ്സിലാകാത്ത മട്ടിൽ നില്ക്കുന്നു.)

പുന്നമൂടിൻെറ ഭാര്യ—നിന്റെ ലററർപ്പേപ്പർ എടുത്തു് ആരോ ഒരു കുസൃതി ആ പുന്നമൂടിനു് എന്തൊക്കെയോ അനാവശ്യം എഴുതിയിരിക്കുന്നു. ആ സ്ത്രീ ആ എഴുത്തും മടിയിലിട്ടുകൊണ്ടു വന്നു്—ഇനി പറയാനൊന്നുമില്ല. ആരാ ആ വൃത്തികേടു കാണിച്ചതു്?

(ലത മിണ്ടാതെ നില്ക്കുന്നു.)

അപ്പോൾ നീ അറിഞ്ഞിട്ടുണ്ടു്.

ലത: നിവൃത്തിയില്ലാഞ്ഞു്, അദ്ദേഹം അങ്ങനെ എഴുതിയതാണച്ഛാ.

ശങ്കരക്കുറുപ്പ്: ആരു്? സേതുമാധവനാണോ അങ്ങനെയൊക്കെ ആഭാസത്തരം എഴുതിയതു്?

(ലത മിണ്ടാതെനില്ക്കുന്നു.)

ഛെ! ആരായാലും ശരി, നന്നായില്ല. അതിൻെറ കുറവു നിനക്കാണു്.

ലത: അച്ഛാ! കുസുമയുടെ അമ്മയാണെങ്കിലും ആ സ്ത്രീ ഒരു രാക്ഷസിയാണു്. എന്തു കൃത്രിമവും ചെയ്യാൻ മടിക്കാത്തവർ. അവക്കു് അദ്ദേഹത്തിനെക്കൊണ്ടു കുസുമയെ വിവാഹം ചെയ്യിക്കണം. മകനെക്കൊണ്ടു് എന്നെയും. അതിനുവേണ്ടി അച്ഛനെ കള്ളക്കേസുണ്ടാക്കി പോലീസുകാരെക്കൊണ്ടു പിടിപ്പിക്കാൻ ഉററു ശ്രമിക്കയാണു്. കേസിൽ കുരുങ്ങുമ്പോൾ അച്ഛൻ സഹായത്തിനു് അവരുടെയടുത്തു ചെല്ലുമെന്നും അപ്പോൾ

അച്ഛനെക്കൊണ്ട് എല്ലാം സമ്മതിപ്പിക്കാമെന്നുമാണു വിചാരം. അച്ഛൻ ഇതൊന്നും അറിയുന്നില്ല.

ശങ്കരക്കുറുപ്പ്: ങാഹാ! അങ്ങനെയൊക്കെ ഉണ്ടായോ? അതിനു് ഈ എഴുത്ത്—?

ലത: അദ്ദേഹം എഴുതിയതാണു്—അവരുടെ ശല്യം ഒഴിക്കാൻ—

ശങ്കരക്കുറുപ്പ്: ഉം. മനസ്സിലായി ഉണ്ണം.

ലത: അച്ഛാ, ഇങ്ങനെ ഒരെഴുത്തയച്ച വിവരം ഞാൻ കുറച്ചുമുമ്പു മാത്രമാണു് അറിഞ്ഞതു്. നേരത്തെ അറിഞ്ഞെങ്കിൽ നിശ്ചയമായും എഴുതാൻ സമ്മതിക്കയില്ലായിരുന്നു.

ശങ്കരക്കുറുപ്പ്: ഛെ! ഏതായാലും കുറെ കടന്ന കൈയായിപ്പോയി.

ലത: (ചിരിച്ചിട്ട്) ഇനി അങ്ങോട്ട് എത്ര ആവശ്യപ്പെട്ടാലും അവർ എന്നെ മരുമകളായി വേണമെന്നു പറകയില്ല.

ശങ്കരക്കുറുപ്പ്: അതു ശരി—(ചിരിച്ചുകൊണ്ടു പതുക്കെ മുന്നോട്ടു നടന്നുമറയുന്നു.)

(മറുഭാഗത്തുനിന്നും സേതുമാധവൻ ശബ്ദമുണ്ടാക്കാതെ നടന്നുവരുന്നു. ശബ്ദിക്കരുതെന്നു് ലത ആംഗ്യം കാണിക്കുന്നു.)

ലത: (ചിരിച്ചുകൊണ്ട് ആംഗ്യം മാത്രം; ശബ്ദമില്ല.) കടന്നോ വേഗം. അച്ഛൻ ദേഷ്യപ്പെട്ടിരിക്കുകയാണ്.

സേതുമാധവൻ: (ആംഗ്യം മാത്രം) കാര്യം എന്ത്?

ലത: (ആംഗ്യം മാത്രം) ആ കിഴവൻ പുന്നമൂടിന് പ്രേമലേഖനം എഴുതി അയച്ചതാണു കാര്യം.

(സേതുമാധവൻ വന്നകണക്കിനു പിന്നോട്ടുപോകുന്നു. ലത വാപൊത്തിപ്പിടിച്ചുകൊണ്ടു ചിരിക്കുന്നു.)

(കർട്ടൻ)

# രംഗം പതിനഞ്ച്

[കമ്മചന്ദ്രൻെറ ഭവനം. ലളിതമായി സജ്ജീകരിക്കപ്പെട്ട ഒരു മുറി. ശ്രീകൃഷ്ണൻ, യേശുദേവൻ, ബുദ്ധൻ, മഹാത്മജി തുടങ്ങിയവരുടെ ചിത്രങ്ങൾ ചുവരിൽ തൂങ്ങുന്നു. ധാരാളം പുസ്തകങ്ങളും വർത്തമാന ക്കടലാസ്സുകളും മേശപ്പുറത്തുണ്ട്. കമ്മചന്ദ്രൻ എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. അകത്തുനിന്നും, "അങ്ങട് കേറെടാ ചെകിത്താനെ! അല്ലെങ്കിൽ തൻെറ വീത്ത പള്ളയ്ക്കിപ്പം—വിടില്ല്യ" എന്നെല്ലാം കേൾക്കുന്നു. കമ്മചന്ദ്രൻ ശ്രദ്ധിക്കുന്നു. മാതുമൂപ്പനും, കുരുടനെ അനുഗമിക്കാറുള്ള ഭിക്ഷക്കാരനും കൃഷ്ണജിയെ പിടിച്ചുകെട്ടിക്കൊണ്ടു വരുന്നു. കൂടെ പങ്കജവും ഉണ്ട്.]

മാതുമൂപ്പൻ: അങ്ങ്ട് കടന്നു നിക്കെടെ. മിഴിക്ണോ? നിൻെറ ആ പ്രമാണിയില്ലേ്യ, ശുപാർശക്കാരൻ, വരാൻ പറ.

കമ്മചന്ദ്രൻ: ഉം? എന്താണു കാര്യം? നിങ്ങൾ എന്തിനാണ് കൃഷ്ണജിയെ ഉപദ്രവിക്കുന്നതു്?

മാതുമൂപ്പൻ: (പങ്കജത്തിനോട്ട്) ശ്ശി വിസ്തരിച്ചു പറഞ്ഞു കൊടുക്കു. അതിനല്ല്യെ ആ കുസുമക്കുട്ടി അയച്ചിരിക്ണതു കൂടെ.

കമ്മചന്ദ്രൻ: എന്തുണ്ടായി പങ്കജം?

പങ്കജം: ഈ മനുഷ്യൻ നമ്മുടെ കെട്ടിടത്തിനു തീവച്ചു.

കമ്മചന്ദ്രൻ: (ഞെട്ടിയെഴുന്നേററിട്ട്) ങേ! നമ്മുടെ സേവാസദനത്തിനോ?

മാതുമൂപ്പൻ: പരിഭ്രമിക്കേണ്ട. ഗുരുവായൂരപ്പൻെറ കാരുണ്യംകൊണ്ട് ഒന്നും പററിയില്ല്യ.

പങ്കജം: സേവാസദനം കെട്ടിടത്തിനല്ല. അതോടു ചേർത്ത് പണികഴിപ്പിച്ചിരുന്ന ഓലക്കെട്ടിടങ്ങൾക്ക്—പരിശീലനകേന്ദ്രങ്ങൾക്കായുള്ള കെട്ടിടങ്ങൾക്ക്.

കമ്മചന്ദ്രൻ: കൃഷ്ണജിയോ?

മാതുമൂപ്പൻ: ഉവ്വ്. സാക്ഷാൽ കൃഷ്ണജി. ഇവൻ ചെകിത്താൻെറ അവതാരാ—വാലിനു തീ കൊളുത്തി ഹനുമാനേപ്പോലെ ചാടിക്യാ വേണ്ടതെ.

കമ്മ്ചന്ദ്രൻ: (പങ്കജത്തിനോട്ട്) വിസ്തരിച്ചു പറയൂ.

പങ്കജം: അവിടെ ആളുകളുടെ ബഹളം. ഇയാൾ അവിടെയെല്ലാം പററിക്കൂടി നിന്നു. ആരും ഒന്നും സംശയിച്ചില്ല. ഒടുവിൽ—എല്ലാവരും അങ്ങോട്ടും ഇങ്ങോട്ടും പോയ സന്ദർഭം നോക്കി മണ്ണെണ്ണയിൽ മുക്കിയ തുണിയിൽ തീ കത്തിച്ചു് ആ ഓലക്കെട്ടിടത്തിന്റെ പുറത്തിട്ടിട്ട് ഇയാൾ ഒരോട്ടം.

ഭിക്ഷക്കാരൻ: ഞാൻ എൻെറ കുരുടനുമായി അവിടെ കുത്തിയിരുന്നതു് ഇയാൾ കണ്ടില്ല. ഞാൻ ചാടിക്കയറി പുരപ്പുറത്തേക്കു്. ഓലയെപ്പിടിച്ചതായിരുന്നു ഛ എന്നു്. കൈ പൊള്ളി. എന്നിട്ടും തീ കെടുത്തി.

മാതുമൂപ്പൻ: ഞാൻ ചുമ്മാ അങ്ങ്ട് വരുവാന്നു. തീ! തീ! എന്നു് ഒരു വിളി കേൾക്കലും ബഹളവും ഈ സൃഗാലൻെറ കുതിപ്പും! ഞാൻ കടന്നങ്ങു പിടിയായി. (കൈ കാട്ടിയിട്ട്) കടിച്ചിരിക്ണു! ഇവൻ ഈ കാണ്ണ തല്യ. വീരനാ വീരൻ. ഒരു കൂററൻമൂരിയുടെ ഒററ ക്കൊമ്പിൽ കടന്നുപിടിച്ചാലുള്ള അവസ്ഥ. പക്ഷേ, ഓൻെറ അടവ് മൂപ്പനോട്ട പററുകേ. പിടിച്ചങ്ങട് കെട്ടി.

കമ്മ്ചന്ദ്രൻ: അഴിച്ചുവിടണം അയാളെ.

മാതുമൂപ്പൻ: പാടില്യ. പാടില്യ.

ഭിക്ഷക്കാരൻ: അയ്യോ! വിട്ടാൽപ്പിന്നെ വാലും താഴ്ത്തി ഊളനെപ്പോലെ ഒററ ഓട്ടമായിരിക്കും.

കമ്മ്ചന്ദ്രൻ: (മുന്നോട്ടു വന്നു് കൃഷ്ണജിയുടെ കൈയിലെ കെട്ടഴിച്ചിട്ട്) ഇയാൾ ഓടുന്നെങ്കിൽ ഓടട്ടെ. നില്ക്കു

ന്നെങ്കിൽ നില്ക്കട്ടെ. (പങ്കജത്തോട്ട്) കുസുമ എന്തു പറഞ്ഞയച്ചു?

മാതുമൂപ്പൻ: ഈ മക്കടെത്തെ ഉടൻ പോലീസിൽ ഏല്പിക്കാൻ പറഞ്ഞതായി ഒരോമ്മ. ഇവിടെ ഒരു ഹേഷ്ഷുംണ്ട്—തൃഗത്തൻ—നോൻ കണ്ടിരിക്ണു.

പങ്കജം: പോലീസിൽ ഏല്പിക്കാനൊന്നും പറഞ്ഞില്ല. ഇവിടെ വന്നു പറയണമെന്നും ഇവിടത്തെ നിർദ്ദേശമനുസരിച്ചു ചെയ്യണമെന്നും പറഞ്ഞു. അവിടെ ഒട്ടു വളരെ ആളുകൾ വന്നിട്ടുള്ളതുകൊണ്ടു് കുസുമ വരാത്തതാണു്.

കമ്മചന്ദ്രൻ: കൃഷ്ണജീ! നിങ്ങൾ പൊറുക്കൊള്ളണം. നമ്മുടെ വഴി രണ്ടു്. ലോകത്തിനു് എത്രത്തോളം സേവനമനുഷ്ഠിക്കാമോ അത്രയും അനുഷ്ഠിക്കുവാൻ ഞങ്ങൾ വെമ്പൽകൊള്ളുന്നു; എത്രയും ദ്രോഹിക്കാമോ അത്രയും ദ്രോഹിക്കണമെന്നു് നിങ്ങൾ കരുതുന്നു. ഈശ്വരൻ ഇനിയെങ്കിലും നിങ്ങൾക്കു സൽബുദ്ധി ഉദിപ്പിക്കട്ടെ എന്നു മാത്രമെ എനിക്കു പ്രാർത്ഥിക്കുവാനുള്ളു.

മാതുമൂപ്പൻ: പൊട്ടൻെറ ചെവിയിൽ ചങ്കുതുകയാ. അങ്ങയെപ്പററി നോൻ എല്ലാം ധരിച്ചിരിക്ണു. കിറുക്കനെന്നും ഭ്രാന്തനെന്നും ഒക്കെ നിനച്ചു; എല്ലാം അബദ്ധം. അങ്ങ്് മഹാൻ. രന്തിദേവൻെറ അവതാരാ. ബോധ്യപ്പെട്ടു. അതാ നോൻ ആ സേവാസദനത്തിൽ പോയതും കുറെ ഉറുപ്പിക കൊടത്തതും. ഇനിയും കൊടക്കാൻ തയ്യാറുമാ. എങ്കിലും പറയ്ണു, ഇവനെ അങ്ങനെ വിടാൻ പാടില്യ എന്ന്. വേന്ദ്രനാ—കണ്ടില്ലേ ആ മുഖം. തീവണ്ടിന് പോലീസിൽ ഏല്പിക്യാ വേണ്ടതു്.

കൃഷ്ണജി: കാർത്തിയക്കൻ പറഞ്ഞിട്ടാ ഞാൻ തീവച്ചതു്. വെന്തു ചാമ്പലാകുമ്പോൾ, കുസുമ അങ്ങു വീട്ടിൽ പോരുമെന്നു പറഞ്ഞു. ഞാൻ വിശ്വസിച്ചു. അപ്പോൾ വിവാഹം നടക്കുമെന്നും ഞാൻ കരുതി.

മാത്തുമൂപ്പൻ: കേട്ടില്യേ കേട്ടില്യേ—ഇവനെയാണ് വെറുതെ വിട്ടേക്കു എന്നു പറയ്ണതു്. തീവച്ചു ചുട്ടിട്ടുള്ള വിവാഹം!

കമ്മചന്ദ്രൻ: സ്നേഹിതാ, സ്നേഹംകൊണ്ടുവേണം ശത്രുക്കളെ ജയിക്കുവാൻ എന്നു് അരുളിച്ചെയ്തിട്ടുള്ള ആചാര്യന്മാരുടെ ഒരു എളിയ ശിഷ്യനാണു് ഞാൻ. ഈ ആളിനെ ശിക്ഷിക്കാം, ശിക്ഷിപ്പിക്കാം. അതു ദ്വേഷത്തിൻെറ ഫലമാണു്. പക്ഷേ, ദ്വേഷംകൊണ്ടു് എനിക്കു് അയാളുടെ ഹൃദയത്തെ ജയിക്കുവാനോ, എൻെറ ഭാഗത്തു ചേർക്കുവാനോ സാദ്ധ്യമല്ല. ഈ ആളുടെ സഹായം എനിക്കെന്തിനെന്നല്ലേ പിന്നുള്ള ചോദ്യം. ഒരു യാചകൻെറ സഹായം എത്ര വലുതാണു് എന്നു നാം കണ്ടുകഴിഞ്ഞു.

പങ്കജം: ഈശ്വരനാണു്, ഇയാളെ അവിടെക്കൊണ്ടിരുത്തിയതു്. ഒരു നിമിഷം താമസിച്ചെങ്കിൽ സകലതും വെന്തു വെണ്ണീറാകുമായിരുന്നു.

ഭിക്ഷക്കാരൻ: അയ്യോ! അമ്മച്ചീ! ഉണ്ടെങ്കിലല്ലേ ഞങ്ങൾക്കും വല്ലതും കിട്ടു. ആൾക്കൂട്ടം കണ്ടു; സദ്യയാണെന്നു കരുതി കേറിയതാ. ഒന്നുമില്ലെന്നറിഞ്ഞിട്ടും ഒത്തിരി പാവങ്ങളെ കണ്ടോണ്ടു് അവിടെയിരുന്നു. അപ്പോഴാണു്—

മാത്തുമൂപ്പൻ: പിച്ചക്കാരനാണെങ്കിലും ആളു ജരാസന്ധനാ. നോൻെറ വയറു കുത്തിക്കിഴിക്കാൻ മുന്നോട്ടു ചാടിയാൻ്റു.

കമ്മചന്ദ്രൻ: പങ്കജം പറഞ്ഞതു ശരിയാണു്. ഈശ്വരൻ നിങ്ങളെ അവിടെ അയച്ചു. ഒരു മഹത്തായ പദ്ധതി ഒരാളിൻെറ അറിവില്ലായ്മകൊണ്ടു നശിക്കരുതെന്നു് ഈശ്വരൻ കരുതി. കൃഷ്ണജി പൊയ്ക്കോള്ളണം.

(കൃഷ്ണജി പോകുന്നു)

മാതുമൂപ്പൻ: ഞാനും പോവുകയായി. ഇനിയും ശ്ശി കാര്യങ്ങൾ ബാക്കിയിണ്ടു്. പോകുന്നതിനു മുൻപു കാണാം. (പോകുന്നു.)

ഭിക്ഷക്കാരൻ: ഞാനും പോവുകയാണു് യജമാനേ. എൻെറ ചെങ്ങാതി തനിയെ അവിടെയിരിക്കയാണു്.

കമ്മചന്ദ്രൻ: അയാളോടു പറയു, ഇനിയുള്ള എൻെറ ശ്രദ്ധ മുഴവനും അന്ധന്മാക്കും അംഗഹീനന്മാക്കും ആയി ഒരു ആതുരാശ്രമം കെട്ടിപ്പടുക്കവാനുള്ള ഒരു പദ്ധതിയിലേക്കാണെന്നു്—പങ്കജം! അമ്മയുടെ അസുഖം എങ്ങനെയിരിക്കുന്നു?

പങ്കജം: സുഖമുണ്ടു്. ഡാക്ടർ അടിക്കടി വരുന്നുണ്ടു്. നല്ലവണ്ണം ആഹാരം കഴിച്ചുതുടങ്ങിയപ്പോഴേ അമ്മയുടെ രോഗം കുറഞ്ഞു.

കമ്മചന്ദ്രൻ: പങ്കജവും പോകൂ. ഓർഗനൈസർ അവിടെയില്ലെങ്കിൽ കുസുമ വിഷമിക്കും.

(പങ്കജവും ഭിക്ഷക്കാരനും പോകുന്നു. കമ്മചന്ദ്രൻ എഴുത്തു തുടരുന്നു. മറുഭാഗത്തുനിന്നും പുന്നമൂട്ടും കുഞ്ചുവും പ്രവേശിക്കുന്നു.)

പുന്നമൂട്ട്: (തിരിഞ്ഞു നോക്കിയിട്ടു്) എന്തോന്നെടാ ശമ്പളക്കുടിശ്ശിക എന്നും പറഞ്ഞു നില്ക്കുന്നതു്. ഈ പ്രാണവേദനയ്ക്കിടയിൽ മാത്രമെ നിനക്കു നേരം കണ്ടൊള്ളൊ ചോദിക്കാൻ?

(കമ്മചന്ദ്രൻ എഴുന്നേല്ക്കുന്നു.)

(അയാളെ നോക്കിയിട്ട്) ഭാഗ്യംതന്നെ. കർമ്മചന്ദ്രൻ ഇവിടെ ഇല്ലാതിരുന്നേക്കുമോ എന്നു ഞാൻ ഭയന്നു.

കർമ്മചന്ദ്രൻ: എന്തിനാണ് ഈ പരിഭ്രമം? അങ്ങേക്കേതോ അമളി പിണഞ്ഞു. അതല്ലേയുള്ളു കാര്യം. സാരമില്ല.

പുന്നമൂട്ട്: ഏതോ അമളിയോ! ഇതിൽ കൂടുതൽ അമളി പിണയാൻ എന്തോന്നിരിക്കുന്നു? ആദ്യമായി എനിക്കുവേണ്ടി ഒരു സത്യം ചെയ്യണം.

കർമ്മചന്ദ്രൻ: എന്തു സത്യം?

പുന്നമൂട്ട്: ഞാൻ ആ പെണ്ണിനോടു പ്രേമം ഉണ്ടെന്നും പറഞ്ഞു് മേശയുടെ കീഴിൽ പതുങ്ങി ഇരുന്നെന്നും, ആ തെമ്മാടിച്ചെറുക്കൻ എന്നെ അപമാനിച്ചു എന്നും ഉള്ള വിവരം ഒരു മനുഷ്യരോടും പറകയില്ലെന്നു്. ആ തൊഴമ്പുകെട്ട പദ്ധതിയെപ്പററി—

കർമ്മചന്ദ്രൻ: (ചിരിച്ചിട്ട്) ഞാൻ പറകയില്ല. സത്യം. പക്ഷേ—അതെങ്ങനെ പററി?

പുന്നമൂട്ട്: ഇവൻെറ കൈയിൽ അവൾ—ആ ലത—ഒരെഴുത്തു കൊടുത്തയച്ചു. പ്രേമബ്ഭരണിപോലെയുള്ള ഒരെഴുത്തു്. എഴുതിയതു് അവൾ. കൊണ്ടുവന്നതു് ഇവൻ. പറഞ്ഞിരിക്കുന്നതെല്ലാം എന്റെ കാര്യം—എങ്ങനെ അവിശ്വസിക്കും?

കർമ്മചന്ദ്രൻ: എഴുത്തു് ലതതന്നെ എഴുതിയതാണോ?

പുന്നമൂട്ട്: തന്നെ. സ്വന്തം ലററർപ്പേപ്പർ. സ്വന്തം കൈപ്പട. അതല്ലേ ഭയങ്കരം! ഇവൻ കണ്ടതാണ്, അവൾ എഴുതുന്നതു്.

കർമ്മചന്ദ്രൻ: (അത്ഭുതത്തോടെ) കുഞ്ചു കണ്ടോ എഴുതുന്നതു്?

കുഞ്ചു: എഴുതുന്നതു ഞാൻ കണ്ടില്ല.

പുന്നമൂട്ട്: എഴുതുന്നതു കണ്ടില്ലെങ്കിലും എനിക്കു തരണമെന്നും പറഞ്ഞു നിൻെറ കൈയിൽ തന്നതവളല്ലെ?

കുഞ്ചു: അല്ല. അവിടെ ഒരുത്തൻ നിന്നു. അയാളു തന്നു.

പുന്നമൂട്ട്: എടാ മരപ്പട്ടീ! നീ എന്നോടു പറഞ്ഞതു് അവൾ എഴുതി നിൻെറ കൈയിൽ തന്നു; എൻെറ വീട്ടിൽ മന്ത്രി വരാറുണ്ടോ, മന്ത്രിയുടെ വീട്ടിൽ ഞാൻ പോകാറുണ്ടോ, ഞാൻ പഞ്ചാര ഉപയോഗിക്കുമോ, ഗോതമ്പുകഴിക്കുമോ എന്നൊക്കെ ചോദിച്ചു എന്നല്ലേ?

കുഞ്ചു: അങ്ങനെ ചോദിച്ചോണ്ടു് ആ കുഞ്ഞു് എഴുതിയെൻെറ കൈയിൽ തന്നെന്നു് അങ്ങുന്നിനോടു പറയണമെന്നു് അയാൾ പറഞ്ഞു. അയാൾ പറഞ്ഞപോലെ ഞാൻ പറഞ്ഞു.

കമ്മചന്ദ്രൻ: ഞാൻ പറഞ്ഞില്ലേ, ലത അങ്ങനെ എഴുതുകയില്ല. ആരോ അങ്ങയെ കബളിപ്പിച്ചതാണു്.

പുന്നമൂട്ട്: (കോപത്തോടെ) എടാ തെമ്മാടീ! അങ്ങനെ ഒരു കോന്തൻ പറഞ്ഞതാണു് നീ പറഞ്ഞതെന്നു് എന്തുകൊണ്ടു് എന്നെ അറിയിച്ചില്ല? നന്ദികെട്ട കഴുത. വേണോ—(അടിക്കാൻ കൈ ഓങ്ങുന്നു.)

കുഞ്ചു: പിന്നെ, വല്യങ്ങുന്നേ, കാര്യമൊക്കെ ശരി. എന്നെ പേടിപ്പിക്കാൻ വരേണ്ട. ഞാൻ അടുക്കളത്തൊഴിലാളി യൂണിയൻ പ്രസിഡൻറാണു്. അതു് ഓർത്തുവേണം എന്നോടു കളിക്കാൻ. എൻെറ കുടിശ്ശികശമ്പളം ഇപ്പോൾ തരണം. എനിക്കു പോകണം.

കമ്മചന്ദ്രൻ: കുഞ്ചു—(മിണ്ടരുതെന്നു് ആംഗ്യം കാണിക്കുന്നു.)

കുഞ്ചു: ശമ്പളം ചോദിച്ചുവാങ്ങുക എൻെറ മൗലികാവകാശമാണു്.

പുന്നമൂട്ട്: തരാതിരിക്കുന്നതു് എൻെറയും. ഒരു കാശു

തരാൻ നിശ്ചയിച്ചിട്ടില്ല. പോ നിൻെറ പാട്ടിനു്. പോയി കേസുകൊടുക്കു്.

കുഞ്ചു: വാങ്ങിക്കാമോ എന്നു ഞാൻ നോക്കട്ടെ മൂപ്പീന്നെ—(പോകുന്നു.)

കർമ്മചന്ദ്രൻ: (പുന്നമൂടിൻെറ കോപം കണ്ടിട്ടു്) ക്ഷമിച്ചുകളയണം.

പുന്നമൂട്ടു്: അവനു രണ്ടു കൊടുത്തയയ്ക്കേണ്ടതായിരുന്നു.

കർമ്മചന്ദ്രൻ: ആ തോന്നൽതന്നെ തെററു്. അവൻ ജീവിക്കാൻവേണ്ടി ജോലി ചെയ്യുന്നു. ചെയ്ത ജോലിക്കു കൂലി ചോദിക്കുന്നു.

പുന്നമൂട്ടു്: അതെ! അതെ! എരപ്പാളികൾ—പിന്നെ രണ്ടാമതു്, ഞാൻ ഒരു കെണിയിൽ വീണിരിക്കയാണു്. ആ മാത്തുമൂപ്പൻ കേസു കൊടുത്തു. ഒരു പതിനഞ്ചു വകുപ്പു്—കുസുമ ഒഴിച്ചു വീട്ടിലുള്ളവരെല്ലാം പ്രതികൾ—ജാമ്യം ഇല്ലാത്ത വാറണ്ടു്. പോലീസുകാർ എന്നെ തേടി നടക്കുന്നു.

കർമ്മചന്ദ്രൻ: ആ മാത്തുമൂപ്പൻെറ പണം തിരികെ കൊടുത്തുകളയണം.

പുന്നമൂട്ടു്: കൊടുത്തു തുലച്ചേക്കാം. പക്ഷേ, കേസു്—എന്നെ അവമാനിച്ചേ അടങ്ങു എന്നാ അവൻെറ നില. ഞാൻ ആരാണ്ടെക്കൊണ്ടൊക്കെ പറയിച്ചു—ണ്ടേഹേ—

കർമ്മചന്ദ്രൻ: ഞാൻ മാത്തുമൂപ്പനെ കണ്ടു പറയാം. പറഞ്ഞാൽ കേൾക്കുമെന്നാണു് എൻെറ വിശ്വാസം. ഇപ്പോൾ ഇവിടെ വന്നിരുന്നു. വളരെ സ്നേഹമായിട്ടാണു പെരുമാറിയതു്.

പുന്നമൂട്ടു്: ങാഹാ! വന്നോ? സ്നേഹമായിട്ടു പെരുമാറിയോ? എന്നാൽ കേട്ടേക്കും. ഒരു സി. ഐ. ഡി.ക്കാ

രൻ വന്നന്വേഷിച്ചെന്നും കേട്ടു. അതു കൂട്ടതൽ വിഷമം. കുഞ്ഞെ, ഒരു ദിവസം ജയിലിൽ പിടിച്ചുവച്ചാൽ പിന്നെ ഞാൻ ജീവിച്ചിരിക്കണോ!

കമ്മചന്ദ്രൻ: അങ്ങനെ വരികയില്ല. ഞാൻ ഉറപ്പു പറയുന്നു.

പുന്നമൂട്ട്: (കമ്മചന്ദ്രനെ തലോടിയിട്ട്) കമ്മചന്ദ്രാ, നീയാണ് യഥാർത്ഥമനുഷ്യൻ. ഞാൻ തീരെ മര്യാദയില്ലാതെ നിന്നോടു പെരുമാറിയിട്ടും നീ എത്ര സ്നേഹത്തോടുകൂടി എന്നോടു പെരുമാറുന്നു! നിശ്ചയിച്ചുകഴിഞ്ഞു; കുസുമയും നീയുമായുള്ള വിവാഹം അടുത്ത ആഴ്ചയിൽ. കാത്തി സമ്മതിച്ചില്ലെങ്കിൽ പോകാൻപറ. ഞാൻ നടത്തും.

(കാത്തി പരിഭ്രമത്തോടെ പ്രവേശിക്കുന്നു. വിമ്മി വിമ്മി കരയുന്നു.)

പുന്നമൂട്ട്: എന്താ കാത്തീ?

കാത്തി: അവിടെ—നമ്മുടെ വീട്ടിൽ—എന്തോ വലിയ ബഹളം. ആളുകൾ പടിക്കൽ കൂടിനിന്നു കൂവുന്നു, വിളിക്കുന്നു. ഒന്നു വന്നെ.

പുന്നമൂട്ട്: ങേ! ബഹളമോ? നമ്മുടെ വീട്ടിലോ? പുഷ്കരൻകുട്ടി വല്ല എനക്കേടും കാണിച്ചോ?

കാത്തി: അയ്യോ! എനിക്കൊന്നും അറിഞ്ഞൂടാ. എന്നോടൊന്നും ചോദിക്കേം വേണ്ട. ഞാൻ കുസുമയെക്കാണാൻ സേവാസദനത്തിൽപ്പോയേച്ച് അങ്ങോട്ടു ചെല്ലുമ്പോൾ, ആരോ ഓടിവന്നു പറഞ്ഞു അങ്ങോട്ടു ചെല്ലരുതെന്ന്. ഞാൻ പേടിച്ചിങ്ങു പോന്നു. അയ്യോ എനിക്കു തല ചുററുന്നു. (തലയ്ക്കു കൈയുംകൊടുത്തു നിലത്തിരിക്കുന്നു.)

പുന്നമൂട്ട്: കുഞ്ഞെ, കമ്മചന്ദ്രാ, ഇവളെ ഒന്നു നോക്കിക്കൊള്ളണെ. വേണമെങ്കിൽ ഡാക്കുറെ വിളിച്ചു

കാണിക്കണം. ഞാൻ ഒന്നു് അങ്ങോട്ടു ചെല്ലട്ടെ. നീ കുറച്ചുകഴിഞ്ഞു് അങ്ങോട്ടൊന്നു വരണെ—ഇവളുടെ വല്ലാസ്ഥ തീൎന്നിട്ടു മതി—(വേഗം പോകുന്നു.)

(കമ്മചന്ദ്രൻ ഒരു വിശറി എടുത്തു വീശുന്നു.)

(കർട്ടൻ)

## രംഗം പതിനാറ്

[പുന്നമൂടിൻെറ ഭവനത്തിൻെറ മുററം. മാതുമൂപ്പൻ, പുഷ്കരൻകുട്ടി, കൃഷ്ണജി, കുഞ്ചു എന്നിവർ നിരന്നു് ചമ്രംപടിഞ്ഞിരിക്കുന്നു. നാലു പേരുടെ കൈയിലും ഓരോ ബോർഡുണ്ടു്, 'മൗലികാവകാശം' എന്നു് വലിയ അക്ഷരത്തിൽ എഴുതി. കുറേ ആളുകൾ നാലുപുറവും കൂടിനില്ക്കുന്നു. പുന്നമൂടു് പരിഭ്രമത്തോടെ പ്രവേശിച്ചിട്ടു് ഓരോരുത്തരേയും നോക്കുന്നു.]

പുന്നമൂടു്: പദ്ധതികൾ അങ്ങനെ പുരോഗമിക്കുന്നു!

മാതുമൂപ്പൻ: ങാ വന്നോ! ശ്ശി നേരായി കാത്തിരിക്കയാൻ. നോൻ ഉപവാസോം മിണ്ടാസ്ഥേം തുടങ്ങുകയാ. തൻെറ ഈ തട്ടിപ്പൊന്നും നമ്മുടെ അടുത്തു നടപ്പില്യ. ആ ഹർജിയില്യേ, ആയിരം ഏക്കറിൻേറതു്, എല്ലാം ആയി എന്നു താൻ ജല്പിച്ചതു്, അതു മന്ത്രിയുടെ മേശപ്പുറത്തുപോലും എത്തിയിട്ടില്യ—നോൻ അറിഞ്ഞു കഴിഞ്ഞു; ചെന്നാൽത്തന്നെയും കിട്ടാനും പോണില്യ. അതുകൊണ്ടു് ആ ഉറുപ്പികയില്യേ, മുഴുവൻ ഇങ്ങടു് എടുത്തേക്കു്—ഒരു പൈ കുറഞ്ഞാൽ സ്വീകരിക്കില്യ—കേസ്സും കൊടുത്തുകഴിഞ്ഞു—കൊടുത്തതു് തിരിച്ചുവാങ്ങുക നോൻെറ മൗലികാവകാശാ—ഇതാ തുടങ്ങ്യായി—(മൗനഭാവം അവലംബിച്ചിരിക്കുന്നു.)

കുഞ്ചു: എൻെറ ശമ്പളക്കുടിശ്ശികയും ഇംക്രിമെൻറും

ബോണസ്സും തന്ന്, ഒരു അവാർഡിൽ എത്തിച്ചേരുന്നതുവരെ ഞാൻ ഈ തറയിൽ ഇരുന്ന് സത്യഗ്രഹം അനുഷ്ഠിക്കുവാൻ പോകുകയാണ്. ഒരു സഹതാപസൂചനാപ്പൊതുപണിമുടക്ക് നടത്തുന്നതിന് ഞാൻ എല്ലാതൊഴിലാളിസഹോദരന്മാരെയും ആവേശപൂർവ്വം ആഹ്വാനം ചെയ്യുന്നു. ശമ്പളക്കുടിശ്ശികയും ഇംക്രിമെൻറും ബോണസ്സും വാങ്ങുന്നതു് എൻെറ മൗലികാവകാശം. (സത്യഗ്രഹം തുടങ്ങുന്നു.)

കൃഷ്ണജി: കുസുമയെ എനിക്കു വിവാഹംചെയ്തു തരാമെന്നു വാഗ്ദാനംചെയ്തിട്ട്, ആ വാഗ്ദാനത്തിൽനിന്നും രക്ഷകർത്താക്കൾ പിൻവാങ്ങുകയാണ്. എന്റെ പ്രതിഷേധസ്വരം അസാധുവാണെന്നു് സുപ്രീംകോടതി പറയട്ടെ. അതുകൊണ്ട്, കുസുമയെ എനിക്കു വിവാഹംചെയ്തു തരുന്നതുവരെ, അഭിവന്ദ്യനായ മഹാത്മജി എന്നെപ്പോലെയുള്ള അശരണന്മാർക്കു നല്കിയിട്ടുള്ള ദിവ്യായുധമായ മൗനനിരാഹാരസത്യഗ്രഹവ്രതം ഞാൻ ഇതാ സമാരംഭിക്കുന്നു. പരിശുദ്ധപ്രേമത്തെ ആദരിച്ചുള്ള ഈ മഹായജ്ഞത്തിന് സർവ്വവിധ ആനുകൂല്യങ്ങളും നല്കണമെന്ന്, എന്നെപ്പോലെ കഴിയുന്ന എൻെറ വിദ്യാർത്ഥിസുഹൃത്തുക്കൾക്കു് പത്രദ്വാരാ ഞാൻ ഒരു ആഹ്വാനം കൊടുത്തിട്ടുണ്ട്. ജയ്ഹിന്ദ്! (മൗനം അവലംബിച്ചിരിക്കുന്നു.)

പുഷ്കരൻകുട്ടി: പണം ഇഷ്ടംപോലെ ചിലവാക്കുക സ്വതന്ത്രഭാരതത്തിലെ ഏതൊരു പൗരൻെറയും പൗരിയുടെയും മൗലികാവകാശമാണ്. എനിക്കിപ്പോൾ രണ്ടായിരം രൂപാ കടമുണ്ട്. ആ തുക തന്ന് എൻെറ പിതാവു് ഒരു ഒത്തുതീർപ്പു പ്രഖ്യാപിക്കുന്നതുവരെയോ, മരിക്കുന്നതുവരെയോ ഞാൻ ഇവിടെ ഇരുന്ന് ഉപ

വാസം അനുഷ്ഠിക്കാൻപോകുകയാണ്. ഉപ്പിട്ടവെള്ളം മാത്രം കുടിക്കും. അച്ഛന്മാരിൽനിന്നും ആവശ്യത്തിനുള്ള പണം കിട്ടാതെ വിഷമിക്കുന്ന സകല യുവജനങ്ങളും ചേരിതിരിഞ്ഞുനില്ക്കാതെ, വർഗ്ഗബോധത്തോടു കൂടി മുന്നോട്ടുവന്നു്, എന്റെ ഈ വിശിഷ്ടസംരംഭത്തിനു വിജയം ആശംസിക്കുമെന്നു് ഞാൻ പ്രത്യാശിക്കുന്നു. മൗലികാവകാശം സിന്ദാബാദ്!

പുന്നമൂട്ട്: നീയൊക്കെ മൂർദാബാദ്! (തന്നെത്താൻ തലയ്ക്കടിച്ചിട്ട്) പാപഗ്രഹങ്ങൾ എല്ലാംകൂടി നിരന്നിരിക്കുകയാണ് എന്നെ അപമാനിക്കാൻ.

(കമ്മചന്ദ്രനും കാർത്തിയും പ്രവേശിക്കുന്നു. കാർത്തി നേരെ അകത്തേക്കു പോകുന്നു. കമ്മചന്ദ്രൻ സത്യഗ്രഹികളെ നോക്കിക്കൊണ്ടു നില്ക്കുന്നു.)

പുന്നമൂട്ട്: എന്റെ കമ്മചന്ദ്രാ, പല ആപത്തുകളിൽനിന്നും നീ എന്നെ രക്ഷിച്ചു. എന്റെ അധർമ്മപ്രവൃത്തികൾക്കെല്ലാംവേണ്ടി ഞാൻ പശ്ചാത്തപിക്കുന്നു. ഈ നാശ്ശങ്ങളിൽനിന്നു് എന്നെ ഒന്നു രക്ഷിക്കു. വേണമെങ്കിൽ ഞാൻ എല്ലാ പ്രവർത്തനങ്ങളിൽനിന്നും എന്നെന്നേക്കുമായി വിരമിച്ചുകൊള്ളാം. ഹ്ഹം! എന്തൊരു കുറച്ചിൽ!

കമ്മചന്ദ്രൻ: വേണ്ടാ, ഒന്നിൽനിന്നും വിരമിക്കേണ്ട, ഒരു സാമൂഹ്യപ്രവർത്തകനായും രാഷ്ട്രീയപ്രവർത്തകനായും ജീവിച്ച അങ്ങേക്കു് ഇനിയും ആ നില തുടരുവാൻ കഴിയും. എല്ലാ മതത്തിലും എല്ലാ രാജ്യത്തിലും എന്നും നിലവിലിരിക്കുന്ന നിത്യസത്യങ്ങളുടെ ഒരു സമാഹാരമാണ് നമ്മുടെ ഭരണഘടനയിലെ തത്വങ്ങൾ,—രാജ്യനന്മയ്ക്കുവേണ്ടി അവിശ്രമം ഉഴയ്ക്കുന്ന നേതാക്കന്മാർ, പാർട്ടി പലതായാലും ലക്ഷ്യം ഒന്നു

മാത്രം; രാജ്യനന്മ—ആക്കും തെറ്റുപറ്റും. ആത്മശോധന ചെയ്തു് തെററുകൾ തിരുത്തി വീണ്ടും പ്രവൎത്തിക്കുക. സ്വാതന്ത്ര്യത്തിനു മുൻപുള്ളതിനേക്കാൾ, ഇന്നാണു് നിസ്സ്വാൎത്ഥസേവകരുടെ ആവശ്യം.

പുന്നമൂട്ട്: എല്ലാം കൎമ്മചന്ദ്രൻ പറയുന്നതുപോലെ. ഏതായാലും ഇപ്പോഴത്തേക്കു് ഇവരെ ഇവിടെനിന്നു് ഒന്നിറക്കിത്തരണമല്ലോ. റോഡും മുററവും നിറച്ചു് ആളായി—ഇനി വല്ല ജാത്തായുംകൂടി കയറിവന്നാൽ ഞാൻ എന്തുചെയ്യും!

കൎമ്മചന്ദ്രൻ: സുഹൃത്തുക്കളെ, നിങ്ങളെല്ലാം മൗലികാവകാശത്തിൻെറ പേരിൽ ഇങ്ങനെ ഓരോന്നു തുടങ്ങിയാൽ കാൎയ്യം കുഴയും. നിയമത്തെ ബഹുമാനിക്കുവാൻ അഭ്യസിച്ചില്ലെങ്കിൽ, എന്തൊരു കലാപമായിരിക്കും ഭാവിജനത അഭിമുഖീകരിക്കുക. സമാധാനമാണു് രാജ്യത്തിൻെറ വികസനത്തിനാവശ്യം,—ഇതു സത്യഗ്രഹമല്ല; സത്യഗ്രഹാഭാസമാണു്—ഹിംസ. അവരവൎക്കു് യുക്തമെന്നു തോന്നുന്നതല്ല മൗലികാവകാശം.

പുന്നമൂട്ട്: കേൾക്കിനെടാ കൊളക്കോഴികളേ!

കൎമ്മചന്ദ്രൻ: മാതുമൂപ്പാ, ഞാൻ നിങ്ങളോടപേക്ഷിച്ചു, കൂടുതൽ ഭൂമി കൈവശപ്പെടുത്തിവച്ചു് ജനദ്രോഹം ചെയ്യരുതെന്നു്; ന്യായമായി ആവശ്യമുള്ളതെടുത്തിട്ടു്, ബാക്കി കയറിക്കിടക്കാൻ ഒരിഞ്ചുഭൂമിപോലുമില്ലാത്ത സഹോദരന്മാൎക്കു് സംഭാവനചെയ്യുക എന്നു്. കൈക്കൂലിയും ശുപാൎശയും അധൎമ്മത്തിൻെറ സന്താനങ്ങളാണെന്നുപദേശിച്ചു. നിങ്ങളിൽ മഹത്തായ ശക്തികൾ ഉറങ്ങിക്കിടപ്പുണ്ടെന്നു് എനിക്കറിയാം—

മാതുമൂപ്പൻ: നോൻ നിത്തീരിക്ണ്, ഠോ (എഴുന്നേല്ക്കുന്നു.) അങ്ങു് പറഞ്ഞാ കേൾക്കാതിരിക്യ സാദ്ധ്യല്ല. ഒരു

നല്ല മനുഷ്യൻ. നോന് ഇനി ഭൂമിയേ വേണ്ട. ഉള്ളതിൽ ആയിരം ഏക്കറ്—ചേരിക്കലൊ, അങ്ങട് വിട്ടിരിക്ണു. പാവങ്ങൾക്ക് വീതിച്ചുകൊടുത്തോളൂ. പക്ഷേ, ഈ പ്രമാണിയെ നോൻ വിടില്യ, എൻെറ ഉറുപ്പിക തരാണ്ട്.

കമ്മചന്ദ്രൻ: നിങ്ങളുടെ പണം ഇദ്ദേഹം തിരിച്ചുതരും. ഞാൻ ഏല്ക്കുന്നു.

പുന്നമൂട്ട്: ഞാനങ്ങു തിരിച്ചു തന്നേക്കാമെടോ.

കമ്മചന്ദ്രൻ: (മാതുമൂപ്പനോട്ട്) നിങ്ങളുടെ ദാനത്തിന്റെ വിവരം ഞാൻ ഭരണാധികാരികളെ അറിയിക്കാം.

കുഞ്ഞു: (എഴുന്നേററിട്ട്) കൊച്ചങ്ങുന്നേ, ഞാനങ്ങുപോയേക്കാം. ഈ മൂപ്പീന്നിനെ അങ്ങനെയിങ്ങനെ വിടരുതല്ലോ എന്നു കരുതി മാത്രം ഇവിടൊന്നു കുത്തിയിരുന്നതാണ്. പുന്നമൂടേ! മേലാലെങ്കിലും തൻെറ അസല്ല് എന്നെപ്പോലെയുള്ളവരോട്ട് എടുക്കരുതു്. വാടോ മാതുമൂപ്പാ! ഇത്ര ചായകുടിച്ച് നമുക്ക വ്രതം സമാപിപ്പിക്കാം. ഇയാളുടെ സഞ്ചിയിൽ കാശുകാണും. (മാതുമൂപ്പനെ പിടിച്ചുകൊണ്ടു പോകുന്നു.)

കൃഷ്ണജി: എന്നെ പോലീസിൽ ഏല്പിക്കാതിരുന്ന ഈ മഹാനുവേണ്ടി എന്റെ സ്ഥാനാത്ഥിത്വം ഞാൻ പിൻവലിക്കുന്നു. പക്ഷേ, ട്യൂഷൻഫീസ്സും മററുമായി ഒരു പടി പണം കിട്ടാനുണ്ട്.

കമ്മചന്ദ്രൻ: ആ പണം വാങ്ങിത്തരാം. ഇനിയെങ്കിലും താൻ ഒരു നല്ല മനുഷ്യനായി ജീവിക്കു.

(കൃഷ്ണജി എഴുന്നേററു പോകുന്നു.)

പുന്നമൂട്ട്: (ബോർഡു ചൂണ്ടിക്കാണിച്ചുകൊണ്ട്) ആ കുന്തംകൂടെ എടുത്തുകൊണ്ടു പോടോ വാദ്ധ്യാരെ!

ഇനിയും വല്ല ട്യൂഷൻവീട്ടിലും പ്രയോഗിക്കണമെങ്കിൽ ഇരിക്കട്ടെ. (പുഷ്ക്കരൻകുട്ടിയോട്ട്) എഴുന്നേററു പോടാ ചെറുക്കാ. നിൻെറ കടമൊക്കെ ഞാൻ വീട്ടിക്കൊള്ളാം. രണ്ടായിരം രൂപയല്ലേയുള്ളു.

കമ്മ്ചന്ദ്രൻ: എഴുന്നേല്ക്കു പുഷ്ക്കരൻകുട്ടീ.

പുഷ്ക്കരൻകുട്ടി: ഈ ഒത്തുതീർപ്പുസംഭാഷണത്തേയും ട്രിബ്യൂണലിൻെറ ഈ അവാർഡിനേയും ആസ്പദമാക്കി എൻെറ സത്യഗ്രഹം ഞാൻ വിജയപൂർവ്വം സമാപിപ്പിച്ചുകൊള്ളുന്നു. ഈ സത്യഗ്രഹപരിപാടി ഇത്രമാത്രം വിജയപ്രദമാക്കാൻ സഹായിച്ചവർക്ക് എൻെറ കൂപ്പുകൈ! (എഴുന്നേല്ക്കുന്നു.)

കമ്മ്ചന്ദ്രൻ: തയ്യാറായിക്കൊള്ളൂ. പുഷ്ക്കരൻകുട്ടിയെ ഒന്നുരണ്ടു തൊഴിലിൽ പരിശീലനം സമ്പാദിക്കുവാനായി ഗവമെമ്മൻറുചെലവിൽ ബോംബയിലേക്കയയ്ക്കാൻ നിശ്ചയിച്ചിരിക്കയാണ്.

പുഷ്ക്കരൻകുട്ടി: പൊയ്ക്കളയാം. വെറുതെ നിക്കാൻ മേലാ. (പോകുന്നു.)

(കാർത്തി 'മൗനനിരാഹാരസത്യഗ്രഹം' എന്നെഴുതിയ ഒരു ബോർഡു പിടിച്ചുകൊണ്ടു വരുന്നു. കമ്മ്ചന്ദ്രനെ കണ്ടു് ലജ്ജിച്ചിട്ടെന്നവണ്ണം ബോർഡ് ഒളിക്കുവാൻ ശ്രമിക്കുന്നു.)

പുന്നമൂട്ട്: നിൻെറ കുറവെ ഉണ്ടായിരുന്നുള്ളു. എന്തിനാ ആ കുന്തം ഒളിക്കുന്നതു്? ഇവിടെ ഇരുന്നോ, പെൺലോകത്തിനോട്ട് ഒന്നു് ആഹ്വാനിച്ചോണ്ട്.

(കമ്മ്ചന്ദ്രൻ ചിരിക്കുന്നു.)

കാർത്തി: പിന്നെ വയസ്സുകാലത്തു വേണ്ടാതീനം തോന്നിയാൽ ഞാൻ എന്തുചെയ്യും! (തന്നത്താൻ എന്നവണ്ണം) എങ്കിലും എൻെറ ദൈവമേ, കാലം പോയ പോക്ക്!

എന്റെ ചെറുപ്പകാലത്തു് പ്രായത്തിനു് ഇമ്മിണി മൂപ്പുള്ള ഒരാളാണു കല്യാണം കഴിക്കാൻ വരുന്നതെന്നു കേട്ടാൽ, ദിവാൻസ്വാമിതന്നെ ആയാലും ശരി, പെൺപിള്ളേർ കെട്ടിത്തൂങ്ങി ചത്തുകളയും—

പുന്നമൂട്ട്: അതൊക്കെ ഒരു ഡാവല്ലായിരുന്നോ കാത്തീ—ചുമ്മാ നിന്നെ വെരട്ടാൻ എട്ടത്ത വിദ്യ.

കാത്തി: ആ എഴുത്തു്—?

കർമ്മചന്ദ്രൻ: സാരമില്ല. പുഷ്കരൻകുട്ടിയെക്കൊണ്ടു് ലതയെ വിവാഹം കഴിപ്പിക്കുവാനുള്ള ആലോചനയിൽ നിന്നും നമ്മെ വിരമിപ്പിക്കാൻ ആരോ എട്ടത്ത വിദ്യയായിരിക്കണം—

പുന്നമൂട്ട്: ആയിരിക്കണം.

കാത്തി: എന്റെ പൊന്നേ! തലേക്കെട്ടിവെച്ചാലും എന്റെ കുഞ്ഞിനു വേണ്ടാ അവളെ. അറുകൊലയാ, അറുകൊല. ഞാൻ തീ തിന്നുപോമ്പി.

(കുസുമ പരിഭ്രമത്തോടെ എത്തുന്നു.)

കുസുമ: ഇവിടെയെന്തോ ബഹളമെന്നു കേട്ടു.

പുന്നമൂട്ട്: ങാ, ഒരു കൊടുങ്കാററു വന്നു; മരമൊന്നും തള്ളിയിടാതെ കടന്നുപോയി.

കാത്തി: എല്ലാം ഈ കുട്ടന്റെ കാരുണ്യംകൊണ്ടു്, കുഴപ്പം കൂടാതെ തീർന്നു.

പുന്നമൂട്ട്: അപ്പോൾ നീയും കർമ്മചന്ദ്രനെ ബഹുമാനിക്കുന്നു! നന്നായി. ഒരു ലഹളകൂടാതെ കഴിഞ്ഞു. കർമ്മചന്ദ്രൻ മഹാത്മജി പറഞ്ഞിട്ടുള്ള കർമ്മശക്തിയാണു്. (ചിരിച്ചുകൊണ്ടു്) ആ കർമ്മശക്തിക്കുള്ള പ്രതിഫലമാണു് കുസുമ.

കുസുമ: അച്ഛാ, അച്ഛൻ ഇപ്പോഴെങ്കിലും പഴേ ആളായല്ലൊ. അതുതന്നെ ഭാഗ്യം—എല്ലാത്തിനും കാരണഭൂതനായ ആ രാഷ്ട്രപിതാവിനെ നമുക്കു സ്മരിക്കാം, കൈ കൂപ്പാം—(കൈ കൂപ്പുന്നു.)

(കർട്ടൻ)

★

...AN SMARAKA
KIDANGAKUZHI
GRANDHASALA

349

എൻ. പി.യുടെ നാടകം

# പദ്ധതികളങ്ങിനെ പുരോഗമിക്കുന്നു

"ഒരു ചെറിയ വികസനപദ്ധതി. എന്റെ മകനെക്കൊണ്ടു് നിങ്ങളുടെ മകളെ വിവാഹം ചെയ്യിച്ചുകളയാമെന്നു നിശ്ചയിച്ചു."

"ലതയുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞല്ലോ."

"നിശ്ചയമല്ലേ കഴിഞ്ഞൊള്ളു. ക്യാൻസൽ ചെയ്തേക്കണം."

"വാക്കു മാറുക വിഷമം."

"എടോ മനുഷ്യാ, വാക്കല്ലാതെ പിന്നെന്തൊന്നു മാറാൻ ഒക്കും? പെമ്പ്രന്നോരെ മാറാൻ ഒക്കുകില്ല. പിള്ളേരെ മാറാൻ ഒക്കുകില്ല. പേരും ഊരും മാറാൻ ഒക്കുകില്ല. നഷ്ടം കൂടാതെ മാറാൻ ഒക്കുന്നതു് ഒന്നു മാത്രം: വാക്കു്. ചുമ്മാ മാറിക്കളെ."

പദ്ധതികൾ പലതും അങ്ങിനെ പുരോഗമിക്കുന്നു. ഭരണഘടനയിലെ മൗലികാവകാശം ആസ്പദമാക്കിയാണു് ചിലരുടെ പ്രേമം. ഭരണഘടന അവക്കു വേറെയും ചില അവകാശങ്ങൾ നൽകുന്നുണ്ടെന്നാണു് ഭാവം.

എങ്കിലും പദ്ധതികൾ ഒട്ടുക്കും പൊളിയുകയാണു് ചെയ്യുന്നതു്. അതു തികച്ചും നാടകീയമായിട്ടുണ്ടു്. എൻ. പി.യുടെ മൂർച്ചയേറിയ ഫലിതം മുററിനില്ക്കുന്നവയാണു് രംഗങ്ങളോരോന്നും.

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

349

349

349

# പദ്ധതികളുടെ പരിണാമം

SAHITYA PRAVARTHAKA C.S. LTD. KOTTAYAM

എൻ.പി. ചെല്ലപ്പൻ നായർ